Downloaded from https:// www.studiestoday.com

കേരളപാഠാവലി

# മലയാളം

ഭാഗം 2

സ്റ്റാൻഡേർഡ്

VIII

കേരളസർക്കാർ
വിദ്യാഭ്യാസവകുപ്പ്

തയാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
2019

NT-697-1-MALAYALAM-8-AT-VOL.2

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛ്വലജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ.
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യ പൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനംകൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

State Council of Educational Research and Training (SCERT)
Poojappura, Thiruvananthapuram 695012, Kerala.
website : www.scert.kerala.gov.in
email : scertkerala@gmail.com
phone : 0471-2341883, Fax : 0471-2341869
First Edition : 2019
Printed at : KBPS, Kakkanad, Kochi-30

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

പ്രിയ വിദ്യാർഥികളേ,

നമ്മുടെ ഭാഷയും സംസ്കാരവും സമ്പന്നമായ പാരമ്പര്യങ്ങളാൽ അലംകൃതമാണല്ലോ. മലയാളം ഇന്ന് ശ്രേഷ്ഠ ഭാഷാപദവിയിലേക്കുയർന്ന് ലോകനിലവാരത്തിലെത്തി. ഭാഷയെക്കുറിച്ച് കൂടുതൽ അറിയാനും സാഹിത്യ-സാംസ്കാരികതലങ്ങളെക്കുറിച്ച് കൂടുതൽ ധാരണ രൂപപ്പെടുത്താനും നാം പരിശ്രമിക്കേണ്ടതുണ്ട്.

കണ്ടും കേട്ടും അനുഭവിച്ചും അറിഞ്ഞ കാര്യങ്ങൾ ആവിഷ്കരിക്കാനും വായനയിലൂടെ പുതിയ അനുഭവങ്ങൾ സ്വായത്തമാക്കാനും സാധിക്കുമ്പോഴാണ് ഭാഷാപഠനം അർഥവത്താകുന്നത്.

അഭിരുചിക്കനുസരിച്ച് ഭാഷാവ്യവഹാരങ്ങളിൽ ഏർപ്പെടാനും അനുയോജ്യമായ പഠനാനുഭവങ്ങൾ നേടാനും ഈ പാഠപുസ്തകം സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

സ്നേഹാശംസകളോടെ,

**ഡോ. ജെ. പ്രസാദ്**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

# ഭാരതത്തിന്റെ ഭരണഘടന

## ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

**51 ക. മൗലിക കർത്തവ്യങ്ങൾ – താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ്:**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയ സേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക. സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സംസ്കാരസമന്വയത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക.

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com


# ഉള്ളടക്കം


## 4 മാനവികതയുടെ മഹാഗാഥകൾ 55

- മാനവികതയുടെ തീർഥം ................................ 56
- കീർത്തിമുദ്ര ................................ 59
- കളിയച്ഛൻ ജനിക്കുന്നു ................................ 63
- കവിതയോട് ................................ 67



## 5 കാലം ദർശിച്ച രസാനുഭൂതികൾ 73



- മാണിക്യവീണ ................................ 74
- ധർമ്മിഷ്ഠനായ രാധേയൻ ................................ 76
- പെരുന്തച്ചൻ ................................ 84


Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## കുട്ടികളുടെ അവകാശങ്ങൾ

പ്രിയമുള്ള കുട്ടികളേ,

നിങ്ങൾക്കുള്ള അവകാശങ്ങളെന്തെല്ലാമെന്ന് അറിയേണ്ടതില്ലേ? അവകാശങ്ങളെക്കുറിച്ചുള്ള അറിവ് നിങ്ങളുടെ പങ്കാളിത്തം, സംരക്ഷണം, സാമൂഹ്യനീതി എന്നിവ ഉറപ്പാക്കാൻ പ്രേരണയും പ്രചോദനവും നൽകും. നിങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇപ്പോൾ ഒരു കമ്മിഷൻ പ്രവർത്തിക്കുന്നുണ്ട്. കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ എന്നാണ് അതിന്റെ പേര്. എന്തെല്ലാമാണ് നിങ്ങൾക്കുള്ള അവകാശങ്ങൾ എന്നു നോക്കാം.

- സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം
- ജീവന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം
- അതിജീവനത്തിനും പൂർണവികാസത്തിനുമുള്ള അവകാശം
- ജാതി-മത-വർഗ-വർണ ചിന്തകൾക്കതീതമായി ബഹുമാനിക്കപ്പെടാനും അംഗീകരിക്കപ്പെടാനുമുള്ള അവകാശം
- മാനസികവും ശാരീരികവും ലൈംഗികവുമായ പീഡനങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനും പരിചരണത്തിനുമുള്ള അവകാശം
- പങ്കാളിത്തത്തിനുള്ള അവകാശം
- ബാലവേലയിൽനിന്നും ആപത്കരമായ ജോലികളിൽ നിന്നുമുള്ള മോചനം
- ശൈശവവിവാഹത്തിൽനിന്നുള്ള സംരക്ഷണം
- സ്വന്തം സംസ്കാരം അറിയുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം
- അവഗണനകളിൽ നിന്നുള്ള സംരക്ഷണം
- സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശം
- കളിക്കാനും പഠിക്കാനുമുള്ള അവകാശം
- സ്നേഹവും സുരക്ഷയും നൽകുന്ന കുടുംബവും സമൂഹവും ലഭ്യമാകാനുള്ള അവകാശം

### നിങ്ങളുടെ ചില ഉത്തരവാദിത്വങ്ങൾ

- സ്കൂൾ, പൊതുസംവിധാനങ്ങൾ എന്നിവ നശിപ്പിക്കാതെ സംരക്ഷിക്കുക.
- സ്കൂളിലും പഠനപ്രവർത്തനങ്ങളിലും കൃത്യനിഷ്ഠ പാലിക്കുക.
- സ്കൂൾ അധികാരികളെയും അധ്യാപകരെയും മാതാപിതാക്കളെയും സഹപാഠികളെയും ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുക.
- ജാതി-മത-വർഗ-വർണ ചിന്തകൾക്കതീതമായി മറ്റുള്ളവരെ ബഹുമാനിക്കാനും അംഗീകരിക്കാനും സന്നദ്ധരാവുക.

ബന്ധപ്പെടേണ്ട വിലാസം:

**കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ**
'ശ്രീ ഗണേഷ്', റ്റി.സി. 14/2036, വാൻറോസ് ജംഗ്ഷൻ,
കേരള യൂണിവേഴ്സിറ്റി പി.ഒ, തിരുവനന്തപുരം-34, ഫോൺ: 0471-2326603
ഇ-മെയിൽ: childrights.cpcr@kerala.gov.in, rte.cpcr@kerala.gov.in
വെബ്സൈറ്റ്: www.kescpcr.kerala.gov.in

**ചൈൽഡ് ഹെൽപ്പ്ലൈൻ - 1098, ക്രൈം സ്റ്റോപ്പർ - 1090, നിർഭയ - 1800 425 1400**
**കേരള പോലീസ് ഹെൽപ്പ് ലൈൻ - 0471 - 3243000/44000/45000**

*online **R.T.E Monitoring: www.nireekshana.org.in***

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

4

# മാനവികതയുടെ മഹാഗാഥകൾ



ചേക്കുട്ടിപ്പാവ, കേരളം പ്രളയത്തെ അതിജീവിച്ചതിന്റെ കലാപരമായ ഒരു ആവിഷ്കാരമാണ്.

ഈ ചിത്രം നിങ്ങളുടെ മനസ്സിലുണർത്തുന്ന ചിന്തകളെന്തെല്ലാം? കുറിക്കുക.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# മാനവികതയുടെ തീർഥം

**2018** ആഗസ്റ്റിൽ ഉണ്ടായ പ്രളയം കേരളത്തിന്റെ ഓർമ്മയിൽ ഒരു പേടിസ്വപ്നമായി അവശേഷിക്കും. വിവരണാതീതമായ ദുരിതങ്ങളിൽക്കൂടിയാണ് കേരളജനത കടന്നുവന്നത്. പ്രളയദുരിതം നേരിട്ട് അനുഭവിക്കാത്തവരും ദൃശ്യമാധ്യമങ്ങളിലൂടെയും ദിനപത്രങ്ങളിലൂടെയും വേദനാജനകമായ അനുഭവങ്ങൾ പങ്കുവച്ചു. ദിനംപ്രതി വന്ന വാർത്തകൾ മനുഷ്യസ്നേഹികളുടെ ഉറക്കം കെടുത്തി. പ്രളയം ദുരിതം വിതച്ചെങ്കിലും കേരളീയന്റെ നവോത്ഥാനമനസ്സ് ഉണർന്നെണീറ്റുകൊണ്ട് ജീവരക്ഷയ്ക്കായി പ്രളയജലത്തിലേക്ക് ഇറങ്ങി. ജാതി-മത-രാഷ്ട്രീയ പരിഗണനകൾ ഏതുമില്ലാതെ രക്ഷാപ്രവർത്തകർ പ്രവർത്തിച്ചതുകൊണ്ടാണ് മരണസംഖ്യയും മറ്റും കുറയ്ക്കാൻ കഴിഞ്ഞത്.

സർക്കാർ സുരക്ഷാസംവിധാനങ്ങളും മത്സ്യത്തൊഴിലാളികളും സന്നദ്ധപ്രവർത്തകരും ജീവരക്ഷയ്ക്കായി എത്തിയപ്പോൾ നിങ്ങൾ ഏതു ജാതിയാണ്, ഏതു മതമാണ് എന്നാരും ചോദിച്ചില്ല; ചികിത്സിക്കാൻ എത്തിയ ഡോക്ടർമാരോടും. അങ്ങനെ തികച്ചും മതേതരവും മാനവികതയിൽ ഉറച്ചുനിൽക്കുന്നതുമായ ഒരു പുതിയ യുഗപ്പിറവിയായി മാറി ദുരന്തം വിതച്ച പ്രളയം.

1924-ലെ മഹാപ്രളയത്തെക്കുറിച്ച് ബാല്യകാലത്തു ഞാൻ കേട്ടിട്ടുണ്ട്. അക്കാലത്ത് പാലായിലായിരുന്നു ഞങ്ങളുടെ കുടുംബം. സ്ഥിരമായി മഴക്കാലത്ത് വെള്ളപ്പൊക്കമുണ്ടാകുന്ന വെള്ളപ്പാട്ട് എന്ന സ്ഥലത്താണ് താമസിച്ചിരുന്നത്. മീനച്ചിലാറ്റിൽ മഴക്കാലത്ത് പെട്ടെന്ന് വെള്ളം പൊങ്ങും. "തവള മുള്ളിയാൽ വെള്ളപ്പൊക്കം" എന്നാണ് അവിടത്തുകാർ തമാശയായി പറയാറുള്ളത്. 1924-ലെ വെള്ളപ്പൊക്കത്തെക്കുറിച്ച് കേട്ടിട്ടുള്ള ഞാൻ 1946-ലെ വെള്ളപ്പൊക്കം നേരിട്ടനുഭവിച്ചു. ഒരു രാത്രിയിൽ ഉറങ്ങിക്കിടന്ന ഞങ്ങൾ കുട്ടികളെ, അച്ഛൻ വിളിച്ചുണർത്തിയപ്പോൾ വെള്ളം ഞങ്ങൾ കിടന്നുറങ്ങിയ കട്ടിലിന്റെ താഴെവരെ എത്തിയിരുന്നു. അച്ഛനും അയൽവാസികളും ചേർന്ന് കട്ടിലുകളും മരസ്സാമാനങ്ങളും മണ്ണെണ്ണവിളക്കിന്റെ വെളിച്ചത്തിൽ വളരെ ധൃതിപ്പെട്ട് കയറുകൊണ്ട് കൂട്ടിക്കെട്ടി. ഞാനും രണ്ട് സഹോദരിമാരും, കൗതുകത്തോടെയും അൽപ്പം പേടിയോടെയും മേശയ്ക്കുമേൽ തണുത്തുവിറച്ച് കുത്തിയിരുന്നു. അകലെനിന്ന് ആളുകൾ കൂക്കിവിളിക്കുന്നത് കേൾക്കാമായിരുന്നു. പട്ടിയുടെ ഓരിയിടലും തുടർച്ചയായി കേട്ടു. അയൽപക്കക്കാരുമൊക്കെ സഹകരിച്ച് കുട്ടികളെ തോളിൽ കയറ്റി കുന്നിൻമുകളിലെ അണ്ണാച്ചിയുടെ വീട്ടിൽ എത്തിച്ചു. കലക്കവെള്ളത്തിനും ചാറ്റൽമഴയ്ക്കും ഇടയിൽ കൂരിരുട്ടത്ത് ചൂട്ടുവീശി നെഞ്ചുവരെ വെള്ളത്തിൽ അവർ നടന്നു. ചുറ്റും വെള്ളം പെരുകിവന്നു; ഇരുട്ടിലെ വെള്ളപ്പൊക്കം.

അണ്ണാച്ചിയുടെ വീട്ടിൽ നാലഞ്ചു കുടുംബക്കാർ അഭയം തേടിയെത്തി. അതിൽ ഹിന്ദുക്കളും ക്രിസ്ത്യാനികളും മുസ്ലിംകളും ഉണ്ടായിരുന്നു. അണ്ണാച്ചിയുടെ വീട്ടിൽ പലയിടത്തായി അടുപ്പുകൾ കൂട്ടി എല്ലാവരും പാചകം ചെയ്തു. പല വീടുകളിലെ പല ജാതിക്കാരായ കുട്ടികൾ വരാന്തയിൽ ഒരുമിച്ച് പുതച്ചുകിടന്നു. യക്ഷിക്കഥകൾ പറഞ്ഞു. പേടിച്ചു വിറച്ചു. സ്ത്രീകൾ മണ്ണെണ്ണവിളക്കിനുചുറ്റും കൂടിയിരുന്ന് വെള്ളപ്പൊക്കത്തെക്കുറിച്ച് സംസാരിച്ചു. അണ്ണാച്ചിയുടെ അമ്മയായ അമ്മുവക്കാൾ ഒരു കാരണവത്തിയെപ്പോലെ എല്ലാവരെയും ആശ്വസിപ്പിച്ചും ശകാരിച്ചും സഹായിച്ചും അവിടെ എല്ലായിടത്തും ഓടിനടന്നു.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





കുട്ടികൾ അതുവരെ രുചിച്ചിട്ടില്ലാത്ത കറികൾ പങ്കുവച്ച് ഒരുമിച്ചിരുന്ന് ഊണുകഴിച്ചു. അണ്ണാച്ചിയുടെ വീടിന്റെ മുറ്റത്തേക്കു വെള്ളം കയറി. ഞങ്ങൾ ഇരിക്കുന്ന വരാന്തയിൽ വെള്ളത്തിലൂടെ ഇഴഞ്ഞുവന്ന നീർക്കോലികൾ തലവച്ചു കയറാൻ നോക്കി. അകലെ ഞങ്ങളുടെ വീടിന്റെ മേൽക്കൂര മാത്രം വെള്ളത്തിനു മുകളിൽ കണ്ടു. പറമ്പും പാടവും വഴിയും എല്ലാം മൂടി കലക്കവെള്ളം മാത്രം. അനന്തമായി, ചായയുടെ നിറമുള്ള ജലപ്പരപ്പ്.

1924-ലെ വെള്ളപ്പൊക്കത്തിന്റെ എത്രയോ ഇരട്ടി വിനാശകരമായിരുന്നു 2018-ലെ പ്രളയം. കേരളത്തിലെ ദുരിതാശ്വാസക്യാമ്പുകൾ മനുഷ്യരെല്ലാം ഒരുപോലെയാണ് എന്ന ആശയത്തിന്റെ പ്രതീകങ്ങളായി. മുമ്പ് പരസ്പരം മിണ്ടുകപോലും ചെയ്തിട്ടില്ലാത്തവർ സ്വന്തക്കാരായി ഒരുമിച്ചു താമസിച്ചു. തീരാനഷ്ടങ്ങൾക്കിടയിലും ഒരുമയുടെ സമാശ്വാസം ആളുകൾ പങ്കുവച്ചു. കേരളം ഈ ദുരന്തത്തെയെല്ലാം ധീരമായി അതിജീവിക്കും എന്ന ഉറച്ച വിശ്വാസമാണ് ജനങ്ങൾക്ക് ഊർജം പകർന്നത്.

കേരളത്തിലെ 13 ജില്ലകൾ പ്രളയക്കെടുതി അനുഭവിച്ചു. പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, ഇടുക്കി, തൃശൂർ, വയനാട് ജില്ലകൾ അതിരൂക്ഷമായ കെടുതികളിലൂടെ കടന്നുപോയി. അഞ്ഞൂറോളം പേരുടെ ജീവൻ നഷ്ടപ്പെട്ടു. 3,91,494 കുടുംബങ്ങളിൽനിന്നായി 14,50,707 പേർവരെ ദുരിതാശ്വാസക്യാമ്പുകളിൽ ജീവിക്കേണ്ട വിധം പ്രളയം രൂക്ഷമായി. പലരും ബന്ധുവീടുകളിൽ അഭയം നേടി. അരക്കോടിയോളം ജനങ്ങൾ കെടുതികൾ നേരിട്ടനുഭവിച്ചു. ഒരുപാട് ഭവനങ്ങൾ തകർന്നു. വീട്ടുപകരണങ്ങൾ ഉപയോഗശൂന്യമായി. രേഖകൾ നഷ്ടപ്പെട്ടവർ നിരവധി. സമാനതകളില്ലാത്ത ഒരു പ്രകൃതിദുരന്തത്തെയാണ് കേരളം അഭിമുഖീകരിച്ചത്.

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളും ലോകമെമ്പാടുമുള്ള മലയാളികളും കേരളത്തിന്റെ രക്ഷയ്ക്കായി പണവും വസ്തുവകകളും ഇങ്ങോട്ട് എത്തിച്ചു. കേരളസർക്കാർ മാതൃകാപരമായ രീതിയിൽ എല്ലാ രക്ഷാപ്രവർത്തനങ്ങളെയും ഏകോപിപ്പിച്ചു. അന്താരാഷ്ട്രമാധ്യമങ്ങൾ വലിയ വിസ്മയത്തോടെയാണ് ഇതെല്ലാം നോക്കിക്കണ്ടതും റിപ്പോർട്ട് ചെയ്തതും. ഇപ്പോൾ ഫീനിക്സ് പക്ഷിയെപ്പോലെ കേരളം ഉയിർത്തെഴുന്നേൽപ്പിന്റെ ക്ലേശകരമായ പാതയിലാണ്. മനുഷ്യസ്നേഹം നിറയുന്ന എല്ലാ മനസ്സുകളും ഈ ഉയിർത്തെഴുന്നേൽപ്പിൽ പങ്കാളികളാകേണ്ടത് അനിവാര്യമായ ധർമ്മമാണ്.

(**'പ്രളയാക്ഷരങ്ങൾ'** എന്ന കൃതിയുടെ ആമുഖം)

**- വൈശാഖൻ**



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- ദുരിതങ്ങൾക്കൊപ്പം മഹത്തായ ജീവിതപാഠങ്ങളും പകർന്നുനൽകിയാണ് പ്രളയം കടന്നു പോയത് - പാഠഭാഗവും വർത്തമാനകാല കേരളീയസാഹചര്യങ്ങളും വിശകലനം ചെയ്ത് പ്രസ്താവന യോട് പ്രതികരിക്കുക.

- "ഇപ്പോൾ ഫീനിക്സ് പക്ഷിയെപ്പോലെ കേരളം ഉയിർത്തെഴുന്നേൽപ്പിന്റെ ക്ലേശകരമായ പാത യിലാണ്."

  പ്രളയത്തിൽനിന്നുള്ള കേരളത്തിന്റെ അതിജീവനത്തെ വിശേഷിപ്പിക്കുന്നതിന് അടിവരയിട്ട പ്രയോഗം എത്രമാത്രം പര്യാപ്തമാണെന്ന് വിലയിരുത്തുക. ഇതുപോലുള്ള കൂടുതൽ പ്രയോഗ ങ്ങൾ കണ്ടെത്തി വിശദീകരിക്കുക.

- "കേരളം ഈ ദുരന്തത്തെയെല്ലാം ധീരമായി അതിജീവിക്കും എന്ന ഉറച്ച വിശ്വാസമാണ് ജന ങ്ങൾക്ക് ഊർജം പകർന്നത്."

  -ഏതു പ്രതിസന്ധിയെയും മനക്കരുത്തുകൊണ്ട് നേരിടാൻ കഴിയും. ആത്മവിശ്വാസംകൊണ്ട് പ്രതിബന്ധങ്ങളെ അതിജീവിക്കാൻ കഴിഞ്ഞവരെക്കുറിച്ച് നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടാവുമല്ലോ. ഇത്തരത്തിൽ നിങ്ങളെ ആകർഷിച്ച ഒരു വ്യക്തിയെയോ സംഭവത്തെയോ കുറിച്ച് വിവരണം തയാറാക്കുക.

- ലോകത്തെങ്ങും പ്രളയബാധിതപ്രദേശങ്ങളിൽ മാരകമായ പകർച്ചവ്യാധികളാൽ ലക്ഷക്കണക്കിന് ആളുകൾക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്. ഇത്തരമൊരു അനുഭവം പ്രകൃതിസ്നേഹിയായ കല്ലേൻ പൊക്കുടൻ 'എന്റെ ജീവിത'ത്തിൽ ആവിഷ്കരിക്കുന്നത് വായിക്കൂ:

  "വെള്ളപ്പൊക്കത്തിലടിഞ്ഞ മാലിന്യങ്ങളും അഴുക്കുവെള്ളവും മൂലമാകാം, പെട്ടെന്ന് കോളറ പടർന്നു. മൺകലം വീണുടയുന്നതുപോലെ ഒന്നോ രണ്ടോ പ്രാവശ്യം ഛർദിയും വയറിളക്കവും. നല്ല കരുത്തുള്ളവർ മാത്രമാണ് രണ്ടോ അതിലധികമോ തവണ ഛർദിച്ചിരുന്നത്. അല്ലാത്തവർ അതിന് മുമ്പുതന്നെ മരിക്കും. നാട്ടിൽ നിരന്തരം മരണം സംഭവിച്ചുകൊണ്ടിരുന്നു. അച്ഛനും ഇട ച്ചേരിയൻ വിരുന്തനും കല്ലേൻ കുണ്ടനും ചേർന്നാണ് മരിച്ചവരെ ചുമലിൽ എടുത്ത് കണ്ടത്തിന്റെ വരമ്പിലും ചെമ്മീൻബണ്ടിന്റെ അരികിലും കുഴിച്ചിട്ടത്. കുഴിച്ചിടുക എന്നല്ല, 'മാന്തിപ്പൊത്തുക' എന്നേ പറയാനാകൂ. കാരണം, ഒന്നിനു പിറകേ ഒന്നായി മരണം തുടർന്നുകൊണ്ടിരുന്നു."

  - പ്രളയാനന്തരം പടർന്നുപിടിക്കാനിടയുള്ള രോഗങ്ങളെ നേരിടുന്നതിന് നാം എടുക്കേണ്ട മുൻകരുതലുകൾ എന്തെല്ലാം? ലഘുലേഖ തയാറാക്കുക.

- 'മാനവികതയുടെ തീർഥം' എന്ന ശീർഷകം പാഠഭാഗത്തിന് എത്രത്തോളം യോജിക്കുന്നുണ്ട്? സമർഥിക്കുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# കീർത്തിമുദ്ര



അവസാനത്തെ അരങ്ങേറ്റമാണ്; കളിയോഗത്തോടു വിടവാങ്ങുന്നതിനു തൊട്ടുമുമ്പുള്ള കളി. ചുട്ടിയിടാനായി ആശാൻ അണിയറയിൽ കടന്നു. ക്ഷണിക്കപ്പെട്ട സദസ്സാണ് അന്നത്തേത്. ഗവർണരും മുഖ്യമന്ത്രിയും കളികാണാനായി വരുന്നുണ്ട്. മുഖ്യമന്ത്രിയാണ് കലാതിലകമെന്ന കീർത്തിമുദ്ര നൽകുന്നത്. അന്നേവരെയുള്ള സേവനങ്ങളെ വകയിരുത്തിക്കൊണ്ടാണ് കമ്മിറ്റിക്കാർ തനിക്കത് നൽകാൻ തീരുമാനിച്ചിരിക്കുന്നത്. ഇനി മുതൽക്ക് കളിയോഗത്തിൽ പങ്കെടുക്കേണ്ട. ആശാന് തളർച്ച തോന്നി. കളിയരങ്ങത്തുനിന്ന് വിടവാങ്ങുന്നതോടെ താൻ താനല്ലാതായിത്തീരുന്നു. വയസ്സ് എൺപത്തിയെട്ടായി. പതിമൂന്നാമത്തെ വയസ്സിൽ കച്ചകെട്ടിയതാണ്. പതിമൂന്നാമത്തെ വയസ്സിലേ നടനായി. വേറെ മാർഗങ്ങളൊന്നുമില്ലായിരുന്നു അന്ന് ജീവിക്കാൻ. മുക്കാൽ നൂറ്റാണ്ടാണ് തന്റെ മുമ്പിലൂടെ കടന്നുപോയിരിക്കുന്നത്. അതും കളിയരങ്ങിലൂടെ. ഇന്നത്തേയും അന്നത്തേയും ജീവിതത്തെ താരതമ്യപ്പെടുത്തുക വയ്യാ. വളരെയേറെ കഷ്ടപ്പാടുകൾ സഹിച്ചിട്ടുണ്ട്. നിരവധി നാഴികകൾ കളിപ്പെട്ടി തലയിലേറ്റിക്കൊണ്ട് നടന്നിട്ടുണ്ട്. ഇന്നത്തെ ചെറുപ്പക്കാരായ കളിയോഗത്തിലെ കുട്ടികൾക്കെന്തറിയാം? അവരൊക്കെ കലയെ കാര്യമായെടുക്കുന്നുണ്ടോ എന്നുറപ്പിച്ചു പറഞ്ഞുകൂടാ. ചിലരൊക്കെയുണ്ട്. ഇല്ലെന്നു പറയുന്നില്ല. വിരലിലെണ്ണാവുന്നവർ മാത്രം.

കളിയരങ്ങെന്നുവച്ചാൽ ദൈവസന്നിധി എന്നേ താനെന്നും കരുതിയിട്ടുള്ളൂ. മറ്റെന്തെങ്കിലും കരുതാനുള്ള ധിക്കാരമോ പരിഷ്കാരമോ തന്നെ സംബന്ധിച്ചിടത്തോളമുണ്ടായിട്ടില്ല. താനെന്നും തന്റെ ഗുരുനാഥന്മാരെ അനുസരിച്ചിരുന്നു. അനുസരണയും അച്ചടക്കവും പ്രയത്നിക്കാനുള്ള സന്നദ്ധതയുമാണ് ഒരു കലാകാരന് ആദ്യമായുണ്ടാകേണ്ടത്. അതുണ്ടായിക്കഴിഞ്ഞാൽ മുഖമുദ്ര താനേ വാർന്നുവീണുകൊള്ളും. താൻ കെട്ടിയാടുന്ന കഥാപാത്രങ്ങളിൽ സ്വന്തം വ്യക്തിമുദ്ര വാർന്നുവീണിട്ടുണ്ടോ എന്നറിഞ്ഞുകൂടാ. ശിഷ്യന്മാരൊട്ടേറെയുണ്ട്. എല്ലാവരും തന്നെ ആശാനെന്നു വിളിക്കുന്നു. പ്രായംചെന്നതു കൊണ്ടുള്ള വിളിയാണെങ്കിൽ താനതിനെ കാര്യമായെടുക്കുന്നില്ല. അല്ല, നല്ലൊരു വേഷക്കാരനെന്ന ബോധത്തോടുകൂടിയ വിളിയാണെങ്കിൽ തനിക്കതിൽ അഭിമാനമുണ്ട്. ഇന്ന് ഒന്നിനും വയ്യാതായി. ക്ഷീണം, തലചുറ്റൽ, കാസശ്വാസം- എല്ലാ രോഗങ്ങളും വന്ന് വലയം ചെയ്തിരിക്കയാണ്. പലതും മോഹിച്ചവനാണ്. മോഹിച്ചതൊന്നും കിട്ടണമെന്നില്ല. വിധിച്ചതേ കിട്ടൂ. താനൊരുത്തിയെ സ്നേഹിച്ചു, മോഹിനിയാട്ടക്കാരി കുഞ്ഞുലക്ഷ്മിയെ, കിട്ടിയില്ല. പുകപോലെ മനസ്സിൽ നിന്നു മാഞ്ഞുപോയിട്ടു കാലമെത്രയായെന്നോ! ഈ



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ലോകത്തിൽ ഒന്നും ശാശ്വതമായിട്ടില്ല. എല്ലാം മറഞ്ഞുപോകുന്നു. കലയും കാമിനിയുമെല്ലാംതന്നെ.

തന്റെ വേഷംകണ്ട് കൺകുളിർത്തുപോയവരുണ്ട്. അന്നു തന്റെ വേഷം സ്വയംവരത്തിലെ ശ്രീകൃഷ്ണനായിരുന്നു. യൗവനത്തിലേക്കു പ്രവേശിച്ച കൃഷ്ണനാണ് സ്വയംവരകൃഷ്ണൻ. വയസ്സ് ഇരുപത്തിരണ്ടാണ്. വൃന്ദാവനതീരത്തെ രാധ തന്നെ സംബന്ധിച്ചിടത്തോളം കുഞ്ഞുലക്ഷ്മിയായിരുന്നു. അതുകൊണ്ട് തനിക്ക് നിത്യകാമുകനായ കൃഷ്ണന്റെ വേഷം തന്മയത്വത്തോടെ അഭിനയിക്കാൻ കഴിഞ്ഞു. അഭിനയിക്കുന്നത് സ്വയംവരകൃഷ്ണന്റെ ഭാഗമാണ്. പല കഥകളും മനസ്സിലേക്കോടിയെത്തുന്നു. ഇപ്പോൾ ആർക്കെങ്കിലും ആ വക കഥകളെക്കുറിച്ചോർമ്മയുണ്ടോ? എങ്കിലും ആ ചിത്രങ്ങൾ ആശാന്റെ മുന്നിൽ തിരശ്ശീലയ്ക്കു മുന്നിലെന്നപോലെ കാണാൻ തുടങ്ങി. അണിയറയിലെ കളിപ്പെട്ടിമേൽ ആശാൻ ചാരിയിരുന്നു.

ശ്രീകൃഷ്ണപരമാത്മാവായി താനെവിടെയും നിറഞ്ഞുനിന്നിരുന്നു; അണിയറയിലും അരങ്ങത്തും ഒരുപോലെ. യൗവനം അവസാനിച്ചപ്പോഴാണോ എന്നറിഞ്ഞുകൂടാ, ശ്രീകൃഷ്ണന്റെ ഭാഗം അഭിനയിച്ചിരുന്ന തനിക്ക് പിന്നീടഭിനയിക്കാൻ കിട്ടിയ വേഷം യവനന്റേതായിരുന്നു. വിപരീതമുഖങ്ങൾ. ഒന്ന് യൗവനത്തിന്റെ, പ്രേമത്തിന്റെ, ആദരവിന്റേത്. മറ്റേത് ക്രൂരതയുടെ, രൗദ്രതയുടെ, ശൂരതയുടെ. വൃദ്ധശൂരനായ യവനന്റെ ഭാഗമെടുത്തപ്പോഴും തന്നെപ്പറ്റി ആളുകൾ പുകഴ്ത്താൻ തുടങ്ങി. വേഷക്കൊഴുപ്പിൽ ആശാന്റെ യവനനെ വെല്ലാൻ ആരുമില്ലെന്ന് വിധിയെഴുതി വിവരമുള്ളവർ. താനെന്നും ഇന്നും കലാസപര്യക്കുവേണ്ടി ജീവിതമുഴിഞ്ഞുവച്ചവനാണ്. പക്ഷേ, വേഷങ്ങളിൽ വന്ന വ്യതിയാനത്തിൽ വേദന തോന്നിയിരുന്നു. കൃഷ്ണന്റെ കഥയാടുമ്പോൾ താൻ തന്നിൽനിന്നും ഉയർന്നുപൊങ്ങി. ശത്രുസംഹാരകനും മിത്രരക്ഷകനും നിത്യകാമുകനുമായ കൃഷ്ണനിലൂടെ ജീവിച്ചു.

"അരിമാവും മനയോലയും തയാറായി. ഇനി ഇരിക്കാം." ചുട്ടിക്കാരൻ വന്നറിയിച്ചപ്പോഴാണ് ആശാൻ ഓർമ്മകളിൽനിന്നുണർന്നത്. അണിയറയിൽ ആശാന്റെ കണ്ണുകൾ ചുറ്റിനടന്നു. കോപ്പുകൾ സൂക്ഷിക്കുന്ന കളിപ്പെട്ടികൾ, തുറന്ന പെട്ടികൾക്കിടയിലൂടെ കാണുന്ന മരമോന്തകൾ, കിരീടങ്ങൾ -എല്ലാം കണ്ടു. ആ കൂട്ടത്തിൽ സ്വയംവരകൃഷ്ണന്റെ കിരീടവും ദൃഷ്ടിയിൽപ്പെട്ടു. നാലുഭാഗത്തും മയിൽപ്പീലി നിരത്തി കുത്തിയിട്ടുള്ള കൃഷ്ണന്റെ കിരീടം, മറ്റു കിരീടങ്ങളിൽനിന്നു വ്യത്യസ്തമാണ്. അണിയറയുടെ ഒരു മൂലയിൽ പ്രത്യേക പീഠത്തിന്മേലിരിക്കുന്ന ആ കിരീടം തന്റെ തലയ്ക്കു പാകത്തിന് തീർപ്പിച്ചതായിരുന്നു. ഇന്നത് ഉപയോഗിക്കാതെ വെറുതെയിരിക്കുകയാണ്. ആശാൻ കിരീടം തൊട്ടു വന്ദിച്ചു; നമസ്കരിച്ചു. എന്തുകൊണ്ടോ കണ്ണു നിറഞ്ഞിരുന്നു.

സാധാരണഗതിയിൽ പകലൂണുകഴിഞ്ഞു ചുട്ടിക്ക് ഇരിക്കുകയാണ് പതിവ്. അന്ന് ആശാനൊന്നും കഴിച്ചിരുന്നില്ല. ഏകാദശി നോയ്മ്പാണ്. അതും സ്വർഗവാതിലേകാദശി. വിശേഷപ്പെട്ട ദിവസം. പകലന്ന് രണ്ടുതവണ തലചുറ്റി. ഇപ്പോഴും ഒരു മയക്കം ബാധിച്ചപോലെയുണ്ട്. സാരമില്ല. ഇന്നത്തോടുകൂടി ഇനി മേലാൽ വേഷമിടേണ്ടതില്ലല്ലോ. അതുകൊണ്ട് കാണികളെ സ്തംഭിപ്പിക്കണം. യവനനെ കണ്ടാൽ ഞെട്ടുകതന്നെ വേണം. ആ വേഷം കണ്ടാൽ തന്റെ പ്രായം ഏതാണെന്ന് ഒരിക്കലും കാണികൾക്ക് പറയാനിടവരരുത്. തെല്ലുനേരം ധ്യാനനിമഗ്നനായി ഇരുന്നു. ധ്യാനത്തിനുശേഷം കണ്ണുമിഴിച്ചു. ഒരിളനീര് കൊണ്ടുവരാൻ അണിയറസൂക്ഷിപ്പുകാരനോടു പറഞ്ഞു.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ചെത്തിയ ഇളനീർ കണ്ണുതുരന്ന് ആശാന്റെ മുന്നിലേക്ക് ശിഷ്യന്മാരിൽ ഒരുവൻ നീക്കിവച്ചു. ഇളനീരിന്റെ വെള്ളം മുഴുവൻ കുറേശ്ശെ കുറേശ്ശെയായി ഇറക്കി. തൊണ്ടക്കുഴിയിലൂടെ ഇളനീർ അകത്തേക്കൊഴുകിപ്പോയപ്പോൾ ഉള്ളിലെ കഫക്കെട്ടിന് തെല്ലൊരാശ്വാസം ലഭിച്ചതുപോലെ തോന്നി. ക്ഷീണം വിട്ടകന്നിരിക്കുന്നു. നവോന്മേഷം തളർന്ന സിരകളിൽ പടർന്നു.

ചുട്ടിക്കാരൻ, ആശാന്റെ മുഖത്ത് പഴുപ്പ് മനയോല തേച്ചു. വേഷവിധാനങ്ങൾ പൂർത്തിയായി. രണ്ടറ്റത്തേക്കും എഴുന്നുനിൽക്കുന്ന തേളിന്റെ ആകൃതിയിലുള്ള മീശ കണ്ടപ്പോൾ ആശാന് ഉള്ളിൽ ചിരിവന്നു. പുരികക്കൊടിയിലെ കട്ടപിടിച്ച മഷി വിരൽത്തുമ്പുകൊണ്ട് തൊട്ടുമിനുക്കി. മുഖത്തെ മേക്കപ്പ് പൊടിപൊടിച്ചിരിക്കുന്നു. യവനന്റെ വെള്ളത്തലപ്പാവെടുത്തണിഞ്ഞു. ചുവന്ന ഉറുമാൽ തലപ്പാവിനു മുകളിൽ ചേർത്തുകെട്ടി. കഴുത്തുമുതൽ പാദംവരെ നീണ്ടുകിടക്കുന്ന പട്ടാണിയുടെ ഉടുപ്പിട്ടു. ഉടുപ്പിനടിഭാഗത്തു നിറയെ തൊങ്ങലുകളാണ്. വാളും പരിചയും കൈയിലെടുത്തു. പതുക്കെ ചുഴറ്റിമിന്നിച്ചു. വായ്ത്തലയുടെ മൂർച്ച നോക്കുന്ന മട്ടിൽ വിരലുകളെക്കൊണ്ട് അരുകു തടവി. അരങ്ങത്തേക്കുള്ള പുറപ്പാടാണ്.

അരങ്ങത്ത് സപ്തവർണങ്ങളിലുള്ള തിരശ്ശീല പൊന്തി. മദ്ദളത്തിന്റെയും ഇലത്താളത്തിന്റെയും പതിഞ്ഞ ശ്രുതി ഉച്ചസ്ഥായിയിലായി. ചിലങ്കയുടെ ശബ്ദം കേട്ടു. പീലിത്തിരുമുടിവച്ച കിരീടവും ചുവന്ന ഉറുമാൽ കെട്ടിയ തലപ്പാവും തിരശ്ശീലയുടെ നെറുകയിൽ പ്രത്യക്ഷപ്പെട്ടു.



“വേഷം വരാറായി. കൃഷ്ണനും യവനനും തമ്മിൽ ഏറ്റുമുട്ടുന്ന രംഗമാണ്. ആശാന്റെ യവനനാണ്. അരങ്ങൊഴിയുന്നതിനു മുമ്പായുള്ള അവസാനത്തെ വേഷം. അതുകൊണ്ട് അരങ്ങുതകർക്കുന്ന കളിയാവും.” ഏതോ കളിബ്ഭ്രാന്തൻ തൊട്ടടുത്തിരിക്കുന്ന ആളെ ബോധ്യപ്പെടുത്താനായി പറഞ്ഞു. അയാൾ തിരശ്ശീല നീങ്ങുന്നതും നോക്കി അക്ഷമനായി ഇരിക്കുകയാണെന്ന വസ്തുത ഉപദേഷ്ടാവിനറിഞ്ഞുകൂടായിരുന്നു.

തിരശ്ശീല താണു. കളിവിളക്കിന്റെ എരിഞ്ഞുപടരുന്ന നാളങ്ങൾ. ചുണ്ടപ്പൂവിന്റെ ശോണിമപുരണ്ട കണ്ണുകൾ നാളങ്ങളിൽ ഉരുകി. ക്രൗര്യത്തിന്റെ ഗർജനം മുഴങ്ങി. കൃഷ്ണൻ യവനനെ കണ്ടു. ദ്വന്ദ്വയുദ്ധത്തിനു തയാറായിവന്ന യവനനിൽനിന്ന് ഒഴിഞ്ഞുമാറാനിച്ഛിക്കുന്നപോലെ കൃഷ്ണൻ മുന്നോട്ടു നടന്നു. തൊട്ടുപിന്നാലെ യവനൻ വാളും പരിചയുമിളക്കിക്കൊണ്ട്. കൃഷ്ണന്റെ മുഖം യവനന് കണ്ടുകൂടാ. മറച്ചുപിടിച്ചിരിക്കയാണ്. പിന്നാംപുറത്തു ചെന്ന് കൃഷ്ണന്റെ തലമുടി ഘ്രാണിച്ചു. ദേവഗന്ധമേറ്റ അസുരനെപ്പോലെ യവനൻ മൂക്കു വിടർത്തിപ്പിടിച്ചു. മൂക്ക് വിടർത്തിയപ്പോൾ താടിയും മീശയും കണ്ണും ഒരുപോലെ വിറച്ചുതുള്ളി. കലികൊണ്ട് ജ്വലിച്ച യവനൻ കൃഷ്ണനെ മുഷ്ടിചുരുട്ടി പ്രഹരിക്കാനോങ്ങി. ആളിക്കത്തുന്ന ക്രോധാഗ്നിയിൽ കൃഷ്ണൻ ചാമ്പലായിപ്പോകുമോ?

ജരാസന്ധന്റെ മിത്രമാണ്; പരസഹസ്രം തുലുക്കപ്പടയുടെ അനിഷേധ്യനേതാവ്. യവനനെ യുദ്ധത്തിൽ തോൽപ്പിക്കുകയെന്നുള്ളത് അത്ര എളുപ്പമല്ല. കരുത്തനായ പ്രതിയോഗിയുടെ കാലുവാരാനെന്തു വഴിയെന്ന് കൃഷ്ണൻ ആലോചിക്കുകയായിരുന്നു. ഗത്യന്തരമില്ലാതായപ്പോൾ ഏറ്റുമുട്ടേണ്ടിവന്നു.

അരങ്ങത്തുനടന്ന കൃഷ്ണന്റെയും യവനന്റെയും ഏറ്റുമുട്ടൽ കാണികളെ ശ്വാസംവിടാതെ പിടിച്ചിരുത്തി. രണ്ടു മികച്ച വേഷങ്ങളാണ്. വേഷത്തേക്കാൾ മികച്ച മെയ്‌വഴക്കമുള്ള ആശാന്റെ യവനൻ വായുവിൽ കിടന്ന് പടവെട്ടി. പരിചയും വാളും ഇളകിമറിഞ്ഞു. കൃഷ്ണനുമായേറ്റുമുട്ടി മരിക്കുന്നവർക്ക് മോക്ഷമുണ്ടെന്നാണ് പുരാണങ്ങൾ ഘോഷിക്കുന്നത്. പടവെട്ടി തളർന്ന ആശാൻ അരങ്ങത്ത് തളർന്നുവീണു. കൃഷ്ണന്റെ



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com






പാദാരവിന്ദത്തിൽത്തന്നെ തളർന്നുവീണ യവനൻ അരങ്ങത്തുനിന്ന് എഴുന്നേൽക്കാതെ കണ്ടപ്പോൾ ആളുകൾക്ക് ഉൽക്കണ്ഠയായി. എന്തുപറ്റി ആശാന്? സദസ്സിൽവച്ച് ചേങ്ങിലക്കാരനും ഇലത്താളക്കാരനും കുലുക്കിവിളിച്ചു. കൈപിടിച്ച് എഴുന്നേൽക്കാറാണ് പതിവ്, വൻകിട വേഷങ്ങൾ അരങ്ങ് തിമർത്താടിത്തളർന്നാൽ.

ആശാന്റെ കൈ കടന്നുപിടിച്ചപ്പോൾ ഏതാണ്ട് തണുത്തുകഴിഞ്ഞിരുന്നു. മനയോല തേച്ച മൂക്കിന്മേൽ കളിയോഗത്തിലെ ആളുകൾ വിരൽവച്ചു നോക്കി. ഇല്ല, ശ്വാസമില്ല. കീർത്തിമുദ്ര ആശാൻ നേടിക്കഴിഞ്ഞിരിക്കുന്നു; എന്നന്നേക്കുമായി. അനൗൺസർ പ്രഖ്യാപിച്ചു: "ഇതോടെ കളി അവസാനിച്ചിരിക്കുന്നു, ആശാന്റെ കീർത്തിമുദ്രാദാനം നടത്താൻ നിർവാഹമില്ല. അദ്ദേഹം തളർന്നു കിടക്കുകയാണ്."

കഥ അവസാനിക്കുന്നതിനുമുമ്പ് തിരശ്ശീല വീണു.

**(അനുഭവങ്ങളുടെ നേർരേഖകൾ) – ഉണ്ണികൃഷ്ണൻ പുതൂർ**

- "ആശാൻ കിരീടം തൊട്ടുവന്ദിച്ചു, നമസ്കരിച്ചു. എന്തുകൊണ്ടോ കണ്ണു നിറഞ്ഞു."
  ആശാന്റെ കണ്ണു നിറഞ്ഞതിന് കാരണമെന്താവാം?
- "ശ്രീകൃഷ്ണപരമാത്മാവായി, താനെവിടെയും നിറഞ്ഞുനിന്നിരുന്നു. അരങ്ങത്തും അണിയറയിലും ഒരുപോലെ."

  "ആശാന്റെ 'യവനനെ' വെല്ലാൻ ആരുമില്ലെന്നു വിധിയെഴുതി വിവരമുള്ളവർ."


  ഈ പ്രസ്താവനകളെ മുൻനിർത്തി വ്യത്യസ്ത വേഷങ്ങളോടുള്ള ആശാന്റെ മനോഭാവം ചർച്ചചെയ്യുക.
- അരങ്ങൊഴിയുന്ന ആട്ടക്കാരനെ അവലംബിച്ചെഴുതിയ 'കീർത്തിമുദ്ര' എന്ന കഥയ്ക്ക് ഒരു ആസ്വാദനം എഴുതുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





# 'കളിയച്ഛൻ' ജനിക്കുന്നു

ഒറ്റപ്പാലത്തു പോയി. ഹൈസ്കൂൾ മുറ്റത്തെ പന്തലിൽ പരിഷൽസമ്മേളനം - സാഹിത്യപൂരം. തലയെടുപ്പുള്ള ആനകൾ നിരന്നിരിക്കുന്നു. ഉദ്ഘാടനത്തിനു ഡോക്ടർ രാധാകൃഷ്ണൻ വന്നു. മഹാകവി വള്ളത്തോൾ സംസ്കൃതമംഗളപത്രസ്വർണമാല സമർപ്പിച്ചു. രാധാകൃഷ്ണന്റെ പ്രസംഗവെള്ളച്ചാട്ടം.

തർജമയ്ക്ക് എൻ.വി. കൃഷ്ണവാരിയർ. ഉള്ളം കൈയിൽ സമുദ്രമെടുത്ത് ആചമിച്ച അഗസ്ത്യനായി വാരിയർ ആ മഹാസദസ്സിന്റെ വേദിയിൽ ജ്വലിച്ചു.

കരഘോഷം മുഴങ്ങി. ഇതാണു പ്രസംഗം. ഇതാണു തർജമ. കുത്തിയൊലിക്കുന്ന രണ്ടു പ്രവാഹങ്ങൾ. കൃഷ്ണവാരിയർ എന്തെന്നു മഹാജനം മനസ്സിലാക്കി. 'കഴിവുകളുടെ ആവനാഴിയിലെ ഒരസ്ത്രം മാത്രമാണിത്-' വാരിയരുടെ കൂസലില്ലാത്ത അമർത്തിയ പുഞ്ചിരി സൂചിപ്പിച്ചു.

രാധാകൃഷ്ണൻ ആശ്ചര്യഭാരത്തോടെ വാരിയരെ നോക്കി. ആ ചെറിയ മനുഷ്യന്റെ വലിയ തല - സദസ്സിനു ചോദ്യചിഹ്നമായി. സ്വന്തമായി ഇംഗ്ലീഷ് പഠിച്ചൊരു മനുഷ്യൻ രാധാകൃഷ്ണന്റെ പ്രസംഗം അതേ ചൂടോടെ, വെളിച്ചത്തോടെ, ശ്വാസം വിടാതെ മലയാളത്തിലേക്ക് ആവാഹിച്ചു. കൈക്കരുത്തുള്ള മന്ത്രവാദി. ഇംഗ്ലീഷിലെ ചില പദങ്ങൾക്കു മലയാളത്തിൽ വാക്കുകളില്ല എന്നു സ്വന്തം അജ്ഞത പുറത്തിടുന്ന വെറും ഡിഗ്രിക്കാർക്ക് ആ തർജമ ചാട്ടയടിയായി.

ആദ്യമായി മഹാകവി ജി. കവിത ആദ്യമായി വായിച്ചു. അന്തസ്സുള്ള മനുഷ്യൻ, കഴിവുള്ള കവി, ആഴമുള്ള കവിത.

വൈലോപ്പിള്ളിയും ഒളപ്പമണ്ണയും കവിത വിളമ്പി. പനിനീർപ്പൂവും ചെമ്പകപ്പൂവും ആ വേദിയിൽ ചിതറി.

നാളെ ജി. അധ്യക്ഷൻ. കവിത വായിക്കണം.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



വിഷയംപോലും ചിന്തിച്ചിട്ടില്ല. മനസ്സു മറ്റേതോ ലോകത്തിൽ അലയുന്നു.

സന്ധ്യക്കു ലക്കിടി വണ്ടിയിറങ്ങി. ഭാരതപ്പുഴ, വറ്റാത്ത കവിത - കണ്ണിലും കരളിലും. ഈ അനുഭൂതി പകർത്താൻ പറ്റുന്നില്ല. ആ മലയുടെ ചിത്രങ്ങൾ, അലൗകികാനുഭൂതി പകർത്താൻ പറ്റുന്നില്ല.

അരുണോദയത്തിനുമുമ്പു കവിതയുണ്ടാകണം, ഉണ്ടാക്കണം. മംഗലത്തെ കൊച്ചുവീട്. പാവപ്പെട്ട അമ്മുക്കുട്ടിടീച്ചർ. മുക്കിൽ മുനിഞ്ഞിരിക്കുന്ന ഭാഗവതർ. കണ്ണീർ കുടിക്കുന്ന മാധവിയമ്മ. എല്ലാം തലയിൽ കേറിയിരിക്കുന്നു. കവിത. രാത്രി കവിത വരണം. കണ്ണൂരുനിന്നു വണ്ടികേറി. ആൾത്തിരക്കിനിടയിൽ ഇരുന്നു കോഴിക്കോട്ടിറങ്ങുംമുമ്പ് റേഡിയോകവി സമ്മേളനത്തിനുള്ള കവിത എഴുതിത്തീർക്കുന്ന മനസ്സിന് - മാതൃഭൂമി വിശേഷാൽപ്രതിക്കുള്ള കവിത ബസ്സ് യാത്രയിൽ ഒരുക്കിവന്ന മനസ്സിന് - അഞ്ചു മിനിട്ടിനകം ഇരുന്നൂറുവരി കവിത നെയ്തുവന്ന ഈ മനസ്സിന് എന്തുപറ്റി? മലയാളമുൻഷിപ്പണി - ആ നിലവിളി, കവിയെ കൊന്നുവോ? അറിയില്ല. ഒന്നും അറിയാൻ പറ്റുന്നില്ല. ഹൃദയം ചുടുനെടുവീർപ്പിട്ടു. ഭാരതപ്പുഴവക്ക്. നീലരാത്രി, വൈരപ്പൊടി ചിതറിയ ആകാശം. ദൂരെ മങ്ങിയ മലനിര. പുഴയുടെ ഏകാന്തശാന്തസംഗീതം. കാളവണ്ടികൾ, ഉറങ്ങുന്ന കടവുതോണി. ഇണങ്ങിയ ശ്രുതി. പാട്ടു വരുന്നില്ല.

കവിതയെഴുത്തു കഴിഞ്ഞ മഹാകാശം ചോദിച്ചു: "തന്റെ കവിത എന്തായി?"

"ഒന്നുമായില്ല."

വാതിൽ തുറന്നു പടിയിലിരുന്നു. കുറേക്കഴിഞ്ഞു കിടന്നു. ഭാവനാലോകം ആവാഹിച്ചു. പറ്റുന്നില്ല. വെള്ളക്കടലാസിരുന്നു മുഷിയുന്നു. പേന കോട്ടുവായിടുന്നു. കഷ്ടം! കവിത വരുന്നില്ല. ഏഴുമണിക്കാണ് ഒറ്റപ്പാലം വണ്ടി. അഞ്ചിനു കുളിയും മറ്റും കഴിയണം. തിരുത്തും അസ്സലെഴുത്തും ഒറ്റപ്പാലത്തു ചെന്നാവാം.

കവിതയുടെ കരടുപകർപ്പെങ്കിലും കീശയിലിരുന്നേ പറ്റൂ.

പണ്ട് ഒന്നുരണ്ടു സമ്മേളനത്തിൽ സ്റ്റേജിൽക്കേറി പെട്ടെന്നു തോന്നിയ കവിത ചൊല്ലീട്ടുണ്ട്. നിമിഷകവിതകൾ എഴുതാൻ കഴിഞ്ഞിട്ടുണ്ട്. ഇതു പരിഷത്താണ്. അങ്ങനെ പറ്റില്ല.

പുഴയലകൾ എത്തിനോക്കി അന്വേഷിച്ചു: "എന്തായി കവീ?"

ദേഷ്യം വന്നു. മിണ്ടിയില്ല.

പാതിരാക്കാറ്റ് കതകുമുട്ടി-"ഉറക്കത്തിൽപ്പെടരുത്; വേഗമാകട്ടെ."

തലേ ദിവസം കൂടാളി വലിയനമ്പ്യാർ പറഞ്ഞ വിഷയം - കഥകളിയുടെയും വേഷത്തിന്റെയും - കഥ പെട്ടെന്നു മിന്നൊളിയായി മനസ്സിൽ പാളി.

ജീവിതമാകെ തിളങ്ങി. ഏതോ ദർശനമുണ്ടായി.

പടയ്ക്കുമുമ്പ് ഒതേനൻ വാളും പരിചയും പൂത്തറയിൽവച്ചു തൊഴുതു കുമ്പിട്ടെടുക്കുമ്പോലെ പേനയും കടലാസും വിശ്വമഹാകവിയുടെ പൊൻചേവടിയിൽവച്ചു ധ്യാനിച്ചു. മനസ്സു പറഞ്ഞു: "നീ കവി, ഞാൻ പേന. മഷിയൊലിക്കുന്ന, വില കുറഞ്ഞ പേന." ഇഷ്ടമുണ്ടെങ്കിൽ, ആവശ്യമുണ്ടെങ്കിൽ ഈ പേനയെടുക്കാം, എഴുതാം, എഴുതിക്കാം.

മിന്നലും ഇടിയും മഴയും ഒപ്പം. വിഷയവും ഭാവനയും രചനാശില്പവും വരികളും ഒപ്പം. ഒരു ഇടവപ്പാതിമഴ. ആകാശം കടലിരമ്പമായി. എന്നാൽ ഭൂമിക്കു ചില വെള്ളത്തുള്ളികൾ മാത്രം.

നനഞ്ഞ മഴ ആ മാറാലമുറിക്കുള്ളിൽ. കവി ചൊല്ലി. പേന പകർത്തി. കരിമ്പുഴുപോലെ ഇഴയുന്ന അക്ഷരങ്ങൾ. എനിക്കിതു വായിക്കാൻ പറ്റുന്നില്ല.

മെഴുകുതിരി മൂന്നെണ്ണം എന്നെ രക്ഷിക്കാൻ ആത്മാഹുതി ചെയ്തു. നാലാംമെഴുകുതിരി മരിക്കുംമുമ്പ് കരടു പകർത്തി. ഇരുട്ടിൽ മുങ്ങിത്തപ്പി മനസ്സിനൊരു മുത്തുമണി കിട്ടി. ആശ്വാസമണി.

കതകു തുറന്നു. പുതിയ പ്രഭാതം. സ്വർണം വിളയുന്ന കിഴക്കേ ദിക്ക്. ചെങ്കതിർമാല ചൊരിയുന്ന ഉദയസൂര്യപ്രഭ.

നിളാകല്ലോലങ്ങൾ ആ കാവ്യസുവർണകാന്തി മോന്തിക്കുടിക്കുന്നു.

നവോദയം, നവോന്മേഷം, അഭിനവവികാസം. പഞ്ചവർണക്കിളികളുടെ മധുരകാകളി. കൺമുന്നിലെങ്ങും കമനീയകാവ്യപ്രപഞ്ചം. പുലർദീപ്തി തൊട്ട ചെളിക്കുണ്ട്. ചെളിക്കുണ്ട് ചെന്താമരക്കുളമായി മാറുന്നു. മഞ്ഞുതുള്ളി വൈരക്കല്ലെന്നു പേരെടുക്കുന്നു. ഉള്ളുണർന്ന പറവകൾ അപാര



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



തയിൽ ചിറകുവിരിച്ചുയർന്നുപോയ വഴിക്കെല്ലാം സംഗീതം വിതറുന്നു. തമസ്സകലുമ്പോൾ, സന്നി മാറുമ്പോൾ കയ്പു മധുരമാകുന്നു. എല്ലാം സത്യവും ശിവവും സുന്ദരവുമാകുന്നു; പാമ്പ് എന്ന തെറ്റിദ്ധാരണ പൂമാലയാകുന്നു.

പരീക്ഷയിൽ ജയിച്ച കുട്ടിയുടെ ആവേശം തോന്നി.

സുഖമായി രസപ്പുഴ കടന്ന് ഒറ്റപ്പാലം എക്സ്പ്രസ്സിൽ ഒന്നാം ക്ലാസ്സിൽക്കേറി. അന്നു പച്ചനോട്ടു വാരിവിതറുന്ന കാലം. അകലെ കാവ്യ നിർവൃതിലയംപോലുള്ള തിരുവില്വാമലക്ഷേത്രം. മനസ്സു താമരപ്പൂവായി. വൈക്കത്തെ ഭസ്മവും ഗുരുവായൂർ കളഭവും മൂകാംബി കുങ്കുമവും നെറ്റിയിൽ.

കവിതയുടെ ആനമല ഉറവൊലി മനസ്സിലും. അവളുടെ കടാക്ഷമേറ്റ രാത്രി. അവൾ ചുംബിച്ച രാത്രി. അവൾ കെട്ടിപ്പുണർന്ന രാത്രി. അവൾ പോയി; മധുരം മായുന്നില്ല.

സമയമടുത്തു. അസ്സലെഴുതണം. പെന്നിൽ മഷിയില്ല. 'പ്രവേശനമില്ലാ'ത്ത എ.ഐ.ആറിന്റെ മുറിയിൽക്കേറി.

പുരുഷോത്തമൻനായരുണ്ട്. കുഴപ്പമുണ്ടെന്ന് അദ്ദേഹത്തിനു മനസ്സിലായി."കാപ്പി – അല്ലേ....?"

"ആദ്യം പേന. പിന്നെ കാപ്പി."

ആ മുറിയിലിരുന്ന് അസ്സലെഴുതി. പുരുഷോത്തമൻനായർ സഹായിച്ചു. ഒരുങ്ങിനിന്നു.

ജിയുടെ അധ്യക്ഷപ്രസംഗം കഴിഞ്ഞു. അധ്യക്ഷൻ വിളിച്ചു: "കവിത, പി. കുഞ്ഞിരാമൻ നായർ."

നിറഞ്ഞ മഹാസദസ്സ്. മുൻവരിയിൽ വള്ളത്തോൾ. അധ്യക്ഷൻ: "ആളെവിടെ, ആളെവിടെ?"

കവിതപ്പൊതിയുമായി സ്റ്റേജിലെത്തി. വള്ളത്തോളിന്റെ കാൽക്കൽ സാഷ്ടാംഗം വീണു. കേരളത്തിന്റെ സംസ്കാരം, സൗന്ദര്യം, സന്ദേശം – ഈ മൂന്നിന്റെ പുളകമണിഞ്ഞ പൂർണചന്ദ്രപ്രഭ: വള്ളത്തോൾ.

അനുഗ്രഹിച്ചു. കവിത വായിച്ചു. കവിതവായനയല്ല, ചാക്യാർകൂത്ത് എന്നു തോന്നി.

സദസ്സു രസിച്ചു. ലയിച്ചു. വലിയ കരഘോഷമുണ്ടായി. കവിയുടെ ജീവിതകവിതാബലിയായിരിക്കാം ഇത്.

വായനകഴിഞ്ഞ് ഇറങ്ങുമ്പോൾ മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ പത്രാധിപർ എൻ.വി. കൃഷ്ണവാരിയർ കൈനീട്ടി: "കവിത എനിക്ക്." ആകാശം തന്ന ആ പ്രസാദം വാരിയർക്കു കൊടുത്തു. ആ കവിതയുടെ തലക്കെട്ടിതാണ്: 'കളിയച്ഛൻ!'

ഒരു പ്രസിദ്ധപത്രം ആ കവിത വായിച്ച ദർശനീയരംഗം വർണിച്ചെഴുതിയെന്നു കേട്ടു. ആ വാരിക ഇങ്ങനെ എഴുതിയെന്നറിഞ്ഞു: "ഒരു ഗന്ധർവഗായകനെപ്പോലെ കുഞ്ഞിരാമൻനായർ രംഗവേദിയിൽ വിളങ്ങി." ആ മംഗളപത്രം, സദസ്സിന് ആ തോന്നലുളവാക്കിയ സാക്ഷാൽ കവിയുടെ കാൽക്കൽ, കണ്ണീരണിഞ്ഞ മനസ്സ് പുഷ്പമായി സമർപ്പിച്ചു.

**(കവിയുടെ കാൽപ്പാടുകൾ) – പി. കുഞ്ഞിരാമൻനായർ**



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- സാഹിത്യപരിഷത്ത് സമ്മേളനത്തിൽ പങ്കെടുക്കാനെത്തിയ കവികളെ പാഠഭാഗത്ത് എങ്ങനെയൊക്കെ അവതരിപ്പിച്ചിരിക്കുന്നു?
- 'കളിയച്ഛൻ' എന്ന കവിത പിറന്ന മുഹൂർത്തം കവി ആവിഷ്കരിക്കുന്നത് എങ്ങനെ?
- 
  - നിളാകല്ലോലങ്ങൾ ആ കാവ്യ സുവർണകാന്തി മോന്തിക്കുടിക്കുന്നു.
  - ചെളിക്കുണ്ട് ചെന്താമരക്കുളമായി മാറുന്നു.
  - മഞ്ഞുതുള്ളി വൈരക്കല്ലെന്ന് പേരെടുക്കുന്നു.

  'കളിയച്ഛൻ ജനിക്കുന്നു' എന്ന പാഠഭാഗത്തെ ആസ്വാദ്യമാക്കുന്ന ചില സവിശേഷപ്രയോഗങ്ങളാണിത്. ഇത്തരം പ്രയോഗങ്ങൾ പി. കുഞ്ഞിരാമൻനായരുടെ ഗദ്യത്തെ എത്രത്തോളം ചേതോഹരമാക്കുന്നു എന്ന് പാഠഭാഗത്തെ അടിസ്ഥാനമാക്കി വിവരിക്കുക.
- 
  - "പ്രകൃതിസൗന്ദര്യത്തിൽ ആനന്ദിക്കുന്ന കവി."
  - "പ്രകൃതിയെ ആരാധിക്കുന്ന കവി."
  - "പ്രകൃതിയിൽ ഭാവം കലർത്തുന്ന കവി."

  'കളിയച്ഛൻ ജനിക്കുന്നു' എന്ന പാഠഭാഗം മുൻനിർത്തി 'പ്രകൃതിയും പി. കുഞ്ഞിരാമൻനായരുടെ കവിതയും' എന്ന വിഷയത്തിൽ ഉപന്യാസം തയാറാക്കുക.
- പുഴയലകൾ എത്തിനോക്കി അന്വേഷിച്ചു: "എന്തായി കവീ?"
  ദേഷ്യം വന്നു. മിണ്ടിയില്ല.

  പാതിരാക്കാറ്റ് കതകുമുട്ടി: "ഉറക്കത്തിൽപ്പെടരുത്; വേഗമാകട്ടെ."

  തലേ ദിവസം കൂടാളി വലിയനമ്പ്യാർ പറഞ്ഞ വിഷയം – കഥകളിയുടെയും വേഷത്തിന്റെയും – കഥ പെട്ടെന്നു മിന്നൊളിയായി മനസ്സിൽ പാളി.

  മുകളിൽ കൊടുത്ത ഭാഗത്തുള്ള ചിഹ്നങ്ങളുടെ ഉപയോഗങ്ങൾ കണ്ടെത്തി പട്ടിക പൂർത്തിയാക്കുക.

| ചിഹ്നം | പേര് | ഉപയോഗം |
|---|---|---|
| : | ഭിത്തിക | അന്യഭാഷണം അവതരിപ്പിക്കുന്നതിന് മുമ്പ്. |
| ; | അർധവിരാമം | ................................................................. |
| | ........................... | സംക്ഷേപിച്ചത് വിവരിക്കാനും<br>വിവരിച്ചത് സംക്ഷേപിക്കാനും. |
| | | |
| | | |
| | | |



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# കവിതയോട്



എന്തിനു താമസിപ്പതംബികേ, നിന്നുണ്ണിയാ-
മെൻ മുന്നിലണയുവാ?നെങ്ങു നീ മറഞ്ഞിതോ?
എത്രനാളമ്മേ, നിന്നെത്തിരഞ്ഞുംകൊണ്ടീവിധം
ഹൃത്തടം കരിഞ്ഞു ഞാൻ കേണുകേണലയേണ്ടൂ?

പൂർവാശയാറ്റുനോറ്റു സമ്പാദിച്ചൊരു തങ്ക-
പ്പൂങ്കുമാരനെയങ്ങു പൊൽച്ചാറിൽ മുക്കി മുക്കി
നീരാട്ടി മടിത്തട്ടിൽക്കിടത്തിത്താലോലിക്കും-
നേരത്തു നിന്നെത്തേടിയങ്ങു ഞാൻ നടക്കവേ
ആ മണിമുറ്റത്തു നിൻ സ്മിതത്തൂവൊളിയെന്യേ
യാതൊന്നും കണ്ടീടാതെ മടങ്ങീ നിരാശനായ്
പശ്ചിമതടാകത്തിലിറങ്ങി സ്നാനം ചെയ്തു
പൊൽച്ചെമ്പട്ടുടുത്തർക്കദീപവും കൈയിലേന്തി
പ്രാർഥനയ്ക്കായിച്ചെല്ലും സന്ധ്യയാം പെൺകൊടിതൻ
പൂവനത്തിലുമമ്മേ, നിന്നെ ഞാൻ തിരഞ്ഞിതേ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



താവകപ്പൂഞ്ചേലതൻ സൗവർണരുചിയല്ലാ-
താവഴിക്കൊന്നും കണ്ടീലാഹന്ത! ദൗർഭാഗ്യമേ
സാധുവാം കൃഷകന്നു നൽകുവാൻ പ്രകൃത്യംബ
സാമോദം സംഭരിച്ച രത്നങ്ങൾ നിറച്ചതാം
ഇരുമ്പുപെട്ടികളും പത്തായങ്ങളുമേറ്റം
നിറച്ചുവച്ചീടിന വിൺതട്ടിൻ മുകളിലും
ഞാനണഞ്ഞെങ്ങും തേടി, -വാർമഴവില്ലാകും നിൻ
മാണിക്യമാലയും പൊൻമിന്നൽക്കാഞ്ചിയും കണ്ടേൻ.

സുപ്രഭാതത്തിങ്കലെക്കോകിലഗാനങ്ങളിൽ
കേൾപ്പൂ ഞാൻ നിൻ താരാട്ടിൻതേനൊലിസ്സംഗീതങ്ങൾ
ത്വൽക്കരമൃദുഘോഷം മാറ്റൊലിക്കൊള്ളുന്നിതേ
നൽക്കുളിർപ്പൂഞ്ചോലതൻ ലോലകല്ലോലങ്ങളിൽ;
നിൻപാദപത്മത്തിന്റെ പാടുകൾ കണ്ടീടുന്നു
ചെമ്പനീർപ്പുഷ്പങ്ങളിൽ സുന്ദരം സമ്മോഹനം;
എന്നാലുമമ്മേ, നിന്നെക്കണ്ടീല; നീയെങ്ങാവോ!
നിന്നുണ്ണിയായോരെന്നെക്കൈവിട്ടു മറകയോ?

**(ഉബൈദിന്റെ തെരഞ്ഞെടുത്ത കവിതകൾ) – ടി. ഉബൈദ്**

- കവി അമ്മയായി സങ്കൽപ്പിച്ചിരിക്കുന്നതാരെ? വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.
- ചമൽക്കാരഭംഗി വിവരിക്കുക.

  "വാർമഴവില്ലാകും നിൻ
  മാണിക്യമാലയും പൊൻമിന്നൽക്കാഞ്ചിയും കണ്ടേൻ."
- കവിതയ്ക്ക് ഒരു ആസ്വാദനക്കുറിപ്പ് തയാറാക്കുക.
- "പശ്ചിമതടാകത്തിലിറങ്ങി സ്നാനം ചെയ്തു
  പൊൽച്ചെമ്പട്ടുടത്തർക്കദീപവും കൈയിലേന്തി
  പ്രാർഥനയ്ക്കായിച്ചെല്ലും സന്ധ്യയാം പെൺകൊടി"

– കവി സന്ധ്യയെ വർണിക്കുന്നതിലെ സവിശേഷതകൾ കണ്ടെത്തി വിശദീകരിക്കുക. ഇതു പോലെ കാവ്യ പ്രയോഗങ്ങളുള്ള മറ്റു വരികൾ കണ്ടെത്തി വിശകലനം ചെയ്യുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## ഞാൻ എന്നെക്കുറിച്ച്

പ്രവർത്തനങ്ങളിലൂടെ നിങ്ങൾ എത്രത്തോളം മെച്ചപ്പെട്ടിട്ടുണ്ട്? രേഖപ്പെടുത്തുക.

ഉണ്ട് ഇല്ല

**ആസ്വാദനക്കുറിപ്പ് തയാറാക്കുന്നതിൽ**

- രചനകളിലെ ആശയങ്ങൾ സ്വാംശീകരിച്ച് അവതരിപ്പിക്കുന്നതിൽ.
- വായിച്ച ഭാഗത്തെക്കുറിച്ച് താൽപ്പര്യവും ആകാംക്ഷയും ഉണ്ടാക്കുന്നവിധത്തിൽ അവതരിപ്പിക്കാൻ പറ്റിയ ഭാഷ (സവിശേഷപ്രയോഗങ്ങൾ, ശൈലി) ഉപയോഗിക്കുന്നതിൽ.
- സ്വന്തം നിരീക്ഷണങ്ങൾ ഉദാഹരണങ്ങളും തെളിവുകളും ചേർത്ത് അവതരിപ്പിക്കുന്നതിൽ.
- വായിച്ച ഭാഗത്തിന്റെ സൗന്ദര്യതലം, സമകാലികപ്രസക്തി എന്നിവ കണ്ടെത്തി യുക്തിയോടെ അവതരിപ്പിക്കുന്നതിൽ.

**ഉപന്യാസരചനയിൽ**

- സന്ദർഭവുമായി ബന്ധപ്പെട്ട പരമാവധി ആശയങ്ങൾ ഉൾക്കൊള്ളിക്കുന്നതിൽ.
- ആശയങ്ങളും നിലപാടുകളും ശക്തമായി വായനക്കാരിൽ എത്തിക്കാനുതകുന്ന ഭാഷ പ്രയോഗിക്കുന്നതിൽ.
- ഉപന്യാസത്തിന്റെ ഘടന പാലിക്കുന്നതിൽ (തുടക്കം, പ്രധാനാശയങ്ങൾ, വിശദീകരണം, ഉപസംഹാരം).
- സ്വന്തം നിലപാടുകളും നിരീക്ഷണങ്ങളും യുക്തിയോടെ സ്ഥാപിക്കുന്നതിൽ.

**വിവരണം തയാറാക്കുന്നതിൽ**

- സന്ദർഭവുമായി ബന്ധപ്പെട്ട പരമാവധി ആശയങ്ങൾ ഉൾക്കൊള്ളിക്കുന്നതിൽ.
- വായനക്കാർക്ക് നേരനുഭവം ലഭിക്കുംവിധത്തിലുള്ള ഭാഷ ഉപയോഗിക്കുന്നതിൽ.
- സന്ദർഭത്തിന്റെ വിശദമായ ചിത്രം മനസ്സിൽ പതിയുംവിധം വാങ്മയ ചിത്രങ്ങൾ, ഉദാഹരണങ്ങൾ തുടങ്ങിയവ പ്രയോജനപ്പെടുത്തുന്നതിൽ.

**സെമിനാർ റിപ്പോർട്ട് എഴുതുന്നതിൽ**

- വിഷയവുമായി ബന്ധപ്പെട്ട പ്രധാന വിവരങ്ങൾ ഉൾപ്പെടുത്തി എഴുതുന്നതിൽ.
- ഉള്ളടക്കവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, ഫോട്ടോകൾ എന്നിവ ചേർക്കുന്നതിൽ.
- യോജിച്ച ഭാഷയിൽ (പദങ്ങൾ, പ്രയോഗങ്ങൾ, ശൈലികൾ) എഴുതുന്നതിൽ.




Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com




എഴുത്തുകാരെ അറിയുക



## വൈശാഖൻ

1940 ജൂണിൽ എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ കണ്ടച്ചാവടിയിൽ ജനിച്ചു. യഥാർഥ പേര് എം.കെ. ഗോപിനാഥൻനായർ. കഥാകൃത്ത്, നോവലിസ്റ്റ്. റെയിൽവേസ്റ്റേഷൻ മാസ്റ്ററായി ജോലിചെയ്യവെ സ്വയം വിരമിച്ചു. നൂൽപ്പാലം കടക്കുന്നവർ, അപ്പീൽ അന്യായഭാഗം, അതിരുകളില്ലാതെ, അകാലത്തിൽ വസന്തം, നിശാശലഭം, വൈശാഖൻകഥകൾ, റെയിൽവേ കഥകൾ, വേലിമുല്ല, വൈശാഖന്റെ ജീവിതചിന്തകൾ (ആത്മകഥനങ്ങൾ) തുടങ്ങിയവ പ്രധാന കൃതികൾ. കേരള സാഹിത്യ അക്കാദമി അവാർഡ്, ചെറുകാട് അവാർഡ്, കമലാസുരയ്യ പുരസ്കാരം തുടങ്ങി നിരവധി ബഹുമതികൾ ലഭിച്ചു.



## ഉണ്ണികൃഷ്ണൻ പുതൂർ (1933 – 2014)

തൃശൂർ ജില്ലയിലെ ഏങ്ങണ്ടിയൂരിൽ ജനനം. വളർന്നതും ജീവിച്ചതും ഗുരുവായൂരിൽ. ആത്മസംഘർഷങ്ങളുടെ കഥാകാരൻ എന്നറിയപ്പെടുന്നു. ചെറുകഥാകൃത്ത്, നോവലിസ്റ്റ് എന്നീ നിലകളിൽ പ്രശസ്തൻ. ബലിക്കല്ല്, നാഴികമണി, ആട്ടുകട്ടിൽ, അമൃതമഥനം, ആനപ്പക, ധർമ്മചക്രം എന്നീ നോവലുകളും ഭാഗപത്രം, നഷ്ടപ്പെട്ട പൊന്നോണം, എന്റെ 101 കഥകൾ, പുതൂർ കഥകൾ, തെരഞ്ഞെടുത്ത കഥകൾ, അനുഭവങ്ങളുടെ നേർരേഖകൾ തുടങ്ങിയ കഥാസമാഹാരങ്ങളും രചിച്ചിട്ടുണ്ട്. കേരള സാഹിത്യ അക്കാദമി അവാർഡ്, പത്മപ്രഭാപുരസ്കാരം, ഓടക്കുഴൽ അവാർഡ് തുടങ്ങിയ ബഹുമതികൾ ലഭിച്ചു.



## പി. കുഞ്ഞിരാമൻനായർ (1905 – 1978)

കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട്ട് ജനനം. കവി, അധ്യാപകൻ. കാൽപ്പനികപ്രസ്ഥാനത്തിലെ പ്രമുഖൻ. കളിയച്ഛൻ, പൂക്കളം, താമരത്തോണി, ഭദ്രദീപം തുടങ്ങി എഴുപതോളം കവിതാസമാഹാരങ്ങൾ. കവിയുടെ കാൽപ്പാടുകൾ, എന്നെ തിരയുന്ന ഞാൻ, നിത്യകന്യകയെ തേടി എന്നീ ആത്മകഥകളും രചിച്ചു. കേരള-കേന്ദ്ര സാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ചിട്ടുണ്ട്.



## ടി. ഉബൈദ് (1908 – 1972)

കാസർഗോഡ് ജില്ലയിലെ പള്ളിക്കലിൽ ജനനം. അധ്യാപകൻ. മാപ്പിളപ്പാട്ടിൽ ഗവേഷകൻ. ഉബൈദിന്റെ തെരഞ്ഞെടുത്ത കവിതകൾ, ചന്ദ്രക്കല, ഗാനവീചി, ബാഷ്പധാര (കവിത), മണ്ണിലേക്ക് മടങ്ങി, കന്നഡചെറുകഥകൾ തുടങ്ങി അനേകം കൃതികൾ രചിച്ചിട്ടുണ്ട്. വള്ളത്തോൾ കവിതകൾ, ചിന്താവിഷ്ടയായ സീത, വീണപൂവ് തുടങ്ങിയ കൃതികൾ കന്നഡയിലേക്കു പരിഭാഷപ്പെടുത്തിയിട്ടുണ്ട്.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## പദകോശം

അനിവാര്യം - ഒഴിച്ചുകൂടാനാവാത്ത
അനിഷേധ്യൻ - നിഷേധിക്കാൻ ആവാത്തവൻ
അഭയം - ആശ്രയം
അഭിമുഖീകരിക്കുക - നേരിടുക
അംബിക - ലോകമാതാവ് എന്ന സങ്കൽപ്പം
അർക്കൻ - സൂര്യൻ
ഉറുമാൽ - കൈലേസ്, തൂവാല
എന്നിയേ - കൂടാതെ, ഇല്ലാതെ
കച്ച കെട്ടുക (ശൈലി) - തയാറെടുക്കുക, കഥകളിയിൽ ആദ്യമായി അരങ്ങത്ത് എത്തുക, കളരിപ്പയറ്റിന് തയാറാവുക
കാഞ്ചി - അരഞ്ഞാൺ
കീർത്തിമുദ്ര - പ്രശസ്തിയുടെ അടയാളം
കെടുതി - നാശം, വിപത്ത്
കേണ് - കരഞ്ഞ്
ക്രൗര്യം - ക്രൂരത
ക്ലേശം - വേദന, കഷ്ടപ്പാട്
ചുട്ടി - അരിമാവുകുറി
ചുട്ടിക്കാരൻ - ചുട്ടി കുത്തിക്കൊടുക്കുന്ന ആൾ
തൻമ - വിശേഷസ്വഭാവം, പ്രത്യേകത
തൻമയത്വം - താദാത്മ്യം
താവകം - നിന്റെ, അങ്ങയുടെ
തീർഥം - (ശുദ്ധ) ജലം, പുണ്യജലം, അധ്യയനം
തൊങ്ങലുകൾ - അലങ്കാരങ്ങൾ
ദുരന്തം - ആപത്ത്, നല്ലതല്ലാത്ത അവസാനം
ധ്യാനനിമഗ്നൻ - ധ്യാനത്തിൽ മുഴുകിയവൻ
നവോത്ഥാനം - പുതിയ ഉണർവ്
നവോൻമേഷം - പുത്തൻ ഉണർവ്
പട്ടാണി (പഠാണി) - മുസ്‌ലിം സമുദായത്തിലെ ഒരു വിഭാഗം
പരസഹസ്രം - ആയിരക്കണക്കിന്
പൂർവം - ആദ്യം, കിഴക്ക്, കൂടി
യവനൻ - കഥകളിയിലെയും കൃഷ്ണനാട്ടത്തിലെയും ഒരു പ്രതിനായക വേഷം, ഗ്രീസ് ദേശത്തുള്ളവൻ
യുഗം - കാലം
രൂക്ഷം - തീക്ഷ്ണമായത്
വിസ്ഫോടനം - വലിയ പൊട്ടിത്തെറി
വേഷവിധാനം - വേഷ ഒരുക്കങ്ങൾ
വേഷവിതാനം - വേഷാലങ്കാരങ്ങൾ
ശൂരൻ - പരാക്രമി
ശോണിമ - ചുവപ്പ്
സപര്യ - പൂജ
സമാശ്വാസം - പൂർണമായ ആശ്വാസം
സമ്മോഹനം - മോഹിപ്പിക്കുന്നത്
സാമോദം - സന്തോഷത്തോടെ
സ്വാധികാരം - തന്റെ അധികാരം



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



◈ "എങ്ങു മനുഷ്യനു ചങ്ങല കൈകളി-
ലങ്ങെൻ കൈയുകൾ നൊന്തീടുകയാ-
ണെങ്ങോ മർദ്ദനമവിടെ പ്രഹരം
വീഴുവതെന്റെ പുറത്താകുന്നു.
എങ്ങെഴുന്നേൽപ്പാൻ പിടയും മാനുഷ-
നവിടെ ജീവിച്ചീടുന്നു ഞാൻ."

*(ആഫ്രിക്ക - എൻ.വി. കൃഷ്ണവാരിയർ)*

ലോകത്തെങ്ങും അടിച്ചമർത്തപ്പെടുന്ന മനുഷ്യരോടുള്ള ഐക്യദാർഢ്യമാണല്ലോ ഈ വരികളിൽ തെളിയുന്നത്. കലയും സാഹിത്യവും മാനവരാശിക്ക് അളവില്ലാത്ത ആനന്ദവും ആശ്വാസവും പകരുന്ന അതിജീവനോപാധികളാണ് എന്നും. 'കല: മാനവികതയുടെ മഹാഗാഥകൾ' എന്ന വിഷയത്തെ അടിസ്ഥാനമാക്കി സെമിനാർ സംഘടിപ്പിക്കുക

**പഠനനേട്ടങ്ങൾ**

- പദങ്ങൾ, പ്രയോഗങ്ങൾ, ശൈലികൾ തുടങ്ങിയവ സന്ദർഭാനുസരണം രചനകളിൽ ഉൾപ്പെടുത്തുന്നു.
- താളവും ഭാവവും ഉൾക്കൊണ്ട് ഒഴുക്കോടും ഉച്ചാരണശുദ്ധിയോടും കൂടി സാഹിത്യരചനകൾ വായിച്ചവതരിപ്പിക്കുന്നു.
- പാഠഭാഗം വിശകലനം ചെയ്ത് ചർച്ചകളിലും മറ്റും സ്വാഭിപ്രായം പ്രകടിപ്പിക്കുന്നു.
- കഥ/കവിതയിലെ ആശയം, അലങ്കാരഭംഗി, മുഹൂർത്തങ്ങൾ, വാങ്മയചിത്രങ്ങൾ എന്നിവ വിശകലനം ചെയ്ത് ആസ്വാദനം തയാറാക്കുന്നു.
- പുസ്തകങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവ വായിച്ച് ആശയങ്ങൾ സ്വാംശീകരിച്ച് ലേഖനം തയാറാക്കുന്നു.
- കേരളത്തിലെ കലകളെ ആസ്പദമാക്കിയുള്ള സെമിനാറുകൾ സംഘടിപ്പിക്കുകയും ആശയങ്ങളും നിലപാടുകളും യുക്തിപൂർവം അവതരിപ്പിക്കുകയും ചെയ്യുന്നു.
- പ്രകൃതിദുരന്തങ്ങളെക്കുറിച്ച് ധാരണ നേടുന്നതിനും, സ്വരക്ഷയും സാമൂഹിക സുരക്ഷയും ഉറപ്പാക്കുന്ന രീതിയിൽ ഇടപെടുന്നതിനുമുള്ള മനോഭാവം വളർത്തുന്നു.



Downloaded from https:// www.studiestoday.com


Downloaded from https:// www.studiestoday.com

5


# കാലം ദർശിച്ച രസാനുഭൂതികൾ

**കോ**ഴിക്കോട് സാമൂതിരിരാജാവിന്റെ കാലത്ത് തളിക്ഷേത്രത്തിൽവച്ച് വേദശാസ്ത്രപുരാണങ്ങൾ ആസ്പദമാക്കി വാദം നടത്തുന്ന പതിവുണ്ടായിരുന്നു. ജയിക്കുന്നവർക്ക് തമ്പുരാൻ കിഴികളും ബഹുമതികളും നൽകുമായിരുന്നു.

ഒരിക്കൽ പരദേശിപണ്ഡിതനായ ഉദ്ദണ്ഡശാസ്ത്രികൾ സാമൂതിരിയുടെ സഭയിലെത്തി. സകലരെയും വാദത്തിൽ തോൽപ്പിച്ച് കിഴികളെല്ലാം വാങ്ങി. അദ്ദേഹത്തിന്റെ യോഗ്യത കണ്ട് തമ്പുരാൻ ശാസ്ത്രികളെ തന്റെ കൂടെത്തന്നെ താമസിപ്പിക്കുകയുണ്ടായി. സ്വദേശികളായ പണ്ഡിതർക്കു നാണക്കേടായി. വളരെ ചെറുപ്പത്തിൽത്തന്നെ വാഗ്മിയും യുക്തിമാനുമായിത്തീർന്ന കാക്കശ്ശേരിഭട്ടതിരിയെ ഉദ്ദണ്ഡശാസ്ത്രികളോട് എതിരിടാനായി അവർ കണ്ടെത്തി. ശാസ്ത്രികളുമായുള്ള വാദത്തിൽ പങ്കെടുക്കാൻ ഭട്ടതിരി സഭയിലെത്തി.



തമ്പുരാൻ ഭട്ടതിരിയെ കണ്ടിട്ട് ചോദിച്ചു: “ഉണ്ണിയെന്തിനാണ് വന്നത്; വാദത്തിൽ ചേരാനാണോ?” “അതെ.” ഭട്ടതിരി പറഞ്ഞു. ഉടനെ ശാസ്ത്രി ഭട്ടതിരിയെ ഇങ്ങനെ പരിഹസിച്ചു: “ആകാരോ ഹ്രസ്വഃ”. ഭട്ടതിരി തിരിച്ചടിച്ചു: “നഹി നഹി, ആകാരോ ദീർഘഃ; അകാരോ ഹ്രസ്വഃ”



ഭട്ടതിരിയെ കണ്ടിട്ട് കുട്ടിയാണല്ലോ എന്ന ഒരു പരിഹാസഭാവത്തിലാണ് “ആകാരോ ഹ്രസ്വഃ” എന്ന് ശാസ്ത്രികൾ പറഞ്ഞത്. ‘ആകാരം’ എന്നത് ‘ആ’ എന്നുള്ള അക്ഷരമെന്ന അർഥത്തിൽ ആണ് ഭട്ടതിരി ഉത്തരം പറഞ്ഞത്. ഈ യുക്തിയിൽ ശാസ്ത്രികൾ ലജ്ജിച്ചുപോയി. തുടർന്നുള്ള വാദങ്ങളിൽ ഭട്ടതിരി ശാസ്ത്രികളെ സമർഥമായി തോൽപ്പിച്ച് കിഴികൾ സ്വന്തമാക്കിക്കൊണ്ടിരുന്നു. അങ്ങനെ സ്വദേശിപണ്ഡിതരുടെ അഭിമാനം വീണ്ടെടുത്തു.

(അവലംബം : കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ‘ഐതിഹ്യമാല’)


ഈ ഐതിഹ്യകഥയിൽനിന്നു കിട്ടുന്ന ആശയങ്ങൾ എന്തൊക്കെ? ചർച്ചചെയ്യുക.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# മാണിക്യവീണ



വന്ദനം വന്ദനം! വാർമെത്തും ദ്രാവിഡ-
നന്ദിനിയായി വളർന്ന ഭാഷേ,
വന്ദനം വന്ദനം! ചിത്തം കവർന്നിടും
ചന്ദനാമോദം കലർന്ന ഭാഷേ,
ജീവന്നു നൂതനോന്മേഷം പകർന്നിടും
ദേവഭാഷാമൃതം ചേർന്ന ഭാഷേ,
നിന്മുലപ്പാലിന്റെ വീര്യമുൾക്കൊണ്ടതെൻ
ജന്മജന്മാന്തരപുണ്യമല്ലേ.
വശ്യമാം ശൈലിയിൽ നിന്നെജ്ജയിപ്പൊരു
വിശ്വമനോഹരഭാഷയുണ്ടോ.

താളമിട്ടാടുന്നു തെങ്കടൽക്കല്ലോല-
പാളി നിൻ ഗാനങ്ങൾ കേട്ടിടുമ്പോൾ;
താനമായ്ത്തീരുന്നു നാളികേരദ്രുമ-
താലപത്രാന്തരമർമ്മരങ്ങൾ;





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ആനന്ദരാഗങ്ങൾ മൂളുന്നു നീളുന്ന
കാനനപ്പൊൽക്കുളിർച്ചോലയെല്ലാം.

ത്വൽ കർമ്മമണ്ഡലം വിസ്തൃതമല്ലൊരു
കൈക്കുടവട്ടമാ,ണായിരിക്കാം;
എങ്കിലും നിൻ കീർത്തിയെത്താത്തതെങ്ങുവാൻ?
ശങ്കരദേശികദേശഭാഷേ!
അന്തരീക്ഷത്തിൽ സുഗന്ധം പരക്കുവാ-
നെന്തിനു കസ്തൂരിയേറെയോർത്താൽ?

ചിത്രവർണോജ്ജ്വലേ, നിൻ പുഷ്പവാടിയി-
ലെത്ര വസന്തങ്ങൾ വന്നതില്ല?
ഹൃത്തിലൊതുങ്ങാത്തൊരാവേശമാർന്നുകൊ-
ണ്ടെത്ര കുയിലുകൾ കൂകിയില്ല?
മട്ടോലും പൂക്കളെച്ചുറ്റിപ്പറന്നെത്ര
മത്തഭൃംഗങ്ങൾ മുരണ്ടതില്ല?
അമ്മധുമാസവിഭൂതികളൊക്കെയും
രമ്യതചേർത്തതില്ലെത്ര നിന്നിൽ?
ആവർത്തിച്ചീടട്ടെ പിന്നെയും പിന്നെയു-
മായിരം വട്ടമിശ്രീവികാസം.

കാണുന്നു കല്യാണനിക്ഷേപമെന്നപോൽ
കാമസുരഭിപോൽ നിന്നെ ഞങ്ങൾ.
നിന്നെബ്ഭജിക്കുന്ന ഭാവന ധന്യമാം
നിന്നെപ്പുകഴ്ത്തുന്ന നാവു വന്ദ്യം.

കേരളത്തൂമൊഴിയെന്നു കേട്ടാൽ മതി,
കോരിത്തരിപ്പിന്റെ കൊയ്ത്തുകാലം.
ഓജസ്സിൻ കാതലേ, നിന്നെയോർക്കുമ്പൊഴേ-
ക്കോരോ ഹൃദയവുമോടിയോടം.

കാണിക്കവെച്ചിടാം സർവവും ശോഭനേ,
മാണിക്യവീണ നീ മീട്ടിയാലും!

**-വെണ്ണിക്കുളം ഗോപാലക്കുറുപ്പ്**

**(മാണിക്യവീണ)**

- മലയാളം മാതൃഭാഷയായത് പുണ്യമായാണ് കവി കാണുന്നതെന്നു സൂചിപ്പിക്കുന്ന വരികളേവ?
- “ത്വൽ കർമ്മമണ്ഡലം വിസ്തൃതമല്ലൊരു
  കൈക്കുടവട്ടമാ,ണായിരിക്കാം;
  എങ്കിലും നിൻ കീർത്തിയെത്താത്തതെങ്ങുവാൻ?
  ശങ്കരദേശികദേശഭാഷേ!
  അന്തരീക്ഷത്തിൽ സുഗന്ധം പരക്കുവാ-
  നെന്തിനു കസ്തൂരിയേറെയോർത്താൽ?”
  
  വരികളിലെ ആശയഭംഗി കണ്ടെത്തി എഴുതുക.
- “ചിത്രവർണോജ്ജ്വലേ, നിൻ പുഷ്പവാടിയി-
  ലെത്ര വസന്തങ്ങൾ വന്നതില്ല?
  ഹൃത്തിലൊതുങ്ങാത്തൊരാവേശമാർന്നുകൊ-
  ണ്ടെത്ര കുയിലുകൾ കൂകിയില്ല?
  മട്ടോലും പൂക്കളെച്ചുറ്റിപ്പറന്നെത്ര
  മത്തഭൃംഗങ്ങൾ മുരണ്ടതില്ല?”
  
  മലയാളകവിതയുടെ എന്തെല്ലാം സവിശേഷതകളാണ് ഈ വരികളിൽ പ്രകടമാകുന്നത്?
- ആശയം, ചമൽക്കാരഭംഗി, തലക്കെട്ട് എന്നിവ പരിശോധിച്ച് കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയാറാക്കുക
- മാതൃഭാഷയുടെ മഹത്ത്വം പ്രമേയമായിവരുന്ന കവിതകൾ ശേഖരിച്ച് ചൊല്ലി അവതരിപ്പിക്കുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





# ധർമ്മിഷ്ഠനായ **രാധേയൻ**

കുന്തി
തനിക്കു പിറന്ന
സൂര്യപുത്രനായ കർണനെ,
ജനിച്ചയുടനെ
പെട്ടിയിലാക്കി നദിയിലുപേക്ഷിക്കുന്നു.
നദിയിൽനിന്നു കിട്ടിയ
ആ കുഞ്ഞിനെ
സൂതനായ അധിരഥനും
ഭാര്യയായ രാധയും വളർത്തി.
ജന്മനാ കവചകുണ്ഡലധാരിയും
സമർഥനും ധീരനുമായ
കർണൻ
ദുര്യോധനപക്ഷത്താണ് നിലയുറപ്പിച്ചത്.
മഹാഭാരതയുദ്ധം തുടങ്ങുന്നതിനു മുൻപ്
ശ്രീകൃഷ്ണൻ കർണനോട്
തന്റെ യഥാർഥ മാതാപിതാക്കൾ
ആരാണെന്ന രഹസ്യം
വെളിപ്പെടുത്തുകയാണ്.
അങ്ങനെ യുദ്ധം ഒഴിവാക്കാനായി
അദ്ദേഹത്തെ
പാണ്ഡവപക്ഷത്തേക്കു
ക്ഷണിക്കുന്നതാണ്
പാഠസന്ദർഭം.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





ജനശൂന്യമായ വനഹൃദന്തങ്ങളിലെത്തിയപ്പോൾ ദാരുകൻ ഗതി മന്ദീഭവിപ്പിച്ച രഥം, പിന്നെയും സാവകാശമാക്കാൻ 'പതുക്കെ, പതുക്കെ' എന്ന് കൃഷ്ണൻ അനുജ്ഞ നൽകി. രഥത്തെ നയിക്കുന്ന വെള്ളക്കുതിരകളുടെ ഒറ്റയൊറ്റയായുള്ള കുളമ്പടിശബ്ദം ആ വിജനതയിൽ മുഴങ്ങി. ഇഴഞ്ഞുനീങ്ങുന്ന രഥചക്രങ്ങളുടെ ക്രന്ദനം പ്രപഞ്ചവിധാനത്തിന്റെ അമർത്തിപ്പിടിച്ച കരച്ചിൽപോലെ ആ വനസ്ഥലിയെ ശോകഭരിതമാക്കി. പറക്കാനുള്ള ത്വരയ്ക്കു നിയന്ത്രണത്തിന്റെ ആഘാതമേറ്റ വാജികൾ ആഞ്ഞു ശ്വസിക്കുകയും സമീപസ്ഥമായ പച്ചിലത്തഴപ്പുകൾ ആർദ്രതയാൽ അപ്പോൾ വിറയ്ക്കുകയും ചെയ്തു. വലതുപാർശ്വത്തിൽ നിശ്ചലനായിരിക്കുന്ന കർണന്റെ കരങ്ങൾ വീണ്ടും പരിഗ്രഹിച്ചുകൊണ്ട് പതിഞ്ഞ, ബലവത്തായ ശബ്ദത്തിൽ കൃഷ്ണൻ പറഞ്ഞു:

"കർണാ! എന്റെ ഈ വാക്കുകൾ നീ ശ്രദ്ധിച്ചാലും. നിന്നെക്കുറിച്ചുള്ള സത്യമായ വിചാരങ്ങളും സത്യമായ വസ്തുതകളും അറിയിക്കാൻ ഞാൻ നിന്നെ ഇങ്ങനെ ആനയിച്ചു. ആ വാക്കുകൾ നാളെ നഗരങ്ങളും ജനപദങ്ങളും രാജസഭകളും ഇടിമുഴക്കംപോലെ ശ്രവിക്കേണ്ട വാക്കുകളാണ്. വിധിനിയോഗവശാൽ വിജനസ്ഥലത്തുവച്ചു രഹസ്യമായി നിന്നോടു ഞാനതു പറയുന്നു. ഭൂമിയിൽ കിടയറ്റ വില്ലാളിയാണു നീ. അദ്ഭുതബലശാലിയും അദ്ഭുതവിക്രമിയുമാണ് നീ. സുഹൃത്തേ, കർണാ! ആ നിന്റെ നിജസ്ഥിതി അറിയുന്ന ഞാൻ, നിന്നെപ്രതി മനസാ ആദരവും സ്നേഹവും നിറഞ്ഞവനാണെന്നു നീ അറിയണം. നീ ആരെന്നു നിന്നോടു പറയാനുള്ള മുഹൂർത്തമായിരിക്കുന്നു. കുരുവംശജാതന്മാർ തമ്മിൽ കൊന്നൊടുക്കി സമൂലം നശിക്കുന്ന യുദ്ധം തീർച്ച



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





വിധിവശാൽ ചിലരുടെ ചില കർമ്മങ്ങളെ സംശ്രയിച്ചിരിക്കുന്നു. അപ്പോൾ ആ വ്യക്തിക്ക് ഈശ്വരഹിതത്തോടു സാവകാശത്തിനുവേണ്ടി ഫലപ്രദമായി യാചിക്കാൻ കഴിയും. ഇവിടെ, വംശവിനാശകമായ ഈ ഭീകരപ്രതിസന്ധിയിൽ ഒരാൾക്ക് അതു കഴിയും...”

പൊള്ളലേറ്റപോലെ കൃഷ്ണൻ പൊടുന്നനെ ചലിച്ചു. വിധിയുടെ പ്രതീകംപോലെ ചൂണ്ടുവിരൽ കർണന്റെ മുഖത്തിനുനേരെ ചൂണ്ടിക്കൊണ്ട് അവൻ പറഞ്ഞു:

“നിനക്ക് അത് കഴിയും. നിനക്ക്! കൗന്തേയനായ കർണന്!”

കൗന്തേയൻ എന്ന വാക്ക് കൃഷ്ണൻ ഉച്ചരിച്ചു കേട്ട കർണൻ ഞെട്ടി! അവൻ വിറയ്ക്കുന്നതായി തോന്നി. അവന്റെ കരങ്ങളെ കൃഷ്ണൻ വീണ്ടും പരിഗ്രഹിച്ചു. വേദനയുടെ കറുത്ത പ്രകാശത്തിൽ തിളങ്ങുന്ന കർണന്റെ കണ്ണുകളിലേക്ക്, മാസ്മരികശക്തിയോടെ ഉറ്റുനോക്കിക്കൊണ്ട് കൃഷ്ണൻ പറഞ്ഞു:

“എന്റെ വാക്കുകൾ ശാന്തനായി നീ കേൾക്കൂ. കർണാ, നീ സൂതവംശജനല്ല. സൂതനായ അധിരഥന്റെ പുത്രനുമല്ല. രാധേയനെന്നറിയുന്ന നീ രാധയുടെ മകനല്ലെന്നും അറിയണം. അർജുനമാതാവായ കുന്തിക്ക് സൂര്യഭഗവാനിൽനിന്നു ജനിച്ച കാനീനനാണ് വിശ്വൈകവീരനായ കർണൻ! കൗന്തേയനായ നീ വൃഷ്ണികളായ ഞങ്ങൾക്ക് യുധിഷ്ഠിരതുല്യനായ സ്വജനമാണ്. നീ യുധിഷ്ഠിരഭീമാർജുനന്മാരുടെ സ്വന്തം ജ്യേഷ്ഠനാണ്.”

കൃഷ്ണന്റെ വാക്കുകൾ കേട്ട് സാരഥിയായ ദാരുകൻ സ്തബ്ധനായി. അവനറിയാതെ അവന്റെ കൈപ്പിടിയിലെ കടിഞ്ഞാൺ അയഞ്ഞുവീണു. അപ്പോൾ രഥത്തിന്റെ ഇഴഞ്ഞ ഗതിപോലും നിലച്ചു. ചലനം പൊടുന്നനേ നിലച്ച ചക്രങ്ങളുടെ ആക്രന്ദനത്തോടെ രഥം തികച്ചും നിശ്ചലമായി. ചമ്മട്ടിയേന്തിയിരുന്ന കൈയുമായി ദാരുകൻ തേർത്തടത്തിൽ പ്രതിമപോലെ നിർജീവമായി വർത്തിച്ചു. ജീവസ്സറ്റ ഒരു കേവലനിശ്ശബ്ദതയിൽ എല്ലാം ലയിച്ചു. സ്വന്തം വാക്കുകൾ കേട്ടു സ്വയം ആശ്ചര്യപ്പെടുന്ന വിചിത്രഭാവത്തിൽ കൃഷ്ണൻ പറഞ്ഞു:

യായിക്കഴിഞ്ഞു. ക്ഷത്രിയവംശത്തിന്റെ ആകെ വിനാശത്തിനുള്ള രംഗം ഇന്നൊരുങ്ങിക്കഴിഞ്ഞു. എന്നാൽ നിരർഥമായ ഈ കൊടുംവിനാശം ഒഴിവാക്കാൻ ഒരാൾക്ക് ഇനിയും കഴിയും.”

“ഒരാൾക്കു മാത്രം അതു കഴിയും; ഒരാൾക്കുമാത്രമതു കഴിയും,” എന്ന് സ്വയം ഉരുക്കഴിച്ചു നിർന്നിമേഷനായിരിക്കുന്ന കൃഷ്ണനോടു സന്ദേഹഭാവത്തിൽ കർണൻ പറഞ്ഞു:

“അല്ലയോ വാസുദേവാ, സ്വധർമ്മാചരണത്തിൽ ക്ഷത്രിയവംശമാകെ വീരസ്വർഗം പൂകണമെന്ന ഈശ്വരഹിതം ആർക്കാണ് ഒഴിവാക്കാൻ കഴിയുക? ആർക്ക്, എങ്ങനെയാണ് അത് ഒഴിവാക്കാൻ കഴിയുക? കൃഷ്ണാ, നിനക്കുപോലും തടുക്കാനാവാത്ത കാലഗതി മറ്റാർക്കാണു തടുക്കാൻ കഴിയുക?”

“കഴിയും.” കൃഷ്ണന്റെ ചുണ്ടിൽ നിന്നുതിർന്ന ശബ്ദം ആയസഗോളം പോലെ തന്റെ മുഖത്തു തട്ടിയതായി കർണനു തോന്നി. കൃഷ്ണൻ പറഞ്ഞു: “കഴിയും; ഒരാൾക്കതു കഴിഞ്ഞെന്നുതന്നെ വരും. കർണാ! ഈശ്വരഹിതംപോലും കാലാനുവർത്തിയാണെന്നു നീ അറിയണം. വർഗവിനാശത്തിനുള്ള ഈ വിധിപോലും കാലാനുവർത്തിയാണ്. കാലത്തിന്റെ പക്വത ചിലപ്പോൾ



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



"കൗന്തേയനായ കർണാ, വേദപാരംഗതരായ വിപ്രരെ നിത്യവും ഉപാസിച്ചവനാണു നീ. ദ്വേഷവും അസൂയയും ഒഴിഞ്ഞ ദേവമഹാവ്രതനാണു നീ. ധർമ്മതത്ത്വങ്ങളെല്ലാം അറിയുന്ന മഹാപ്രാജ്ഞനാണു നീ. വേദശാസ്ത്രാദികളിൽ സൂക്ഷ്മജ്ഞാനമുള്ള നിന്നെ ധർമ്മശാസ്ത്രങ്ങൾ പറഞ്ഞറിയിക്കേണ്ടതില്ല. ഒരു കന്യകയിൽ കാനീനനായോ സഹോഢനായോ ജനിക്കുന്ന പുത്രന് ആ കന്യകയെ പിന്നീടു പരിഗ്രഹിക്കുന്ന പുരുഷൻ അച്ഛനാണെന്ന ശാസ്ത്രവിധി നിനക്കറിയാതെവരില്ല. കുന്തിയുടെ പ്രഥമപുത്രനായ നീ ധർമ്മശാസ്ത്രനിശ്ചയത്താൽ പാണ്ഡവർക്ക് ജ്യേഷ്ഠസഹോദരനായ പാണ്ഡവനാണ്. മാതൃവശാൽ മാത്രമല്ല, പിതൃവശാലും നീ പാണ്ഡവനാണെന്നു ശാസ്ത്രം പറയുന്നു. കുന്തിയുടെ മൂത്തമകനായ കർണൻ വൃഷ്ണികളായ ഈ ഞങ്ങൾക്കു യുധിഷ്ഠിരനേക്കാൾ സ്നേഹാർഹനായ സ്വജനമാണ്."

നിശ്വാസംപോലും നിലച്ച നിലയിൽ കർണൻ കൃഷ്ണന്റെ വാക്കുകൾ ചെവിക്കൊണ്ടു. സ്തോഭങ്ങളറ്റു നിർജീവമായിരുന്ന അവന്റെ മുഖത്തേക്കു വീണ്ടും വിരൽ ചൂണ്ടിക്കൊണ്ട് കൃഷ്ണൻ പറഞ്ഞു:

"കർണാ, ഇപ്പോൾ നിശ്ചലങ്ങളായി നിൽക്കുന്ന ഈ വാജികൾ നിസ്സാരമായ സംജ്ഞയാൽ വായുവേഗത്തിൽ പറക്കുന്നവയാണ്. മനോവേഗത്തിൽ പായുന്ന ഈ രഥത്തിൽ ഇതുപോലെ ഒരുമിച്ചിരുന്നുകൊണ്ടു സ്വജനങ്ങളായ പാണ്ഡവരുടെ സങ്കേതത്തിൽ നമുക്കു ചെന്നിറങ്ങാം. സുയോധനന്റെ ഗർവിനും ബലത്തിനും മുഴുവൻ ആധാരമായ കർണൻ യുധിഷ്ഠിരന്റെ സ്വന്തം ജ്യേഷ്ഠഭ്രാതാവാണെന്ന് അവരും ലോകവും അങ്ങനെ ആദ്യമായറിയട്ടെ!"

മൂകനായിത്തന്നെ വർത്തിച്ച കർണന്റെ മൗനത്തിന്റെ സാരം ഗ്രഹിച്ച്, അൽപ്പനേരം സ്വയം നിശ്ശബ്ദതപാലിച്ചശേഷം കൃഷ്ണൻ പിന്നെയും പറഞ്ഞു:

"എന്നോടൊത്ത്, എന്റെ ഈ രഥത്തിൽ പാണ്ഡവസങ്കേതത്തിൽ വരാൻ ഞാൻ നിന്നോടപേക്ഷിക്കുന്നത് ഈ മഹാരഹസ്യം ലോകത്തോടു ജ്ഞാപനംചെയ്യാൻ മാത്രമല്ല. നീ വിശ്വൈകവീരനാണെന്ന് എന്നും അറിഞ്ഞവനാണു ഞാൻ. സത്യവാദിയും ധർമ്മചാരിയുമാണ്, അജ്ഞാതസ്വജനമായ നീ എന്ന് എനിക്കെന്നുമറിയാം. വിധിനിയോഗത്താലാവാം, നിന്റെ രഹസ്യം ഞാൻ നിന്റെ മുമ്പിൽ ഇതുവരെ അനാവരണം ചെയ്തില്ല. എന്നാൽ ഇന്നു ഞാൻ അതു തുറന്നു പ്രസ്താവിക്കുന്നു. എന്നോടൊത്തു പാണ്ഡവസങ്കേതത്തിൽ ചെന്നിറങ്ങുന്ന നീ, ഭ്രാതാവാണെന്നു പാണ്ഡവർ അറിയും; ജ്യേഷ്ഠനായ നിന്നെ അവരഞ്ചുപേരും കാൽപിടിച്ചാദരിക്കും. ദ്രൗപദിയുടെ അഞ്ചുമക്കളും, അർജുനപുത്രനായ അഭിമന്യുവും നിന്റെ മുമ്പിൽ സാഷ്ടാംഗനമസ്കാരം ചെയ്ത് നിന്റെ പാദധൂളികൾ ശിരസ്സിലണിയും. പാണ്ഡവപക്ഷക്കാരായെത്തിയിട്ടുള്ള സമസ്തരാജാക്കളും ജനങ്ങളും പരമസംപൂജ്യനായ പാണ്ഡവജ്യേഷ്ഠനായി നിന്നെ പൂജിക്കും. വൃഷ്ണികളായ ഈ ഞങ്ങളും ധൃഷ്ടദ്യുമ്നാദ്യരായ പാഞ്ചാലരും സ്വജനനായകനായ കർണനെ നമസ്കരിക്കുകയും അവനെ മഹാരാജാവായി അഭിഷേചിക്കുകയും ചെയ്യും എന്നു നീ അറിയണം."

കണ്ണുകൾക്കു മുമ്പിൽ വിരിഞ്ഞ ഏതോ ദൃശ്യം നോക്കി അഭിഭൂതമായ ഭാവത്തിൽ കൃഷ്ണൻ തുടർന്നു:





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



"പാണ്ഡവകുലഗുരുവായ ധൗമ്യൻ കർണന്റെ അഭിഷേചനകർമ്മത്തിൽ അഗ്ന്യാഹുതി കഴിക്കും. വേദജ്ഞരായ ദ്വിജന്മാരുടെ കാർമ്മികത്വത്തിൽ പാണ്ഡവരേവരും പാണ്ഡവപുത്രന്മാരും പാഞ്ചാല-മാത്സ്യ-ചേദിരാജാക്കന്മാരും ഈ ഞാനും ചേർന്നു പാണ്ഡവമഹാരാജാവായി കർണന്റെ കിരീടധാരണകർമ്മങ്ങൾ ആചരിക്കും. പാർശ്വത്തിൽ പട്ടമഹിഷിയായ ദ്രൗപദിയുമൊത്ത് സിംഹാസനാരൂഢനായിരിക്കുന്ന കർണന്റെ ശീർഷോപരി, യുവരാജാവായ യുധിഷ്ഠിരൻ വെൺചാമരമുയർത്തിനിൽക്കും. ഭീമസേനൻ നിന്റെ സിംഹാസനത്തിനു പിന്നിൽ നിന്ന് വെൺകൊറ്റക്കുട പിടിക്കും. പുലിത്തോൽ പൊതിഞ്ഞ് കിങ്ങിണികൾ ശബ്ദിക്കുന്ന നിന്റെ ശ്വേതാശ്വരഥത്തിന്റെ കടിഞ്ഞാൺ പിടിച്ച് അർജുനൻ നിനക്കു പരിചര്യ ചെയ്യും. നിന്റെ പാദപരിചര്യക്കായി അഭിമന്യുകുമാരൻ ഒഴിയാതെ നിന്റെ സവിധത്തിൽ വർത്തിക്കും. നകുലസഹദേവന്മാരും ദ്രൗപദീപുത്രന്മാരും നിന്റെ അനുജ്ഞകൾ കാത്ത് നിലകൊള്ളും. പാഞ്ചാലന്മാർ മഹാനായ ബന്ധുവിനെ ശമത്തിലും യുദ്ധത്തിലും ഒരുപോലെ പിന്തുടരും. കർണാ, ഈ ഞാനും സമസ്തവൃഷ്ണ്യന്ധകജനങ്ങളും നിന്റെ പിന്നിൽത്തന്നെ നിരക്കുമെന്നും നീ അറിയണം! ഭ്രാതാക്കളായ പാണ്ഡവരുമൊത്ത് ഈ മഹാരാജ്യത്തിന്റെ ഛത്രാധിപത്യം നടത്താനാണു കർണാ, ഞാൻ നിന്നെ ക്ഷണിക്കുന്നത്. സ്വന്തം അനുജന്മാരായ പാണ്ഡവരുമായി നീ സൗഭ്രാത്രം പുലർത്തുന്ന കാഴ്ച കണ്ട് മിത്രങ്ങൾ സന്തോഷിക്കുകയും ശത്രുക്കൾ കിടിലംകൊള്ളുകയും ചെയ്യട്ടെ! ഭ്രാതൃപരിസേവിതനായി നിനക്കവകാശപ്പെട്ട സിംഹാസനത്തിൽ നീ അമരുന്ന കാഴ്ച ഏവരും കൺകുളിർക്കെ കാണട്ടെ!"

ശബ്ദവും ചലനവും വീണ്ടും കൈവരുത്താൻ കർണൻ സാഹസപ്പെടുന്നതുപോലെ തോന്നി. പ്രകടമാംവണ്ണം യത്നപ്പെട്ടതിനു ശേഷം, അസ്വാഭാവികവും പരിക്ഷീണവുമായ ശബ്ദത്തിൽ അവൻ കൃഷ്ണനോടു പറഞ്ഞു:





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



"വൃഷ്ണീകുലനായകനായ വാസുദേവാ! നിന്റെ സൗഭ്രാത്രത്തിനു മുമ്പിൽ കർണ്ണൻ ഇതാ, ശിരസ്സു നമിക്കുന്നു. സ്നേഹബുദ്ധികൊണ്ടും എന്റെ നന്മയെ കാംക്ഷിച്ചുമാണ് നീ ഇതൊക്കെ ഇന്നെന്നോടു പറഞ്ഞത്. എനിക്കതിൽ അശേഷം സംശയമില്ല. നിന്നെക്കുറിച്ചാദരവും നിന്നോടു ഭക്തിയുമുള്ളവനാണ്, നീ ആരെന്നറിയുന്ന ഈ കർണ്ണൻ. ഇപ്പോൾ പറഞ്ഞ ഹിതവാക്യത്തിനു നിന്നോടു ഞാൻ നന്ദിയുള്ളവനാണ്. ഞാൻ പാണ്ഡവനാണെന്ന ശാസ്ത്രവിധി ഞാൻ ശരിക്കും മനസ്സിലാക്കുന്നു.... എന്നാൽ......."

*    *    *    *    *

കൃഷ്ണനെ അഭിസംബോധന ചെയ്തുകൊണ്ട് കർണ്ണൻ തുടർന്നു:

"ആ സുയോധനനുമായുള്ള വേഴ്ചയെ ഞാൻ ഭർത്സിച്ചാൽ നീചമായ കൃതഘ്നതപോലും എന്നെക്കണ്ടാൽ ലജ്ജിച്ചു തലതാഴ്ത്തുകയില്ലേ? ആയുധവിദ്യാപ്രയോഗദിവസം "നിന്റെ അച്ഛനമ്മമാർ ആരാണ്? നിന്റെ കുലമേതാണ്?" എന്ന കൃപന്റെ ചോദ്യംകേട്ട് എന്റെ തല താണുപോയി. കർണ്ണൻ മൃതനായ ദിവസമാണത്. നിവാരണമറ്റ അപമാനബോധത്താൽ മരിച്ച കർണ്ണന് സുയോധനൻ പുനർജന്മം നൽകിയ ദിവസമാണത്. ലജ്ജയാൽ തലതാഴ്ത്തി രംഗവേദിയിൽനിന്നും ജീവിതവേദിയിൽ നിന്നുതന്നെയും നിഷ്ക്രമിക്കുമായിരുന്ന എന്നെ പ്രത്യുപകാരം നിനയാതെ അവൻ അന്നു രാജാവായി അഭിഷേചിച്ചു. അല്ലയോ വാസുദേവാ, ഞാൻ അർഥത്തെ വിലവയ്ക്കുന്നവനല്ല. അർഥത്താൽ വിലയ്ക്കു വാങ്ങാവുന്നവനുമല്ല സൂതപുത്രനായ ഈ കർണ്ണൻ. സുയോധനൻ തന്ന രാജ്യവും വിഭൂതികളും അവയ്ക്കു വേണ്ടി മാത്രമായി ഞാൻ വിലമതിക്കുന്നില്ല എന്നും നീ അറിയണം. എന്നാൽ അന്ന് ആ രാജ്യദാനത്തിലൂടെ അവൻ എനിക്കെന്റെ ആത്മാഭിമാനം തിരിച്ചുതന്നു! ആത്മാഭിമാനവും ആത്മവിശ്വാസവും തിരിച്ചുതരുന്നതിലൂടെ എനിക്കവൻ എന്റെ ജീവിതംതന്നെയാണ് കൃഷ്ണാ, തിരിച്ചുതന്നത്! നിങ്ങളെല്ലാം ഇന്നു കാണുന്ന ഈ ജീവിതം സുയോധനൻ അന്നെനിക്കു ദാനമായി നൽകിയ ജീവിതമാണ്. കർണ്ണന് നൂറുവട്ടം ആത്മഹത്യ ചെയ്യാം. എന്നാൽ അവന് ഉടലിൽ ജീവൻ വച്ചുകൊണ്ട് ആ ദാനത്തെ എങ്ങനെയാണു നിന്ദിക്കാൻ കഴിയുക? വാസുദേവാ! നിന്റെ മാഹാത്മ്യവും മഹാവീര്യവും ഞാൻ അറിയുന്നു. സൗഹൃദത്താൽ പ്രേരിതനായി നീ എനിക്കിന്നു ഹിതമുപദേശിക്കുകയാണെന്നും ഞാൻ അറിയുന്നു. മഹാത്മാവായ നീ അഭിശപ്തനായ കർണ്ണന്റെ വിചാരങ്ങൾക്ക് ഇന്നൊരിക്കൽ സാക്ഷ്യംവഹിച്ച് അവനെ ധന്യനാക്കിയാലും."

*    *    *    *    *

താൻ ഇനി പറയുന്ന വാക്കുകൾ ഓർമ്മയിൽ സൂക്ഷിച്ച് തന്റെ സത്യമായ വിചാരത്തിനു സാക്ഷിയായി വർത്തിക്കണേ എന്നു വീണ്ടും അഭ്യർഥിച്ചുകൊണ്ട് കർണ്ണൻ തുടർന്നു:

"ഇനി ഈ ഞാൻ എവിടേക്കു പിന്മാറാനാണ്? യുദ്ധം തീർച്ചയായിക്കഴിഞ്ഞു. എന്റെ ബലത്തിൽ വിശ്വസിച്ചാണ്, സകലരേയും ധിക്കരിച്ച്, നിന്നെ ധിക്കരിച്ച്, സ്വന്തം മാതാവിന്റെ ഹിതംപോലും ധിക്കരിച്ച്, സുയോധനൻ യുദ്ധമാർഗത്തിൽത്തന്നെ ഉറച്ചുനിന്നത്. അർജുനനെ ഞാൻ ദ്വൈരഥത്തിൽ വധിക്കുമെന്ന വിശ്വാസമാണ് അവന്റെ വിജയകാംക്ഷയ്ക്കാസ്പദം. സുയോധനന്റെ കപ്പൽ ഇപ്പോൾ നടുക്കടലിലാണ്. ആ നൗകയെ ഇങ്ങനെ നടുക്കടലിലേക്ക് ആനയിച്ചതിനുശേഷം അതിൽനിന്നു പിന്മാറുന്നതിലും നീചമായ കൃത്യം വേറെ എന്താണ് എനിക്കു ചെയ്യാൻ കഴിയുക? കൃഷ്ണാ, നീ എന്റെ ഈ വാക്കുകേട്ടാലും. ഈ ഭൂമി മുഴുവൻ കിട്ടിയാലും ഇപ്പോൾ സുയോധനനെ കർണ്ണൻ കൈവെടിയുകയില്ല. സ്വർണ്ണത്തിന്റെ അനേകം കുന്നുകൾ എനിക്കായി നീ നീട്ടിയാലും അവനെ ഇന്നു ഞാൻ കൈവെടിയുകയില്ല. ബന്ധംകൊണ്ടും ലോഭംകൊണ്ടും ഭയംകൊണ്ടും യാതൊന്നുകൊണ്ടും ഈ മാർഗത്തിൽനിന്നു കർണ്ണന് ഇനി പിന്മാറ്റമില്ല."

കണ്ണുകളിൽ നിന്ന് ഒഴുകിയ നീർത്തുള്ളികൾ തുടച്ചുകളയാൻപോലും കൈകൾ ചലിപ്പിക്കാതെ ദയനീയനായിരിക്കുന്ന കർണ്ണനെ മഹാദ്ഭുതത്തെയെന്നപോലെ കൃഷ്ണൻ നോക്കിക്കൊണ്ടിരുന്നു. ഹൃദയത്തിൽ നിന്നൊഴുകിയ ആത്മഭാഷണത്തിന്റെ ആ തപ്തധാരയിൽ ഭാഷണശക്തി മുങ്ങിപ്പോയതുപോലെ കൃഷ്ണൻ മൗനിയായിത്തന്നെ വർത്തിച്ചു. കൂടുതൽ ദീനമായ സ്വരത്തിൽ കർണ്ണൻ പിന്നെയും പറഞ്ഞു:



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



"കർണന് ഇനി പിന്മാറ്റമില്ല! എന്നാൽ നീ ഇന്നു കാണിച്ച സ്നേഹവും അഭ്യുദയകാംക്ഷയും എന്നിൽ എന്നും ജീവിക്കും. യുദ്ധം മുമ്പിൽത്തന്നെ നിൽക്കുന്നു. ജയാപജയങ്ങൾ അതിന്റെ പിന്നിൽ എവിടെയോ പതിഞ്ഞു വർത്തിക്കുന്നു. ജയാപജയങ്ങൾ ഗൗനിക്കാതെ, മരണഭയം കൂടാതെ സുയോധനനുവേണ്ടി എന്റെ സ്വന്തം അനുജന്മാരുമായി ഞാൻ യുദ്ധം ചെയ്യും. സ്വന്തം ഭ്രാതാക്കളോടും അഭ്യുദയകാംക്ഷിയും സ്വജനവുമായ നിന്നോടും ജീവൻ മറന്നു ഞാൻ യുദ്ധം ചെയ്യും. ആ യുദ്ധത്തിൽ അർജുനശരമേറ്റ് കർണൻ എന്നു ഭൂമിയിൽ വീഴുന്നുവോ, കൃഷ്ണാ, അന്നാണ് പാണ്ഡവർ യുദ്ധം ജയിക്കുക."

**(ഇനി ഞാൻ ഉറങ്ങട്ടെ) – പി. കെ. ബാലകൃഷ്ണൻ**

- കൃഷ്ണന്റെ വാദങ്ങൾ അവഗണിക്കാൻ കർണൻ നിരത്തുന്ന ന്യായങ്ങൾ എന്തെല്ലാം?
- "ഭ്രാതൃപരിസേവിതനായി നിനക്കവകാശപ്പെട്ട സിംഹാസനത്തിൽ നീ അമരുന്ന കാഴ്ച ഏവരും കൺകുളിർക്കെ കാണട്ടെ." ഈ കാഴ്ചയിലേക്കു കർണനെ നയിക്കാൻ ശ്രീകൃഷ്ണൻ എന്തെല്ലാം വാഗ്ദാനങ്ങളാണ് നൽകിയത്?
- ശ്രീകൃഷ്ണന്റെ നിർദേശങ്ങൾക്കു മുൻപിൽ കർണൻ സ്വീകരിച്ച നിലപാടിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ? ചർച്ചചെയ്യുക.
- വേദപാരംഗതൻ – വേദത്തിന്റെ പാരം ഗമിച്ചവൻ
  പ്രപഞ്ചവിധാനം – പ്രപഞ്ചത്തിന്റെ വിധാനം

വ്യത്യസ്ത പദങ്ങൾ കൂടിച്ചേരുമ്പോൾ ഭാഷയ്ക്കുണ്ടാവുന്ന സംക്ഷിപ്തതയും സൗന്ദര്യവും ശ്രദ്ധിച്ചല്ലോ.

ചുവടെ കൊടുത്ത പദങ്ങൾ മാറ്റിയെഴുതുക.

കുളമ്പടിശബ്ദം –
കുരുവംശജാതന്മാർ –
വീരസ്വർഗം –
കാലാനുവർത്തി –
ഭീകരപ്രതിസന്ധി –
വേദശാസ്ത്രാദികൾ –
പാദധൂളി –
ജയാപജയങ്ങൾ –



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- രാധയുടെ മകൻ - രാധേയൻ
  കുന്തിയുടെ മകൻ - കൗന്തേയൻ

ഇവിടെ രാധ എന്ന നാമത്തിൽനിന്ന് മറ്റൊരു നാമം ഉണ്ടാവുകയാണ്. ഇതുപോലെയുള്ള നാമപദങ്ങൾ പാഠഭാഗത്തുനിന്നു കണ്ടെത്തി എഴുതുക.

- • "ഈ ഭൂമി മുഴുവൻ കിട്ടിയാലും ഇപ്പോൾ സുയോധനനെ കർണൻ കൈവെടിയുകയില്ല. സ്വർണത്തിന്റെ അനേകം കുന്നുകൾ എനിക്കായി നീ നീട്ടിയാലും അവനെ ഇന്നു ഞാൻ കൈവെടിയുകയില്ല."
  • "ഞാൻ അർഥത്തെ വിലവയ്ക്കുന്നവനല്ല. അർഥത്താൽ വിലയ്ക്കു വാങ്ങാവുന്നവനുമല്ല സൂതപുത്രനായ ഈ കർണൻ."
  • "എന്നാൽ അന്ന് ആ രാജ്യദാനത്തിലൂടെ അവൻ എനിക്കെന്റെ ആത്മാഭിമാനം തിരിച്ചുതന്നു."

കർണന്റെ സ്വഭാവസവിശേഷതകൾ ഉൾക്കൊണ്ട് കഥാപാത്രനിരൂപണം തയാറാക്കുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# പെരുന്തച്ചൻ

ഇത്തിരിക്കൊരു സുഖം തോന്നുന്നുണ്ടെനിക്കി;ന്നെൻ-
പൊത്തിലെത്രനാളായ് ഞാൻ ചുരുണ്ടുകിടക്കുന്നു!
വാതമെന്നെലുമ്പിലെ മജ്ജയൊക്കെയും കാർന്നൂ,
പ്രേതമായ്ത്തീർന്നൂ ഞാ;നെന്നാകിലും ശ്വസിക്കുന്നൂ.
ഉളിവയ്ക്കുമ്പോൾ കട്ടപ്പൊന്നുപോൽ മിന്നും പ്ലാവും
കളിവഞ്ചി വെട്ടീടാൻ ചേലേന്തും വൻതേന്മാവും
നിറയെപ്പൂത്തും കായ്ച്ചും നിൽക്കുമീ മീനക്കാല-
ത്തിറയത്തു ചെന്നൊന്നു നോക്കുവാൻ കഴിഞ്ഞെങ്കിൽ!
എൻപറമ്പിലില്ലൊറ്റക്കുറ്റിവാഴയു;-മെനി-
ക്കിമ്പമാണെവിടെയാണെങ്കിലും മരം കണ്ടാൽ.
ഒൻപതാൾ പിടിച്ചാലും പിടികൂടാതുണ്ടൊറ്റ-
ത്തമ്പക'മുളിയന്നൂ'രമ്പലമൈതാനത്തിൽ.
വളവി,ല്ലില്ലാപോടും,കേടുമെൻ കണ്ണാൽ ഞാനൊ-
ന്നളന്നിട്ടൊരെൺപതു കോലിനപ്പുറം പോവും
മുറിച്ചാലതു മതി നാട്ടിലെപ്പുരയ്ക്കെല്ലാം
മുളമോന്തായം മാറ്റാ,മുത്തരത്തിനും കിട്ടും.
അല്ലെങ്കിലൂരാണ്മക്കാർ മോഹിക്കുംപോലേ ചെത്തി-
യില്ലമാളികകൾക്കൂ'ചീലാന്തി'ക്കതൊപ്പിക്കാം.
പൂതലിച്ചുപോയെന്റെയിത്തടി;കൊതിച്ചാലാ-
ക്കാതലിലുളി നടത്തീടുവാനാവില്ലല്ലോ!
കരിവെറ്റിലത്തുണ്ടും കൊട്ടടയ്ക്കയും നൂറിൻ-
തരിയും പുകയിലഞെട്ടിയും തപ്പിത്തപ്പി,
-വെടിവയ്ക്കിലുംകൂടിക്കേൾക്കില്ലാ - കൂനിക്കൂടി-
പ്പടിമേലിരിക്കുന്നൂ,'നാനി'യും വയർ ചുങ്ങി.
അവളും കെളവിയായ്! പൂത്ത ചമ്പകത്തെപ്പോൽ
നിവർന്നും കടഞ്ഞെടുത്തതുപോലുടമ്പാർന്നും,
ചിരിച്ചു മൂന്നുംകൂട്ടിപ്പൂത്ത വെള്ളിലപോലെ-
ന്നരികത്തിവൾ നിന്ന നാളുകൾ ഞാനോർക്കുന്നൂ!
(പുരികം നരച്ചൊരാക്കണ്ണുകൾ, ചിതൽ തിന്ന
പുറവാതിലിൽക്കൂടിയലഞ്ഞൂ കുറേനേരം)
പൊങ്ങുവാൻ കഴിഞ്ഞെങ്കിൽ നിരങ്ങാം; കിഴവനെ-
ത്താങ്ങുമായിരുന്നാക്കൈ....വിതുമ്പീ പെരുന്തച്ചൻ.
(വീണ്ടുമാ സ്മരണയെ മായ്ക്കാനോ, ചുളിവേറെ
വീണ നെറ്റിമേൽ മെല്ലെത്തടവീ ചുങ്ങും കൈയാൽ.)
പണിചെയ്യുവാൻമേലാതാകിലും തൊങ്കിത്തേങ്ങി-
പ്പണിയാലയിൽപ്പുക്കൊന്നിരിക്കാൻ കഴിഞ്ഞെങ്കിൽ,
എങ്കിൽ, ഞാൻ മുഴക്കോലുമുളിയും പണിക്കൂറിൽ-
പ്പങ്കിടാറുള്ളാഹ്ലാദമിപ്പൊഴും നുണഞ്ഞേനെ!



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



കരിവീട്ടിതൻ കാതൽ കടഞ്ഞു കുഴിച്ച വ-
ന്മരിക കമഴ്ത്തിയ പോലെഴും വിണ്ണിൻ താഴെ
അകലെക്കാണും ചെമ്പുതാഴികക്കുടം ചൂടും
മികവാർന്ന തൃക്കോവിൽ തീർത്തതിക്കൈകൊണ്ടത്രേ.
ഉളി ഞാൻ പിടിപ്പിച്ച കൈകളാലെൻകുഞ്ഞ,പ്പൊ-
ന്നൊളിചിന്നിടും ക്ഷേത്രദ്ധ്വജത്തിൻ തുംഗാഗ്രത്തിൽ,
പറന്നങ്ങിരിക്കുമ്പോൾ ചെത്തിയ ഗരുഡന്റെ
ചിറകു ചലിപ്പതുണ്ടിപ്പൊഴുമെന്നേ തോന്നൂ!
ഞാനതിലസൂയാലുവായിപോ,ലേതച്ഛന്നു
മാനമല്ലാമട്ടൊക്കെ മകനെപ്പുകഴ്ത്തുമ്പോൾ?
ആയിരം മണിയുടെ നാക്കടക്കീടാമൊറ്റ-
വായിലെ നാവാർക്കാനും കെട്ടുവാൻ കഴിയുമോ?
രണ്ടു ഗോപുരത്തിന്റെ തട്ടിലും വെച്ചു, തേക്കു-
കൊണ്ടു കൊത്തിയൊരഷ്ടദിക്പാലരൂപം ഞങ്ങൾ.
ഒന്നെന്റെയിക്കൈ തീർത്ത,തൊന്നവന്റേതും; ജീവൻ
വന്നിട്ടുണ്ടവന്റേതിലെന്റേതിനെക്കാളത്രേ.
എൻകരം തോറ്റാലെന്താണെന്മകൻ ജയിക്കുമ്പോൾ,
എൻകണ്ണിലുണ്ണിക്കേലും പുകളെൻ പുകളല്ലേ?
കൊച്ചനെ സ്തുതിക്കുമ്പോളെന്മുഖം മങ്ങീപോലും;
തച്ചനായാലും ഞാനൊരച്ഛനല്ലാതായ്പോമോ?

(ജിയുടെ തെരഞ്ഞെടുത്ത കവിതകൾ)　　　　– ജി. ശങ്കരക്കുറുപ്പ്





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- "കരിവീട്ടിതൻ കാതൽ കടഞ്ഞു കുഴിച്ച വ-
ന്മരിക കമഴ്ത്തിയ പോലെഴും വിണ്ണിൻ താഴെ."

  ഈ വരികളിൽ വിണ്ണിന്റെ എന്തെല്ലാം സവിശേഷതകളാണ് തെളിയുന്നത്?

- തൊഴിലിനോട് അങ്ങേയറ്റം ആത്മാർഥത കാണിച്ച വ്യക്തിയാണ് പെരുന്തച്ചൻ എന്നു വ്യക്തമാക്കുന്ന വരികൾ കണ്ടെത്തുക.

- നാനിയെ കവി അവതരിപ്പിച്ചിരിക്കുന്നത് എപ്രകാരമാണ്?

- പെരുന്തച്ചന്റെ ചിന്തകളിൽ മരം നിറഞ്ഞുനിൽക്കുന്ന തച്ചൻമനസ്സ് കണ്ടെത്താനാവും. നിങ്ങളുടെ നിരീക്ഷണം വ്യക്തമാക്കുക.

- ചുവടെ കൊടുത്ത വരികൾ വിശകലനം ചെയ്യുക.

  - "ആയിരം മണിയുടെ നാവുപൊത്തീടാമൊറ്റ-
  വായിലെ നാവാർക്കാനും കെട്ടുവാൻ കഴിയുമോ?"
  - "പൊങ്ങുവാൻ കഴിഞ്ഞെങ്കിൽ നിരങ്ങാം; കിഴവനെ
  ത്താങ്ങുമായിരുന്നാക്കൈ... വിതുമ്പീ പെരുന്തച്ചൻ."
  - "എൻകരം തോറ്റാലെന്താണെന്മകൻ ജയിക്കുമ്പോൾ,
  എൻകണ്ണിലുണ്ണിക്കേലും പുകളെൻ പുകളല്ലേ?"

- അലങ്കാരഭംഗി കണ്ടെത്താം.

  "ചിരിച്ചു മൂന്നുംകൂട്ടിപ്പൂത്ത വെള്ളിലപോലെ-
  ന്നരികത്തിവൾ നിന്ന നാളുകൾ ഞാനോർക്കുന്നു."

  കവിതയ്ക്ക് ശോഭ വർധിപ്പിക്കാൻ കവികൾ ഇത്തരം സാദൃശ്യകൽപ്പനകൾ പ്രയോഗിക്കാറുണ്ട്.
  ഇവിടെ എന്തിനെയാണ് വർണിച്ചിരിക്കുന്നത്?
  എന്തിനോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത്?

  ഉപമാലങ്കാരം പ്രയോഗിച്ച വരികൾ കവിതകളിൽനിന്ന് കണ്ടെത്തി എഴുതുക.

  *മാതൃക-*

  - "ഇടിവെട്ടീടും വണ്ണം വിൽമുറിഞ്ഞൊച്ചകേട്ടു
  നടുങ്ങീ രാജാക്കന്മാരുരഗങ്ങളെപ്പോലെ"
  - "വെണ്ണയെക്കണ്ടൊരു കണ്ണന്തന്നാനനം
  വെണ്ണിലാവോലുന്ന തിങ്കൾ പോലെ"

- "വന്ദനം വന്ദനം! വാർമെത്തും ദ്രാവിഡ-
നന്ദിനിയായി വളർന്ന ഭാഷേ"

  "ഇത്തിരിക്കൊരു സുഖം തോന്നുന്നുന്നുണ്ടെനിക്കിന്നെൻ
  പൊത്തിലെത്രനാളായ് ഞാൻ ചുരുണ്ടുകിടക്കുന്നു"

  താളം, ഈണം, അക്ഷരങ്ങളുടെ എണ്ണം എന്നിവ പരിശോധിച്ച് രണ്ട് ഈരടികളും തമ്മിലുള്ള വ്യത്യാസം കണ്ടെത്തുക.

- സംഘങ്ങളായി കവിതാഭാഗം നാടകം/കഥാപ്രസംഗം ആയി അവതരിപ്പിക്കുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## ഞാൻ എന്നെക്കുറിച്ച്


പ്രവർത്തനങ്ങളിലൂടെ നിങ്ങൾക്കുണ്ടായ മികവുകൾ സ്വയം വിലയിരുത്തി മെച്ചപ്പെടേണ്ടവ എഴുതുക.

- കവിതകളുടെ താളം, ഈണം എന്നിവ കണ്ടെത്തുന്നു.
- ഉച്ചാരണശുദ്ധി, അർഥബോധം എന്നിവയോടെ സദസ്സിനു മുമ്പിൽനിന്ന് നിസ്സങ്കോചം കവിത ചൊല്ലുന്നതിൽ.
- ചർച്ചകളിലുള്ള എന്റെ പങ്കാളിത്തം.
- ചർച്ചകളിൽ പങ്കെടുത്ത് സ്വയം ആശയങ്ങൾ അവതരിപ്പിക്കാനും സമർഥിക്കാനുമുള്ള പാടവം.
- ചർച്ചകളിൽ ഉചിതമായ പദങ്ങളും ശൈലികളും ഉപയോഗിക്കൽ.
- സ്ക്രിപ്റ്റ് തയാറാക്കുന്നതിലുള്ള പങ്കാളിത്തം.

**ഇനിയും മെച്ചപ്പെടേണ്ടവ**

- 
- 
- 
- 

എഴുത്തുകാരെ അറിയുക



## വെണ്ണിക്കുളം ഗോപാലക്കുറുപ്പ് (1902–1980)

തിരുവല്ല വെണ്ണിക്കുളത്ത് ജനിച്ചു. കവി, വിവർത്തകൻ എന്നീ നിലകളിൽ പ്രസിദ്ധൻ. മാണിക്യവീണ, വെള്ളിത്താലം, മാനസപുത്രി, സരോവരം, കദളീവനം, കാമസുരഭി തുടങ്ങിയ കവിതാസമാഹാരങ്ങളും കൈരളീകോശം, തിരുക്കുറൽ, ഭാരതിയുടെ കവിതകൾ, തുളസീദാസരാമായണം തുടങ്ങിയ വിവർത്തനങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ചിട്ടുണ്ട്.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





## പി. കെ. ബാലകൃഷ്ണൻ (1926 – 1991)

എറണാകുളം എടവനക്കാട്ട് ജനനം. നോവലിസ്റ്റ്, ചരിത്രഗവേഷകൻ, നിരൂപകൻ, പത്രപ്രവർത്തകൻ എന്നീ നിലകളിൽ പ്രസിദ്ധൻ. ഇനി ഞാൻ ഉറങ്ങട്ടെ, പ്ലൂട്ടോ പ്രിയപ്പെട്ട പ്ലൂട്ടോ എന്നീ നോവലുകളും ചന്തുമേനോൻ ഒരു പഠനം, നോവൽ-സിദ്ധിയും സാധനയും, കാവ്യകല കുമാരനാശാനിലൂടെ തുടങ്ങിയ നിരൂപണങ്ങളും ടിപ്പുസുൽത്താൻ എന്ന ജീവചരിത്രവും നാരായണഗുരു എന്ന സമാഹാരവും പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേരള സാഹിത്യ അക്കാദമി അവാർഡ്,വയലാർ അവാർഡ് തുടങ്ങിയ പുരസ്കാരങ്ങൾ ലഭിച്ചു.



## ജി. ശങ്കരക്കുറുപ്പ് (1901 – 1978)

എറണാകുളം കാലടിക്കടുത്തുള്ള നായത്തോട് എന്ന സ്ഥലത്തു ജനിച്ചു. ആദ്യ ജ്ഞാനപീഠ ജേതാവ്. ഓടക്കുഴൽ, സാഹിത്യകൗതുകം (4 ഭാഗങ്ങൾ), വിശ്വദർശനം, അന്തർദാഹം, പഥികന്റെ പാട്ട്, പാഥേയം (കവിതാസമാഹാരങ്ങൾ), ഗീതാഞ്ജലി, വിലാസലഹരി (വിവർത്തനങ്ങൾ), സന്ധ്യ, ഇരുട്ടിനു മുമ്പ് (നാടകങ്ങൾ) തുടങ്ങി നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ്, സോവിയറ്റ് ലാൻഡ്-നെഹ്റു അവാർഡ്, പദ്മഭൂഷൺ എന്നിങ്ങനെ പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്.

## പദകോശം

അനുജ്ഞ – കൽപ്പന, ഉത്തരവ്, അനുവാദം
അഭിഭൂതം – പരാജയം, പരിഭവം
അഭിശപ്തൻ – ശപിക്കപ്പെട്ടവൻ, ദുഷിക്കപ്പെട്ടവൻ
അഭ്യുദയകാംക്ഷ – ഉയർച്ച ആഗ്രഹിക്കൽ
അഷ്ടദിക്പാലകർ – എട്ടുദിക്കുകളെ പാലിക്കുന്നവർ
ആക്രന്ദനം – വലിയ കരച്ചിൽ, നിലവിളി
ആമോദം – സൗരഭ്യം, സന്തോഷം
ആയസഗോളം – ഇരുമ്പുഗോളം
എലുമ്പ് – എല്ല്
കല്ലോലം – തിരമാല
കാനീനൻ – കന്യകയുടെ പുത്രൻ
കാമസുരഭി – കാമധേനു



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com




കാലഗതി - സമയത്തിന്റെ പോക്ക്, മരണം
കിടയറ്റ - എതിരില്ലാത്ത
കൃതഘ്നത - നന്ദികേട്
കൗന്തേയൻ - കുന്തിയുടെ പുത്രൻ
ക്രന്ദനം - കരച്ചിൽ
ചീലാന്തി - മോന്തായം
ജീവസ്സറ്റ - ചൈതന്യം നഷ്ടപ്പെട്ട
ജ്ഞാപനം - അറിയിപ്പ്
തമ്പകം - ഒരുതരം വൃക്ഷം
താനം - സ്വരവിസ്താര മുറ
താലപത്രം - തെങ്ങോല, കരിമ്പനയോല
തുംഗാഗ്രം - ഉയർന്ന അഗ്രം, കൊടുമുടി
തൊങ്കിത്തേങ്ങി - ഏന്തിവലിഞ്ഞ് പരസഹായത്തോടെ
ത്വര - വെമ്പൽ
ത്വൽ - നിന്റെ
ദേശികൻ - ആചാര്യൻ
ദ്വിജൻ - ബ്രാഹ്മണൻ
ദ്വൈരഥം - രഥത്തിൽ ഇരുന്നുകൊണ്ടുള്ള ദ്വന്ദ്വയുദ്ധം
നാനി - പെരുന്തച്ചന്റെ ഭാര്യ
പുകൾ - കീർത്തി, സ്തുതി
പൂതലിക്കുക - ദ്രവിക്കുക
പ്രാജ്ഞൻ - വിദ്വാൻ
ഭൃംഗം - വണ്ട്
ഭർത്സിക്കുക - നിന്ദിക്കുക
ഭ്രാതാവ് - സഹോദരൻ, ഉറ്റമിത്രം
മട്ടോലും - തേൻ ഒലിക്കുന്ന
മധുമാസം - വസന്തകാലം
മന്ദീഭവിക്കുക - ക്ഷീണിക്കുക
മരിക - മരംകൊണ്ടുള്ള ഒരു തരം പാത്രം
മർമ്മരം - ഇലകൾ കൂട്ടിമുട്ടുമ്പോൾ ഉണ്ടാകുന്ന ശബ്ദം
മാസ്മരികം - മനശ്ശക്തി ഉപയോഗിച്ച് അന്യരെ നിയന്ത്രിക്കുക
മോന്തായം - പുരയുടെ കഴുക്കോൽ പിടിപ്പിക്കുന്ന നീളമുള്ള തടി
വനസ്ഥലി - കാട്ടുപ്രദേശം
വനഹൃദന്തം - വനത്തിന്റെ ഉള്ളിൽ
വാജി - കുതിര
വാർമെത്തും - ഭംഗി വർധിച്ച
വിക്രമി - ശക്തൻ, പരാക്രമി
വിജനത - ആളൊഴിഞ്ഞ അവസ്ഥ
വിപ്രൻ - ബ്രാഹ്മണൻ
വിഭൂതി - ഐശ്വര്യം
വൃഷ്ണി - യാദവൻ
വെൺകൊറ്റക്കുട - രാജചിഹ്നമായി ഉപയോഗിക്കുന്ന വെള്ളക്കുട
വെൺചാമരം - ചമരി മൃഗത്തിന്റെ രോമം കൊണ്ടു നിർമ്മിക്കുന്ന ഒരു വസ്തു
വേദപാരംഗതൻ - വേദത്തിൽ വൈദഗ്ധ്യം നേടിയവൻ
ശമം - മനസ്സിന്റെ അടക്കം, സമാധാനം
ശങ്കരദേശിക ദേശഭാഷ - ശങ്കരാചാര്യരുടെ ദേശത്തെ ഭാഷ (മലയാളം)
സമൂലം - വേരോടെ
സഹോഢൻ - വിവാഹകാലത്തുതന്നെ സ്ത്രീയുടെ ഗർഭത്തിലുണ്ടായിരുന്ന പുത്രൻ
സൗഭ്രാത്രം - സഹോദരസ്നേഹം
സംശ്രയം - ആശ്രയം
സ്തോഭം - ചൈതന്യരഹിതമായ
സ്തബ്ധൻ - സ്തംഭിച്ചുനിൽക്കുന്നവൻ



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





## പഠനനേട്ടങ്ങൾ

- കവിത ഭാവത്തിനനുയോജ്യമായ തരത്തിൽ ഈണത്തിലും താളത്തിലും ചൊല്ലി അവതരിപ്പിക്കുന്നു.
- കവിതയിലെ ആശയം, ചമൽക്കാരം എന്നിവ കണ്ടെത്തി ആസ്വാദനക്കുറിപ്പ് തയാറാക്കുന്നു.
- മാതൃഭാഷയുടെ മഹത്ത്വം പ്രമേയമായ കവിതകൾ ശേഖരിക്കുകയും അവയിലെ ഇഷ്ടപ്പെട്ട വരികൾ ഹൃദിസ്ഥമാക്കി ചൊല്ലിയവതരിപ്പിക്കുകയും ആശയങ്ങൾ ക്രോഡീകരിച്ച് ഉപന്യാസങ്ങൾ തയാറാക്കുകയും ചെയ്യുന്നു.
- പുരാണേതിഹാസങ്ങളിൽനിന്നും ഐതിഹ്യങ്ങളിൽ നിന്നും ഇതിവൃത്തം സ്വീകരിച്ച രചനകൾ പരിചയപ്പെടുകയും അവയിലെ കഥാപാത്രസൃഷ്ടി വിലയിരുത്തി അവതരിപ്പിക്കുകയും ചെയ്യുന്നു.
- നാടോടിക്കഥകളും ഐതിഹ്യങ്ങളും പ്രമേയമായ രചനകൾ ആസ്വദിക്കുകയും നാടകം/ കഥാപ്രസംഗം ആയി അവതരിപ്പിക്കുകയും ചെയ്യുന്നു.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## കുറിപ്പുകൾ



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## കുറിപ്പുകൾ



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## കുറിപ്പുകൾ



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## കുറിപ്പുകൾ



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



കുറിപ്പുകൾ



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## കുറിപ്പുകൾ



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

കേരളപാഠാവലി

# മലയാളം

സ്റ്റാൻഡേർഡ്

VIII

കേരളസർക്കാർ

വിദ്യാഭ്യാസവകുപ്പ്

തയാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
2015

JT 221-1/ MAL-8AT

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛലജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ.
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യ പൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനംകൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

State Council of Educational Research and Training (SCERT)
Poojappura, Thiruvananthapuram 695012, Kerala.

website : www.scert.kerala.gov.in
email : scertkerala@gmail.com
phone : 0471-2341883, Fax : 0471-2341869
First Edition : 2015
Printed at : KBPS, Kakkanad, Kochi

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

പ്രിയ വിദ്യാർഥികളേ,

നമ്മുടെ ഭാഷയും സംസ്കാരവും സമ്പന്നമായ പാരമ്പര്യങ്ങളാൽ അലംകൃതമാണല്ലോ. മലയാളം ഇന്ന് ശ്രേഷ്ഠഭാഷാപദവിയിലേക്കുയർന്ന് ലോകനിലവാരത്തിലെത്തി. ഭാഷയെക്കുറിച്ച് കൂടുതൽ അറിയാനും സാഹിത്യ-സാംസ്കാരികതലങ്ങളെക്കുറിച്ച് കൂടുതൽ ധാരണ രൂപപ്പെടുത്താനും നാം പരിശ്രമിക്കേണ്ടതുണ്ട്.

കണ്ടും കേട്ടും അനുഭവിച്ചും അറിഞ്ഞ കാര്യങ്ങൾ ആവിഷ്കരിക്കാനും വായനയിലൂടെ പുതിയ അനുഭവങ്ങൾ സ്വായത്തമാക്കാനും സാധിക്കുമ്പോഴാണ് ഭാഷാപഠനം അർഥവത്താകുന്നത്.

അഭിരുചിക്കനുസരിച്ച് ഭാഷാവ്യവഹാരങ്ങളിൽ ഏർപ്പെടാനും അനുയോജ്യമായ പഠനാനുഭവങ്ങൾ നേടാനും ഈ പാഠപുസ്തകം സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

സ്നേഹാശംസകളോടെ,

**ഡോ. എസ്. രവീന്ദ്രൻനായർ**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.

JT 221-2/ MAL-8AT

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## ശില്പശാലയിൽ പങ്കെടുത്തവർ

- എബി പാപ്പച്ചൻ, മിലാദേ ഷെറീഫ് എച്ച്.എസ്.എസ്, മൈനാഗപ്പള്ളി, കൊല്ലം
- എ. സലീം, ഗവ.ഗേൾസ് എച്ച്.എസ്, നെടുമങ്ങാട്, തിരുവനന്തപുരം
- എച്ച്. ഷമ്മി ലോറൻസ്, സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്, തിരുവനന്തപുരം
- ഡോ. എം. ബാലൻ, എസ്.എസ്.എ, കാസറഗോഡ്
- എം. ശൈലജ, ഗവ.എച്ച്.എസ്, തിരൂരങ്ങാടി, മലപ്പുറം
- എം. ശ്രീഹർഷൻ, നമ്പ്രത്ത്കര യു.പി. സ്കൂൾ, കൊയിലാണ്ടി
- കെ. രാജേഷ്കുമാർ, ഗവ. എച്ച്.എസ്.എസ്. രാമപുരം, ആലപ്പുഴ
- ജേക്കബ് അറയ്ക്കൽ, മാർത്തോമ്മ ഹൈസ്കൂൾ, ചണ്ണപ്പേട്ട, കൊല്ലം
- ടി.ബി. അജീഷ്കുമാർ, ഗവ. ഹൈസ്കൂൾ മന്നാംകണ്ടം, അടിമാലി, ഇടുക്കി
- പി. യഹിയ, ഗവ.വി.എച്ച്.എസ്.എസ്, പയ്യാനക്കൽ, കോഴിക്കോട്
- ബാബു കോടംവേലിൽ, ഗവ.എച്ച്.എസ്.എസ് കിസിമം, പത്തനംതിട്ട
- വിനോയ്തോമസ്, ഗവ.എച്ച്.എസ്.എസ് പേരിയ, വയനാട്
- ശിവദാസ് പൊയിൽക്കാവ്, തിരുവങ്ങൂർ എച്ച്.എസ്.എസ്, കോഴിക്കോട്

## ചിത്രരചന

- ഡോ. സോമൻ കടലൂർ, സ്കൂൾ ഓഫ് ഫോക്‌ലോർ സ്റ്റഡീസ്, കോഴിക്കോട് സർവകലാശാല
- സുരേഷ് ചാലിയത്ത്, ഗവ.എച്ച്.എസ്. കുറുക, മലപ്പുറം
- രാജൻ കടലുണ്ടി, ഫറോക്ക്, കോഴിക്കോട്
- വിനോദ് പട്ടാണിപ്പാറ, പേരാമ്പ്ര, കോഴിക്കോട്

## വിദഗ്ധപരിശോധന

- ശ്രീ. പി. നാരായണമേനോൻ, റിട്ട. പ്രഫസർ, കേരളവർമ കോളേജ്, തൃശൂർ
- ഡോ. എൻ. മുകുന്ദൻ, മുൻ മേധാവി, മലയാളവിഭാഗം, കേരള സർവകലാശാല
- ഡോ. സി. നാരായണപിള്ള, റിട്ട. പ്രഫസർ, ഗവ. ട്രെയ്നിങ് കോളേജ്, തിരുവനന്തപുരം
- ഡോ. വിജയൻ ചാലോട്, എസ്.എസ്.എ. കണ്ണൂർ
- അജയൻ പനയറ, അസി. പ്രഫസർ, ഗവ. വിമൻസ് കോളേജ്, തിരുവനന്തപുരം
- സാബു കോട്ടുക്കൽ, അസി. പ്രഫസർ, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം

## അക്കാദമിക് കോഡിനേറ്റർ

- എം.സി. ജോസ്കുട്ടി, റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി. കേരളം

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com


# ഉള്ളടക്കം


## 1 ഇനി ഞാനുണർന്നിരിക്കാം 7




- സാന്ദ്രസൗഹൃദം ........ 8
- അമ്മമ്മ ........ 10
- വഴിയാത്ര ........ 13

## 2 വായ്ക്കുന്നു ഭൂമിക്ക് വർണങ്ങൾ 19




- പൂക്കളും ആണ്ടറുതികളും ........ 20
- കാർമുകിലിന് ഗദ്യത്തിൽ ഒരു അർച്ചനാഗീതം ........ 24
- മുക്തകങ്ങൾ ........ 27

## 3 അന്യജീവനുതകി സ്വജീവിതം 31



- എന്റെ ഗുരുനാഥൻ ........ 32
- ഭൂമിയുടെ സ്വപ്നം ........ 35
- വേദം ........ 40

## 4 കാലം ദർശിച്ച രസാനുഭൂതികൾ 47



- മാണിക്യവീണ ........ 48
- ധർമ്മിഷ്ഠനായ രാധേയൻ ........ 50
- പെരുന്തച്ചൻ ........ 58

## 5 കലതൻ കാന്തി തട്ടുമ്പോൾ 65



- ഇലഞ്ഞിത്തറമേളം ........ 66
- കീർത്തിമുദ്ര ........ 70
- കളിയച്ഛൻ ജനിക്കുന്നു ........ 75
- കവിതയോട് ........ 79


Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

1

# ഇനി ഞാനുണർന്നിരിക്കാം

## വാർധക്യത്തിന് താങ്ങും തണലുമായി സ്കൂൾവിദ്യാർഥികൾ

വടകര : നിലവിളിക്കാൻ പോലുമാകാതെ വാർധക്യത്തിൽ നൊന്തുകഴിയുന്ന മുത്തച്ഛനും മുത്തശ്ശിക്കും ആശ്വാസം പകരാൻ തയാറായി ഒരുപറ്റം കുരുന്നു വിദ്യാർഥികൾ. പറമ്പിൽ എൽ.പി.സ്കൂൾ വിദ്യാർഥികളാണ് വേദനയും കഷ്ടപ്പാടും നിറഞ്ഞവർക്ക് സാന്ത്വനമേകാൻ കൈകോർക്കുന്നത്. വാർധക്യമായാൽ ജീവിതം പിന്നാമ്പുറ കോലായിലും ഇരുട്ടുമുറികളിലും വൃദ്ധസദനങ്ങളിലുമല്ലെന്നും ജീവിതസായാഹ്നം ഇളംതലമുറയ്ക്കൊപ്പമാകണമെന്നുമുള്ള പ്രഖ്യാപനമാണ് കുട്ടികൾ നടത്തിയത്.

അഞ്ചാംതരം പാഠപുസ്തകത്തിലെ കുഞ്ഞുണ്ണിമാഷുടെ 'മലയാളമെന്ന നാലക്ഷരമല്ല, അമ്മ എന്ന ഒരൊറ്റക്ഷരമാണെന്റെ മലയാളം' എന്ന വരികളുടെ ചർച്ചയ്ക്കിടയിലാണ് വടകരയിലെ ഒരു വൃദ്ധസദനത്തിൽ കഴിയുന്ന, ആറു മക്കളെ പ്രസവിച്ച അമ്മയെപ്പറ്റി അമൃത പറഞ്ഞത്. ജീവിതസായാഹ്നത്തിൽ ഒറ്റപ്പെടുന്നവരെക്കുറിച്ച് പഠിക്കാൻ കുട്ടികൾ ഒരുങ്ങിയിറങ്ങി. സ്കൂൾ പരിസരത്ത് എഴുപത്തഞ്ചു വയസ്സിനു മുകളിലുള്ള പന്ത്രണ്ട് പേരെ ഇവർ നേരിൽ കണ്ടു. സ്നേഹം കൊതിക്കുന്ന അവരുടെ കണ്ണുകളാണ്, അവർക്ക് ആശ്വാസമേകാനുള്ള പദ്ധതി ആവിഷ്കരിക്കാൻ സ്കൂളിലെ അധ്യാപകർക്കും വിദ്യാർഥികൾക്കും പ്രേരണയായത്.

ഈ പത്രവാർത്തയോട് നിങ്ങളുടെ പ്രതികരണമെന്താണ്? ചർച്ചചെയ്യുക.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





# സാന്ദ്രസൗഹൃദം

സാന്ദീപനീഗൃഹേ പണ്ടു സാഹസാൽ കഴിഞ്ഞതും നാം
സാദരം വേദശാസ്ത്രങ്ങളഭ്യസിച്ചതും
സാന്ദ്രസൗഹൃദസംബന്ധം നമ്മിലുണ്ടായതും സഖേ!
സാരനായ ഭവാനൊന്നും മറന്നില്ലല്ലീ?
ഗുരുപത്നീനിയോഗേന കദാചന നാമെല്ലാരും
ഒരുമിച്ചു വിറകില്ലാഞ്ഞിട്ടു പോയതും
പെരുങ്കാട്ടിൽ പുക്കിന്ധനമൊടിച്ചുകെട്ടിവച്ചതും
അരുണനസ്തമിച്ചതും മറന്നില്ലല്ലീ?
കൂരിരുട്ടുമാകസ്മികമായൊരു മഹാമഴയും
കൂടിവന്നു കൊടുങ്കാറ്റും കൂടീട്ടസ്മാകം
മോഹമേറെ വളർത്തതുമുഷപ്പോളം തകർത്തതും
ഊഹിച്ചടുത്തു നാമെല്ലാമൊരുമിച്ചതും
പാർത്തിരിയാതെ പറന്നുപോമിക്കാറ്റത്തെന്നുൾക്കാമ്പി-
ലോർത്തൊരു തുരപ്പിനുള്ളിലൊളിച്ചന്യോന്യം



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



കോർത്തു കൈകൾ പിടിച്ചതും പിന്നെപ്പേടിതീരുംവണ്ണം
മാർത്താണ്ഡനുമുദിച്ചതും മറന്നില്ലല്ലീ?
താപസനന്തിക്കു നമ്മേക്കാണാഞ്ഞിട്ടു പത്നിയോടു
കോപിച്ചതും പുലർകാലേ തിരഞ്ഞുകാണ്മാൻ
താപംപൂണ്ടു താനേ പുറപ്പെട്ടനേരം കുളുർന്നു നാം
പേടിച്ചു വിറകും കൊണ്ടരികിൽ ചെന്നതും,
ചെമ്മേ വീണുനമസ്കരിച്ചതും മഹാമുനി മോദാൽ
നമ്മെയെല്ലാമനുഗ്രഹിച്ചതും തോന്നുന്നോ?
നന്മ നമുക്കതേയുള്ളൂ ഗുരുകടാക്ഷം കൂടാതെ
ജന്മസാഫല്യം വരുമോ ജനിച്ചാലാർക്കും.

**(കുചേലവൃത്തം വഞ്ചിപ്പാട്ട്)**

**-രാമപുരത്ത് വാര്യർ**


- കാവ്യഭാഗം ഉചിതമായ ഭാവതാളങ്ങളോടെ അവതരിപ്പിക്കുക.
- സതീർഥ്യനെ കണ്ടപ്പോൾ കൃഷ്ണനുണ്ടായ ഓർമ്മകൾ എന്തെല്ലാം?
- പഴയകാല കാവ്യഭാഷയുടെ എന്തെല്ലാം പ്രത്യേകതകൾ പാഠഭാഗത്തുണ്ട്? കണ്ടെത്തിയെഴുതുക.
- സമാന താളമുള്ള വരികൾ കണ്ടെത്തുക:
    - കുശലമാർഗങ്ങളന്നു കേൾക്കുമായിരുന്നില്ല നീ<br>വിശസനം സുഖികളെ വിജ്ഞരാക്കുന്നു.
    - കഥയമമ കഥയമമ കഥകളതിസാദരം<br>കാകുൽസ്ഥലീലകൾ കേട്ടാൽ മതിവരാ
    - നന്മ നമുക്കതേയുള്ളൂ ഗുരുകടാക്ഷം കൂടാതെ<br>ജന്മസാഫല്യം വരുമോ ജനിച്ചാലാർക്കും
- സമഭാവന വളർത്തുന്നവയായിരുന്നു പ്രാചീന ഗുരുകുലങ്ങൾ-'സാന്ദ്രസൗഹൃദം' എന്ന പാഠഭാഗം ആസ്പദമാക്കി ഈ പ്രസ്താവന വിലയിരുത്തുക.
- ശിഷ്യരുടെ പ്രതിസന്ധികളിൽ തപിക്കുന്ന ഗുരു; പ്രതിസന്ധികളെ കൈകോർത്ത് നേരിടുന്ന ശിഷ്യർ. സാന്ദ്രസൗഹൃദം എന്ന കവിതയിലെ മനസ്സിൽ തങ്ങിനിൽക്കുന്ന ചിത്രങ്ങളാണല്ലോ ഇവ. നിങ്ങളുടെ വിദ്യാലയത്തിലെ സൗഹൃദാന്തരീക്ഷത്തെക്കുറിച്ച് ഒരനുഭവക്കുറിപ്പ് തയാറാക്കുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





# അമ്മമ്മ

ഇത്തവണ സ്കൂൾ തുറന്നപ്പോൾ തന്റെ മൂന്നാമത്തെ പേരക്കുട്ടിയെയും സ്കൂളിൽ ചേർക്കാൻ ആ അമ്മമ്മ വന്നിരുന്നു. വീടിനടുത്ത ലോവർ പ്രൈമറി വിദ്യാലയത്തിൽനിന്ന് നാലാം ക്ലാസ് കഴിഞ്ഞപ്പോൾ അവനെയും ഹോസ്റ്റൽ സൗകര്യമുള്ള സ്കൂളിലേക്കു കൊണ്ടുവരുകയായിരുന്നു. മൂത്ത രണ്ടു പേരെയും ഇതേ പ്രായത്തിൽത്തന്നെയാണ് ആ സ്കൂളിലേക്ക് അമ്മമ്മ കൊണ്ടുവന്നത്. അവരിൽ മൂത്തവൻ ഇപ്പോൾ ഒൻപതിലെത്തി. താഴെയുള്ളയാൾ ഏഴിലും.

ഇനി അമ്മമ്മ തന്റെ ചെറിയ വീട്ടിൽ ഒറ്റയ്ക്കാണ്. ഒന്നോർത്താൽ അമ്മമ്മയ്ക്ക് ആശ്വാസമാണ്. എന്നാൽ, ചിന്തകൾ പെരുകുന്തോറും മഹാസങ്കടങ്ങളും.

നാലുവർഷംമുമ്പു മൂത്തകുട്ടിയെ സ്കൂളിൽ വിടാൻ വന്നപ്പോഴാണ് അമ്മമ്മയെ ആദ്യം കാണുന്നത്, കരച്ചിൽ വടുകെട്ടിയ മുഖം മനസ്സിന്റെ ഭിത്തിയിൽ പതിഞ്ഞുകിടന്നു. വെപ്രാളപ്പെട്ട നടത്തം പൊറുതികെട്ട ജന്മത്തിന്റേതാണെന്നും ഞാൻ തിരിച്ചറിഞ്ഞു. കൂടെയുള്ള കുട്ടിക്കു ഹോസ്റ്റലിൽ താമസിക്കാനൊന്നും താൽപ്പര്യമില്ലായിരുന്നു. അമ്മമ്മയുടെ സാരിയിൽത്തൂങ്ങി അവൻ ചിണുങ്ങിയത്,



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ആ സ്കൂളിൽ തന്നെ ചേർക്കേണ്ട എന്നു പറയാനാണ്. ചെറിയ കുട്ടിയല്ലേ, ഹോസ്റ്റൽ ജീവിതം സ്വീകരിക്കാനൊന്നും ആയിട്ടില്ലല്ലോ. അമ്മമ്മയുടെ സ്നേഹം നുകർന്ന് മതിയായിട്ടുണ്ടാവില്ലല്ലോ അവന്. അമ്മമ്മയുടെ കണ്ണുനിറഞ്ഞു. ഉറഞ്ഞുകൂടിയ സങ്കടങ്ങൾ അലിഞ്ഞൊഴുകാൻ തുടങ്ങി. പൊന്നുമക്കളെ എത്ര ലാളിച്ചാലാണു തന്റെ കൊതിയടങ്ങുക എന്ന് അമ്മമ്മ എന്നോടു തിരിച്ചു ചോദിച്ചു. മൂന്നു മക്കളുടെ ഭാരം താങ്ങാൻ കഴിയാത്തതുകൊണ്ടാണ് മൂത്തവനെ ഹോസ്റ്റലിൽ ചേർക്കാൻ തീരുമാനിച്ചത്. അമ്മയില്ലാത്ത മൂന്നു മക്കളെയാണു താൻ പോറ്റുന്നതെന്ന് അമ്മമ്മ പറഞ്ഞപ്പോൾ മുഖത്തെ ചുളിവുകളിലേക്കും കറുത്ത പാടുകളിലേക്കും ഞാൻ നോക്കി.

തേവിത്തേവി വറ്റിപ്പോയ കിണറാണ് മുമ്പിൽ. എന്നാലും പൊടിയുന്നുണ്ട് തെളിനീര്. എത്ര ദൂരത്തുനിന്നാണ് ആ അമ്മമ്മ വരുന്നത്!

അവനെ സ്കൂളിലും ഹോസ്റ്റലിലും ചേർത്തു മടങ്ങിപ്പോകുമ്പോൾ അമ്മമ്മ ഏങ്ങിക്കരഞ്ഞു. അങ്ങനെ കരയുന്ന ഒരമ്മമ്മയെ ജീവിതത്തിൽ ആദ്യമായി കാണുകയായിരുന്നു. അത്രയ്ക്കു പെരുകുന്ന സങ്കടങ്ങളുടെ അർഥം പിന്നീടാണെനിക്കു മനസ്സിലായത്.

വിധവയാണ് ആ അമ്മമ്മ. മൂന്നു പേരക്കുട്ടികളെയും പോറ്റിവളർത്താൻ അമ്മമ്മതന്നെ അധ്വാനിക്കണം. മൂന്നാമത്തെ പേരക്കുട്ടിക്കു രണ്ടു വയസ്സുള്ളപ്പോഴാണു കുട്ടികളുടെ അമ്മ മരണപ്പെടുന്നത്. ആ മരണം സാധാരണമരണമോ ദുർമ്മരണമോ ആയിരുന്നില്ലെന്ന് അമ്മമ്മ പറഞ്ഞപ്പോഴാണ് അമ്മമ്മയുടെ കണ്ണീര് തിളങ്ങുന്ന ഒരു സൂചിയായി മാറിയതും എന്റെ കണ്ണിൽ കൊണ്ടതും എനിക്കു കണ്ണീർ പൊടിഞ്ഞതും.

ആ മകൾ ഒരേയൊരു മകളായിരുന്നു.

ആണും പെണ്ണുമായി ഒന്ന്.

അവളുടെ ഭർത്താവ് തികഞ്ഞ മദ്യപാനിയായിരുന്നു. കലഹിച്ച ജീവിതത്തിൽനിന്നുതന്നെയാണ് മൂന്നു കുട്ടികളും പിറന്നത്.

ലാളിച്ചു വളർത്തിയ തന്റെ മകളെ അമ്മമ്മ ഒരിക്കലും ജോലിചെയ്യാൻ വിട്ടില്ല. പകരം അമ്മമ്മ പണിയെടുക്കാൻ പോയി. അമ്മമ്മ പണിചെയ്തു കൊണ്ടുവരുന്ന പണംകൊണ്ടെങ്കിലും അവന്റെ മുഖം തെളിയട്ടെയെന്നും കലഹമില്ലാതാവട്ടെയെന്നും അമ്മമ്മ ആഗ്രഹിച്ചു കാണണം. പക്ഷേ, അവന് ഒരു മാറ്റവും വന്നില്ല. അമ്മവിളക്ക് ഊതിക്കെടുത്തി പറക്കമുറ്റാത്ത മൂന്നു മക്കളെ ഇരുട്ടിലേക്കു തള്ളി അവരുടെ കരച്ചിലുകൾക്കു കാതുകൊടുക്കാതെ അവൻ എങ്ങോട്ടോ ഓടിപ്പോയി.

അതൊക്കെ കഴിഞ്ഞിട്ടിപ്പോൾ എട്ടു വർഷമായി. കരയാത്ത ഒറ്റദിവസം പോലും പിന്നെ അമ്മമ്മയുടെ ജീവിതത്തിലുണ്ടായിട്ടില്ല. പേരക്കുട്ടികൾക്കു വിളമ്പിക്കൊടുക്കുന്ന കഞ്ഞിയിൽ കണ്ണീരുപ്പ് എത്ര വീണലിഞ്ഞിട്ടുണ്ടെന്നും അമ്മമ്മയ്ക്കറിയില്ല. ഹോസ്റ്റലിലുള്ള കുട്ടിയെ ഇടയ്ക്ക് വന്നു കാണും അമ്മമ്മ. അവന്റെ ആവശ്യങ്ങളും ആവലാതികളും കേൾക്കുമ്പോൾ തുണിസഞ്ചിയിൽനിന്നു പിഞ്ഞിക്കീറിയ പേഴ്സ് പുറത്തെടുത്ത് അമ്മമ്മ നിന്നു പരുങ്ങുന്നതു ഞാൻ കണ്ടിട്ടുണ്ട്. ചില്ലറത്തുട്ടുകളിൽ കണ്ണീരു നനച്ച് അമ്മമ്മ അവനു കൊടുക്കും. വാശിപിടിച്ചിട്ടു കാര്യമില്ലെന്ന് അറിയാവുന്നതുകൊണ്ട് അവനത് മേടിക്കും. എത്രയോ തവണ ഞാനതു കണ്ടിട്ടുണ്ട്.

രണ്ടുവർഷം കഴിഞ്ഞപ്പോൾ രണ്ടാമത്തവനേയും ഹോസ്റ്റലിൽ ചേർത്തു. ഇപ്പോൾ മൂന്നാമത്തവനെയും! കണ്ണീര് നനച്ചു നൽകേണ്ട ചില്ലറത്തുട്ടുകളുടെ എണ്ണം വർധിക്കുകയാണ്. ആ പേഴ്സാവട്ടെ, കൂടുതൽ പിഞ്ഞിക്കീറുകയും ചെയ്തിരിക്കുന്നു.

മൂന്നു കുട്ടികളെയും ഹോസ്റ്റലിൽ കൊണ്ടുവിട്ടതോടെ അമ്മമ്മ വല്ലാതായിട്ടുണ്ട്. മക്കളുടെ ചൂടില്ലാത്ത വീട്ടിൽ അമ്മമ്മ തണുത്തു വിറയ്ക്കുന്നുണ്ടാവണം. ശരിക്കും ഉറങ്ങാൻ പറ്റുന്നുണ്ടാവില്ലെന്ന് അറിയാം. ഏകാന്തത അസഹനീയമായിരിക്കും. അമ്മയില്ലാത്ത കുട്ടികളെ നെഞ്ചോടു ചേർത്തുപിടിച്ചാണു വളർത്തേണ്ടതെന്ന് അമ്മമ്മയ്ക്കറിയാഞ്ഞിട്ടല്ല. അവരുടെ ആവശ്യങ്ങളൊന്നും നിറവേറ്റാൻ കഴിയാത്തതുകൊണ്ടും അവരുടെ പഠനത്തെച്ചൊല്ലി വലിയ പ്രതീക്ഷകൾ ഉള്ളതുകൊണ്ടും മാത്രമാണ് അവരെ ഹോസ്റ്റലിൽ വിട്ടത്. ഇപ്പോൾ ഇടയ്ക്കിടെ മൂന്നു പേരേയും കാണാൻ അമ്മമ്മ വരും.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



അമ്മമ്മയുടെ കാതുകൾ നഗ്നമാണെന്നു മുമ്പു തന്നെ ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. സൂര്യകിരണങ്ങൾ നിറങ്ങളൊക്കെയും കവർന്നെടുത്തു കൊണ്ടുപോയ ഒരേയൊരു സാരിയാണ് അമ്മമ്മ എന്നും ധരിക്കാറ്. ഈയിടെ മറ്റൊന്നുകൂടി ഞാൻ ശ്രദ്ധിച്ചു. അമ്മമ്മ ചെരുപ്പും ധരിക്കാറില്ല. ഭൂമിയുടെ കാതിൽ മഹാസങ്കടങ്ങൾ അറിയിക്കുന്ന പാദങ്ങൾ വിണ്ടുപൊട്ടിയിട്ടുണ്ട്.

മൂന്നു മക്കളേയും സ്റ്റാഫ്റൂമിൽ കൊണ്ടുവന്ന് അവരുടെ അധ്യാപകരെ കാണും അമ്മമ്മ. എന്റെ മക്കളെ പൊന്നുപോലെ നോക്കണേയെന്നു യാചിക്കും. പഠിപ്പിച്ചു കരകയറ്റണേ എന്നു പറയും. ഇന്റർവെൽസമയത്തു മൂന്നുപേരെയും കൂട്ടി അമ്മമ്മ അങ്ങാടിയിലേക്കിറങ്ങും. മൂന്നുപേരും അമ്മമ്മയുടെ സാരിയിൽ തൂങ്ങിയാണു നടക്കുക. അവർക്ക് ഒത്തിരി ആവശ്യങ്ങളുണ്ട്; ആവലാതികളുണ്ട്. ചായക്കടയിലേക്ക് അവരെ കൊണ്ടുപോകും അമ്മമ്മ. പൊറോട്ടയും പഴംപൊരിയും മേടിച്ചുകൊടുക്കും. പേന, ചെരുപ്പ്, ബെൽറ്റ്, ചോക്കലേറ്റ്... അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾക്ക് അവസാനമില്ല. അച്ഛനും അമ്മയുമുള്ള കുട്ടികളുടെ ബെഞ്ചിലാണു തന്റെ മക്കൾ ഇരിക്കുന്നതെന്ന് അമ്മമ്മയ്ക്കറിയാം. അതിന്റെ സങ്കടങ്ങളൊന്നും അവർക്കുണ്ടാവരുത്.

അമ്മമ്മ മടങ്ങിപ്പോകുന്ന നേരം ക്ലാസിലെ ടീച്ചറുടെ ശാസനപോലും വകവയ്ക്കാതെ ഏറ്റവും ഇളയവൻ വാതിൽക്കൽ ചെന്നുനിന്ന് അമ്മമ്മേയെന്ന് ഉറക്കെ വിളിച്ചതും ഒരിക്കൽ ഞാൻ കേട്ടു.

എന്റെ വേവലാതി പക്ഷേ അതൊന്നുമല്ല. കുട്ടികൾ വളരുകയാണ്. വർണത്തിളപ്പിന്റെ ലോകം വളരെ പെട്ടെന്ന് അവരെ മാറ്റിമറിക്കും. വെയിലിലൂടെ നടന്നു നടന്ന് നിറംമങ്ങിയ അമ്മമ്മയുടെ സാരിയിലേക്കു വെറുപ്പോടെ അവർ നോക്കും.

അന്നേരം അമ്മമ്മയുടെ കണ്ണീര് കണ്ണുകളിൽനിന്ന് പിൻവാങ്ങുമായിരിക്കും. പാദങ്ങളിലെ വിള്ളലുകളിലൂടെ ചോരയായി...

വയ്യ.

അമ്മമ്മയെക്കുറിച്ച് ആലോചിക്കാനേ വയ്യ.

**(ഇലഞ്ഞിപ്പൂമണമുള്ള നാട്ടുവഴികൾ)**
**-പി. സുരേന്ദ്രൻ**

- "അത്രയ്ക്കു പെരുകുന്ന സങ്കടങ്ങളുടെ അർഥം പിന്നീടാണെനിക്ക് മനസ്സിലായത്." അമ്മമ്മയുടെ സങ്കടങ്ങളുടെ കാരണമെന്താവാം?
- അമ്മമ്മയുടെ സവിശേഷതകൾ കാവ്യാത്മകമായി അവതരിപ്പിക്കുന്ന ഒട്ടേറെ പ്രയോഗങ്ങൾ പാഠഭാഗത്തുണ്ട്. അവ കണ്ടെത്തി ഓർമ്മക്കുറിപ്പിന് അവ എത്രമാത്രം ചാരുതയേകുന്നു എന്നു പരിശോധിക്കുക.
- വർണത്തിളപ്പിന്റെ ലോകം മനുഷ്യബന്ധങ്ങളെ പെട്ടെന്ന് മാറ്റിമറിക്കുന്നുവോ? കുടുംബബന്ധങ്ങൾ ഊഷ്മളമാകേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് ഒരു പ്രസംഗം തയാറാക്കുക.
- വന്നു + ഇല്ല - വന്നില്ല
  തേവി + തേവി - തേവിത്തേവി
  മഴ + ഇല്ല - മഴയില്ല
  വിൺ + തലം - വിണ്ടലം

  അക്ഷരങ്ങൾ കൂടിച്ചേരുമ്പോൾ നാലുതരം മാറ്റങ്ങൾ ഉണ്ടാകുന്നത് കണ്ടല്ലോ. കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തുക.
- അമ്മമ്മ എന്ന കഥാപാത്രത്തെക്കുറിച്ച് നിരൂപണം തയാറാക്കുക.




Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# വഴിയാത്ര



പണ്ടത്തെ വഴിയാത്ര എത്ര സുഖമായിരുന്നിരിക്കണം! ഇന്നത്തെ മധ്യവയസ്കരും ചെറുപ്പക്കാരും അതിന്റെ അവസാനഘട്ടങ്ങൾ മാത്രമേ കണ്ടിരിക്കുകയുള്ളൂ. ഒരു നാട്ടിൻപുറത്തുകാരനു പട്ടണത്തിൽ ഒന്നു പോകണം. പത്തുനാൽപ്പതു നാഴിക വഴിയുണ്ട്. ഒരു കേസുകാര്യത്തിനോ മറ്റോ ആണു പോകേണ്ടത്. വണ്ടിയില്ല, വള്ളമില്ല. കാൽനടതന്നെ അവലംബം. ഇടയ്ക്കെങ്ങും ചായക്കടകളും ശാപ്പാടു ഹോട്ടലുകളും വന്നുചേർന്നിട്ടുമില്ല. അത്താഴം ആകുമ്പോഴേക്കു ഭാര്യ പൊതിച്ചോർ തയാറാക്കിക്കഴിയുന്നു. അടയ്ക്കാമരത്തിലെ പാള വാർന്നെടുത്ത് ചീകി ഒരുക്കി അതിനകത്താണ് പൊതിച്ചോറ്. നല്ല നിലാവുള്ള രാത്രി ഇതും എടുത്തു വിദ്വാൻ തിരിക്കുകയാണ്. നേരത്തേ പുറപ്പെടുകയാണെങ്കിൽ പതിനഞ്ചു പതിനാറു നാഴിക ദൂരെച്ചെന്നാണ് ഉറങ്ങുക. "ആത്മവൽ സർവഭൂതാനി" എന്ന പ്രമാണപ്രകാരം ഏതെങ്കിലും ഒരു വീട്ടിൽ കയറി തനിക്ക് ഏതോ അവകാശം ഉള്ളതുപോലെ, പാത്രങ്ങൾ വേണമെങ്കിൽ അവ, ഉപ്പും മുളകും പോരെങ്കിൽ അത്, അല്ലെങ്കിൽ ഇല, ചിലപ്പോഴൊക്കെ മോരും ചില്ലറക്കറികളും – വാങ്ങി പൊതിയഴിച്ച് ഊണുകഴിഞ്ഞ്, വീട്ടുകാരനുമായി തന്റെ നാട്ടിലെ വിശേഷങ്ങൾ പറഞ്ഞ് ഉറങ്ങുന്നു. വെളുക്കുന്നതിനുമുമ്പ് എഴുന്നേറ്റു യാത്രതുടരുന്നു. പൊതിച്ചോറിന്റെ പരിധിക്കും അങ്ങേപ്പുറമാണ് ഉദ്ദിഷ്ടസ്ഥലം എങ്കിൽ അരിയും സാമാനങ്ങളും കൊണ്ടുപോവുക എന്ന ഒരു ഏർപ്പാടും ഉണ്ടായിരുന്നു. ഏതായാലും പൊതിച്ചോറ് ആരും ഒരിക്കലും ഉപേക്ഷിച്ചിരുന്നില്ല. എന്തുകൊണ്ടെന്നാൽ, അതിനുള്ള രുചി ഒന്നു പ്രത്യേകമാണ്. 'പൊതിച്ചോറുണ്ണാത്തവനും ചെങ്കണ്ണുവരാത്തവനും' ജീവിതസുഖം അനുഭവിച്ചിട്ടില്ലെന്നാണ് ഒരു പറച്ചിൽ.

ഇങ്ങനെ ഒന്നും കരുതാതെ പോകുന്ന കൂട്ടരും ഉണ്ട്. അന്യന്മാരുടെ ഔദാര്യത്തിൽ ദൃഢമായി വിശ്വസിച്ചുകൊണ്ടുള്ള പോക്കാണ് ഇത്. ഈ പോക്കിന് ഉത്തരം പറയേണ്ടത് ദൂരെദിക്കുകളിൽ താമസിക്കുന്ന പാവപ്പെട്ട ഗൃഹസ്ഥന്മാരുടെ



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



വസ്തുവകകൾ ആണ്. വഴിക്കാർക്ക് ചോറുകൊടുക്കുക അക്കാലത്തെ ധനവാന്മാരുടെ ഗൃഹകൃത്യങ്ങളിൽ ഒന്നായിരുന്നു. ഒരു വീട്ടിൽ ഉള്ളവർക്കെല്ലാംകൂടി അത്താഴത്തിനു മൂന്നിടങ്ങഴി അരിയുടെ ചോറുമതിയെന്നിരുന്നാലും അവിടെ പതിനഞ്ചിടങ്ങഴി അരിയാണു വയ്ക്കുന്നത്. അതിൽ പന്ത്രണ്ടിടങ്ങഴിയുടെ ചോറും വഴിയാത്രക്കാരാണു തട്ടുന്നത്. ചിലപ്പോൾ ഇരുപത്തിനാലിടങ്ങഴിക്കുള്ള ആളുകൾ വന്നേക്കാനും മതി. അടുക്കളമാത്രം ഭൂലോകമാക്കിക്കഴിയുന്ന അന്നത്തെ ഗൃഹനായികമാർ മിക്ക ദിവസങ്ങളിലും ഒഴിഞ്ഞ വയറുകളോടുകൂടെയാണ് ഉറക്കത്തിലേക്കു ചായുന്നത്.

അപ്രകാരം ചോറു കൊടുക്കുക ഗൃഹസ്ഥർക്ക് ഒരു അന്തസ്സായിരുന്നു. അവരുടെ പ്രസിദ്ധി ഇതിന്റെ ഏറ്റക്കുറച്ചിൽ അനുസരിച്ച് പ്രചരിച്ചും വന്നിരുന്നു. അന്നത്തെ വർത്തമാന പത്രങ്ങളായിരുന്നു വഴിപോക്കർ. പ്രസിദ്ധി കൂടുന്തോറും ഗൃഹസ്ഥന്റെ കടവും വർധിച്ചുവരുക നിശ്ചയമാണ്. ഒടുവിൽ കുടുംബത്തിനു പ്രസിദ്ധി ഉണ്ടാക്കിയ ഗൃഹനാഥൻ ശ്മശാനഭൂമിയിലേക്കും പിൻതുടർച്ചക്കാർ തെരുവിലേക്കും ഒരുമിച്ചു യാത്രയാവുകയും അസാധാരണമായിരുന്നില്ല.

ഈ മാതിരി വഴിയാത്രകളും വിശ്രമങ്ങളും പല ബന്ധങ്ങൾക്കും കാരണമായിത്തീർന്നിട്ടുണ്ട്. ചില ഗൃഹങ്ങളിലെ ഔദാര്യവും പ്രതാപവും മറ്റും തുല്യസ്ഥാനികരായ യാത്രക്കാരെ ആ ഗൃഹങ്ങളുമായുള്ള ദാമ്പത്യബന്ധത്തിനു പ്രേരിപ്പിക്കുകയും തദനുസരണം ആലോചനകൾ ഉണ്ടാവുകയും വിവാഹങ്ങൾ നടക്കുകയും ചെയ്തിട്ടുണ്ട്. ഏതായാലും വീട്ടിൽനിന്നു തിരിക്കുമ്പോൾതന്നെ ഒരാൾ "ഇന്ന് അത്താഴം ഇന്ന വീട്ടിൽ, നാളെ കാലത്തെ കഞ്ഞി ഇന്ന വീട്ടിൽ" എന്നിങ്ങനെ തീർച്ചപ്പെടുത്തുക പതിവാണ്.

അങ്ങനെ കഴിഞ്ഞ വഴിയാത്ര ഇപ്പോൾ എത്ര ഭേദപ്പെട്ടിരിക്കുന്നു! അന്നത്തെ വഴിയാത്രയ്ക്കുണ്ടായിരുന്നെന്നു പറഞ്ഞുവരുന്ന മറ്റൊരു ഗുണം അത് ഒരാളുടെ ലോകപരിചയം വളരെ വർധിപ്പിക്കുന്നതിനുതകിയിരുന്നു എന്നുള്ളതാണ്. അതു കള്ളവുമല്ല. കൊല്ലം വലിയപാലക്കടവിൽ നിന്ന് ഒരു തപാൽവള്ളം തിരുവനന്തപുരത്തേക്കു തിരിക്കുകയാണ്. അതിൽ അമ്പാസമുദ്രക്കാരൻ ഒരു ചെട്ടിയാർ, പറവൂർക്കാരൻ ഒരു ഹൈക്കോടതിക്കക്ഷി, പത്തനാപുരത്തുകാരൻ ഒരു മൈതീൻപിച്ച മുതലാളി, ചവറക്കാരൻ ഒരു ഗൃഹസ്ഥൻ, പെരിങ്ങനാട്ടുകാരൻ ഒരു നമ്പ്യാതി, തുമ്പമൺകാരൻ ഒരു വാധ്യാർ, പ്രാക്കുളത്തുകാരൻ ഒരു രോഗി, മാവേലിക്കരക്കാരൻ ഒരു മന്ത്രവാദിജ്യോത്സ്യൻ എന്നിങ്ങനെയാണു യാത്രക്കാർ. ആദ്യം ആരും പരസ്പരം അറിയാതെ ഒരു നാഴിക അവരവരുടെ സ്ഥാനങ്ങളിൽ ഇരിക്കുന്നു. അപ്പോഴേക്കും പറവൂർക്കാരൻ ചവറയോടു ചോദിക്കുകയാണ്:

"ചേട്ടാ, ചുണ്ണാമ്പുണ്ടോ?"

അതിനെത്തുടർന്നു സംഭാഷണവും ആയി.

പ്രാക്കുളം പെരിങ്ങനാടിനോട്:

"തിരുമേനീ! ഒന്നു മാറിയിരിക്കണേ!"

അതിനെത്തുടർന്നു സംഭാഷണവും ആയി.

തുമ്പമൺ മാവേലിക്കരയോടു പറയുകയാണ്:

"ഉഷ്ണം അസഹ്യം! എന്താണാവോ ചെയ്യേണ്ടത്?"

അതിനെത്തുടർന്നു സംഭാഷണവും ആയി.

നേരം സന്ധ്യയാകുമ്പോഴേക്ക് അമ്പാസമുദ്രം ചെട്ടിയാരും മാവേലിക്കര ജ്യോത്സ്യനുംകൂടി നവദമ്പതിമാരെപ്പോലെ അടുത്തടുത്തു കിടക്കുന്നതു കാണാം. പെരിങ്ങനാട്ടു നമ്പ്യാതിയുടെ പൂണൂൽ പത്തനാപുരം മൈതീൻപിച്ചയുടെ നീണ്ട താടിയിൽ കുരുങ്ങിയിരിക്കുന്നതു കാണാം. പറവൂർക്കാരന്റെ കേസുകെട്ടിലെ പത്രികയിൽ പ്രാക്കുളം രോഗി ലേഹ്യം പൊതിഞ്ഞിരിക്കുന്നതായി കാണാം. അവർ അങ്ങനെ കഴിയുന്നു. ഒരു കുടുംബത്തിലെ അംഗങ്ങളായി കഴിയുന്നു. അമ്പാസമുദ്രം തോർത്തിന്റെ വിലകൾ ചവറക്കാരൻ ഗൃഹസ്ഥൻ പഠിക്കുന്നു. തിരുവനന്തപുരത്തെ വക്കീലന്മാരുടെ സാമർഥ്യങ്ങൾ തുമ്പമൺകാരൻ വാധ്യാർ ധരിക്കുന്നു. ശ്രീകൃഷ്ണചരിതം മണിപ്രവാളത്തിലെ

'ധനിക്കു ശത്രുക്കളസംഖ്യമുണ്ടാം' എന്നതിൽ 'ധനി' എന്നുള്ളത് "തനിക്കു ശത്രുക്കൾ" എന്നു വായിച്ചുകൂടെന്നും 'ധനി, എന്നാൽ ധനവാനെന്നാണർഥ'മെന്നും വാധ്യാർ മൈതീൻപിച്ച മുതലാളിയെ വീറോടെ പറഞ്ഞു പഠിപ്പിക്കുന്നു. ഒടുവിൽ



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



കൽപ്പാലക്കടവിൽ പിറ്റേദിവസം ഉച്ചയ്ക്ക് എത്തുമ്പോഴേക്കു നമ്പ്യാതിക്കു ഖുർആനെപ്പറ്റി അൽപ്പമറിയാം; ജ്യോത്സ്യനു പറവൂരെ ഗൃഹസ്ഥന്മാരെപ്പറ്റി നല്ലതുപോലെ അറിയാം; ഗൃഹസ്ഥനു പെരിങ്ങനാട്ടെ മരച്ചീനിക്കൃഷിയെപ്പറ്റി വിവരിച്ചറിയാം; രോഗിക്ക് അമ്പാസമുദ്രത്തിലെ ഒരു നല്ല ചിന്താർമണിവൈദ്യന്റെ പാടവത്തെപ്പറ്റി ധാരാളം അറിയാം.

ഇപ്പോൾ എങ്ങനെയാണ്? ഇത്രയുംപേർതന്നെ കൊല്ലം റെയിൽവേ ആഫീസിൽ വരുന്നു. പലരായി നിന്നു ടിക്കറ്റു വാങ്ങുന്നു. പലമുറികളിൽ കയറുന്നു. രോഗി തന്റെ വയറ്റുവേദന ഒന്നു തിരുമ്മി ശമിപ്പിക്കുന്നതിനുമുമ്പ്, ചെട്ടിയാർ തന്റെ അതുവരെയുള്ള യാത്രച്ചെലവുകണക്കിൽ ഒന്നു കണ്ണോടിക്കുന്നതിനുമുമ്പ്, ഗൃഹസ്ഥൻ താൻ ആയിടെ വാങ്ങിയ കുട ഭദ്രമായി ഒന്നു സൂക്ഷിച്ചു വയ്ക്കുവാൻ സ്ഥലം കണ്ടുപിടിക്കുന്നതിനുമുമ്പ്, വാധ്യാർ അപ്പോൾ വാങ്ങിയ പ്രതിദിനപത്രം വായിച്ചുതീർക്കുന്നതിനുമുമ്പ്, മൈതീൻപിച്ചമുതലാളി ചമ്പൻ പാക്കുകൂട്ടി മുറുക്കിയതിന്റെ തുപ്പൽ വണ്ടിക്കു പുറത്തേക്കെന്നുള്ള വ്യാജേന കാറ്റിന്റെ ആനുകൂല്യത്താൽ അകത്തേക്കു മടങ്ങിയെത്തി അടുത്തിരിക്കുന്ന ആളിന്റെ മുഖം കുഴമ്പിൽ മുക്കുന്നതിനുമുമ്പ്, ജ്യോത്സ്യൻ സായിപ്പന്മാരുടെ സൂത്രങ്ങളെപ്പറ്റിയുള്ള ആലോചന അവസാനിപ്പിക്കുന്നതിനുമുമ്പ് വണ്ടി തമ്പാനൂർ സെൻട്രൽ സ്റ്റേഷനിൽ എത്തുന്നു. അവിടെച്ചെന്നാൽ പോർട്ടർമാരുടെ മരണവിളി, 'മദ്രാസ് മെയിൽ-ഹിൻഡു' പടവിളി, സായിപ്പന്മാരുടെ ബൂട്ട്സ് ശബ്ദം, ടിക്കറ്റു കളഞ്ഞുപോയോ എന്നുള്ള നെഞ്ചിടിപ്പ്, വണ്ടിക്കാരുടെ പിടിവലി. അതാ, മിഴിച്ചുനിൽക്കുന്നു പുറത്തെ റോഡിൽ. ഹോട്ടലിൽ ചെന്നാൽ കാശിനു ചോറ്, അതു കഴിഞ്ഞാൽ വെളിയിൽ ആർക്കും ആരോടും യാതൊന്നും സംസാരിക്കുവാൻ സമയം ഇല്ല. അതുപോലെ പിറ്റേ ദിവസം തിരിച്ചു വീട്ടിലും. എങ്ങനെയാണ് ഈമാതിരി യാത്രകൊണ്ടു വല്ല ലോകപരിചയവും സമ്പാദിക്കുക!

**(ചിരിയും ചിന്തയും)** **-ഇ.വി. കൃഷ്ണപ്പിള്ള**

- "അന്യന്മാരുടെ ഔദാര്യത്തിൽ ദൃഢമായി വിശ്വസിച്ചുകൊണ്ടുള്ള പോക്കാണ് ഇത്"-ലേഖകൻ പരാമർശിക്കുന്നത് എന്താണ്? വിശദമാക്കുക.
- "അവർ അങ്ങനെ കഴിയുന്നു - ഒരു കുടുംബത്തിലെ അംഗങ്ങളായി കഴിയുന്നു". യാത്രാന്ത്യത്തിൽ യാത്രക്കാർ എത്തിച്ചേരുന്ന അവസ്ഥയാണിത്. ഈ യാത്രയിൽ അവർക്ക് എന്തൊക്കെ മാറ്റങ്ങളാണ് ഉണ്ടായത്?
- ഇന്നത്തെ യാത്ര ലോകപരിചയം സമ്പാദിക്കുന്നതിന് സഹായിക്കുന്നില്ല എന്നു ലേഖകൻ പറയാൻ കാരണമെന്ത്?
- "സാമൂഹികജീവിതത്തിലെ ചില ചിത്രങ്ങൾ നർമ്മമധുരമായി അവതരിപ്പിച്ച് വായനക്കാരെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുകയാണ് ലേഖകൻ." ഈ പ്രസ്താവനയെ എങ്ങനെ സാധൂകരിക്കാം? ചർച്ചചെയ്ത് കുറിപ്പ് തയാറാക്കുക.
- മൂന്നു കാലഘട്ടങ്ങളിലെ യാത്രാനുഭവങ്ങളാണ് 'വഴിയാത്ര' എന്ന പാഠഭാഗത്തുള്ളത്. ഇക്കാലത്തെ യാത്രകളുമായി അവ താരതമ്യം ചെയ്യുക.
- അതിൽ പന്ത്രണ്ടിടങ്ങഴിയുടെ ചോറും വഴിയാത്രക്കാരാണ് <u>തട്ടുന്നത്.</u>

  എന്നെ ഇങ്ങനെ <u>തട്ടിക്കളിക്കരുത്.</u>

  <u>തട്ടിക്കളയും</u> നിന്നെ ഞാൻ.

  അടിവരയിട്ട പദത്തിന് ഓരോ സന്ദർഭത്തിലും വരുന്ന അർഥവ്യത്യാസം കണ്ടെത്തുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- യാത്ര കാഴ്ചയുടെ അനുഭവം മാത്രമല്ല, മറ്റെന്തൊക്കെയോ നമുക്ക് നൽകുന്നുണ്ട്. യാത്ര നിങ്ങൾക്കു നൽകിയ വ്യത്യസ്താനുഭവങ്ങൾ ചേർത്ത് വിവരണം തയാറാക്കൂ.
- "ഒടുവിൽ കൽപ്പാലക്കടവിൽ പിറ്റേദിവസം ഉച്ചയ്ക്ക് എത്തുമ്പോഴേക്കു നമ്പ്യാതിക്കു ഖുർആനെ പ്പറ്റി അൽപ്പമറിയാം; ജ്യോത്സ്യനു പറവൂരെ ഗൃഹസ്ഥന്മാരെപ്പറ്റി നല്ലതുപോലെ അറിയാം; ഗൃഹ സ്ഥനു പെരിങ്ങനാട്ടെ മരച്ചീനിക്കൃഷിയെപ്പറ്റി വിവരിച്ചറിയാം; രോഗിക്ക് അമ്പാസമുദ്രത്തിലെ ഒരു നല്ല ചിന്താർമണിവൈദ്യന്റെ പാടവത്തെപ്പറ്റി ധാരാളം അറിയാം."

  അടിവരയിട്ട പദങ്ങൾ 'അറിയാം' എന്ന ക്രിയക്ക് വരുത്തിയ അർഥവ്യത്യാസം ശ്രദ്ധിച്ചുവല്ലോ. ഇത്തരം കൂടുതൽ പ്രയോഗങ്ങൾ കണ്ടെത്തിയെഴുതുക.

- ജീവിതയാത്രയുടെ വ്യത്യസ്ത ഭാവങ്ങളാണ് പാഠഭാഗങ്ങൾ അവതരിപ്പിക്കുന്നത്. പാഠഭാഗങ്ങൾ വിശകലനം ചെയ്ത് "ജീവിതയാത്രയിൽ കൂടെ കരുതേണ്ട പാഥേയമാണ് മൂല്യങ്ങൾ" എന്ന വിഷയത്തിൽ ഉപന്യാസം തയാറാക്കൂ.

## ഞാൻ എന്നെക്കുറിച്ച്

- പ്രവർത്തനങ്ങളിലൂടെ നിങ്ങൾക്കുണ്ടായ മികവുകളും പരിമിതികളും എന്തെല്ലാമാണ്? സ്വയം വിലയിരുത്തുക.

| | പൂർണമായി | ഭാഗികമായി | അൽപ്പം മാത്രം |
|---|---|---|---|
| * കവിതകൾ താളം, ഈണം എന്നിവ ഉൾക്കൊണ്ട് ഭാവത്തോടെ ആലപിക്കുന്നതിൽ. | | | |
| * യോജിച്ച പദങ്ങൾ, പ്രയോഗങ്ങൾ, ശൈലികൾ എന്നിവ ഉൾപ്പെടുത്തി അനുഭവക്കുറിപ്പ്, ഉപന്യാസം എന്നിവ തയാറാക്കുന്നതിൽ. | | | |
| * ചർച്ചകളിൽ പങ്കെടുത്ത് സ്വന്തം കാഴ്ചപ്പാടുകൾ യുക്തിയോടെ സമർഥിക്കുന്നതിൽ. | | | |
| * സമാനതാളമുള്ള വരികൾ കണ്ടെത്തുന്നതിൽ | | | |



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



എഴുത്തുകാരെ അറിയുക

## രാമപുരത്ത് വാര്യർ (1703 – 1753)

കോട്ടയം ജില്ലയിൽ രാമപുരത്ത് ജനനം. വഞ്ചിപ്പാട്ടുപ്രസ്ഥാനത്തിലെ പ്രമുഖനായ കവി. തിരുവിതാംകൂർ മഹാരാജാവായിരുന്ന മാർത്താണ്ഡവർമയുടെ ആശ്രിതനായിരുന്നു. കുചേലവൃത്തം വഞ്ചിപ്പാട്ട്, ഭാഷാഷ്ടപദി, നൈഷധം തിരുവാതിരപ്പാട്ട് തുടങ്ങിയവ പ്രധാന കൃതികൾ.



## പി. സുരേന്ദ്രൻ

1961ൽ മലപ്പുറം ജില്ലയിലെ പാപ്പിനിപ്പാറയിൽ ജനിച്ചു. നോവലിസ്റ്റ്, കഥാകൃത്ത് എന്നീ നിലകളിൽ പ്രശസ്തൻ. അധ്യാപകനാണ്. ജലസന്ധി, ബർമുഡ, സാമൂഹ്യപാഠം, ഇലഞ്ഞിപ്പൂമണമൊഴുകുന്ന നാട്ടുവഴികൾ, ഗൗതമവിഷാദയോഗം, ചൈനീസ് മാർക്കറ്റ് തുടങ്ങിയവ പ്രധാന കൃതികൾ. ഓടക്കുഴൽ അവാർഡ് ലഭിച്ചിട്ടുണ്ട്.



## ഇ. വി. കൃഷ്ണപിള്ള (1894 – 1938)

കുന്നത്തൂരാണ് ജന്മദേശം. ഹാസസാഹിത്യകാരൻ, നാടകകൃത്ത്, പത്രപ്രവർത്തകൻ എന്നീ നിലകളിൽ പ്രശസ്തൻ. സീതാലക്ഷ്മി, പെണ്ണരശുനാട്, രാജാ കേശവദാസൻ തുടങ്ങി പന്ത്രണ്ട് നാടകങ്ങളും ചിരിയും ചിന്തയും, എം.എൽ.സി. കഥകൾ എന്നീ കഥാസമാഹാരങ്ങളും ബാഷ്പവർഷം എന്ന നോവലും ഗുരുസമക്ഷം, അക്കാലങ്ങൾ, കോൺഗ്രസ് ചിത്രങ്ങൾ എന്നീ ലേഖനസമാഹാരങ്ങളും ഇ.വി.യുടെ സംഭാവനകളാണ്.

## പദകോശം

| | |
|---|---|
| അരുണൻ | – സൂര്യൻ |
| അസഹനീയം | – സഹിക്കാനാവാത്ത |
| അസ്മാകം | – നമ്മുടെ, ഞങ്ങളുടെ |
| അസംഖ്യം | – അനവധി |
| ആകസ്മികം | – പെട്ടെന്നുണ്ടായത് |
| ആത്മവൽ സർവഭൂതാനി | – എല്ലാറ്റിനേയും സ്വന്തമായിക്കാണുന്ന |
| ഇന്ധനം | – വിറക് |
| ഉദ്ദിഷ്ടം | – നിശ്ചയിക്കപ്പെട്ട |
| കദാചന | – ഒരിക്കൽ |



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



| | |
|---|---|
| കടാക്ഷം | - കടക്കണ്ണുകൊണ്ടുള്ള നോട്ടം |
| ഗൃഹസ്ഥൻ | - ഗൃഹനായകൻ |
| ചെമ്മേ | - വേണ്ടതുപോലെ |
| താപം | - സങ്കടം, ചൂട് |
| തേവിത്തേവി | - കോരിക്കോരി |
| തുരപ്പ് | - തുരങ്കം |
| നിയോഗം | - കല്പന, ആജ്ഞ |
| പുക്ക് | - പ്രവേശിച്ച് |
| പടവിളി | - യുദ്ധകാഹളം |
| പെരുങ്കാട് | - കൊടുങ്കാട് |
| പെരുകുന്ന | - വർധിക്കുന്ന |
| പൊറുതികെട്ട | - സഹിക്കാനാവാത്ത |
| മറന്നില്ലല്ലീ | - മറന്നിട്ടില്ലല്ലോ |
| മാർത്താണ്ഡൻ | - സൂര്യൻ |
| മോദാൽ | - സന്തോഷത്തോടെ |
| വടു | - മുറിവുണങ്ങിയ പാട് |
| വർണത്തിളക്കം | - നിറപ്പകിട്ട് |
| വേവലാതി | - പരിഭ്രമം |
| വാധ്യാർ | - കുടുംബപുരോഹിതൻ, അധ്യാപകൻ |
| സാന്ദ്രം | - ദൃഢമായ, നിറഞ്ഞ (ഇടതൂർന്ന) |
| സാഹസം | - കഴിവിനപ്പുറമുള്ള പ്രവൃത്തി |
| സൗഹൃദം | - സ്നേഹം |



**പഠനനേട്ടങ്ങൾ**

- വ്യത്യസ്ത കാലഘട്ടങ്ങളിലെ സാഹിത്യകൃതികൾ ആസ്വദിക്കുകയും അവയിലെ ഭാഷ, ജീവിതം എന്നിവ ഉചിതമായ വ്യവഹാരരൂപങ്ങളിൽ ആവിഷ്കരിക്കുകയും ചെയ്യുന്നു.
- ചർച്ചയിൽ പങ്കെടുത്ത് വിവിധ ആശയമേഖലകളുമായി ബന്ധപ്പെട്ട കാഴ്ചപ്പാടുകൾ യുക്തിയോടെ അവതരിപ്പിക്കുന്നു.
- വരികളിലെ അക്ഷരങ്ങളുടെ ഉച്ചാരണസ്വഭാവം, എണ്ണം എന്നിവ സാമാന്യവൽക്കരിച്ച് താളത്തിലും വ്യത്യസ്ത ഈണത്തിലും കവിത ചൊല്ലി അവതരിപ്പിക്കുന്നു.
- യോജിച്ച പദങ്ങൾ, പ്രയോഗങ്ങൾ എന്നിവ ഉൾപ്പെടുത്തി പറഞ്ഞും എഴുതിയും പ്രകടിപ്പിക്കുന്നു.
- അക്ഷരങ്ങൾ ചേരുമ്പോഴുണ്ടാകുന്ന മാറ്റങ്ങൾ സാമാന്യവൽക്കരിച്ച് പദങ്ങളുടെ സന്ധി നിർണയിക്കുകയും പുതിയ സന്ദർഭങ്ങളിൽ പ്രയോഗിക്കുകയും ചെയ്യുന്നു.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

2

# വായ്ക്കുന്നു ഭൂമിക്കു വർണങ്ങൾ

**കൊ**ന്നമരങ്ങളിൽ സ്വർണം വിളയുന്ന
പുണ്യകാലങ്ങളിൽ ചൈത്രത്തിൽ
മൂളുന്ന പൊന്നൊളിപ്പോക്കുവെയ്‌ലോളത്തിൽ
മുങ്ങിക്കുളിക്കുന്ന പൂമ്പാറ്റേ.
കണ്ടുവിഷുക്കണിയെത്രഞാ, നോണവു-
മുണ്ടു പലകുറിയെന്നിട്ടും
നിന്നിൽത്തുടിക്കുമീ നിഷ്കളനിർവൃതി-
യെന്നിൽ തിളച്ചുമറിഞ്ഞില്ല!
കൊന്നയിൽ പൊത്തിപ്പിടിച്ചു കേറുന്ന ഞാൻ
നിന്നിലലിഞ്ഞു നിലകൊണ്ടു.
"ആവില്ലൊരിക്കലും ഗാനകലവിയി-
ലാറാടുവാനെനിക്കിമ്മട്ടിൽ!"

**(വിഷുത്തലേന്ന് - അക്കിത്തം)**

"ആവില്ലൊരിക്കലും ഗാനകലവിയി-
ലാറാടുവാനെനിക്കിമ്മട്ടിൽ"
- പ്രകൃതിയിലെ സൗന്ദര്യാംശങ്ങളും അത് ചെലുത്തുന്ന സ്വാധീനവും കവി ആവിഷ്കരിക്കുന്നതെങ്ങനെ?

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





# പൂക്കളും ആണ്ടറുതികളും

കേരളം ഒരു കാർഷികരാജ്യമാണ്. പക്ഷേ, ഇവിടത്തെ കൃഷീവലകുടുംബങ്ങളിൽ എന്നും പൊൻനാണയങ്ങൾക്കു പഞ്ഞമാണ്. ഈ അപൂർണതയ്ക്ക് ഒരു ഉപശാന്തി എന്നപോലെ പ്രകൃതി വാരിവിതറുന്ന മറ്റൊരു പൊൻനാണയം ഇവിടെ സമൃദ്ധമായി വിളയുന്നുണ്ട്-പൂക്കൾ. ഈ നാടിന്റെ ഐശ്വര്യത്തിനും ആത്മോൽക്കർഷത്തിനും ഈ പുഷ്പസമ്പത്ത് കേരളീയജനത തികച്ചും ആസ്വദിച്ചുപോരുന്നുണ്ടുതാനും.

നടുമുറ്റത്തൊരു മുല്ലത്തറയില്ലാത്ത വീടുണ്ടായിരുന്നില്ല. മുറ്റത്തൊരറ്റത്ത് തുളസിത്തടം, കുളക്കരയിൽ പുഞ്ചിരിച്ചുനിൽക്കുന്ന വെള്ളിയിലച്ചെടി, തൊടിനിറയെ മുക്കുറ്റി, മുക്കിലും മൂലയിലും തഴച്ചുനിൽക്കുന്ന മന്ദാരം, ചെമ്പരത്തി, കോളാമ്പി, വഴിവക്കത്തു കറുകനാമ്പ്, തുമ്പക്കുടം, വേലിക്കിടയിലൂടെ നിശ്ശബ്ദമായി പാളിനോക്കുന്ന ശംഖുപുഷ്പം, കുന്നിൻനിറുകയിൽ കൂത്താടുന്ന കാട്ടുപൂക്കൾ... ഇങ്ങനെ ശബളാഭമായ ഒരു പൂപ്പാലികയാണ് കേരളം.

പൂവറുക്കൽ, മാലകെട്ടൽ, പൂക്കളം വരയ്ക്കൽ, പൂജയ്ക്കൊരുക്കൽ- ഇതെല്ലാം ഒരു ദിനാരംഭത്തിലെ നൈതികധർമ്മങ്ങളാണ്. കുളിച്ചുകുറിയിട്ട് പുരികുഴലിൽ പൂക്കൾ തിരുകി ദേവദർശനം കഴിച്ചെത്തുന്ന കേരളീയവനിതകൾ ഈ നാടിന്റെ സാക്ഷാൽ ഗ്രാമലക്ഷ്മിമാരാണ്.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



പുഷ്പം ആത്മാവിന്റെ, അല്ലെങ്കിൽ ജീവിതത്തിന്റെ പ്രതീകമെന്നത്രേ കവിസങ്കൽപ്പം. വിജ്ഞാനത്തിന്റെയും ഐശ്വര്യത്തിന്റെയും ഉപാസനാമൂർത്തികളായ സരസ്വതിയും ലക്ഷ്മിയും പത്മാസനത്തിൽ വിരാജിച്ചരുളുന്നു. കവികളാൽ വാഴ്ത്തപ്പെടുന്ന നായികാനായകൻമാരുടെ ഉപമാനങ്ങൾപോലും പൂക്കളാണ്. ഇവിടത്തെ കിടാങ്ങളുടെ പ്രാഥമികപാഠം ആരംഭിക്കുന്നതിങ്ങനെയാണ്:

*"കരാരവിന്ദേന പദാരവിന്ദം
മുഖാരവിന്ദേ വിനിവേശയന്തം"

ക്ലേശഭൂയിഷ്ഠങ്ങളായ ജീവിതദുർഗങ്ങൾ തരണം ചെയ്ത് ഭൗതികത്വത്തിൽനിന്നാത്മാവുയരേണ്ട വീഥിയിലേക്കു കാൽകുത്തുന്ന തത്ത്വജ്ഞാനിയുടെ പ്രാർഥന ഇങ്ങനെയും:


**"സമർപ്പ്യേകം ചേതസ്സരസിജമുമാനാഥ
ഭവതേ-"

ഇങ്ങനെ ലൗകികത്തിലും വൈദികത്തിലും ആത്മാവിലും ജീവിതത്തിലും സൗരഭ്യം പുലർത്തുന്ന ഒരു ചര്യയാണ് കേരളീയർ കൈക്കൊണ്ടുപോന്നത്.

അനുക്രമമായ ഈ ജീവിതചര്യക്കിടയിൽ മനസ്സിനെ അലട്ടിക്കൊണ്ടിരിക്കുന്ന താളപ്പിഴകൾക്കിടയിലും കർമ്മോന്മുഖരാവാനും ചെയ്തുതീർത്ത കാര്യങ്ങളോർത്തു സന്തോഷിക്കാനും കിട്ടുന്ന സവിശേഷസന്ദർഭങ്ങളാണ് ആണ്ടറുതികൾ. എല്ലാകാലത്തും ഏതു രാജ്യത്തും ആഘോഷിക്കപ്പെടുന്ന ആചാരങ്ങളാണ് വിശേഷദിവസങ്ങളും ആണ്ടറുതികളും. ജനഹൃദയത്തിന്റെ ആവേശം നിലനിർത്തത്തക്കവിധം ഓരോന്നിനുമുണ്ട് അതിന്റേതായ പശ്ചാത്തലവും സംവിധാനക്രമവും. ചിലതു രാഷ്ട്രീയമാണെങ്കിൽ മറ്റു ചിലതു മതസംബന്ധിയാണ്. വീരാരാധനാത്മകമായ ദേശീയതയുടെ അടിയൊഴുക്ക് എല്ലാറ്റിലും നിഴലിച്ചുകാണുകയും ചെയ്യും.

കേരളത്തിനുമുണ്ട് അതിന്റേതായ ആണ്ടറുതികൾ. ഓണം, വിഷു, തിരുവാതിര - ഇങ്ങനെ വ്യത്യസ്ത ഋതുക്കളിൽ വ്യത്യസ്ത സംവിധാനത്തിൽ ആഘോഷിക്കപ്പെടുന്ന ഈ മൂന്നിന്റെയും പശ്ചാത്തലം വെവ്വേറെയാണ്. വിഷു അധ്വാനത്തിന്റെയും ഓണം സമൃദ്ധിയുടെയും തിരുവാതിര സൗന്ദര്യത്തിന്റെയും പ്രതീകങ്ങളാണെന്നു ഞാൻ വിചാരിക്കുന്നു. ഗ്രീഷ്മത്തിൽ വിഷു, ശരത്തിൽ ഓണം, ഹേമന്തത്തിൽ തിരുവാതിര-ഇങ്ങനെയാണ് 'ശാർങ്ഗധരസംഹിത'യിലെ നിർവചനം.

മുണ്ടകൻകൊയ്തു നെല്ലും വൈക്കോലും സംഭരിച്ചുകഴിഞ്ഞാൽ കർഷകഹസ്തം സ്വതന്ത്രമായി. പുതുമഴപെയ്തു മണ്ണു കുളുർക്കുന്നതുവരെ അവരുടെ ഹൃദയം വിശ്രമത്തിനും വിനോദത്തിനും ദാഹിക്കുകയായി. ചാമുണ്ഡിക്കാവിന്റെ മുറ്റത്തു പൂത്തുനിൽക്കുന്ന കുങ്കുമം ഈ വിനോദവേളയ്ക്കുള്ള കളിവിളക്കുനാട്ടലാണ്. ഉത്സവം, വേല,



* *കൈയാകുന്ന താമരപ്പൂവുകൊണ്ട് കാലാകുന്ന താമരപ്പൂവിനെ മുഖമാകുന്ന താമരപ്പൂവിൽ ചേർത്തുവച്ചിരിക്കുന്ന ബാലനായ കൃഷ്ണനെ ഞാൻ സ്മരിക്കുന്നു.*

** *എന്റെ മനസ്സാകുന്ന താമരപ്പൂവ് ഉമാനാഥനായ ഭവാന് ഞാൻ സമർപ്പിക്കുന്നു.*



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



പൂരം- ഇങ്ങനെ കേരളം മുഖരിതമാവുകയായി. ഈ ഋതു വേനൽച്ചൂടിലൂടെ ഇഴഞ്ഞിഴഞ്ഞു മായുന്നു.

മേടം മുതൽ ശരത്താരംഭിക്കുകയാണ്. അതിന്റെ കൊടിനാട്ടലെന്നപോലെ ശബളാഭമായ കണിക്കൊന്ന അരങ്ങേറിവരുന്നു. 'വിത്തും കൈക്കോട്ടും' എന്നു വിഷുപ്പക്ഷി ഉറങ്ങുന്ന കർഷകരെ വിളിച്ചുണർത്തുന്നു. പുതുവർഷത്തിൽ ചാലുകീറി വിളവിറക്കാൻ കർഷകൻ മുന്നോട്ടുവരുന്നു. ഭൂതകാലത്തിന്റെ അന്ധതയിൽ നിന്നു നവോത്ഥാനത്തിന്റെ ആദ്യകിരണങ്ങൾ കണികണ്ട് അവൻ ഉണരുന്നു.

ഉരുളിയിൽ കണിക്കൊന്ന, കണിവെള്ളരിക്ക, നാളികേരമുറി, ഉണങ്ങലരി, വെറ്റില, അടയ്ക്ക, വാൽക്കണ്ണാടി, സ്വർണം, രാമായണഗ്രന്ഥം, അലക്കിയ വസ്ത്രം- ഇങ്ങനെ പുതുവർഷത്തിൽ ആസ്വദിക്കേണ്ട ഭൗതികവും ദൈവികവുമായ സാധനസാമഗ്രികൾ കത്തുന്ന നിലവിളക്കിനു മുമ്പിൽ പ്രദർശിപ്പിക്കുന്നു. പുതുവത്സരപ്പിറവിയിൽ ഒരുക്കുന്ന ഈ കണികണ്ടു കർഷകൻ നിർവൃതിയടയുന്നു. അവനോടൊപ്പം സസ്യശ്യാമളയായ പ്രകൃതിയും. ഇടവപ്പാതിക്കു കിഴക്കൻകാറുയരുന്നതും പുതുവർഷം പൊഴിയുന്നതും അവൻ കാത്തിരിക്കുകയായി.

അടുത്ത ആണ്ടറുതി ഓണമാണ്. കർക്കടകസ്സംക്രാന്തി മുതൽ അതിന്റെ ഒരുക്കം തുടങ്ങുന്നു. ദുർവിചാരങ്ങളുടെയും വൃത്തിഹീനതകളുടെയും ശുദ്ധീകരണമാണിതിൽ പ്രധാനം. ചേട്ടയെക്കളയുക എന്ന ഈ ചടങ്ങിന് സാനിറ്ററിയുടേതായ ഒരു ഔപചാരികതയുണ്ട്. അന്നെങ്കിലും നാലുകെട്ടിന്റെ ഉള്ളിൽ കണ്ണും കൈയും ചെല്ലാത്ത സ്ഥലമുണ്ടാവില്ല. അശണ്ഠകളെല്ലാം ഒരു പൊട്ടക്കലത്തിൽ ശേഖരിച്ച് ഒരു സ്ത്രീ അതേറ്റി ചൂലും ചാണകവെള്ളവുമായി പടിപ്പുറത്തെറിയുമ്പോൾ ചേട്ടേ ചേട്ടേ പോ പോ എന്നട്ടഹസിക്കും. അങ്ങനെ ചേട്ട പുറത്തും ശ്രീ അകത്തും എന്ന സങ്കൽപ്പത്തിൽ കർക്കടകത്തിലേക്കു കടക്കുകയായി.

കേരളത്തിൽ ക്ഷാമകാലമാണ് കർക്കടകമാസം. കൈയിരുപ്പും കരുതൽ ധനവും കൃഷിപ്പണിക്കായി ചെലവിട്ടുകഴിഞ്ഞു. പത്തായം കാലിയായി. പേടിസ്വപ്നം പോലെ തൂങ്ങിനിൽക്കുന്ന കാലവർഷവും. കരിയിടപേർന്ന കണ്ടങ്ങളിൽ വിരിപ്പുവിള കാറ്റാടി നിൽക്കുകയാണ്. പുതുനെല്ലിന്റെ മണവും പൊന്നിൻചിങ്ങത്തിന്റെ പിറവിയും സ്വപ്നംകണ്ട് ഈശ്വരവിചാരത്തിലും ഇലക്കറി ഭക്ഷണത്തിലും മുഴുകി ദിനരാത്രങ്ങൾ നീക്കും. അങ്ങനെ നാളും തീയതിയും നീങ്ങവേ ഒരുനാൾ തൊഴുത്തിൻപുറത്തു മത്ത പൂവിരിഞ്ഞു കാണും. കുടുംബിനിമാരുടെ മൊട്ടിട്ട ഓണസ്വപ്നങ്ങളും അതോടെ വികസിക്കുകയായി.

വട്ടന്റെ ചുണ്ടു ചുകന്നാൽ അത്തം മുറ്റത്തെത്തും. കിടാങ്ങൾ പൂവേ പൊലി, പൂവേ പൊലി എന്നാർത്തു കൂവിക്കൊണ്ടു പൂവട്ടിയുമായി കാടും മേടും തേടി വീട്ടുമുറ്റത്തു പൂവിടുന്ന ചടങ്ങിനു സവിശേഷ പ്രാധാന്യമുണ്ട്. അങ്ങനെ പൂക്കളുടെ ഉത്സവമായിത്തീരുന്നു ഓണം.

തൃക്കാക്കരത്തേവർ സമ്പൽസമൃദ്ധിയുടെ ദേവതാത്മാവും കേരളത്തിന്റെ പരദൈവവുമാണ്. കർക്കടകത്തിരുവോണം മുതൽ ചിങ്ങത്തിരുവോണംവരെ തൃക്കാക്കരക്ഷേത്രത്തിൽ ഉത്സവമാണ്. ഐശ്വര്യമൂർത്തിയായ തൃക്കാക്കരയപ്പൻ വീടുതോറും സന്ദർശനം നടത്തുന്നുവെന്നാണു സങ്കൽപ്പം. പച്ചമണ്ണുരുട്ടി ജനങ്ങൾ അദ്ദേഹത്തെ ആരാധിക്കുന്നു. ഈ ആഹ്ലാദവായ്പിനനുരൂപമായ പശ്ചാത്തലം ഇവിടത്തെ പ്രകൃതിയും ഒരുക്കിയിട്ടുണ്ടാവും. ഐശ്വര്യത്തിനുവേണ്ടി അധ്വാനിച്ചും ആരോഗ്യത്തിനുവേണ്ടി ആഹ്ലാദിച്ചും ശീലിച്ചിട്ടുള്ള കർഷകർക്ക് ഓണം ഒരു ഉത്സവമാണ്. തടസ്സങ്ങളും തകരാറുകളും തട്ടിത്തടഞ്ഞു കടന്നുപോകുന്ന അവരുടെ ജീവിതത്തിൽ ഓണം ഒരു വഴിത്താവളംതന്നെയാണ്.

തുലാവർഷം കഴിഞ്ഞു. വൃശ്ചികക്കാറ്റടങ്ങി. മഞ്ഞുവീണു. ഇലകൊഴിഞ്ഞ ആ ഹേമന്തഋതുവിലെ ഒരു ഉത്സവമാണ് തിരുവാതിര. സുമംഗലികൾക്കാണ് തിരുവാതിര പ്രധാനം. പതിപ്രീതി നേടുക എന്നതാണ് ആർദ്രാവ്രതാചരണത്തിന്റെ ലക്ഷ്യം. ശ്രീപാർവതിയാണ് അവരുടെ ആരാധ്യദേവത. ഭർത്തൃപ്രീതിക്കു ചിരകാലതപസ്സനുഷ്ഠിച്ച പാർവതിയിൽ ശിവന് അനുരാഗമങ്കുരിപ്പിച്ച രതികാമന്മാരെ പൂജിക്കുകയും അങ്ങനെ കുടുംബസൗഖ്യം കൈവരുത്തുകയുമാണ് ആചരണം.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



അശ്വതിമുതൽക്കു പുലരാൻ കാലത്തു തെളിവെള്ളത്തിലിറങ്ങി സുമംഗലികൾ സഖികളോടൊപ്പം ആടുകയും പാടുകയും ഉല്ലസിക്കുകയും ചെയ്യുന്നു. പ്രഭാതത്തിൽ ശുഭ്രവസ്ത്രാലങ്കാരച്ചേലോടെ ഊഞ്ഞാലാടുകയും കൈകൊട്ടിക്കളിക്കുകയും വേണം. ഇളനീർ, കിഴങ്ങ്, പഴവർഗങ്ങൾ തുടങ്ങിയവ ഭക്ഷണവിഭവങ്ങളാണ്. രാത്രിയിൽ സുമംഗലസ്ത്രീകൾ നടുമുറ്റത്തൊരുമിച്ചുചേർന്ന് ആതിരപ്പൂ ചൂടണം. ഈ ചടങ്ങുകൾ ഭർത്താവോടൊത്തു സമൃദ്ധവും സംതൃപ്തവുമായ ഗാർഹികജീവിതം കൈവരുത്തുവാനുദ്ദേശിച്ചുള്ളവയാണ്.

അധ്വാനിക്കുക, അനുഭവിക്കുക, ആഹ്ലാദിക്കുക എന്നതാണ് കേരളീയ ജീവിതാദർശം. അതിനനുകൂലമായ സാഹചര്യം ഇവിടത്തെ പ്രകൃതിയും പൂക്കളും ആണ്ടറുതികളും ഒരുക്കിത്തരുന്നു - ഇന്ന് എല്ലാം നഷ്ടപ്പെട്ട സൗഭാഗ്യത്തിന്റെ സ്വപ്നങ്ങളാണെങ്കിൽക്കൂടി.

**(വെടിവട്ടം)** **- വി.ടി. ഭട്ടതിരിപ്പാട്**

- നമ്മുടെ സംസ്കാരത്തിൽ പൂക്കൾക്കുള്ള സ്ഥാനത്തെക്കുറിച്ച് വി.ടിയുടെ നിരീക്ഷണങ്ങൾ എന്തെല്ലാമാണ്? കണ്ടെത്തി കുറിപ്പ് തയാറാക്കുക.
- നമ്മുടെ കാർഷികസംസ്കാരവും ആഘോഷങ്ങളും പരസ്പരം ബന്ധപ്പെട്ടുകിടക്കുന്നു. ഇതിന്റെ സൂചനകൾ പാഠഭാഗത്തുനിന്നു കണ്ടെത്തി എഴുതുക.
- 
  - "ചാമുണ്ഡിക്കാവിന്റെ മുറ്റത്ത് പൂത്തുനിൽക്കുന്ന കുങ്കുമം ഈ വിനോദവേളയ്ക്കുള്ള കളിവിളക്കുനാട്ടലാണ്."
  - "ഈ ഋതു വേനൽച്ചൂടിലൂടെ ഇഴഞ്ഞിഴഞ്ഞ് മായുന്നു."

  ഇത്തരം സവിശേഷപ്രയോഗങ്ങൾ കണ്ടെത്തി വ്യാഖ്യാനിക്കുക.
- 'ലോകം' ഒരു നാമപദമാണ്. ഈ നാമപദത്തിൽനിന്നു രൂപപ്പെടുന്ന മറ്റൊരു പദമാണ് ലൗകികം. ഇത്തരത്തിൽ രൂപപ്പെടുന്ന മറ്റു പദങ്ങൾ പാഠഭാഗത്തുനിന്നു കണ്ടെത്തി എഴുതുക.
- കരാരവിന്ദം - അരവിന്ദം പോലുള്ള കരം

  പൊൻനാണയം - പൊന്നുകൊണ്ടുള്ള നാണയം

  കൂടുതൽ സമസ്തപദങ്ങൾ കണ്ടെത്തി ഘടകപദങ്ങളാക്കി എഴുതുക.
- "വിഷു അധ്വാനത്തിന്റെയും ഓണം സമൃദ്ധിയുടെയും തിരുവാതിര സൗന്ദര്യത്തിന്റെയും പ്രതീകങ്ങളാണെന്ന് ഞാൻ വിചാരിക്കുന്നു."

  "അധ്വാനിക്കുക, അനുഭവിക്കുക, ആഹ്ലാദിക്കുക എന്നതാണ് കേരളീയ ജീവിതാദർശം. അതിനനുകൂലമായ സാഹചര്യം ഇവിടത്തെ പ്രകൃതിയും പൂക്കളും ആണ്ടറുതികളും ഒരുക്കിത്തരുന്നു- ഇന്ന് എല്ലാം നഷ്ടപ്പെട്ട സൗഭാഗ്യത്തിന്റെ സ്വപ്നങ്ങളാണെങ്കിൽക്കൂടി."

  - വി.ടിയുടെ ഈ നിഗമനങ്ങൾ വിശകലനം ചെയ്ത് മുഖപ്രസംഗം തയാറാക്കുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





# കാർമുകിലിന് ഗദ്യത്തിൽ ഒരു അർച്ചനാഗീതം

എനിക്ക് മഴയേക്കാൾ ഇഷ്ടം കാർമുകിലാണ്. മഴ വരുന്നു എന്ന് ആരെങ്കിലും പറയുമ്പോൾ ഞാൻ പുറത്തേക്ക് ഇറങ്ങി ആകാശത്തേക്കു നോക്കി നിൽക്കുന്നു. പെയ്യുന്ന മഴയേക്കാൾ പെയ്യാൻ വിതുമ്പിനിൽക്കുന്ന കാർമേഘങ്ങളാണ് എനിക്കിഷ്ടം. പ്രവാഹസന്നദ്ധമായി നിൽക്കുന്ന കാർമേഘം പ്രവാഹസന്നദ്ധമായി നിൽക്കുന്ന മനസ്സുപോലെയാണ്, പ്രവാഹസന്നദ്ധമായി നിൽക്കുന്ന കവിതപോലെയാണ്, പ്രവാഹസന്നദ്ധമായി നിൽക്കുന്ന ആശയങ്ങൾപോലെയാണ്. മഴക്കാറിനെ നോക്കിനിൽക്കുമ്പോൾ കിട്ടുന്ന ഒരുതരം ഉണർവ് എന്റെ മനസ്സിൽ ആശയസമൃദ്ധിയുണ്ടാക്കാറുണ്ട്. എനിക്കതു പ്രചോദനത്തിന്റെ നീലക്കാറാണ്.

പ്രഭാതത്തിലെ കാർമുകിലിന് കൂടുതൽ സൗന്ദര്യമുണ്ടെന്ന് എനിക്ക് തോന്നാറുണ്ട്. ചിലപ്പോൾ അത് ആകാശത്തിൽ കറുത്ത സിംഹം പോലെ നിൽക്കുന്നതായി തോന്നും. മറ്റു ചിലപ്പോൾ അത് എന്റെ കാഴ്ചയിൽ ചെറിയ ചെറിയ കൊടുമുടികളുമായി പ്രത്യക്ഷപ്പെടുന്ന നീലക്കാർ പർവതമായി മാറുന്നു. നിദ്രയ്ക്ക് കാർമുകിലിന്റെ നിറമാണെന്ന് ഞാൻ വെറുതെ ഭാവനചെയ്യാറുണ്ട്. മറ്റുള്ളവർക്ക് ഇത് കിറുക്കുകളായി തോന്നാം.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ആകാശത്തിലെ മഹാവിസ്തൃതിയിൽ കാർമുകിൽ ഏകാന്തത അനുഭവിക്കുന്നതായി എനിക്ക് തോന്നാറുണ്ട്. അതിനാൽ മേഘത്തെപ്പോലെ ഏകാകി എന്ന വേഡ്സ്‌വർത്തിന്റെ കൽപ്പന എനിക്ക് ഇഷ്ടമായിരുന്നു. ആ ഭാവനയുമായി എന്റെ ചിന്ത പെട്ടെന്ന് താദാത്മ്യത്തിലായി. വില്യം ബ്ലേക്കിന് മേഘം ദൈവത്തിന്റെ തേരായിരുന്നു. പെട്ടെന്ന് കാണപ്പെടുകയും ക്ഷണത്തിൽ തിരോഭവിക്കുകയും ചെയ്യുന്ന മേഘം യേറ്റ്സിന് ഫലപ്രദമല്ലാത്ത തത്ത്വമായിരുന്നു. മറ്റു ചില കാവ്യഭാവനകളിൽ മേഘങ്ങൾ സർവശക്തന്റെ തൂണുകളാണ്. സർവശക്തൻ അതിന്റെ പിന്നിൽ മറഞ്ഞിരിക്കുന്നതായി സങ്കൽപ്പിക്കപ്പെട്ടിരിക്കുന്നു. ഇനിയും ചില കവികൾക്ക് മേഘം സ്രഷ്ടാവിന്റെ ഇരുണ്ട തേരാണ്. അതു മനുഷ്യന് അനുകൂലമായിനിൽക്കുന്നു. കാരണം ചിലപ്പോഴെങ്കിലും മേഘം കത്തിജ്ജ്വലിക്കുന്ന സൂര്യനെതിരെയുള്ള ജീവജാലങ്ങളുടെ രക്ഷാകവചമാണ്. മേഘം ഘനീഭവിച്ച മഴയാണ്. ഭൂമിയെ ഫലഭൂയിഷ്ഠമാക്കുന്ന ഘനീഭവിച്ച അനുഗ്രഹമാണത്. കാരണം, അതു ഭൂമിയുടെ വന്ധ്യത ഇല്ലാതാക്കുന്നു.

മേഘങ്ങൾ ഉണ്ടാകുന്നതിന്റെ ദുരൂഹത ഭൂതകാല മനസ്സിന് ഒരു പ്രശ്നമായിരുന്നു. അരിസ്റ്റോഫനീസിന്റെ 'മേഘങ്ങൾ' വായിച്ചത് ഓർക്കുന്നു. സോക്രട്ടീസിന്റെ ദൈവനിന്ദയെ വിമർശിക്കാനും അദ്ദേഹത്തിന്റേതു ന്യായരഹിതമായ വാദങ്ങളാണെന്ന് സമർഥിക്കാനും വേണ്ടിയാണ് അരിസ്റ്റോഫനീസ് 'മേഘങ്ങൾ' എന്ന കോമഡി എഴുതിയത്. ആ നാടകത്തിൽ മേഘങ്ങളുടെ ഉജ്ജ്വലമായ സംഘഗാനം നാം കേൾക്കുന്നു. കാറ്റും കൊടുങ്കാറ്റും അവ്യവസ്ഥയും കൊണ്ടുവരുന്നത് മേഘങ്ങളാണെന്നു പറയുന്നു. കാറ്റും മഴയും കൊണ്ടുവരുന്നത് സ്യൂസ് അല്ല, മേഘങ്ങളാണെന്ന് സോക്രട്ടീസ് പറയുന്നു. മേഘങ്ങൾ ഉണ്ടാകുന്നത് എങ്ങനെ എന്ന ചോദ്യത്തിന് അത് ഊർജം മൂലമാണെന്ന് സോക്രട്ടീസ് മറുപടി പറയുന്നു. സ്യൂസ് അല്ല, ഡിനോസ് എന്ന സൂക്ഷ്മവസ്തുവാണ് മേഘത്തെ സൃഷ്ടിക്കുന്നത് എന്നായിരുന്നു സോക്രട്ടീസിന്റെ വാദം. സോക്രട്ടീസിനെ കളിയാക്കാൻ വേണ്ടിത്തന്നെയാണ് ഇതൊക്കെ അവതരിപ്പിക്കുന്നത്. എന്നാൽ ഇതിന് പ്രേരണയായി ത്തീർന്നതു മേഘങ്ങൾ ഉണ്ടാകുന്നതിന്റെ ദുരൂഹതയായിരുന്നു. പ്രാചീനകാലത്തിലെ കവികൾ മാത്രമല്ല, നാടകകൃത്തുക്കളും അനിർവചനീയതയെ വിഷയമാക്കിയിരുന്നതു മേഘങ്ങളിലൂടെയാണ്.

മേഘങ്ങളുടെ വരവും പോക്കും മനുഷ്യബോധത്തിന് അജ്ഞാതമാണെന്ന ചിന്ത ബൈബിളിലുണ്ട്. അദ്ഭുതകരങ്ങളായ വചനങ്ങളാണ് മേഘത്തെക്കുറിച്ച് വേദപുസ്തകത്തിലുള്ളത്. മേഘങ്ങൾ ആകാശത്തു പെട്ടെന്നു കാണപ്പെടുകയും അതിവേഗം തിരോഭവിക്കുകയും ചെയ്യുന്നു. അതിനാൽ വേദപുസ്തകത്തിൽ മേഘം അനിത്യതയുടെ പ്രതീകമായി കടന്നുവരുന്നു. ചിലപ്പോൾ അത് കഷ്ടതയുടെ അടയാളമാണ്. വാർധക്യത്തിന്റെ അടയാളമായും മേഘം ഭാവനചെയ്യപ്പെട്ടിട്ടുണ്ട്. മേഘങ്ങളിൽ മഴവെള്ളം നിറച്ചുവച്ചിരി





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ക്കുന്നു എന്ന് 'ഇയ്യോബിന്റെ പുസ്തക'ത്തിൽ പറയുന്നുണ്ട്. ഔന്നത്യത്തിന്റെ അടയാളമായും മേഘം പ്രത്യക്ഷപ്പെടുന്നുണ്ട്. ചില സന്ദർഭങ്ങളിൽ സമുദ്രത്തിന്റെ വസ്ത്രമായി മേഘങ്ങൾ കൽപ്പനചെയ്യപ്പെടുന്നതു കാണാം. മേഘങ്ങൾ യോഗാത്മക തലങ്ങളിൽ വിശദീകരിക്കപ്പെടുന്ന ഒരുപാടു സന്ദർഭങ്ങൾ വേദപുസ്തകത്തിൽ കാണാം. 'പുറപ്പാട്പുസ്തക'ത്തിൽ മേഘം ദൈവത്തിന്റെ സാന്നിധ്യത്തെ ധ്വനിപ്പിക്കുന്നു. ദൈവത്തെ ജനങ്ങളിൽനിന്ന് മേഘം മറച്ചുപിടിക്കുന്നു എന്നു ഭാവനചെയ്യുന്നതു കാണാം. മേഘങ്ങൾ യഹോവയുടെ രഥമാണെന്നു പറയുന്നു. മിശിഹായും അവന്റെ ഭക്തന്മാരും മേഘത്തിലൂടെ സ്വർഗത്തിലേക്കു പ്രവേശിക്കുന്നു എന്ന കൽപ്പനയും ബൈബിളിൽ കാണാം.

പി. കുഞ്ഞിരാമൻനായർ വർഷമേഘത്തിന്റെ പാട്ടു കേൾക്കുന്നത് എന്റെ ഓർമ്മയിൽ വരുന്നു. അദ്ദേഹത്തിന്റെ കർക്കടക മാരിമേഘം വരുന്നു എന്നു തുടങ്ങുന്ന വരികൾ ഓർമ്മവരുന്നു. മഴയ്ക്കുമുമ്പുള്ള കാർമുകിലിനെ നോക്കിനിൽക്കുമ്പോൾ ഇത്തരം ഒരുപാട് ആശയങ്ങളും കാവ്യഭാഗങ്ങളും എന്റെ മനസ്സിലൂടെ കടന്നുപോകാറുണ്ട്. ഇത് കാർമുകിലിനുള്ള അർച്ചനാലേഖനം മാത്രമല്ല, കാർമുകിലിനെക്കുറിച്ചുള്ള എന്റെ കിറുക്കുകൾ കൂടിയാണ്.

**(പ്രകോപനങ്ങളുടെ പുസ്തകം)** **– കെ.പി. അപ്പൻ**

- സാഹിത്യകാരന്മാർ മേഘത്തെ വിവിധതരത്തിൽ കൽപ്പന ചെയ്തിട്ടുണ്ട്. അവ കണ്ടെത്തി എഴുതുക.
- "മേഘങ്ങൾ യഹോവയുടെ രഥമാണെന്നു പറയുന്നു." ബൈബിളിലെ മേഘസംബന്ധിയായ മറ്റ് എന്തെല്ലാം കൽപ്പനകൾ പാഠഭാഗത്തുണ്ട്? കണ്ടെത്തി എഴുതുക.
- മേഘത്തെക്കുറിച്ച് ലേഖകന്റെ നിരീക്ഷണങ്ങളിൽ നിങ്ങളെ ഏറ്റവും ആകർഷിച്ചവ ഏതെല്ലാം? എന്തുകൊണ്ട്?
- "പെയ്യാൻ വിതുമ്പിനിൽക്കുന്ന കാർമേഘങ്ങൾ"
  -ഇതുപോലെ പാഠഭാഗത്തുള്ള സവിശേഷപ്രയോഗങ്ങൾ കണ്ടെത്തിയെഴുതുക.
- "പ്രവാഹസന്നദ്ധമായി നിൽക്കുന്ന കാർമേഘം പ്രവാഹസന്നദ്ധമായി നിൽക്കുന്ന മനസ്സുപോലെയാണ്, പ്രവാഹസന്നദ്ധമായി നിൽക്കുന്ന കവിതപോലെയാണ്, പ്രവാഹസന്നദ്ധമായി നിൽക്കുന്ന ആശയങ്ങൾ പോലെയാണ്."

  ലേഖനത്തിലെ ഈ ഭാഗത്തെ ആകർഷകമാക്കുന്ന ഘടകങ്ങൾ എന്തെല്ലാം? വിശകലനം ചെയ്ത് കുറിപ്പാക്കുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# മുക്തകങ്ങൾ



പാടത്തിൻ കര നീളെ നീലനിറമായ്
വേലിക്കൊരാഘോഷമായ്
ആടിത്തൂങ്ങിയലഞ്ഞുലഞ്ഞു സുകൃതം
കൈക്കൊണ്ടു നിൽക്കും വിധൗ
വാടാതേ വരികെന്റെ കൈയിലധുനാ
പീയൂഷഡംഭത്തെയും
ഭേദിച്ചൻപൊടു കയ്പവല്ലി തരസാ
പെറ്റുള്ള പൈതങ്ങളേ!

– ചേലപ്പറമ്പു നമ്പൂതിരി



ആരാമത്തിൽക്കുളിർക്കൽത്തറയിലരചർ വ-
ന്നാചരിക്കുന്ന ലീലോ-
ദാരാനർഘോപചാരാൽ വളരുമൊരഴകേ-
റുന്ന പൂവല്ലിതാനും
ആരാരും നോക്കിടാതേ മതിൽ വിടവിൽ മുള-
ച്ചുന്തിയെത്തിച്ചു നോക്കാൻ
പോരാപ്പാഴ്‌വള്ളി നീയും പുണരുമിനകര-
ങ്ങൾക്കു തുല്യോത്സവങ്ങൾ

– നാലപ്പാട്ട് നാരായണമേനോൻ

JT 221-4/ MAL-8AT



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- കയ്പവല്ലി പ്രകൃതിക്ക് അലങ്കാരമായിത്തീരുന്നത് എങ്ങനെ?
- അമൃതിന്റെ അഹങ്കാരത്തെ ഭേദിക്കുന്നതാണ് കയ്പയ്ക്ക എന്നു പറയുന്നത് എന്തുകൊണ്ടാവാം?
- "പ്രകൃതി സമഭാവനയുടെ പാഠമാണു നൽകുന്നത്" -നാലപ്പാട്ട് നാരായണമേനോന്റെ മുക്തകം വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.
- മുക്തകങ്ങൾ പരിചയപ്പെട്ടല്ലോ. കൂടുതൽ മുക്തകങ്ങൾ കണ്ടെത്തി ക്ലാസിൽ അക്ഷരശ്ലോകസദസ്സ് സംഘടിപ്പിക്കുക.

## ഞാൻ എന്നെക്കുറിച്ച്

- താഴെ കൊടുത്ത പ്രവർത്തനങ്ങളിൽ എത്രമാത്രം മികച്ചുനിൽക്കുന്നുവെന്ന് സ്വയം വിലയിരുത്തി എഴുതുക.

**ശ്രാവ്യവായന**

- ഉച്ചാരണസ്ഫുടത
- അർഥബോധം
- ആശയത്തിനനുയോജ്യമായ ശബ്ദവ്യതിയാനം
- ഒഴുക്ക്

**വായന**

- പ്രധാനാശയങ്ങൾ കണ്ടെത്തുന്നതിൽ.
- പ്രബന്ധങ്ങൾ, നിരൂപണങ്ങൾ എന്നിവ വായിച്ച് വിശകലനം ചെയ്യുന്നതിൽ.
- വായനയിലൂടെ സ്വാംശീകരിച്ച ആശയങ്ങൾ, ശൈലികൾ, പ്രയോഗങ്ങൾ മുതലായവ നൂതന സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നതിൽ.

**വിശകലനക്കുറിപ്പ്**

- പ്രസക്തമായ ആശയങ്ങൾ കണ്ടെത്തുന്നതിൽ.
- പ്രയോഗങ്ങൾ, ശൈലികൾ എന്നിവയുടെ ഔചിത്യവും ഭംഗിയും വിശകലനം ചെയ്യുന്നതിൽ.
- സ്വാഭിപ്രായം യുക്തിയോടെ അവതരിപ്പിക്കുന്നതിനിണങ്ങിയ ഭാഷ (സവിശേഷപ്രയോഗം, ശൈലി) ഉപയോഗിക്കുന്നതിൽ.
- ആശയം ചുരുക്കി അവതരിപ്പിക്കുന്നതിൽ.




Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



എഴുത്തുകാരെ അറിയുക



## വി. ടി. ഭട്ടതിരിപ്പാട് (1896 - 1982)

വെള്ളിത്തിരുത്തിത്താഴത്ത് രാമൻ ഭട്ടതിരിപ്പാട്. അങ്കമാലി കിടങ്ങൂരിൽ ജനനം. സാമൂഹിക പരിഷ്കർത്താവ്, നാടകകൃത്ത് എന്നീ നിലകളിൽ പ്രസിദ്ധൻ. അടുക്കളയിൽനിന്ന് അരങ്ങത്തേക്ക് (നാടകം), കണ്ണീരും കിനാവും, കർമ്മവിപാകം, വെടിവട്ടം, രജനീരംഗം, സത്യം എന്നത് ഇവിടെ മനുഷ്യനാകുന്നു തുടങ്ങിയവയാണ് പ്രധാന കൃതികൾ. കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്.




## കെ. പി. അപ്പൻ (1936 - 2008)

ആലപ്പുഴയിൽ ജനനം. സാഹിത്യനിരൂപകൻ, അധ്യാപകൻ എന്നീ നിലകളിൽ പ്രസിദ്ധൻ. ക്ഷോഭിക്കുന്നവരുടെ സുവിശേഷം, തിരസ്കാരം, കലഹവും വിശ്വാസവും, വരകളും വർണങ്ങളും, ബൈബിൾ വെളിച്ചത്തിന്റെ കവചം തുടങ്ങിയ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. കേരള സാഹിത്യ അക്കാദമി അവാർഡ്, കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് തുടങ്ങി നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

## ചേലപ്പറമ്പു നമ്പൂതിരി

1690നും 1780നും ഇടയ്ക്ക് ജീവിതകാലം. കോഴിക്കോടിനടുത്ത് ചാലിയമാണ് ജന്മസ്ഥലമെന്ന് കരുതുന്നു. മുക്തകരചയിതാക്കളിൽ പ്രമുഖൻ. പാട്ടുണ്ണിചരിതം അദ്ദേഹത്തിന്റെ മറ്റൊരു കൃതിയാണ്.



## നാലപ്പാട്ട് നാരായണമേനോൻ (1887 - 1954)

പൊന്നാനിക്കടുത്തുള്ള വന്നേരി നാലപ്പാട്ട് തറവാട്ടിൽ ജനനം. കവി, വിവർത്തകൻ എന്നീ നിലകളിൽ പ്രശസ്തൻ. കണ്ണുനീർത്തുള്ളി (വിലാപകാവ്യം), പാവങ്ങൾ (വിവർത്തനം), രതിസാമ്രാജ്യം, ചക്രവാളം, ആർഷജ്ഞാനം, സുലോചന തുടങ്ങിയവ പ്രധാന കൃതികൾ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## പദകോശം

| | |
|---|---|
| അധുനാ | - ഇപ്പോൾ |
| അനർഘം | - വിലമതിക്കാനാവാത്ത ബഹുമാനം അർഹിക്കുന്ന |
| അനിത്യം | - സ്ഥിരമല്ലാത്ത |
| അനിർവചനീയം | - നിർവചിക്കാൻ കഴിയാത്ത |
| അരചൻ | - രാജാവ് |
| അരവിന്ദം | - താമര |
| ആരാമം | - പൂന്തോട്ടം |
| ഇനൻ | - സൂര്യൻ |
| ഉൽക്കർഷം | - ഉയർച്ച |
| കലവി | - കളി, ആഘോഷം |
| ക്ലേശഭൂയിഷ്ഠം | - ക്ലേശം നിറഞ്ഞ |
| ഗാർഹികം | - ഗൃഹസംബന്ധമായ |
| ഘനീഭവിച്ച | - കട്ടപിടിച്ച |
| ജീവിതദുർഗം | - ജീവിതപ്രയാസം |
| ഡംഭം | - അഹങ്കാരം |
| തരസാ | - വേഗത്തിൽ, പെട്ടെന്ന് |
| താദാത്മ്യം | - ഐക്യം |
| തിരോഭവിക്കുക | - മറയുക |
| ദുരൂഹത | - ഊഹിക്കാൻ വിഷമമുള്ള |
| നവോത്ഥാനം | - പുത്തൻ ഉണർവ് |
| നൈതികധർമ്മം | - നീതിപൂർവം അനുഷ്ഠിക്കേണ്ട കാര്യങ്ങൾ |
| പത്മാസനം | - ഒരു യോഗാസനം |
| പീയൂഷം | - അമൃത്, തേൻ |
| പുരികുഴൽ | - അറ്റം ചുരുണ്ട തലമുടി |
| പൂപ്പാലിക | - പൂത്തട്ടം |
| പ്രചോദനം | - പ്രേരണ |
| പ്രതീകം | - അടയാളം, പ്രതിബിംബം |
| മുഖരിതം | - മുഴങ്ങുന്ന |
| ലൗകികം | - ലോകസംബന്ധമായ |
| വട്ടൻ | - ഒരിനം നെല്ല്, ഭ്രാന്തൻ |
| വിധൗ | - സമയത്ത് |
| വിനിവേശയന്തം | - പ്രവേശിപ്പിച്ചിരിക്കുന്ന |
| വിരാജിക്കുക | - ശോഭിക്കുക |
| വൈദികം | - വേദത്തെ സംബന്ധിക്കുന്നത് |
| ശബളം | - കൂടിക്കലർന്ന |
| സുകൃതം | - പുണ്യം |
| സന്നദ്ധം | - ഒരുങ്ങിയ |

### പഠനനേട്ടങ്ങൾ

- ഗദ്യഭാഷയിലെ കാവ്യാത്മകത തിരിച്ചറിയുകയും സമാനമായ പ്രയോഗങ്ങൾ സ്വന്തം രചനകളിൽ ഔചിത്യപൂർവം പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.
- ഉപന്യാസം, നിരൂപണം, മുക്തകം എന്നിവയുടെ സവിശേഷതകൾ പരിചയപ്പെടുകയും അവയിലെ ആശയങ്ങൾ, പ്രയോഗങ്ങൾ, ശൈലികൾ എന്നിവ ഉൾപ്പെടുത്തി വ്യവഹാരരൂപങ്ങൾ തയാറാക്കുകയും ചെയ്യുന്നു.
- പ്രകൃതിപ്രതിഭാസങ്ങൾ കലാസാഹിത്യസൃഷ്ടികളിൽ ആവിഷ്കരിച്ചിരിക്കുന്നതിലെ വൈവിധ്യവും സവിശേഷതയും കണ്ടെത്തി പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നു
- ഉച്ചാരണസ്ഫുടത, അർഥബോധം, ശബ്ദക്രമീകരണം, ഒഴുക്ക് എന്നിവയോടെ ഗദ്യപാഠങ്ങൾ വായിച്ചവതരിപ്പിക്കുന്നു.
- വസ്തുതകൾ വിശകലനം ചെയ്ത് പൊതുകാഴ്ചപ്പാടോടെ മുഖപ്രസംഗം തയാറാക്കുന്നു.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

3

# അന്യജീവനുതകി സ്വജീവിതം

ഇന്ത്യ
17.07.1945

പ്രിയപ്പെട്ട പ്രധാനമന്ത്രീ,

എളിയ ഈ 'നഗ്നനായ ഫഖീറി'നെ – താങ്കൾ എന്നെ അങ്ങനെ വിശേഷിപ്പിച്ചതായി പറയപ്പെടുന്നു– തകർക്കാൻ താങ്കൾക്ക് ആഗ്രഹമുണ്ടെന്ന് അറിയുന്നു. ഒരു ഫഖീറായിരിക്കാൻ, നഗ്നനായ ഒരു ഫഖീറായിരിക്കാൻ വളരെക്കാലമായി ഞാൻ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കുറേക്കൂടി പ്രയാസമുള്ള ഒരു ഉദ്യമമാണ് അത്. അതിനാൽ ആ പ്രയോഗത്തെ ഒരു ബഹുമതിയായി ഞാൻ ഗണിക്കുന്നു; താങ്കൾ അങ്ങനെ ഉദ്ദേശിച്ചിരിക്കുകയില്ലെങ്കിലും, ആ നിലയിൽത്തന്നെ താങ്കളെ ഞാൻ സമീപിക്കുന്നു. താങ്കളുടെയും എന്റെയും നാട്ടിലെ ജനതകൾക്കുവേണ്ടിയും തദ്വാരാ ലോകജനതയ്ക്കു വേണ്ടിയും എന്നെ വിശ്വസിക്കാനും പ്രയോജനപ്പെടുത്താനും താങ്കളോട് ഞാൻ ആവശ്യപ്പെടുകയും ചെയ്യുന്നു.

താങ്കളുടെ ആത്മാർഥ സുഹൃത്ത്
എം.കെ. ഗാന്ധി

*(രണ്ടാം ലോകയുദ്ധകാലത്ത് ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന വിൻസ്റ്റൺ ചർച്ചിലിന് വൈസ്രോയി മുഖാന്തരം മഹാത്മജി അയച്ചതാണ് ഈ കത്ത്).*




ഗാന്ധിജിയുടെ മഹത്ത്വം വ്യക്തമാക്കുന്ന എന്തെല്ലാം കാര്യങ്ങളാണ് ഈ കത്തിലുള്ളത്? വിശദമാക്കുക.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# എന്റെ ഗുരുനാഥൻ



**ലോ**കമേ തറവാടു തനിക്കീ,ച്ചെടികളും
പുൽകളും പുഴുക്കളും കൂടിത്തൻ കുടുംബക്കാർ;
ത്യാഗമെന്നതേ നേട്ടം; താഴ്മതാനഭ്യുന്നതി
യോഗവിത്തേവം ജയിക്കുന്നിതെൻ ഗുരുനാഥൻ.
താരകാമണിമാല ചാർത്തിയാലതും കൊള്ളാം!
കാറണിച്ചളി നീളെപ്പുരണ്ടാലതും കൊള്ളാം;
ഇല്ലിഹ സംഗം ലേപമെന്നിവ; സമസ്വച്ഛ-
മല്ലയോ വിഹായസ്സ,വ്വണ്ണമെൻ ഗുരുനാഥൻ.

*   *   *   *

ശസ്ത്രമെന്നിയേ ധർമ്മസംഗരം നടത്തുന്നോൻ,
പുസ്തകമെന്യേ പുണ്യാധ്യാപനം പുലർത്തുന്നോൻ.
ഔഷധമെന്യേ രോഗം ശമിപ്പിപ്പവൻ, ഹിംസാ-
ദോഷമെന്നിയേ യജ്ഞം ചെയ്‌വവനെന്നാചാര്യൻ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com




ശാശ്വതമഹിംസയാണമ്മഹാത്മാവിൻ വ്രതം
ശാന്തിയാണവിടേക്കു പരദേവത പണ്ടേ;
ഓതുമാറുണ്ടദ്ദേഹ "മഹിംസാമണിച്ചട്ട-
യേതുടവാളിൻ കൊടുവായ്ത്തല മടക്കാത്തൂ?"

*   *   *   *

ക്രിസ്തുദേവന്റെ പരിത്യാഗശീലവും, സാക്ഷാൽ
കൃഷ്ണനാം ഭഗവാന്റെ ധർമ്മരക്ഷോപായവും
ബുദ്ധന്റെയഹിംസയും, ശങ്കരാചാര്യരുടെ
ബുദ്ധിശക്തിയും, രന്തിദേവന്റെ ദയാവായ്പും
ശ്രീഹരിശ്ചന്ദ്രന്നുള്ള സത്യവും, മുഹമ്മദിൻ
സ്ഥൈര്യവുമൊരാളിൽച്ചേർന്നൊത്തുകാണണമെങ്കിൽ
ചെല്ലുവിൻ ഭവാന്മാരെൻ ഗുരുവിൻ നികടത്തി-
ലല്ലായ്കിലവിടുത്തെച്ചരിത്രം വായിക്കുവിൻ!
ഹാ! തത്ര ഭവൽപ്പാദമൊരിക്കൽ ദർശിച്ചെന്നാൽ
കാതരനതിധീരൻ, കർക്കശൻ കൃപാവശൻ!
പിശുക്കൻ പ്രദാനോൽക്കൻ; പിശുനൻ സുവചന-
നശുദ്ധൻ പരിശുദ്ധനലസൻ സദായാസൻ!
ഗീതയ്ക്കുമാതാവായ ഭൂമിയേ ദൃഢമിതു-
മാതിരിയൊരു കർമ്മയോഗിയെ പ്രസവിക്കൂ
ഹിമവദ്വിന്ധ്യാചല മധ്യദേശത്തേ കാണൂ
ശമമേ ശീലിച്ചെഴുമിത്തരം സിംഹത്തിനെ.
ഗംഗയാറൊഴുകുന്ന നാട്ടിലേ ശരിക്കിത്ര
മംഗളം കായ്ക്കും കല്പപാദപമുണ്ടായ്വരൂ!

**സാഹിത്യമഞ്ജരി നാലാം ഭാഗം – വള്ളത്തോൾ നാരായണമേനോൻ**





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- ഗാന്ധിജിയിൽ അപൂർവ ഗുണവിശേഷങ്ങളുടെ സമ്മേളനമുണ്ടെന്ന് വള്ളത്തോൾ സമർഥിക്കുന്നത് എങ്ങനെ?
- പ്രയോഗങ്ങളുടെ ആശയഭംഗി കണ്ടെത്തുക.
  - താഴ്മതാനഭ്യുന്നതി
  - ത്യാഗമെന്നതേ നേട്ടം
- താഴെക്കൊടുത്ത വരികൾ വിശകലനം ചെയ്ത് ഗാന്ധിജിയുടെ സവിശേഷതകൾ വ്യക്തമാക്കുക.


  “ശസ്ത്രമെന്നിയേ ധർമ്മസംഗരം നടത്തുന്നോൻ,
  പുസ്തകമെന്യേ പുണ്യാധ്യാപനം പുലർത്തുന്നോൻ.
  ഔഷധമെന്യേ രോഗം ശമിപ്പിപ്പവൻ, ഹിംസാ-
  ദോഷമെന്നിയേ യജ്ഞം ചെയ്‌വവനെന്നാചാര്യൻ.”

- “താരകാമണിമാല ചാർത്തിയാലതും കൊള്ളാം!
  കാറണിച്ചളി നീളെപ്പുരണ്ടാലതും കൊള്ളാം;
  ഇല്ലിഹ സംഗം ലേപമെന്നിവ; സമസ്വച്ഛ-
  മല്ലയോ വിഹായസ്സ്,വണ്ണമെൻ ഗുരുനാഥൻ.”

  ഈ വരികളെ ആകർഷകമാക്കുന്ന ഘടകങ്ങൾ കണ്ടെത്തി കുറിപ്പു തയാറാക്കുക.

-

“അവനിവനെന്നറിയുന്നതൊക്കെയോർത്താ-
ലവനിയിലാദിമമായൊരാത്മരൂപം
അവനവനാത്മസുഖത്തിനാചരിക്കു-
ന്നവയപരന്നു സുഖത്തിനായ്‌വരേണം”
*(ആത്മോപദേശശതകം-ശ്രീനാരായണഗുരു)*



“അഹിംസ
ഭീരുവിന്റെ ആയുധമല്ല;
ധീരന്റേതാണ്.”



“എന്റെ ജീവിതമാണ്
എന്റെ സന്ദേശം.”

മുകളിൽ കൊടുത്ത ആശയങ്ങളും കവിതയിലെ ആശയങ്ങളും ഉൾപ്പെടുത്തി ‘ഗാന്ധിയൻ ആദർശങ്ങളുടെ ഇന്നത്തെ പ്രസക്തി’ എന്ന വിഷയത്തിൽ പ്രസംഗം തയാറാക്കുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# ഭൂമിയുടെ സ്വപ്നം

ഒലിവുമലയുടെ താഴ്വരയിൽനിന്ന് സൈറയുടെ സന്ദേശം. മെയിൽബോക്സിലേക്ക് എത്ര തവണയാണ് അവൾ ക്ലിക്ക് ചെയ്തിരിക്കുന്നത്! ഒരു പേജ് മുഴുവൻ അതിന്റെ ആവർത്തനങ്ങൾ. സ്വയം മറന്നിരുന്ന് വിരൽ അമർത്തിയതുപോലെ. അവളുടെ സ്വപ്നങ്ങളിലെ ഇന്ത്യ യാഥാർഥ്യമാകുന്നതിന്റെ ആഹ്ലാദമാകാം. ബുദ്ധന്റെയും അശോകന്റെയും ശങ്കരാചാര്യരുടെയും മഹാത്മാഗാന്ധിയുടെയും രവീന്ദ്രനാഥടാഗോറിന്റെയുമൊക്കെ ജന്മസ്ഥലിയായ വിശ്രാന്തഭൂമിക. അശാന്തനഗരത്തിൽ നിന്ന് കൂടുവിട്ടു പറക്കാൻ മോഹിക്കുന്ന പക്ഷി തേടിയെത്തുന്ന നീലാകാശം.

യാത്രാവേളയിൽ ശാരോണിലെ പനിനീർപ്പൂവിനു സമ്മാനിച്ച കൊച്ചു മൂവർണക്കൊടി പഠനമേശയെ അലങ്കരിക്കുന്നുണ്ടാവാം. എത്ര യാദൃച്ഛികമായ സമാഗമം! ഒരിക്കലും മുൻപേ നിശ്ചയിച്ചുറപ്പിക്കാൻ കഴിഞ്ഞിട്ടില്ല, എന്റെ സഞ്ചാരപഥങ്ങൾ. ആകസ്മികതയുടെ അംശം എപ്പോഴും ഉൾച്ചേർന്നിരിക്കും. എന്റെ ജനനകാലത്ത് ഇല്ലത്തെ പ്രതാപങ്ങൾ അസ്തമിച്ചിരുന്നു. വിധി യാത്രയുടെ



എട്ട്

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



നദിയിൽ ഒരു നീർക്കുഴി ഒരുക്കിവച്ചു. പാതിവരച്ചിട്ട വർണഭംഗിയാർന്ന ചിത്രം പോലെ അച്ഛന്റെ ജീവിതം. നദീജലത്തിൽ അതു നനഞ്ഞു കുതിർന്നു. അനാഥമാക്കപ്പെട്ട രണ്ടു ജന്മങ്ങൾ; അമ്മയും ഞാനും.

കാലത്തിന്റെ ഇരുണ്ടവഴിയിൽ ഒറ്റപ്പെട്ടു. ആരുടെയും സഹായത്തിനു കാക്കാതെ സ്വയം കരുത്താർജിക്കുകയായിരുന്നു, അമ്മ. കൗമാരത്തിൽ കൗതുകത്തിനു പഠിച്ച പാട്ടുകൾ ഒന്നുകൂടി ചൊല്ലിയുറപ്പിച്ചു. നൃത്തത്തിന്റെ ചുവടുകൾ വീണ്ടെടുത്തു. ഇല്ലത്തെ വിശാലമായ തളത്തിൽ കലയുടെ രാഗവും താളവും മേളിച്ചപ്പോൾ അപശകുനമായി ഒതുങ്ങാതെ ഒരു വിധവ തനിക്കും ഉപനയനം കഴിയാത്ത മകനും ജീവിതമാർഗം തേടുകയായിരുന്നു; വിധിയെ വെല്ലുവിളിക്കുകയായിരുന്നു.

നാട്ടിൻപുറത്ത് മരക്കൂട്ടങ്ങൾക്കിടയിലൂടെ ഒരു നാടോടിപ്പാട്ടുപോലെ കുളിർകാറ്റു വീശി. കൊച്ചു നീർത്തോടുകളിലെ തെളിവെള്ളം ഒരുമിച്ചണഞ്ഞ് പുഴയായി ഒഴുകി. ഗ്രാമഹൃദയത്തിൽ ചന്ദനത്തിരികൾ സുഗന്ധം പരത്തി.

അമ്മയുടെ നെറ്റിയിൽ വലിയ കുങ്കുമപ്പൊട്ട് മായാതെകിടന്നു. കൈത്തണ്ടിൽ ഓട്ടുവള. അതിൽ തിരുപ്പിടിച്ച് മടിയിൽ മുഖം ചേർത്തിരുന്ന സായന്തനങ്ങൾ.

അമ്മ, അമ്മയായിരുന്നു എല്ലാം; ജീവിതബന്ധത്തിന്റെ പൊട്ടാത്ത ചരട്. ഇല്ലത്തിന്റെ പടിവാതിലിനു പുറത്തുകടക്കുമ്പോൾ അതിന്റെ ബലം അറിഞ്ഞിരുന്നു. വാൽസല്യത്തിന്റെ അദൃശ്യശക്തി പിടിവിട്ടുപോകാതെ സൂക്ഷിച്ചിരുന്നു. അതിരാവിലെ ഉണർന്നു കുളിച്ച് കാവിൽ തിരി തെളിക്കും. അമ്മ കെട്ടിവച്ച പുഷ്പമാല്യം ദേവീവിഗ്രഹത്തിൽ ചാർത്തും. മടങ്ങുംവഴി കാവിനോടു ചേർന്നുള്ള കുരിശുപള്ളിയിലെ ദൈവമാതാവിന്റെ ചിത്രത്തിനു മുന്നിൽ തൊഴുതു നിൽക്കും. എല്ലാം അമ്മയാണ്; എല്ലാ അമ്മമാരുടെയും അമ്മ.

പള്ളിക്കൂടത്തിലെ ഹാജർപുസ്തകത്തിൽ ഹർഷവർധനൻ എന്ന് ഗൗരവമുള്ള പേരുപതിഞ്ഞെങ്കിലും അമ്മ വിളിച്ചത് ഉണ്ണി എന്നാണ്. ഗ്രാമത്തിലെ സർവരും അതേറ്റു വിളിച്ചു. അങ്ങനെ എല്ലാവർക്കും ഉണ്ണിയായി. ഇല്ലായ്മകളെന്നും അറിയേണ്ടിവന്നില്ല. വിധിയെ സാധാരണമട്ടിൽ നേരിട്ട ഒരമ്മ. ഗ്രാമത്തിന്റെ ഐശ്വര്യമായി അവർ ആദരിക്കപ്പെട്ടു. ആ അമ്മയുടെ മകന് അനാഥത്വമില്ല. അവൻ വളരുന്നത് ആനന്ദത്തോടെ നോക്കിക്കണ്ട കണ്ണുകളിൽ നനവ്; നിർവൃതിയുടെ തിളക്കം.

ആ സ്നേഹത്തിനു തിരികെ കൊടുത്തത് പഠനത്തിലെ മികവും വിനയാന്വിതമായ പെരുമാറ്റവുമാണ്. ഇല്ലത്തെ ഉമ്മറപ്പടിയിലിരുന്നാൽ വിശാലമായ വയലേലകൾ കാണാം. കാലപ്പകർച്ച അടയാളപ്പെടുത്തുന്ന കൃഷിഭൂമി. കന്നിക്കൊയ്ത്തു കഴിയുമ്പോൾ അത് ഉഴുതുമറിച്ച മണ്ണാണ്. തുലാമഴ നനഞ്ഞു കുതിരുമ്പോൾ വിത്തുകൾ മുളപൊട്ടും. മനോഹരമായ പച്ചനിറം കണ്ണുകൾക്കു കുളിർമ പകരും. പിന്നെ പുലർകാലത്തു മഞ്ഞിന്റെ വെൺപാടകൊണ്ടു മറച്ച നെൽച്ചെടികൾ. കുംഭച്ചൂടിൽ പവിഴഭംഗികൾപൂണ്ട് നെൽക്കതിരുകൾ തലയാട്ടും. അത് കൊയ്ത്തുകാലം.

ഒരിക്കൽ ഈ പാടശേഖരങ്ങൾ ഇല്ലത്തെ അധീനതയിലായിരുന്നു. ഇന്നിപ്പോൾ പണിയെടുക്കുന്ന മനുഷ്യർക്ക് സ്വന്തം. നഷ്ടങ്ങൾക്കിടയിലും ജീവിതത്തെ നേരിട്ട അമ്മയുടെ മകന് ദുഃഖമോ പരിഭവമോ ഇല്ല. കുരുവിക്കു കൂടുകൂട്ടാൻ വൻമരത്തിലെ ചെറുശാഖ മതി; ഉണങ്ങിയ ഇലകളും ചുള്ളിക്കമ്പുകളും മതി.

എല്ലാം അമ്മയിൽനിന്നു പഠിച്ചു. ജീവിതത്തിന്റെ നേർവഴികളിലൂടെ നടന്നു. മരക്കൊമ്പിലിരുന്ന് ഒറ്റക്കണ്ണൻ ചകോരം ഉറ്റുനോക്കി. വയൽവരമ്പിൽ കൊറ്റികൾ തപസ്സു ചെയ്തിരുന്നു.

ഗ്രാമത്തിലെ സർക്കാർ പള്ളിക്കൂടത്തിലായിരുന്നു പഠനം. നമ്പ്യാര് മാഷ് ഇല്ലത്തുവന്ന് സംസ്കൃതത്തിൽ പ്രത്യേക ശിക്ഷണം നൽകി. സ്വന്തം വേരുകളെക്കുറിച്ച് നേരായ അറിവുകൾ. അതിന്റെ ശക്തിയിൽ വിജ്ഞാനത്തിന്റെ ആകാശങ്ങൾ തേടി പറന്നുയരൽ.

"ഈ ഉണ്ണി വളർന്ന് വലിയ പഠിപ്പും ഉദ്യോഗവുമൊക്കെയാകുമ്പോൾ അമ്മയെ വിട്ടുപോകില്ലേ, ഞങ്ങളെ മറക്കില്ലേ?"

ഇടയ്ക്കിടെ ഉയർന്ന അത്തരം ചോദ്യങ്ങൾക്ക് അമ്മ പുഞ്ചിരികൊണ്ടു മറുപടി നൽകി.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



മകന്റെ നടപ്പാതകൾ അമ്മ അറിയുന്നു. അമ്മയുടെ വാൽസല്യമാണ് അവന്റെ ചുവടുകൾക്കു പ്രകാശമാകുന്നത്. ഒരിക്കലും ആ വെളിച്ചത്തിനു മങ്ങലേൽക്കുകയുണ്ടായില്ല. പാതിരാവിലും ഉണർന്നിരുന്നു പഠിക്കുമ്പോൾ അമ്മയും ഉറങ്ങാതിരുന്നു. മുന്നിൽ വിടർത്തിവച്ച പുസ്തകം വായിക്കുന്നു എന്നു ഭാവിക്കുമ്പോഴും മനസ്സ് എന്നെ തേടുകയായിരുന്നല്ലോ.

അമ്മയുടെ പ്രാർഥനകളിൽ കരുത്താർജിച്ചു വളർന്നു.

"ദേവൂന്റെ ഉണ്ണി മിടുമിടുക്കനാണേയ്. അയാളീ ആകാശവും പിന്തള്ളി വളരൂന്നാ തോന്നണേ...."

അമ്മയുടെ വൈധവ്യത്തിൽ അവഗണിച്ചവർ, അനാഥശിശുവിനെപ്പോലെ ഒഴിവാക്കിയവർ ആശംസിക്കുന്നു. കേട്ടുകേട്ടു വാശി വളർത്തിയ വാക്കുകൾ. എല്ലാവരോടും വിനയത്തോടെ പെരുമാറുമ്പോഴും തോറ്റുകൊടുക്കുകയില്ല എന്നു ദൃഢപ്രതിജ്ഞ, അപരാജിതയായ അമ്മയുടെ മകന് നക്ഷത്രപഥങ്ങൾ സ്വപ്നം.

എല്ലാം ഒരു സ്വപ്നം പോലെയായിരുന്നു. സമർഥനായി പഠിച്ചുകയറി. ഉപരിപഠനത്തിനു തയാറെടുക്കുമ്പോൾ അമ്മയാണ് നിർബന്ധിച്ചത്:

"എന്റെ ഉണ്ണി എവിടെയായാലും എപ്പോഴും എന്നോടൊപ്പമുണ്ട്. എനിക്ക് വിശ്വാസമാണ്; നല്ല ധൈര്യമാണ്. ഇന്ത്യയിലെതന്നെ ഏറ്റവും മികച്ച കേന്ദ്രത്തിൽ പഠിക്കണം; ഉന്നതവിജയം കൈവരിക്കണം."

ആ ധൈര്യം മറ്റാരിലുമുപരി ഞാനറിഞ്ഞു. അതായിരുന്നു ആശ്വാസം. ഏതു പ്രതിസന്ധിയിലും തളരാത്ത അമ്മ; അമ്മയുടെ മകൻ.

ഐ.ഐ.ടി. എൻട്രൻസ് ടെസ്റ്റ് എഴുതി. മികച്ച റാങ്ക് വാങ്ങി. മുംബൈ ഐ.ഐ.ടിയിൽ എയ്റോസ്പേസ് എൻജിനിയറിങ്ങിന് പ്രവേശനം.

മനസ്സു വികാരസാന്ദ്രമായി. ഭൂമിയുടെ അന്തരീക്ഷവും അവിടം വിട്ട് ബഹിരാകാശവും. കുഞ്ഞുന്നാളിൽ തലയ്ക്കു മുകളിൽ വട്ടമിട്ടു പറക്കുന്ന വിമാനങ്ങൾ അമ്പരപ്പുളവാക്കി. ആ വിസ്മയലോകമാണ് കൈയെത്തിപ്പിടിക്കാൻ ശ്രമിക്കുന്നത്.

വീടുവിട്ട് അകലുകയാണ്. മുംബൈയിലെ പൊവായ്ത്തടാകതീരത്ത് മനോഹരമായ കാംപസ്. അമ്മയുടെ മനസ്സും മുഖവും പൂത്തുലഞ്ഞു. ഒരു മഹാസ്വപ്നം സഫലമാവുകയാണ്. സ്വയം നട്ടു വളർത്തിയ ചെടി. അത് ആകാശം നോക്കി വളർന്ന് ജീവിതപരിസരമാകെ തണൽ വിരിക്കുന്നു.



നാട്ടിൽ ചെറിയ ജോലിയുമായി ഒതുങ്ങുക. അമ്മ അരികിൽത്തന്നെ ഉണ്ടാകും. അതിലുപരി ഒരാനന്ദം ആവശ്യമില്ല. മനസ്സിൽ വേരൂന്നിയ അത്തരം ചിന്തകൾ പിഴുതെറിഞ്ഞത് അമ്മ.

"ഉണ്ണി അരികിൽ വേണമെന്നത് എന്റെ സ്വാർഥത. പക്ഷേ, ഒരമ്മയ്ക്ക് അങ്ങനെ സ്വാർഥിയാകാൻ സാധ്യമല്ല. നൊന്തുപെറ്റ മകനാണ്. പക്ഷേ, അത് വേറൊരു ജന്മം. സ്വന്തം നാടിന് സമർപ്പിക്കുന്നു. രാജ്യമാതാവിന്റെ അഭിമാനമായി



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ആ വ്യക്തിത്വം വികസിക്കണം. ധനസമ്പാദനമോ സ്വകാര്യമായ ഉയർച്ചയോ അല്ല, രാഷ്ട്രത്തിനു വേണ്ടി എന്തു നൽകാനാവുമെന്ന ചിന്ത മാത്രമേ ഉണ്ണിയിൽ ഉണ്ടാകാവൂ..."

ഇല്ലത്തെ ഒതുക്കമുള്ള ഇടനാഴികളിൽനിന്ന് അധികം പുറത്തു കടക്കാത്ത സ്ത്രീ. അവർ അമ്മയാണ്; അമ്മമാരുടെ പരമ്പരയിലെ ഒരു കണ്ണിയാണ്. തന്നിൽനിന്നു പിറന്ന മകൻ തന്റേതു മാത്രമല്ലെന്ന തിരിച്ചറിവ് ആ അമ്മയെ ദേവിയാക്കുന്നു.

ആദ്യമായി ഗ്രാമത്തോടു യാത്രപറയുമ്പോൾ മനസ്സ് നിശ്ശൂന്യമാക്കാൻ ശ്രമിച്ചു. ഞാൻ എങ്ങും പറന്നകലുന്നില്ല. എപ്പോഴും അമ്മയോട് ഒപ്പമാണ്. ഇനിയും മുറിച്ചു മാറ്റാത്ത പൊക്കിൾക്കൊടി. അതിന്റെ കരുത്ത് അറിയുന്നുണ്ട്.

കാവിൽ തൊഴുതു: 'ദേവീ, തുണ'. അത് ഗ്രാമത്തിന്റെ ആത്മസൗന്ദര്യമാണ്. ശ്രീമൂകാംബികാ ദേവിയുടെ പ്രഭാവമാവാഹിക്കുന്ന ചോറ്റാനിക്കര അമ്മ. ആ അമ്മയെയാണ് കാവിൽ കുടിയിരുത്തി യിരിക്കുന്നത്. കുരിശുപള്ളിയിൽ ഹൃദയത്തിൽ വാളുമായി വ്യാകുലമാതാവിന്റെ ചിത്രം. ആ വേദനിക്കുന്ന മുഖത്ത് അനുഗ്രഹത്തിന്റെ പുഞ്ചിരി വിടരുന്നു. മുന്നിൽ മെഴുകുതിരി കൊളുത്തി. കുഞ്ഞുന്നാളിൽ കൈകൾ കൂപ്പി പ്രാർഥിക്കാൻ പഠിപ്പിച്ചത് അമ്മയാണ്. മൂന്ന് അമ്മമാർ; എല്ലാ അമ്മമാരെയും പോലെ; ഗ്രാമം പോലെ; രാജ്യം പോലെ. ഭൂമിമാതാവിന്റെ ചൈതന്യം എങ്ങും നിറയുന്നു. മാതൃത്വത്തിന്റെ മഹാശക്തി.

"അമ്മേ മഹാമായേ!"

മഹാനഗരത്തിന്റെ തിരക്കുകളിലേക്കു വലിച്ചെറിയാതെ സൂക്ഷിച്ചു. പഠനത്തിന്റെ ഏകാഗ്രത നഷ്ടപ്പെടാതെ ഹോസ്റ്റലിന്റെ അതിരുകളിൽ ഒതുങ്ങി. ബിരുദവും ബിരുദാനന്തരബിരുദവും. സമർഥനായ വിദ്യാർഥി എന്നു പേരുകേട്ടു. ഗവേഷണപഠനത്തിന് സ്കോളർഷിപ്പ് തേടി വന്നു. അമ്മയുടെ പ്രാർഥന; അനുഗ്രഹം. ഓരോ ഘട്ടത്തിലും അമ്മയുടെ പ്രോൽസാഹനം; അന്തരീക്ഷ ത്തിൽ നക്ഷത്രമായി പ്രഭചൊരിയാൻ അത് കരുത്തായി.

"ഉണ്ണീ, പുസ്തകങ്ങളിൽ വായിച്ചറിഞ്ഞിട്ടേയുള്ളൂ; ഇനി വീണുകിട്ടുന്ന സന്ദർഭങ്ങൾ നന്നായി പ്രയോജനപ്പെടുത്തണം. നാടും നഗരവും നേരിട്ടു കാണണം. ഇന്ത്യ എന്താണെന്ന് അറിയണം. അറിവുകൾക്കപ്പുറത്ത് യഥാർഥമായ ജ്ഞാനം സ്വന്തമാക്കണം. കുട്ടിക്കാലത്ത് ഓതിപ്പഠിച്ച തത്ത്വങ്ങൾ അനുഭവങ്ങളിലൂടെ മനസ്സിൽ വേരോടണം. എങ്കിലേ ഭൂമിയുടെ അതിരുകൾ ഭേദിച്ച് ആകാശങ്ങളിലേക്കു പറക്കുമ്പോൾ ഈ മണ്ണിന്റെ മഹത്ത്വം താരതമ്യങ്ങളില്ലാത്തതാണെന്ന സംസ്കാരം ശക്തിപകരൂ....."

അമ്മയുടെ വാക്കുകൾ ഭൂമിയുടെ ശബ്ദമാണ്. ചരിത്രമുറങ്ങുന്ന പർവതങ്ങളും താഴ്വാരങ്ങളും താണ്ടി. തിരക്കേറിയ തെരുവീഥികളും പ്രശാന്തമായ കടലോരവും പിന്നിട്ടു. ജൂഹൂബീച്ചിൽ ഒരു സായാഹ്നം. പല ഭാഷകളും വേഷങ്ങളും തിമർത്താടിയ കടൽക്കരയിൽ ഒഴിഞ്ഞുമാറി ഏകാന്തമായ ഇരിപ്പിടം. അസ്തമയം നോക്കിയിരുന്നു. സൂര്യന്റെ ചുവപ്പ് എവിടെയും ഒരുപോലെ. തിരമാലയുടെ ശബ്ദത്തിന് ഒരേ രാഗം. കാറ്റിന് എങ്ങും കുളിർമ.

ആ സൗന്ദര്യത്തിൽ ലയിച്ചു.

**(പ്രണയതാഴ്വരയിലെ ദേവദാരു)** **– ജോർജ് ഓണക്കൂർ**



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- "കുരുവിക്ക് കൂടുകൂട്ടാൻ വൻമരത്തിലെ ചെറുശാഖ മതി; ഉണങ്ങിയ ഇലകളും ചുള്ളിക്കമ്പുകളും മതി."
  ഈ വാക്കുകളിൽ തെളിയുന്ന മനോഭാവമെന്ത്? ചർച്ചചെയ്ത് കുറിപ്പ് തയാറാക്കുക.
- "ആ സ്നേഹത്തിനു തിരികെ കൊടുത്തത് പഠനത്തിലെ മികവും വിനയാന്വിതമായ പെരുമാറ്റവുമാണ്."
  കഥാനായകന്റെ ഈ വിലയിരുത്തൽ എന്തൊക്കെ പാഠങ്ങളാണ് നമുക്കു നൽകുന്നത്?
- ഭൂമിയെയും അമ്മയെയും ബന്ധപ്പെടുത്തി നോവലിസ്റ്റ് മുന്നോട്ടുവയ്ക്കുന്ന ചിന്തകളെന്തെല്ലാം?
- സ്വന്തം വേരുകളെക്കുറിച്ചുള്ള നേരായ അറിവുകളാണ് കഥാനായകന്റെ ശക്തി.
  പാഠഭാഗത്തിന്റെ അടിസ്ഥാനത്തിൽ ഈ പ്രസ്താവന വിലയിരുത്തി എഴുതുക.
- പാഠഭാഗത്തു തെളിയുന്ന കേരളീയ ഗ്രാമചിത്രം സ്വന്തം വാക്യങ്ങളിൽ ആവിഷ്കരിക്കുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# വേദം

ഉമ്മ വിളമ്പിയ ചോറിന്നു മുൻപിൽ ഞാൻ
ചുമ്മാ മുഖം കറുപ്പിച്ചിരുന്നു.
ഉപ്പേരിയില്ല, കറിയില്ല, മീനില്ല
പപ്പടം 'വട്ട'ത്തിലാണുതാനും.
ചോറ്റുപാത്രത്തിന്റെ പൊട്ടുപോലുണ്ടൊരു
ചോന്നുള്ളിച്ചമ്മന്തി – അത്രമാത്രം.
ദേഷ്യം കുറച്ചല്ല വന്നതെനിക്കപ്പോൾ,
ദേഹമൊട്ടാകെ വിറച്ചിരുന്നു.
വല്ലാതെയില്ല വിശപ്പെനിക്കെങ്കിലും
വല്ലായ്മയുണ്ടെന്നു ഞാൻ നടിച്ചു.

ഉണ്ണാൻ തുടങ്ങിയാൽ വിണ്ണുന്നൊരുണ്ണിയാ-
യെണ്ണുമാറുണ്ടന്നെൻ വീട്ടിലെന്നെ,
എങ്കിലും തീൻമേശ വിട്ടു പരിഭവി-
ച്ചെങ്ങോട്ടെന്നില്ലാതെ ഞാൻ നടന്നു.
പൊട്ടലും ചീറ്റലുമായി ഞാൻ വീടിന്റെ
പിൻപുറത്തേയ്ക്കൊന്നു പാളിനോക്കി.
അപ്പോൾ ഞാൻ കണ്ടു വടക്കിനിമുറ്റത്തൊ-
രാൾക്കൂട്ടം, പാവങ്ങളെന്നയൽക്കാർ
കൂടിയിരിക്കയാണുമ്മയവർക്കൊക്കെ-
ച്ചൂടുള്ള കഞ്ഞി പകർന്നിടുന്നു.
ഓടിക്കളിക്കുന്നുണ്ടാ 'പഷ്ണി'ക്കഞ്ഞിയി-
ലോരോ നെടിയരിവറ്റുമാത്രം.

അന്നൊക്കെയെൻ നാട്ടിൽ ഭൂരിജനങ്ങൾക്കും
അന്നമൊരു സ്വപ്നമായിരുന്നു.
ആംഗലവാഴ്ചയും യുദ്ധക്കെടുതിയും
ആകെയെൻ ഗ്രാമം തകർത്തിരുന്നു.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



തന്തമാർ, തള്ളമാർ കുട്ടികളന്യോന്യം
തള്ളിമാറ്റുന്നു, കലമ്പിടുന്നു.
ഒട്ടുചിലർ കഞ്ഞി മോന്തിപ്പിരിയുന്നു
മറ്റും പലർ വന്നുചേർന്നിടുന്നു.
അമ്പാർന്നു കഞ്ഞി വിളമ്പുവാൻ മുറ്റത്തു
കുമ്പിട്ടു നിൽപ്പതിന്നുള്ളിൽ, ദൂരേ
എന്നെക്കണ്ടുമ്മയരികിലെത്തിച്ചൊല്ലി:
"നന്നേ തിരക്കായിരുന്നു മോനേ.
പറ്റീല മീൻകറിയുണ്ടാക്കാൻ; ഇക്കണ്ട
പട്ടിണിക്കാർക്കൊക്കെ കഞ്ഞി വേണ്ടേ?
വിണ്ണുവാൻ നിൽക്കാതെ ചമ്മന്തിച്ചോറുണ്ടെ-
ന്നുണ്ണിപോ, നേരമായ് ബെല്ലടിക്കാൻ
നാലുമണി വിട്ടു നീ വരുമ്പോഴേക്കും
അയിലച്ചാറുണ്ടാക്കിവെച്ചിടാം ഞാൻ."

ഇത്രയും ചൊല്ലിപ്പിരിഞ്ഞുപോയുമ്മ, എ-
ന്നുൾത്തട്ടിൻ കാപട്യം വെന്തെരിഞ്ഞു.
ഉണ്ണാവ്രതവുമായന്യരെയൂട്ടുന്നൊ-
രെന്നുമ്മതൻ യജ്ഞം കണ്ടുനിൽക്കെ
നീറുമെന്നുള്ളം കുറുകീ: പഴയരി-
ച്ചോറെനിക്കുണ്ടല്ലോ വേണ്ടുവോളം;
പഞ്ഞക്കെടുതിയിൽ നീറുവോർ വറ്റില്ലാ-
ക്കഞ്ഞിക്കിരന്നു വലഞ്ഞിടുമ്പോൾ!

പിന്നെ ഞാൻ വൈകിയി,ല്ലെന്നുടെ ചോറുമാ-
യുമ്മതൻ പിന്നിൽ പതുങ്ങിയെത്തി
ഉള്ളലിഞ്ഞോതിനേൻ: "എൻ ചോറുമാ കഞ്ഞി-
വെള്ളത്തിലിട്ടു വിളമ്പിക്കൊള്ളൂ."

പൊട്ടിക്കരഞ്ഞുമ്മ മാറോടു ചേർത്തെന്നെ-
ക്കെട്ടിപ്പിടിച്ചു വിതുമ്പി മെല്ലെ:
"ഏതൊന്നറിഞ്ഞാൽ മറ്റെല്ലാമറിയാ, മാ-
വേദം വിശപ്പെന്നറിഞ്ഞുകൊണ്ടാൽ
പൈയ്ക്കുന്ന പള്ളയ്ക്കിരതേടി വാടുന്ന
പാവത്തിൽ കാണാം പടച്ചവനെ."

**(കഥയെ പ്രേമിച്ച കവിത) - യൂസഫലി കേച്ചേരി**





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- "അന്നൊക്കെയെൻ നാട്ടിൽ ഭൂരിജനങ്ങൾക്കും
  അന്നമൊരു സ്വപ്നമായിരുന്നു."

  ഏതു കാലത്തെക്കുറിച്ചാണ് ഇവിടെ പരാമർശിക്കുന്നത്?

- "ഏതൊന്നറിഞ്ഞാൽ മറ്റെല്ലാമറിയാ, മാ-
  വേദം വിശപ്പെന്നറിഞ്ഞുകൊണ്ടാൽ
  പൈയ്ക്കുന്ന പള്ളയ്ക്കിരതേടി വാടുന്ന
  പാവത്തിൽ കാണാം പടച്ചവനെ."

  -ഉമ്മയുടെ എന്തു മനോഭാവമാണ് ഈ വരികളിൽ തെളിയുന്നത്?

- "ഉള്ളലിഞ്ഞോതിനേൻ: എൻ ചോറുമാ കഞ്ഞി-
  വെള്ളത്തിലിട്ടു വിളമ്പിക്കൊള്ളൂ."

  ഈ നിലപാടിലെത്താൻ കുട്ടിയെ പ്രേരിപ്പിച്ച സാഹചര്യമെന്താണ്? കണ്ടെത്തിയെഴുതുക.

- "ഒരു കണ്ണീർക്കണം മറ്റു-
  ള്ളവർക്കായ് ഞാൻ പൊഴിക്കവേ
  ഉദിക്കയാണെന്നാത്മാവി-
  ലായിരം സൗരമണ്ഡലം

  ഒരു പുഞ്ചിരി മറ്റു-
  ള്ളവർക്കായ്ച്ചെലവാക്കവേ
  ഹൃദയത്തിലുലാവുന്നു
  നിത്യനിർമ്മല പൗർണമി"

  *(ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം- അക്കിത്തം)*

  'വേദം' എന്ന കവിതയിലും അക്കിത്തത്തിന്റെ കവിതയിലും ആവിഷ്കരിക്കുന്നതു മാനുഷികമൂല്യങ്ങളുടെ മഹത്ത്വമാണ്. ഇക്കാലത്ത് ഇത്തരം മൂല്യങ്ങൾക്ക് ഇടിവു സംഭവിച്ചിട്ടുണ്ടോ? ചർച്ചചെയ്യുക. നിരീക്ഷണങ്ങൾ എഴുതുക.

- മാനവികത പ്രമേയമായി വരുന്ന കവിതകൾ കണ്ടെത്തി കവിതയരങ്ങ് സംഘടിപ്പിക്കുക; കവിതപ്പതിപ്പ് തയാറാക്കുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## ഞാൻ എന്നെക്കുറിച്ച്

താഴെ കൊടുത്ത പ്രവർത്തനങ്ങളിൽ എത്രമാത്രം മികച്ചു നിൽക്കുന്നുവെന്ന് സ്വയം വിലയിരുത്തി കുറിപ്പ് തയാറാക്കുക.

| | മികച്ചത് | ഇനിയും മെച്ചപ്പെടാനുള്ളത് | വേണ്ടത്ര മെച്ചപ്പെട്ടിട്ടില്ല |
|---|---|---|---|
| **കവിതാസ്വാദനം** | | | |
| • താളത്തിലും ഈണത്തിലും ചൊല്ലാനുള്ള കഴിവ്. | | | |
| • വരികൾ വ്യാഖ്യാനിച്ച് ആശയങ്ങൾ തിരിച്ചറിയൽ. | | | |
| • പ്രയോഗങ്ങൾ, അലങ്കാരകല്പനകൾ, ബിംബങ്ങൾ എന്നിവ വ്യാഖ്യാനിക്കലും ആസ്വദിക്കലും. | | | |
| **ഗദ്യരചന** | | | |
| • രചനകളിൽ സന്ദർഭാനുസരണം ആശയങ്ങൾ ഉൾപ്പെടുത്താനുള്ള ശേഷി. | | | |
| • വായനയിലൂടെ പരിചയപ്പെട്ട പ്രയോഗങ്ങൾ, ശൈലികൾ എന്നിവ ആവശ്യമായ ഘട്ടങ്ങളിൽ ഉപയോഗിക്കൽ. | | | |



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





എഴുത്തുകാരെ അറിയുക



## വള്ളത്തോൾ നാരായണമേനോൻ (1878 – 1958)

തിരൂരിനടുത്തുള്ള മംഗലം അംശം വള്ളത്തോൾ കുടുംബത്തിൽ ജനനം. ആധുനിക കവിത്രയത്തിൽ പെടുന്നു. പത്രാധിപർ, കലാപരിപോഷകൻ എന്നീ നിലകളിൽ പ്രശസ്തൻ. കേരള കലാമണ്ഡലം സ്ഥാപിക്കുന്നതിന് നേതൃത്വം വഹിച്ചു. സാഹിത്യമഞ്ജരി(11 ഭാഗം), ബന്ധനസ്ഥനായ അനിരുദ്ധൻ, മഗ്ദലനമറിയം, കൊച്ചുസീത, ശിഷ്യനും മകനും, ചിത്രയോഗം (മഹാകാവ്യം), വാല്മീകിരാമായണം(പരിഭാഷ) തുടങ്ങിയവയാണ് പ്രധാന കൃതികൾ. പദ്മഭൂഷൺ, കവിതിലകൻ, കവിസാർവഭൗമൻ തുടങ്ങിയ പുരസ്കാരങ്ങൾ ലഭിച്ചു.



## ഡോ. ജോർജ് ഓണക്കൂർ

1941 ൽ മൂവാറ്റുപുഴയ്ക്കടുത്ത് ഓണക്കൂറിൽ ജനനം. നോവലിസ്റ്റ്, ചെറുകഥാകൃത്ത്, സഞ്ചാരസാഹിത്യകാരൻ എന്നീ നിലകളിൽ പ്രശസ്തൻ. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയുടെ ഡയറക്ടറായിരുന്നു. ഇല്ലം, ഉൾക്കടൽ, കാമന, കൽത്താമര, ഹൃദയത്തിൽ ഒരു വാൾ, പർവതങ്ങളിലെ കാറ്റ്, പ്രണയതാഴ്വരയിലെ ദേവദാരു തുടങ്ങിയ നോവലുകളും ഒലിവുമരങ്ങളുടെ നാട്ടിൽ, അടരുന്ന ആകാശം എന്നീ യാത്രാവിവരണങ്ങളും നാലു പൂച്ചക്കുട്ടികൾ, നാടുനീങ്ങുന്ന നേരം തുടങ്ങിയ കഥാസമാഹാരങ്ങളും രചിച്ചിട്ടുണ്ട്. കേരള സാഹിത്യ അക്കാദമി അവാർഡ് (നോവലിനും യാത്രാവിവരണത്തിനും) ലഭിച്ചു.



## യൂസഫലി കേച്ചേരി (1934 – 2015)

1934ൽ തൃശൂരിലെ കേച്ചേരിയിൽ ജനനം. കവി, ഗാനരചയിതാവ് എന്നീ നിലകളിൽ പ്രശസ്തൻ. ആയിരം നാവുള്ള മൗനം, അഞ്ചു കന്യകകൾ, ഓർമ്മയ്ക്ക് താലോലിക്കാൻ, കേച്ചേരിപ്പുഴ, നാദബ്രഹ്മം, മുഖപടമില്ലാതെ തുടങ്ങിയ കവിതാസമാഹാരങ്ങളും സിന്ദൂരച്ചെപ്പ് എന്ന തിരക്കഥയും ഒട്ടേറെ സിനിമാഗാനങ്ങളും രചിച്ചു. കേരള സാഹിത്യ അക്കാദമി അവാർഡ്, ഓടക്കുഴൽ അവാർഡ്, മികച്ച ഗാനരചയിതാവിനുള്ള സംസ്ഥാന അവാർഡ് തുടങ്ങിയവ ലഭിച്ചിട്ടുണ്ട്.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## പദകോശം

അചലം - ചലനമില്ലാത്തത്, മല
അപശകുനം - ദുശ്ശകുനം
അഭ്യുന്നതി - ഉയർച്ച
ആകസ്മികത - പെട്ടെന്നുണ്ടാവുന്നത്
ആംഗലവാഴ്ച - ഇംഗ്ലീഷ് ഭരണം
ആശുഗം - അമ്പ്, വായു, പക്ഷി
ഉദ്ഗമം - ഉയർച്ച
ഊരാൺമക്കാർ - ക്ഷേത്രങ്ങളിലും മറ്റും അധികാരം ഉള്ളവർ
ഏവം - ഇപ്രകാരം
ഓജസ്സ് - ജീവചൈതന്യം
ഓടിയോടം - വേഗവും ഭംഗിയുമുള്ള ഒരു തരം ചെറിയ വള്ളം
കജ്ജളം - ചെളി
കാതരൻ - അധീരൻ
കാറണിച്ചളി - കറുത്ത ചെളി
കുറുകുക - ശബ്ദിക്കുക
ചകോരം - ചെമ്പോത്ത്, ഉപ്പൻ
ചിത്രവർണം - നാനാജാതി നിറം
ചീലാന്തി - പുരയുടെ ഒരുതരം ബീം
തിരുപ്പിടിക്കുക - തിരുകിപ്പിടിക്കുക
ധ്വജം - കൊടിമരം
നന്ദിനി - കാമധേനുവിന്റെ പുത്രി
നികടം - സമീപം
നിർന്നിമേഷം - കണ്ണിമയ്ക്കാതെ
നിർവൃതി - ആനന്ദം
നിശ്ശൂന്യം - നിശ്ശേഷം ശൂന്യം
നിഷ്ക്രമിക്കുക - പുറത്തുപോകുക
പഞ്ഞക്കെടുതി - ക്ഷാമകാലത്തെ ബുദ്ധിമുട്ട്
പിശുനൻ - ഏഷണിക്കാരൻ
പ്രദാനോൽക്കൻ - ദാനം ചെയ്യാൻ ആഗ്രഹിക്കുന്നവൻ
പ്രണവം - ഓങ്കാരം
പ്രഭാവം - മഹിമ, ശോഭ
ഫഖീർ - മുസ്ലിം സന്ന്യാസി
ബ്രഹ്മം - പരമാത്മാവ്
ഭൂരിജനങ്ങൾ - ജനങ്ങളിൽ ഏറിയപങ്കും
മുക്തി - മോക്ഷം
മോന്തുക - കുടിക്കുക
യജ്ഞം - യാഗം
യോഗവിത്ത് - യോഗവിദ്യ അറിയുന്നവൻ (യോഗി)
ലേപം - പുരട്ടാനുള്ളത്
വിഹായസ്സ് - ആകാശം
വിഹീനം - ഉപേക്ഷിക്കപ്പെട്ട, ഇല്ലാത്ത
ശമം - മനോവികാരങ്ങളുടെ ശാന്തി
ശസ്ത്രം - ആയുധം
സദായാസൻ - എപ്പോഴും പ്രവർത്തിക്കുന്നവൻ
സമസ്വച്ഛം - കളങ്കമില്ലാതെ
സംഗരം - യുദ്ധം
സ്ഥൈര്യം - സ്ഥിരനിശ്ചയം, ക്ഷമ



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



**പഠനനേട്ടങ്ങൾ**

- മാനവികത പ്രമേയമായി വരുന്ന കവിതകൾ കണ്ടെത്തി ഉചിതമായ താളവും ഭാവവും ഉൾക്കൊണ്ട് ചൊല്ലിയവതരിപ്പിക്കുന്നു.
- മഹാത്മാരുടെ ജീവിതം പ്രമേയമായ സാഹിത്യരചനകൾ വായിക്കുകയും അവയിലെ ആശയങ്ങൾ ഉപയോഗപ്പെടുത്തി വിവിധ വ്യവഹാരരൂപങ്ങളിൽ ആവിഷ്കരിക്കുകയും ചെയ്യുന്നു.
- മാനവികതയുടെ സന്ദേശമുൾക്കൊള്ളുന്ന പുസ്തകങ്ങൾ, ആനുകാലികങ്ങൾ എന്നിവ വായിക്കുകയും വായനാനുഭവങ്ങൾ വൈവിധ്യത്തോടെ ആവിഷ്കരിക്കുകയും ചെയ്യുന്നു.
- ഗദ്യഭാഷയുടെ കാവ്യാത്മകത തിരിച്ചറിയുകയും സമാനപ്രയോഗങ്ങൾ ഔചിത്യപൂർവം രചനകളിൽ പ്രയോഗിക്കുകയും ചെയ്യുന്നു.
- നോവലുകളിലെ പ്രമേയം, ഭാഷ, ആഖ്യാനരീതി, കഥാപാത്രങ്ങളുടെ സവിശേഷതകൾ എന്നിവയെക്കുറിച്ച് ധാരണ രൂപപ്പെടുത്തുകയും ലഘുനിരൂപണങ്ങൾ തയാറാക്കുകയും ചെയ്യുന്നു.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

4


# കാലം ദർശിച്ച രസാനുഭൂതികൾ

**കോ**ഴിക്കോട് സാമൂതിരിരാജാവിന്റെ കാലത്ത് തളിക്ഷേത്രത്തിൽവച്ച് വേദശാസ്ത്രപുരാണങ്ങൾ ആസ്പദമാക്കി വാദം നടത്തുന്ന പതിവുണ്ടായിരുന്നു. ജയിക്കുന്നവർക്ക് തമ്പുരാൻ കിഴികളും ബഹുമതികളും നൽകുമായിരുന്നു.

ഒരിക്കൽ പരദേശിപണ്ഡിതനായ ഉദ്ദണ്ഡശാസ്ത്രികൾ സാമൂതിരിയുടെ സഭയിലെത്തി. സകലരെയും വാദത്തിൽ തോൽപ്പിച്ച് കിഴികളെല്ലാം വാങ്ങി. അദ്ദേഹത്തിന്റെ യോഗ്യത കണ്ട് തമ്പുരാൻ ശാസ്ത്രികളെ തന്റെ കൂടെത്തന്നെ താമസിപ്പിക്കുകയുണ്ടായി. സ്വദേശികളായ പണ്ഡിതർക്കു നാണക്കേടായി. വളരെ ചെറുപ്പത്തിൽത്തന്നെ വാഗ്മിയും യുക്തിമാനുമായിത്തീർന്ന കാക്കശ്ശേരിഭട്ടതിരിയെ ഉദ്ദണ്ഡശാസ്ത്രികളോട് എതിരിടാനായി അവർ കണ്ടെത്തി. ശാസ്ത്രികളുമായുള്ള വാദത്തിൽ പങ്കെടുക്കാൻ ഭട്ടതിരി സഭയിലെത്തി.



തമ്പുരാൻ ഭട്ടതിരിയെ കണ്ടിട്ട് ചോദിച്ചു: "ഉണ്ണിയെന്തിനാണ് വന്നത്; വാദത്തിൽ ചേരാനാണോ?" "അതെ." ഭട്ടതിരി പറഞ്ഞു. ഉടനെ ശാസ്ത്രി ഭട്ടതിരിയെ ഇങ്ങനെ പരിഹസിച്ചു: "ആകാരോ ഹ്രസ്വഃ". ഭട്ടതിരി തിരിച്ചടിച്ചു: "നഹി നഹി, ആകാരോ ദീർഘഃ; അകാരോ ഹ്രസ്വഃ"



ഭട്ടതിരിയെ കണ്ടിട്ട് കുട്ടിയാണല്ലോ എന്ന ഒരു പരിഹാസ ഭാവത്തിലാണ് "ആകാരോ ഹ്രസ്വഃ" എന്ന് ശാസ്ത്രികൾ പറഞ്ഞത്. 'ആകാരം' എന്നത് 'ആ' എന്നുള്ള അക്ഷരമെന്ന അർഥത്തിൽ ആണ് ഭട്ടതിരി ഉത്തരം പറഞ്ഞത്. ഈ യുക്തിയിൽ ശാസ്ത്രികൾ ലജ്ജിച്ചുപോയി. തുടർന്നുള്ള വാദങ്ങളിൽ ഭട്ടതിരി ശാസ്ത്രികളെ സമർഥമായി തോൽപ്പിച്ച് കിഴികൾ സ്വന്തമാക്കിക്കൊണ്ടിരുന്നു. അങ്ങനെ സ്വദേശിപണ്ഡിതരുടെ അഭിമാനം വീണ്ടെടുത്തു.

(അവലംബം : കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ 'ഐതിഹ്യമാല')


ഈ ഐതിഹ്യകഥയിൽനിന്നു കിട്ടുന്ന ആശയങ്ങൾ എന്തൊക്കെ? ചർച്ചചെയ്യുക.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# മാണിക്യവീണ



വന്ദനം വന്ദനം! വാർമെത്തും ദ്രാവിഡ-
നന്ദിനിയായി വളർന്ന ഭാഷേ,
വന്ദനം വന്ദനം! ചിത്തം കവർന്നിടും
ചന്ദനാമോദം കലർന്ന ഭാഷേ,
ജീവന്നു നൂതനോന്മേഷം പകർന്നിടും
ദേവഭാഷാമൃതം ചേർന്ന ഭാഷേ,
നിന്മുലപ്പാലിന്റെ വീര്യമുൾക്കൊണ്ടതെൻ
ജന്മജന്മാന്തരപുണ്യമല്ലേ.
വശ്യമാം ശൈലിയിൽ നിന്നെജ്ജയിപ്പൊരു
വിശ്വമനോഹരഭാഷയുണ്ടോ.

താളമിട്ടാടുന്നു തെങ്കടൽക്കല്ലോല-
പാളി നിൻ ഗാനങ്ങൾ കേട്ടിടുമ്പോൾ;
താനമായ്ത്തീരുന്നു നാളികേരദ്രുമ-
താലപത്രാന്തരമർമ്മരങ്ങൾ;





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ആനന്ദരാഗങ്ങൾ മൂളുന്നു നീളുന്ന
കാനനപ്പൊൽക്കുളിർച്ചോലയെല്ലാം.

ത്വൽ കർമ്മമണ്ഡലം വിസ്തൃതമല്ലൊരു
കൈക്കുടവട്ടമാ,ണായിരിക്കാം;
എങ്കിലും നിൻ കീർത്തിയെത്താത്തതെങ്ങുവാൻ?
ശങ്കരദേശികദേശഭാഷേ!
അന്തരീക്ഷത്തിൽ സുഗന്ധം പരക്കുവാ-
നെന്തിനു കസ്തൂരിയേറെയോർത്താൽ?

ചിത്രവർണോജ്ജ്വലേ, നിൻ പുഷ്പവാടിയി-
ലെത്ര വസന്തങ്ങൾ വന്നതില്ല?
ഹൃത്തിലൊതുങ്ങാത്തൊരാവേശമാർന്നുകൊ-
ണ്ടെത്ര കുയിലുകൾ കൂകിയില്ല?
മട്ടോലും പൂക്കളെച്ചുറ്റിപ്പറന്നെത്ര
മത്തഭൃംഗങ്ങൾ മുരണ്ടതില്ല?
അമ്മധുമാസവിഭൂതികളൊക്കെയും
രമ്യതചേർത്തതില്ലെത്ര നിന്നിൽ?
ആവർത്തിച്ചീടട്ടെ പിന്നെയും പിന്നെയു-
മായിരം വട്ടമിശ്രീവികാസം.

കാണുന്നു കല്യാണനിക്ഷേപമെന്നപോൽ
കാമസുരഭിപോൽ നിന്നെ ഞങ്ങൾ.
നിന്നെബ്ഭജിക്കുന്ന ഭാവന ധന്യമാം
നിന്നെപ്പുകഴ്ത്തുന്ന നാവു വന്ദ്യം.

കേരളത്തുമൊഴിയെന്നു കേട്ടാൽ മതി,
കോരിത്തരിപ്പിന്റെ കൊയ്ത്തുകാലം.
ഓജസ്സിൻ കാതലേ, നിന്നെയോർക്കുമ്പൊഴേ-
ക്കോരോ ഹൃദയവുമോടിയോടം.

കാണിക്കവെച്ചിടാം സർവവും ശോഭനേ,
മാണിക്യവീണ നീ മീട്ടിയാലും!

**-വെണ്ണിക്കുളം ഗോപാലക്കുറുപ്പ്**

**(മാണിക്യവീണ)**

- മലയാളം മാതൃഭാഷയായത് പുണ്യമായാണ് കവി കാണുന്നതെന്നു സൂചിപ്പിക്കുന്ന വരികളേവ?
- "ത്വൽ കർമ്മമണ്ഡലം വിസ്തൃതമല്ലൊരു
  കൈക്കുടവട്ടമാ,ണായിരിക്കാം;
  എങ്കിലും നിൻ കീർത്തിയെത്താത്തതെങ്ങുവാൻ?
  ശങ്കരദേശികദേശഭാഷേ!
  അന്തരീക്ഷത്തിൽ സുഗന്ധം പരക്കുവാ-
  നെന്തിനു കസ്തൂരിയേറെയോർത്താൽ?"

  വരികളിലെ ആശയഭംഗി കണ്ടെത്തി എഴുതുക.
- "ചിത്രവർണോജ്ജ്വലേ, നിൻ പുഷ്പവാടിയി-
  ലെത്ര വസന്തങ്ങൾ വന്നതില്ല?
  ഹൃത്തിലൊതുങ്ങാത്തൊരാവേശമാർന്നുകൊ-
  ണ്ടെത്ര കുയിലുകൾ കൂകിയില്ല?
  മട്ടോലും പൂക്കളെച്ചുറ്റിപ്പറന്നെത്ര
  മത്തഭൃംഗങ്ങൾ മുരണ്ടതില്ല?"

  മലയാളകവിതയുടെ എന്തെല്ലാം സവിശേഷതകളാണ് ഈ വരികളിൽ പ്രകടമാകുന്നത്?
- ആശയം, ചമൽക്കാരഭംഗി, തലക്കെട്ട് എന്നിവ പരിശോധിച്ച് കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയാറാക്കുക
- മാതൃഭാഷയുടെ മഹത്ത്വം പ്രമേയമായിവരുന്ന കവിതകൾ ശേഖരിച്ച് ചൊല്ലി അവതരിപ്പിക്കുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





# ധർമ്മിഷ്ഠനായ രാധേയൻ

കുന്തി
തനിക്കു പിറന്ന
സൂര്യപുത്രനായ കർണനെ,
ജനിച്ചയുടനെ
പെട്ടിയിലാക്കി നദിയിലുപേക്ഷിക്കുന്നു.
നദിയിൽനിന്നു കിട്ടിയ
ആ കുഞ്ഞിനെ
സൂതനായ അധിരഥനും
ഭാര്യയായ രാധയും വളർത്തി.
ജന്മനാ കവചകുണ്ഡലധാരിയും
സമർഥനും ധീരനുമായ
കർണൻ
ദുര്യോധനപക്ഷത്താണ് നിലയുറപ്പിച്ചത്.
മഹാഭാരതയുദ്ധം തുടങ്ങുന്നതിനു മുൻപ്
ശ്രീകൃഷ്ണൻ കർണനോട്
തന്റെ യഥാർഥ മാതാപിതാക്കൾ
ആരാണെന്ന രഹസ്യം
വെളിപ്പെടുത്തുകയാണ്.
അങ്ങനെ യുദ്ധം ഒഴിവാക്കാനായി
അദ്ദേഹത്തെ
പാണ്ഡവപക്ഷത്തേക്കു
ക്ഷണിക്കുന്നതാണ്
പാഠസന്ദർഭം.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





ജനശൂന്യമായ വനഹൃദന്തങ്ങളിലെത്തിയപ്പോൾ ദാരുകൻ ഗതി മന്ദീഭവിപ്പിച്ച രഥം, പിന്നെയും സാവകാശമാക്കാൻ 'പതുക്കെ, പതുക്കെ' എന്ന് കൃഷ്ണൻ അനുജ്ഞ നൽകി. രഥത്തെ നയിക്കുന്ന വെള്ളക്കുതിരകളുടെ ഒറ്റയൊറ്റയായുള്ള കുളമ്പടിശബ്ദം ആ വിജനതയിൽ മുഴങ്ങി. ഇഴഞ്ഞുനീങ്ങുന്ന രഥചക്രങ്ങളുടെ ക്രന്ദനം പ്രപഞ്ചവിധാനത്തിന്റെ അമർത്തിപ്പിടിച്ച കരച്ചിൽപോലെ ആ വനസ്ഥലിയെ ശോകഭരിതമാക്കി. പറക്കാനുള്ള ത്വരയ്ക്കു നിയന്ത്രണത്തിന്റെ ആഘാതമേറ്റ വാജികൾ ആഞ്ഞു ശ്വസിക്കുകയും സമീപസ്ഥമായ പച്ചിലത്തഴപ്പുകൾ ആർദ്രതയാൽ അപ്പോൾ വിറയ്ക്കുകയും ചെയ്തു. വലതുപാർശ്വത്തിൽ നിശ്ചലനായിരിക്കുന്ന കർണന്റെ കരങ്ങൾ വീണ്ടും പരിഗ്രഹിച്ചുകൊണ്ട് പതിഞ്ഞ, ബലവത്തായ ശബ്ദത്തിൽ കൃഷ്ണൻ പറഞ്ഞു:

"കർണാ! എന്റെ ഈ വാക്കുകൾ നീ ശ്രദ്ധിച്ചാലും. നിന്നെക്കുറിച്ചുള്ള സത്യമായ വിചാരങ്ങളും സത്യമായ വസ്തുതകളും അറിയിക്കാൻ ഞാൻ നിന്നെ ഇങ്ങനെ ആനയിച്ചു. ആ വാക്കുകൾ നാളെ നഗരങ്ങളും ജനപദങ്ങളും രാജസഭകളും ഇടിമുഴക്കംപോലെ ശ്രവിക്കേണ്ട വാക്കുകളാണ്. വിധിനിയോഗവശാൽ വിജനസ്ഥലത്തുവച്ചു രഹസ്യമായി നിന്നോടു ഞാനതു പറയുന്നു. ഭൂമിയിൽ കിടയറ്റ വില്ലാളിയാണു നീ. അദ്ഭുതബലശാലിയും അദ്ഭുതവിക്രമിയുമാണ് നീ. സുഹൃത്തേ, കർണാ! ആ നിന്റെ നിജസ്ഥിതി അറിയുന്ന ഞാൻ, നിന്നെപ്രതി മനസാ ആദരവും സ്നേഹവും നിറഞ്ഞവനാണെന്നു നീ അറിയണം. നീ ആരെന്നു നിന്നോടു പറയാനുള്ള മുഹൂർത്തമായിരിക്കുന്നു. കുരുവംശജാതന്മാർ തമ്മിൽ കൊന്നൊടുക്കി സമൂലം നശിക്കുന്ന യുദ്ധം തീർച്ച



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





യായിക്കഴിഞ്ഞു. ക്ഷത്രിയവംശത്തിന്റെ ആകെ വിനാശത്തിനുള്ള രംഗം ഇന്നൊരുങ്ങിക്കഴിഞ്ഞു. എന്നാൽ നിരർഥമായ ഈ കൊടുംവിനാശം ഒഴിവാക്കാൻ ഒരാൾക്ക് ഇനിയും കഴിയും."

"ഒരാൾക്കു മാത്രം അതു കഴിയും; ഒരാൾക്കുമാത്രമതു കഴിയും," എന്ന് സ്വയം ഉരുക്കഴിച്ചു നിർന്നിമേഷനായിരിക്കുന്ന കൃഷ്ണനോടു സന്ദേഹഭാവത്തിൽ കർണൻ പറഞ്ഞു:

"അല്ലയോ വാസുദേവാ, സ്വധർമ്മാചരണത്തിൽ ക്ഷത്രിയവംശമാകെ വീരസ്വർഗം പൂകണമെന്ന ഈശ്വരഹിതം ആർക്കാണ് ഒഴിവാക്കാൻ കഴിയുക? ആർക്ക്, എങ്ങനെയാണ് അത് ഒഴിവാക്കാൻ കഴിയുക? കൃഷ്ണാ, നിനക്കുപോലും തടുക്കാനാവാത്ത കാലഗതി മറ്റാർക്കാണു തടുക്കാൻ കഴിയുക?"

"കഴിയും." കൃഷ്ണന്റെ ചുണ്ടിൽ നിന്നുതിർന്ന ശബ്ദം ആയസഗോളം പോലെ തന്റെ മുഖത്തു തട്ടിയതായി കർണനു തോന്നി. കൃഷ്ണൻ പറഞ്ഞു: "കഴിയും; ഒരാൾക്കതു കഴിഞ്ഞെന്നുതന്നെ വരും. കർണാ! ഈശ്വരഹിതംപോലും കാലാനുവർത്തിയാണെന്നു നീ അറിയണം. വർഗവിനാശത്തിനുള്ള ഈ വിധിപോലും കാലാനുവർത്തിയാണ്. കാലത്തിന്റെ പക്വത ചിലപ്പോൾ വിധിവശാൽ ചിലരുടെ ചില കർമ്മങ്ങളെ സംശ്രയിച്ചിരിക്കുന്നു. അപ്പോൾ ആ വ്യക്തിക്ക് ഈശ്വരഹിതത്തോടു സാവകാശത്തിനുവേണ്ടി ഫലപ്രദമായി യാചിക്കാൻ കഴിയും. ഇവിടെ, വംശവിനാശകമായ ഈ ഭീകരപ്രതിസന്ധിയിൽ ഒരാൾക്ക് അതു കഴിയും..."

പൊള്ളലേറ്റപോലെ കൃഷ്ണൻ പൊടുന്നനെ ചലിച്ചു. വിധിയുടെ പ്രതീകംപോലെ ചൂണ്ടുവിരൽ കർണന്റെ മുഖത്തിനുനേരെ ചൂണ്ടിക്കൊണ്ട് അവൻ പറഞ്ഞു:

"നിനക്ക് അത് കഴിയും. നിനക്ക്! കൗന്തേയനായ കർണന്!"

കൗന്തേയൻ എന്ന വാക്ക് കൃഷ്ണൻ ഉച്ചരിച്ചു കേട്ട കർണൻ ഞെട്ടി! അവൻ വിറയ്ക്കുന്നതായി തോന്നി. അവന്റെ കരങ്ങളെ കൃഷ്ണൻ വീണ്ടും പരിഗ്രഹിച്ചു. വേദനയുടെ കറുത്ത പ്രകാശത്തിൽ തിളങ്ങുന്ന കർണന്റെ കണ്ണുകളിലേക്ക്, മാസ്മരികശക്തിയോടെ ഉറ്റുനോക്കിക്കൊണ്ട് കൃഷ്ണൻ പറഞ്ഞു:

"എന്റെ വാക്കുകൾ ശാന്തനായി നീ കേൾക്കൂ. കർണാ, നീ സൂതവംശജനല്ല. സൂതനായ അധിരഥന്റെ പുത്രനുമല്ല. രാധേയനെന്നറിയുന്ന നീ രാധയുടെ മകനല്ലെന്നും അറിയണം. അർജുനമാതാവായ കുന്തിക്ക് സൂര്യഭഗവാനിൽനിന്നു ജനിച്ച കാനീനനാണ് വില്ലാളിവീരനായ കർണൻ! കൗന്തേയനായ നീ വൃഷ്ണികളായ ഞങ്ങൾക്ക് യുധിഷ്ഠിരതുല്യനായ സ്വജനമാണ്. നീ യുധിഷ്ഠിരഭീമാർജുനന്മാരുടെ സ്വന്തം ജ്യേഷ്ഠനാണ്."

കൃഷ്ണന്റെ വാക്കുകൾ കേട്ട് സാരഥിയായ ദാരുകൻ സ്തബ്ധനായി. അവനറിയാതെ അവന്റെ കൈപ്പിടിയിലെ കടിഞ്ഞാൺ അയഞ്ഞു വീണു. അപ്പോൾ രഥത്തിന്റെ ഇഴഞ്ഞ ഗതിപോലും നിലച്ചു. ചലനം പൊടുന്നനേ നിലച്ച ചക്രങ്ങളുടെ ആക്രന്ദനത്തോടെ രഥം തികച്ചും നിശ്ചലമായി. ചമ്മട്ടിയേന്തിയിരുന്ന കൈയുമായി ദാരുകൻ തേർത്തടത്തിൽ പ്രതിമപോലെ നിർജീവമായി വർത്തിച്ചു. ജീവസ്സറ്റ ഒരു കേവലനിശ്ശബ്ദതയിൽ എല്ലാം ലയിച്ചു. സ്വന്തം വാക്കുകൾ കേട്ടു സ്വയം ആശ്ചര്യപ്പെടുന്ന വിചിത്രഭാവത്തിൽ കൃഷ്ണൻ പറഞ്ഞു:

"കൗന്തേയനായ കർണാ, വേദപാരംഗതരായ



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



വിപ്രരെ നിത്യവും ഉപാസിച്ചവനാണു നീ. ദ്വേഷവും അസൂയയും ഒഴിഞ്ഞ ദേവമഹാവ്രതനാണു നീ. ധർമ്മതത്ത്വങ്ങളെല്ലാം അറിയുന്ന മഹാപ്രാജ്ഞനാണു നീ. വേദശാസ്ത്രാദികളിൽ സൂക്ഷ്മജ്ഞാനമുള്ള നിന്നെ ധർമ്മശാസ്ത്രങ്ങൾ പറഞ്ഞറിയിക്കേണ്ടതില്ല. ഒരു കന്യകയിൽ കാനീനനായോ സഹോഢനായോ ജനിക്കുന്ന പുത്രന് ആ കന്യകയെ പിന്നീടു പരിഗ്രഹിക്കുന്ന പുരുഷൻ അച്ഛനാണെന്ന ശാസ്ത്രവിധി നിനക്കറിയാതെവരില്ല. കുന്തിയുടെ പ്രഥമപുത്രനായ നീ ധർമ്മശാസ്ത്രനിശ്ചയത്താൽ പാണ്ഡവർക്ക് ജ്യേഷ്ഠസഹോദരനായ പാണ്ഡവനാണ്. മാതൃവശാൽ മാത്രമല്ല, പിതൃവശാലും നീ പാണ്ഡവനാണെന്നു ശാസ്ത്രം പറയുന്നു. കുന്തിയുടെ മൂത്തമകനായ കർണ്ണൻ വൃഷ്ണികളായ ഈ ഞങ്ങൾക്കു യുധിഷ്ഠിരനേക്കാൾ സ്നേഹാർഹനായ സ്വജനമാണ്."

നിശ്വാസംപോലും നിലച്ച നിലയിൽ കർണ്ണൻ കൃഷ്ണന്റെ വാക്കുകൾ ചെവിക്കൊണ്ടു. സ്തോഭങ്ങളറ്റു നിർജീവമായിരുന്ന അവന്റെ മുഖത്തേക്കു വീണ്ടും വിരൽ ചൂണ്ടിക്കൊണ്ട് കൃഷ്ണൻ പറഞ്ഞു:

"കർണ്ണാ, ഇപ്പോൾ നിശ്ചലങ്ങളായി നിൽക്കുന്ന ഈ വാജികൾ നിസ്സാരമായ സംജ്ഞയാൽ വായുവേഗത്തിൽ പറക്കുന്നവയാണ്. മനോവേഗത്തിൽ പായുന്ന ഈ രഥത്തിൽ ഇതുപോലെ ഒരുമിച്ചിരുന്നുകൊണ്ടു സ്വജനങ്ങളായ പാണ്ഡവരുടെ സങ്കേതത്തിൽ നമുക്കു ചെന്നിറങ്ങാം. സുയോധനന്റെ ഗർവിനും ബലത്തിനും മുഴുവൻ ആധാരമായ കർണ്ണൻ യുധിഷ്ഠിരന്റെ സ്വന്തം ജ്യേഷ്ഠസോദരനാണെന്ന് അവരും ലോകവും അങ്ങനെ ആദ്യമായറിയട്ടെ!"

മൂകനായിത്തന്നെ വർത്തിച്ച കർണ്ണന്റെ മൗനത്തിന്റെ സാരം ഗ്രഹിച്ച്, അൽപ്പനേരം സ്വയം നിശ്ശബ്ദതപാലിച്ചശേഷം കൃഷ്ണൻ പിന്നെയും പറഞ്ഞു:

"എന്നോടൊത്ത്, എന്റെ ഈ രഥത്തിൽ പാണ്ഡവസങ്കേതത്തിൽ വരാൻ ഞാൻ നിന്നോടപേക്ഷിക്കുന്നത് ഈ മഹാരഹസ്യം ലോകത്തോടു ജ്ഞാപനംചെയ്യാൻ മാത്രമല്ല. നീ വിശ്വൈകവീരനാണെന്ന് എന്നും അറിഞ്ഞവനാണു ഞാൻ. സത്യവാദിയും ധർമ്മചാരിയുമാണ്, അജ്ഞാതസ്വജനമായ നീ എന്ന് എനിക്കെന്നുമറിയാം. വിധിനിയോഗത്താലാവാം, നിന്റെ രഹസ്യം ഞാൻ നിന്റെ മുമ്പിൽ ഇതുവരെ അനാവരണം ചെയ്തില്ല. എന്നാൽ ഇന്നു ഞാൻ അതു തുറന്നു പ്രസ്താവിക്കുന്നു. എന്നോടൊത്തു പാണ്ഡവസങ്കേതത്തിൽ ചെന്നിറങ്ങുന്ന നീ, ജ്യേഷ്ഠസോദരനാണെന്നു പാണ്ഡവർ അറിയും; ജ്യേഷ്ഠനായ നിന്നെ അവരഞ്ചുപേരും കാൽപിടിച്ചാദരിക്കും. ദ്രൗപദിയുടെ അഞ്ചുമക്കളും, അർജുനപുത്രനായ അഭിമന്യുവും നിന്റെ മുമ്പിൽ സാഷ്ടാംഗനമസ്കാരം ചെയ്ത് നിന്റെ പാദധൂളികൾ ശിരസ്സിലണിയും. പാണ്ഡവപക്ഷക്കാരായെത്തിയിട്ടുള്ള സമസ്തരാജാക്കളും ജനങ്ങളും പരമസംപൂജ്യനായ പാണ്ഡവജ്യേഷ്ഠനായി നിന്നെ പൂജിക്കും. വൃഷ്ണികളായ ഈ ഞങ്ങളും ധൃഷ്ടദ്യുമ്നാദ്യരായ പാഞ്ചാലരും സ്വജനനായകനായ കർണ്ണനെ നമസ്കരിക്കുകയും അവനെ മഹാരാജാവായി അഭിഷേചിക്കുകയും ചെയ്യും എന്നു നീ അറിയണം."

കണ്ണുകൾക്കു മുമ്പിൽ വിരിഞ്ഞ ഏതോ ദൃശ്യം നോക്കി അഭിഭൂതമായ ഭാവത്തിൽ കൃഷ്ണൻ തുടർന്നു:





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



"പാണ്ഡവകുലഗുരുവായ ധൗമ്യൻ കർണന്റെ അഭിഷേചനകർമ്മത്തിൽ അഗ്ന്യാഹുതി കഴിക്കും. വേദജ്ഞരായ ദ്വിജന്മാരുടെ കാർമ്മികത്വത്തിൽ പാണ്ഡവരേവരും, പാണ്ഡവപുത്രന്മാരും പാഞ്ചാല-മാത്സ്യ-ചേദിരാജാക്കന്മാരും ഈ ഞാനും ചേർന്നു പാണ്ഡവമഹാരാജാവായി കർണന്റെ കിരീടധാരണകർമ്മങ്ങൾ ആചരിക്കും. പാർശ്വത്തിൽ പട്ടമഹിഷിയായ ദ്രൗപദിയുമൊത്ത് സിംഹാസനാരൂഢനായിരിക്കുന്ന കർണന്റെ ശീർഷോപരി, യുവരാജാവായ യുധിഷ്ഠിരൻ വെൺചാമരമുയർത്തിനിൽക്കും. ഭീമസേനൻ നിന്റെ സിംഹാസനത്തിനു പിന്നിൽ നിന്ന് വെൺകൊറ്റക്കുട പിടിക്കും. പുലിത്തോൽ പൊതിഞ്ഞ് കിങ്ങിണികൾ ശബ്ദിക്കുന്ന നിന്റെ ശ്വേതാശ്വരഥത്തിന്റെ കടിഞ്ഞാൺ പിടിച്ച് അർജുനൻ നിനക്കു പരിചര്യം ചെയ്യും. നിന്റെ പാദപരിചര്യക്കായി അഭിമന്യുകുമാരൻ ഒഴിയാതെ നിന്റെ സവിധത്തിൽ വർത്തിക്കും. നകുലസഹദേവന്മാരും ദ്രൗപദീപുത്രന്മാരും നിന്റെ അനുജ്ഞകൾ കാത്ത് നിലകൊള്ളും. പാഞ്ചാലന്മാർ മഹാനായ ബന്ധുവിനെ ശമത്തിലും യുദ്ധത്തിലും ഒരുപോലെ പിന്തുടരും. കർണാ, ഈ ഞാനും സമസ്തവൃഷ്ണ്യന്ധകജനങ്ങളും നിന്റെ പിന്നിൽത്തന്നെ നിരക്കുമെന്നും നീ അറിയണം. ഭ്രാതാക്കളായ പാണ്ഡവരുമൊത്ത് ഈ മഹാരാജ്യത്തിന്റെ ഛത്രാധിപത്യം നടത്താനാണു കർണാ, ഞാൻ നിന്നെ ക്ഷണിക്കുന്നത്. സ്വന്തം അനുജന്മാരായ പാണ്ഡവരുമായി നീ സൗഭ്രാത്രം പുലർത്തുന്ന കാഴ്ച കണ്ട് മിത്രങ്ങൾ സന്തോഷിക്കുകയും ശത്രുക്കൾ കിടിലംകൊള്ളുകയും ചെയ്യട്ടെ! ഭ്രാതൃപരിസേവിതനായി നിനക്കവകാശപ്പെട്ട സിംഹാസനത്തിൽ നീ അമരുന്ന കാഴ്ച ഏവരും കൺകുളിർക്കെ കാണട്ടെ!"

ശബ്ദവും ചലനവും വീണ്ടും കൈവരുത്താൻ കർണൻ സാഹസപ്പെടുന്നതുപോലെ തോന്നി. പ്രകടമാംവണ്ണം യത്നപ്പെട്ടതിനു ശേഷം, അസ്വാഭാവികവും പരിക്ഷീണവുമായ ശബ്ദത്തിൽ അവൻ കൃഷ്ണനോടു പറഞ്ഞു:





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



"വൃഷ്ണീകുലനായകനായ വാസുദേവാ! നിന്റെ സൗഭ്രാത്രത്തിനു മുമ്പിൽ കർണ്ണൻ ഇതാ, ശിരസ്സു നമിക്കുന്നു. സ്നേഹബുദ്ധികൊണ്ടും എന്റെ നന്മയെ കാംക്ഷിച്ചുമാണ് നീ ഇതൊക്കെ ഇന്നെന്നോടു പറഞ്ഞത്. എനിക്കതിൽ അശേഷം സംശയമില്ല. നിന്നെക്കുറിച്ചാദരവും നിന്നോടു ഭക്തിയുമുള്ളവനാണ്, നീ ആരെന്നറിയുന്ന ഈ കർണ്ണൻ. ഇപ്പോൾ പറഞ്ഞ ഹിതവാക്യത്തിനു നിന്നോടു ഞാൻ നന്ദിയുള്ളവനാണ്. ഞാൻ പാണ്ഡവനാണെന്ന ശാസ്ത്രവിധി ഞാൻ ശരിക്കും മനസ്സിലാക്കുന്നു.... എന്നാൽ......."

കൃഷ്ണനെ അഭിസംബോധന ചെയ്തുകൊണ്ട് കർണ്ണൻ തുടർന്നു:

"ആ സുയോധനനുമായുള്ള വേഴ്ചയെ ഞാൻ ഭർത്സിച്ചാൽ നീചമായ കൃതഘ്നതപോലും എന്നെക്കണ്ടാൽ ലജ്ജിച്ചു തലതാഴ്ത്തുകയില്ലേ? ആയുധവിദ്യാപ്രയോഗദിവസം "നിന്റെ അച്ഛനമ്മമാർ ആരാണ്? നിന്റെ കുലമേതാണ്?" എന്ന കൃപന്റെ ചോദ്യംകേട്ട് എന്റെ തല താണുപോയി. കർണ്ണൻ മൃതനായ ദിവസമാണത്. നിവാരണമറ്റ അപമാനബോധത്താൽ മരിച്ച കർണ്ണന് സുയോധനൻ പുനർജന്മം നൽകിയ ദിവസമാണത്. ലജ്ജയാൽ തലതാഴ്ത്തി രംഗവേദിയിൽനിന്നും ജീവിതവേദിയിൽ നിന്നുതന്നെയും നിഷ്ക്രമിക്കുമായിരുന്ന എന്നെ പ്രത്യുപകാരം നിനയാതെ അവൻ അന്നു രാജാവായി അഭിഷേചിച്ചു. അല്ലയോ വാസുദേവാ, ഞാൻ അർഥത്തെ വിലവയ്ക്കുന്നവനല്ല. അർഥത്താൽ വിലയ്ക്കു വാങ്ങാവുന്നവനുമല്ല സൂതപുത്രനായ ഈ കർണ്ണൻ. സുയോധനൻ തന്ന രാജ്യവും വിഭൂതികളും അവയ്ക്കു വേണ്ടി മാത്രമായി ഞാൻ വിലമതിക്കുന്നില്ല എന്നും നീ അറിയണം. എന്നാൽ അന്ന് ആ രാജ്യദാനത്തിലൂടെ അവൻ എനിക്കെന്റെ ആത്മാഭിമാനം തിരിച്ചുതന്നു! ആത്മാഭിമാനവും ആത്മവിശ്വാസവും തിരിച്ചുതരുന്നതിലൂടെ എനിക്കവൻ എന്റെ ജീവിതംതന്നെയാണ് കൃഷ്ണാ, തിരിച്ചുതന്നത്! നിങ്ങളെല്ലാം ഇന്നു കാണുന്ന ഈ ജീവിതം സുയോധനൻ അന്നെനിക്കു ദാനമായി നൽകിയ ജീവിതമാണ്. കർണ്ണന് നൂറുവട്ടം ആത്മഹത്യ ചെയ്യാം. എന്നാൽ അവന് ഉടലിൽ ജീവൻ വച്ചുകൊണ്ട് ആ ദാനത്തെ എങ്ങനെയാണു നിന്ദിക്കാൻ കഴിയുക? വാസുദേവാ! നിന്റെ മാഹാത്മ്യവും മഹാവീര്യവും ഞാൻ അറിയുന്നു. സൗഹൃദത്താൽ പ്രേരിതനായി നീ എനിക്കിന്നു ഹിതമുപദേശിക്കുകയാണെന്നും ഞാൻ അറിയുന്നു. മഹാത്മാവായ നീ അഭിശപ്തനായ കർണ്ണന്റെ വിചാരങ്ങൾക്ക് ഇന്നൊരിക്കൽ സാക്ഷ്യംവഹിച്ച് അവനെ ധന്യനാക്കിയാലും."

താൻ ഇനി പറയുന്ന വാക്കുകൾ ഓർമ്മയിൽ സൂക്ഷിച്ച് തന്റെ സത്യമായ വിചാരത്തിനു സാക്ഷിയായി വർത്തിക്കണേ എന്നു വീണ്ടും അഭ്യർഥിച്ചുകൊണ്ട് കർണ്ണൻ തുടർന്നു:

"ഇനി ഈ ഞാൻ എവിടേക്കു പിന്മാറാനാണ്? യുദ്ധം തീർച്ചയായിക്കഴിഞ്ഞു. എന്റെ ബലത്തിൽ വിശ്വസിച്ചാണ്, സകലരേയും ധിക്കരിച്ച്, നിന്നെ ധിക്കരിച്ച്, സ്വന്തം മാതാവിന്റെ ഹിതംപോലും ധിക്കരിച്ച്, സുയോധനൻ യുദ്ധമാർഗത്തിൽത്തന്നെ ഉറച്ചുനിന്നത്. അർജുനനെ ഞാൻ ദ്വൈരഥത്തിൽ വധിക്കുമെന്ന വിശ്വാസമാണ് അവന്റെ വിജയകാംക്ഷയ്ക്കാസ്പദം. സുയോധനന്റെ കപ്പൽ ഇപ്പോൾ നടുക്കടലിലാണ്. ആ നൗകയെ ഇങ്ങനെ നടുക്കടലിലേക്ക് ആനയിച്ചതിനുശേഷം അതിൽനിന്നു പിന്മാറുന്നതിലും നീചമായ കൃത്യം വേറെ എന്താണ് എനിക്കു ചെയ്യാൻ കഴിയുക? കൃഷ്ണാ, നീ എന്റെ ഈ വാക്കുകേട്ടാലും. ഈ ഭൂമി മുഴുവൻ കിട്ടിയാലും ഇപ്പോൾ സുയോധനനെ കർണ്ണൻ കൈവെടിയുകയില്ല. സ്വർണ്ണത്തിന്റെ അനേകം കുന്നുകൾ എനിക്കായി നീ നീട്ടിയാലും അവനെ ഇന്നു ഞാൻ കൈവെടിയുകയില്ല. ബന്ധംകൊണ്ടും ലോഭംകൊണ്ടും ഭയംകൊണ്ടും യാതൊന്നുകൊണ്ടും ഈ മാർഗത്തിൽ നിന്നു കർണ്ണന് ഇനി പിന്മാറ്റമില്ല."

കണ്ണുകളിൽ നിന്ന് ഒഴുകിയ നീർത്തുള്ളികൾ തുടച്ചുകളയാൻപോലും കൈകൾ ചലിപ്പിക്കാതെ ദയനീയനായിരിക്കുന്ന കർണ്ണനെ മഹാദ്ഭുതത്തെയെന്നപോലെ കൃഷ്ണൻ നോക്കിക്കൊണ്ടിരുന്നു. ഹൃദയത്തിൽ നിന്നൊഴുകിയ ആത്മഭാഷണത്തിന്റെ ആ തപ്തധാരയിൽ ഭാഷണശക്തി മുങ്ങിപ്പോയതുപോലെ കൃഷ്ണൻ മൗനിയായിത്തന്നെ വർത്തിച്ചു. കൂടുതൽ ദീനമായ സ്വരത്തിൽ കർണ്ണൻ പിന്നെയും പറഞ്ഞു:

"കർണ്ണന് ഇനി പിന്മാറ്റമില്ല! എന്നാൽ നീ ഇന്നു കാണിച്ച സ്നേഹവും അഭ്യുദയകാംക്ഷയും



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



എന്നിൽ എന്നും ജീവിക്കും. യുദ്ധം മുമ്പിൽത്തന്നെ നിൽക്കുന്നു. ജയാപജയങ്ങൾ അതിന്റെ പിന്നിൽ എവിടെയോ പതിഞ്ഞു വർത്തിക്കുന്നു. ജയാപജയങ്ങൾ ഗൗനിക്കാതെ, മരണഭയം കൂടാതെ സുയോധനനുവേണ്ടി എന്റെ സ്വന്തം അനുജന്മാരുമായി ഞാൻ യുദ്ധം ചെയ്യും. സ്വന്തം ഭ്രാതാക്കളോടും അഭ്യുദയകാംക്ഷിയും സ്വജനവുമായ നിന്നോടും ജീവൻ മറന്നു ഞാൻ യുദ്ധം ചെയ്യും. ആ യുദ്ധത്തിൽ അർജുനശരമേറ്റ് കർണൻ എന്നു ഭൂമിയിൽ വീഴുന്നുവോ, കൃഷ്ണാ, അന്നാണ് പാണ്ഡവർ യുദ്ധം ജയിക്കുക."

**(ഇനി ഞാൻ ഉറങ്ങട്ടെ)** **– പി. കെ. ബാലകൃഷ്ണൻ**

- കൃഷ്ണന്റെ വാദങ്ങൾ അവഗണിക്കാൻ കർണൻ നിരത്തുന്ന ന്യായങ്ങൾ എന്തെല്ലാം?
- "ഭ്രാതൃപരിസേവിതനായി നിനക്കവകാശപ്പെട്ട സിംഹാസനത്തിൽ നീ അമരുന്ന കാഴ്ച ഏവരും കൺകുളിർക്കെ കാണട്ടെ." ഈ കാഴ്ചയിലേക്കു കർണനെ നയിക്കാൻ ശ്രീകൃഷ്ണൻ എന്തെല്ലാം വാഗ്ദാനങ്ങളാണ് നൽകിയത്?
- ശ്രീകൃഷ്ണന്റെ നിർദേശങ്ങൾക്കു മുൻപിൽ കർണൻ സ്വീകരിച്ച നിലപാടിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ? ചർച്ചചെയ്യുക.
- വേദപാരംഗതൻ – വേദത്തിന്റെ പാരം ഗമിച്ചവൻ
  പ്രപഞ്ചവിധാനം – പ്രപഞ്ചത്തിന്റെ വിധാനം

  വ്യത്യസ്ത പദങ്ങൾ കൂടിച്ചേരുമ്പോൾ ഭാഷയ്ക്കുണ്ടാവുന്ന സംക്ഷിപ്തതയും സൗന്ദര്യവും ശ്രദ്ധിച്ചല്ലോ.

  ചുവടെ കൊടുത്ത പദങ്ങൾ മാറ്റിയെഴുതുക.

  കുളമ്പടിശബ്ദം –
  കുരുവംശജാതന്മാർ –
  വീരസ്വർഗം –
  കാലാനുവർത്തി –
  ഭീകരപ്രതിസന്ധി –
  വേദശാസ്ത്രാദികൾ –
  പാദധൂളി –
  ജയാപജയങ്ങൾ –



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- രാധയുടെ മകൻ - രാധേയൻ
  കുന്തിയുടെ മകൻ - കൗന്തേയൻ

ഇവിടെ രാധ എന്ന നാമത്തിൽനിന്ന് മറ്റൊരു നാമം ഉണ്ടാവുകയാണ്. ഇതുപോലെയുള്ള നാമപദങ്ങൾ പാഠഭാഗത്തുനിന്നു കണ്ടെത്തി എഴുതുക.

- • "ഈ ഭൂമി മുഴുവൻ കിട്ടിയാലും ഇപ്പോൾ സുയോധനനെ കർണൻ കൈവെടിയുകയില്ല. സ്വർണത്തിന്റെ അനേകം കുന്നുകൾ എനിക്കായി നീ നീട്ടിയാലും അവനെ ഇന്നു ഞാൻ കൈവെടിയുകയില്ല."
  • "ഞാൻ അർഥത്തെ വിലവയ്ക്കുന്നവനല്ല. അർഥത്താൽ വിലയ്ക്കു വാങ്ങാവുന്നവനുമല്ല സൂതപുത്രനായ ഈ കർണൻ."
  • "എന്നാൽ അന്ന് ആ രാജ്യദാനത്തിലൂടെ അവൻ എനിക്കെന്റെ ആത്മാഭിമാനം തിരിച്ചുതന്നു."

കർണന്റെ സ്വഭാവസവിശേഷതകൾ ഉൾക്കൊണ്ട് കഥാപാത്രനിരൂപണം തയാറാക്കുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# പെരുന്തച്ചൻ

ഇത്തിരിക്കൊരു സുഖം തോന്നുന്നുണ്ടെനിക്കിന്നെൻ
പൊത്തിലെത്രനാളായ് ഞാൻ ചുരുണ്ടുകിടക്കുന്നു!
വാതമെന്നെലുമ്പിലെ മജ്ജയൊക്കെയും കാർന്നൂ,
പ്രേതമായ്ത്തീർന്നു ഞാനെന്നാകിലും ശ്വസിക്കുന്നു.
ഉളിവയ്ക്കുമ്പോൾ കട്ടപ്പൊന്നുപോൽ മിന്നും പ്ലാവും
കളിവഞ്ചി വെട്ടീടാൻ കാതലാർന്ന തേന്മാവും
നിറയെപ്പൂത്തും കായ്ച്ചും നിൽക്കുമീ മീനക്കാല-
ത്തിറയത്തു ചെന്നൊന്നു നോക്കുവാൻ കഴിഞ്ഞെങ്കിൽ!
എൻപറമ്പിലില്ലൊറ്റക്കുറ്റിവാഴയു; മെനി-
ക്കിമ്പമാണെവിടെയാണെങ്കിലും മരം കണ്ടാൽ
ഒൻപതാൾ പിടിച്ചാലും പിടികൂടാതുണ്ടൊറ്റ-
ത്തമ്പകമുളിയന്നൂരമ്പലമൈതാനത്തിൽ.
വളവും പോടും കേടുമില്ല, ഞാനെൻ കൺകൊണ്ടൊ-
ന്നളന്നിട്ടൊരെൺപതു കോലിനപ്പുറം പോവും
മുറിച്ചാലതു മതി നാട്ടിലെപ്പുരയ്ക്കെല്ലാം
മുളമോന്തായം മാറ്റാമുത്തരത്തിനും കിട്ടും.
അല്ലെങ്കിലൂരാണ്മക്കാർ മോഹിക്കുംപോലെ ചെത്തി-
യില്ലമാളികകൾക്കു'ചീലാന്തി'ക്കതൊപ്പിക്കാം.
പൂതലിച്ചുപോയെന്റെയിത്തടി;കൊതിച്ചാലാ-
ക്കാതലിലുളി നടത്തീടുവാനാവില്ലല്ലോ!
കരിവെറ്റിലത്തുണ്ടും കൊട്ടടയ്ക്കയും നൂറിൻ-
തരിയും പുകയിലഞെട്ടിയും തപ്പിത്തപ്പി
-വെടിവയ്ക്കിലുംകൂടിക്കേൾക്കില്ലാ - കൂനിക്കൂടി-
പ്പടിമേലിരിക്കുന്നൂ,'നാനി'യും വയർ ചുങ്ങി.
അവളും കെളവിയായ്! പൂത്ത ചമ്പകത്തെപ്പോൽ
നിവർന്നും കടഞ്ഞെടുത്തതുപോലുടമ്പാർന്നും,
ചിരിച്ചു മൂന്നുംകൂട്ടിപ്പൂത്ത വെള്ളിലപോലെ-
ന്നരികത്തിവൾ നിന്ന നാളുകൾ ഞാനോർക്കുന്നൂ!
(പുരികം നരച്ചോരാക്കണ്ണുകൾ, ചിതൽ തിന്ന
പുറവാതിലിൽക്കൂടിയലഞ്ഞൂ കുറേനേരം)
പൊങ്ങുവാൻ കഴിഞ്ഞെങ്കിൽ നിരങ്ങാം; കിഴവനെ
ത്താങ്ങുമായിരുന്നാക്കൈ....വിതുമ്പീ പെരുന്തച്ചൻ.
(വീണ്ടുമാ സ്മരണയെ മായ്ക്കാനോ, ചുളിവേറെ
വീണ നെറ്റിമേൽ മെല്ലെത്തടവീ ചുങ്ങും കൈയാൽ)
പണിചെയ്യുവാൻമേലാതാകിലും തൊങ്കിത്തേങ്ങി-
പ്പണിയാലയിൽപ്പുക്കൊന്നിരിക്കാൻ കഴിഞ്ഞെങ്കിൽ,
എങ്കിൽ, ഞാൻ മുഴക്കോലുമുളിയും പണിക്കൂറിൽ
പ്പങ്കിടാറുള്ളാഹ്ലാദമിന്നും ഹാ! നുണഞ്ഞേനെ!



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



കരിവീട്ടിതൻ കാതൽ കടഞ്ഞു കുഴിച്ച വ-
ന്മരിക കമഴ്ത്തിയ പോലെഴും വിണ്ണിൻ താഴെ
അകലെക്കാണും ചെമ്പുതാഴികക്കുടം ചൂടും
മികവാർന്ന തൃക്കോവിൽ തീർത്തതിക്കൈകൊണ്ടത്രേ.
ഉളി ഞാൻ പിടിപ്പിച്ച കൈകളാലെൻകുഞ്ഞ,പ്പൊ-
ന്നൊളിചിന്നിടും ക്ഷേത്രദ്ധ്വജത്തിൻ തുംഗാഗ്രത്തിൽ
പറന്നങ്ങിരിക്കുമ്പോൽ ചെത്തിയ ഗരുഡന്റെ
ചിറകു ചലിക്കുന്നുണ്ടിപ്പൊഴുമെന്നേ തോന്നൂ!
ഞാനതിലസൂയാലുവായിപോ,ലേതച്ഛന്നു
മാനമല്ലാമട്ടൊക്കെ മകനെപ്പുകഴ്ത്തുമ്പോൾ?
ആയിരം മണിയുടെ നാവുപൊത്തീടാമൊറ്റ-
വായിലെ നാവാർക്കാനും കെട്ടുവാൻ കഴിയുമോ?
രണ്ടു ഗോപുരത്തിന്റെ തട്ടിലും വെച്ചു, തേക്കു-
കൊണ്ടു കൊത്തിയൊരഷ്ടദിക്പാലരൂപം ഞങ്ങൾ.
ഒന്നെന്റെയിക്കൈ തീർത്തതൊന്നവന്റേതും; ജീവൻ
വന്നിട്ടുണ്ടവന്റേതിലെന്റേതിനെക്കാളത്രേ.
എൻകരം തോറ്റാലെന്താണെന്മകൻ ജയിക്കുമ്പോൾ,
എൻകണ്ണിലുണ്ണിക്കേലും പുകളെൻ പുകളല്ലേ?
കൊച്ചനെ സ്തുതിക്കുമ്പോളെന്മുഖം മങ്ങീപോലും.
തച്ചനായാലും ഞാനൊരച്ഛനല്ലാതായ്പ്പോമോ?

(ജിയുടെ തെരഞ്ഞെടുത്ത കവിതകൾ) – ജി. ശങ്കരക്കുറുപ്പ്





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- "കരിവീട്ടിതൻ കാതൽ കടഞ്ഞു കുഴിച്ച വ-
ന്മരിക കമഴ്ത്തിയ പോലെഴും വിണ്ണിൻ താഴെ."

  ഈ വരികളിൽ വിണ്ണിന്റെ എന്തെല്ലാം സവിശേഷതകളാണ് തെളിയുന്നത്?

- തൊഴിലിനോട് അങ്ങേയറ്റം ആത്മാർഥത കാണിച്ച വ്യക്തിയാണ് പെരുന്തച്ചൻ എന്നു വ്യക്തമാക്കുന്ന വരികൾ കണ്ടെത്തുക.

- നാനിയെ കവി അവതരിപ്പിച്ചിരിക്കുന്നത് എപ്രകാരമാണ്?

- പെരുന്തച്ചന്റെ ചിന്തകളിൽ മരം നിറഞ്ഞുനിൽക്കുന്ന തച്ചൻമനസ്സ് കണ്ടെത്താനാവും. നിങ്ങളുടെ നിരീക്ഷണം വ്യക്തമാക്കുക.

- ചുവടെ കൊടുത്ത വരികൾ വിശകലനം ചെയ്യുക.

  - "ആയിരം മണിയുടെ നാവുപൊത്തീടാമൊറ്റ-
വായിലെ നാവാർക്കാനും കെട്ടുവാൻ കഴിയുമോ?"
  - "പൊങ്ങുവാൻ കഴിഞ്ഞെങ്കിൽ നിരങ്ങാം; കിഴവനെ
ത്താങ്ങുമായിരുന്നാക്കെ... വിതുമ്പീ പെരുന്തച്ചൻ."
  - "എൻകരം തോറ്റാലെന്താണെന്മകൻ ജയിക്കുമ്പോൾ,
എൻകണ്ണിലുണ്ണിക്കേലും പുകളെൻ പുകളല്ലേ?"

- അലങ്കാരഭംഗി കണ്ടെത്താം.

  "ചിരിച്ചു മൂന്നുംകൂട്ടിപ്പൂത്ത വെള്ളിലപോലെ-
ന്നരികത്തിവൾ നിന്ന നാളുകൾ ഞാനോർക്കുന്നു."

  കവിതയ്ക്ക് ശോഭ വർധിപ്പിക്കാൻ കവികൾ ഇത്തരം സാദൃശ്യകൽപ്പനകൾ പ്രയോഗിക്കാറുണ്ട്.
ഇവിടെ എന്തിനെയാണ് വർണിച്ചിരിക്കുന്നത്?
എന്തിനോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത്?

  ഉപമാലങ്കാരം പ്രയോഗിച്ച വരികൾ കവിതകളിൽനിന്ന് കണ്ടെത്തി എഴുതുക.

  *മാതൃക-*

  - "ഇടിവെട്ടീടും വണ്ണം വിൽമുറിഞ്ഞൊച്ചകേട്ടു
നടുങ്ങീ രാജാക്കന്മാരുരഗങ്ങളെപ്പോലെ"
  - "വെണ്ണയെക്കണ്ടൊരു കണ്ണന്തന്നാനനം
വെണ്ണിലാവോലുന്ന തിങ്കൾ പോലെ"

- "വന്ദനം വന്ദനം! വാർമെത്തും ദ്രാവിഡ-
നന്ദിനിയായി വളർന്ന ഭാഷേ"

  "ഇത്തിരിക്കൊരു സുഖം തോന്നുന്നുണ്ടെനിക്കിന്നെൻ
പൊത്തിലെത്രനാളായ് ഞാൻ ചുരുണ്ടുകിടക്കുന്നു"

  താളം, ഈണം, അക്ഷരങ്ങളുടെ എണ്ണം എന്നിവ പരിശോധിച്ച് രണ്ട് ഈരടികളും തമ്മിലുള്ള വ്യത്യാസം കണ്ടെത്തുക.

- സംഘങ്ങളായി കവിതാഭാഗം നാടകം/കഥാപ്രസംഗം ആയി അവതരിപ്പിക്കുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## ഞാൻ എന്നെക്കുറിച്ച്


പ്രവർത്തനങ്ങളിലൂടെ നിങ്ങൾക്കുണ്ടായ മികവുകൾ സ്വയം വിലയിരുത്തി മെച്ചപ്പെടേണ്ടവ എഴുതുക.

- കവിതകളുടെ താളം, ഈണം എന്നിവ കണ്ടെത്തുന്നു.
- ഉച്ചാരണശുദ്ധി, അർഥബോധം എന്നിവയോടെ സദസ്സിനു മുമ്പിൽനിന്ന് നിസ്സങ്കോചം കവിത ചൊല്ലുന്നതിൽ.
- ചർച്ചകളിലുള്ള എന്റെ പങ്കാളിത്തം.
- ചർച്ചകളിൽ പങ്കെടുത്ത് സ്വയം ആശയങ്ങൾ അവതരിപ്പിക്കാനും സമർഥിക്കാനുമുള്ള പാടവം.
- ചർച്ചകളിൽ ഉചിതമായ പദങ്ങളും ശൈലികളും ഉപയോഗിക്കൽ.
- സ്ക്രിപ്റ്റ് തയാറാക്കുന്നതിലുള്ള പങ്കാളിത്തം.

**ഇനിയും മെച്ചപ്പെടേണ്ടവ**

- 
- 
- 
- 

എഴുത്തുകാരെ അറിയുക



## വെണ്ണിക്കുളം ഗോപാലക്കുറുപ്പ് (1902-1980)

തിരുവല്ല വെണ്ണിക്കുളത്ത് ജനിച്ചു. കവി, വിവർത്തകൻ എന്നീ നിലകളിൽ പ്രസിദ്ധൻ. മാണിക്യവീണ, വെള്ളിത്താലം, മാനസപുത്രി, സരോവരം, കദളീവനം, കാമസുരഭി തുടങ്ങിയ കവിതാസമാഹാരങ്ങളും കൈരളീകോശം, തിരുക്കുറൽ, ഭാരതിയുടെ കവിതകൾ, തുളസീദാസരാമായണം തുടങ്ങിയ വിവർത്തനങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ചിട്ടുണ്ട്.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





## പി. കെ. ബാലകൃഷ്ണൻ (1926 – 1991)

എറണാകുളം എടവനക്കാട്ട് ജനനം. നോവലിസ്റ്റ്, ചരിത്രഗവേഷകൻ, നിരൂപകൻ, പത്രപ്രവർത്തകൻ എന്നീ നിലകളിൽ പ്രസിദ്ധൻ. ഇനി ഞാൻ ഉറങ്ങട്ടെ, പ്ലൂട്ടോ പ്രിയപ്പെട്ട പ്ലൂട്ടോ എന്നീ നോവലുകളും ചന്തുമേനോൻ ഒരു പഠനം, നോവൽ-സിദ്ധിയും സാധനയും, കാവ്യകല കുമാരനാശാനിലൂടെ തുടങ്ങിയ നിരൂപണങ്ങളും ടിപ്പുസുൽത്താൻ എന്ന ജീവചരിത്രവും നാരായണഗുരു എന്ന സമാഹാരവും പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേരള സാഹിത്യ അക്കാദമി അവാർഡ്,വയലാർ അവാർഡ് തുടങ്ങിയ പുരസ്കാരങ്ങൾ ലഭിച്ചു.



## ജി. ശങ്കരക്കുറുപ്പ് (1901 – 1978)

എറണാകുളം കാലടിക്കടുത്തുള്ള നായത്തോട് എന്ന സ്ഥലത്തു ജനിച്ചു. ആദ്യ ജ്ഞാനപീഠ ജേതാവ്. ഓടക്കുഴൽ, സാഹിത്യകൗതുകം (4 ഭാഗങ്ങൾ), വിശ്വദർശനം, അന്തർദാഹം, പഥികന്റെ പാട്ട്, പാഥേയം (കവിതാ സമാഹാരങ്ങൾ), ഗീതാഞ്ജലി, വിലാസലഹരി (വിവർത്തനങ്ങൾ), സന്ധ്യ, ഇരുട്ടിനു മുമ്പ് (നാടകങ്ങൾ) തുടങ്ങി നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ്, സോവിയറ്റ് ലാൻഡ്-നെഹ്റു അവാർഡ്, പദ്മഭൂഷൺ എന്നിങ്ങനെ പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്.

## പദകോശം

അനുജ്ഞ - കൽപ്പന, ഉത്തരവ്, അനുവാദം
അഭിഭൂതം - പരാജയം, പരിഭവം
അഭിശപ്തൻ - ശപിക്കപ്പെട്ടവൻ, ദുഷിക്കപ്പെട്ടവൻ
അഭ്യുദയകാംക്ഷ - ഉയർച്ച ആഗ്രഹിക്കൽ
അഷ്ടദിക്പാലകർ - എട്ടുദിക്കുകളെ പാലിക്കുന്നവർ
ആക്രന്ദനം - വലിയ കരച്ചിൽ, നിലവിളി
ആമോദം - സൗരഭ്യം, സന്തോഷം
ആയസഗോളം - ഇരുമ്പുഗോളം
എലുമ്പ് - എല്ല്
കല്ലോലം - തിരമാല
കാനീനൻ - കന്യകയുടെ പുത്രൻ
കാമസുരഭി - കാമധേനു



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



| | |
|---|---|
| കാലഗതി | - സമയത്തിന്റെ പോക്ക്, മരണം |
| കിടയറ്റ | - എതിരില്ലാത്ത |
| കൃതഘ്നത | - നന്ദികേട് |
| കൗന്തേയൻ | - കുന്തിയുടെ പുത്രൻ |
| ക്രന്ദനം | - കരച്ചിൽ |
| ചീലാന്തി | - മോന്തായം |
| ജീവസ്സറ്റ | - ചൈതന്യം നഷ്ടപ്പെട്ട |
| ജ്ഞാപനം | - അറിയിപ്പ് |
| തമ്പകം | - ഒരുതരം വൃക്ഷം |
| താനം | - സ്വരവിസ്താര മുറ |
| താലപത്രം | - തെങ്ങോല, കരിമ്പനയോല |
| തുംഗാഗ്രം | - ഉയർന്ന അഗ്രം, കൊടുമുടി |
| തൊങ്കിത്തേങ്ങി | - ഏന്തിവലിഞ്ഞ് പരസഹായത്തോടെ |
| ത്വര | - വെമ്പൽ |
| ത്വൽ | - നിന്റെ |
| ദേശികൻ | - ആചാര്യൻ |
| ദ്വിജൻ | - ബ്രാഹ്മണൻ |
| ദ്വൈരഥം | - രഥത്തിൽ ഇരുന്നുകൊണ്ടുള്ള ദ്വന്ദ്വയുദ്ധം |
| നാനി | - പെരുന്തച്ചന്റെ ഭാര്യ |
| പുകൾ | - കീർത്തി, സ്തുതി |
| പൂതലിക്കുക | - ദ്രവിക്കുക |
| പ്രാജ്ഞൻ | - വിദ്വാൻ |
| ഭൃംഗം | - വണ്ട് |
| ഭർത്സിക്കുക | - നിന്ദിക്കുക |
| ഭ്രാതാവ് | - സഹോദരൻ, ഉറ്റമിത്രം |
| മട്ടോലും | - തേൻ ഒലിക്കുന്ന |
| മധുമാസം | - വസന്തകാലം |
| മന്ദീഭവിക്കുക | - ക്ഷീണിക്കുക |
| മരിക | - മരംകൊണ്ടുള്ള ഒരു തരം പാത്രം |
| മർമ്മരം | - ഇലകൾ കൂട്ടിമുട്ടുമ്പോൾ ഉണ്ടാകുന്ന ശബ്ദം |
| മാസ്മരികം | - മനശ്ശക്തി ഉപയോഗിച്ച് അന്യരെ നിയന്ത്രിക്കുക |
| മോന്തായം | - പുരയുടെ കഴുക്കോൽ പിടിപ്പിക്കുന്ന നീളമുള്ള തടി |
| വനസ്ഥലി | - കാട്ടുപ്രദേശം |
| വനഹൃദന്തം | - വനത്തിന്റെ ഉള്ളിൽ |
| വാജി | - കുതിര |
| വാർമെത്തും | - ഭംഗി വർധിച്ച |
| വിക്രമി | - ശക്തൻ, പരാക്രമി |
| വിജനത | - ആളൊഴിഞ്ഞ അവസ്ഥ |
| വിപ്രൻ | - ബ്രാഹ്മണൻ |
| വിഭൂതി | - ഐശ്വര്യം |
| വൃഷ്ണി | - യാദവൻ |
| വെൺകൊറ്റക്കുട | - രാജചിഹ്നമായി ഉപയോഗിക്കുന്ന വെള്ളക്കുട |
| വെൺചാമരം | - ചമരി മൃഗത്തിന്റെ രോമം കൊണ്ടു നിർമ്മിക്കുന്ന ഒരു വസ്തു |
| വേദപാരംഗതൻ | - വേദത്തിൽ വൈദഗ്ധ്യം നേടിയവൻ |
| ശമം | - മനസ്സിന്റെ അടക്കം, സമാധാനം |
| ശങ്കരദേശിക ദേശഭാഷ | - ശങ്കരാചാര്യരുടെ ദേശത്തെ ഭാഷ (മലയാളം) |
| സമൂലം | - വേരോടെ |
| സഹോഢൻ | - വിവാഹകാലത്തുതന്നെ സ്ത്രീയുടെ ഗർഭത്തിലുണ്ടായിരുന്ന പുത്രൻ |
| സൗഭ്രാത്രം | - സഹോദരസ്നേഹം |
| സംശ്രയം | - ആശ്രയം |
| സ്തോഭം | - ചൈതന്യരഹിതമായ |
| സ്തബ്ധൻ | - സ്തംഭിച്ചുനിൽക്കുന്നവൻ |



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





## പഠനനേട്ടങ്ങൾ

- കവിത ഭാവത്തിനനുയോജ്യമായ തരത്തിൽ ഈണത്തിലും താളത്തിലും ചൊല്ലി അവതരിപ്പിക്കുന്നു.
- കവിതയിലെ ആശയം, ചമൽക്കാരം എന്നിവ കണ്ടെത്തി ആസ്വാദനക്കുറിപ്പ് തയാറാക്കുന്നു.
- മാതൃഭാഷയുടെ മഹത്ത്വം പ്രമേയമായ കവിതകൾ ശേഖരിക്കുകയും അവയിലെ ഇഷ്ടപ്പെട്ട വരികൾ ഹൃദിസ്ഥമാക്കി ചൊല്ലിയവതരിപ്പിക്കുകയും ആശയങ്ങൾ ക്രോഡീകരിച്ച് ഉപന്യാസങ്ങൾ തയാറാക്കുകയും ചെയ്യുന്നു.
- പുരാണേതിഹാസങ്ങളിൽനിന്നും ഐതിഹ്യങ്ങളിൽ നിന്നും ഇതിവൃത്തം സ്വീകരിച്ച രചനകൾ പരിചയപ്പെടുകയും അവയിലെ കഥാപാത്രസൃഷ്ടി വിലയിരുത്തി അവതരിപ്പിക്കുകയും ചെയ്യുന്നു.
- നാടോടിക്കഥകളും ഐതിഹ്യങ്ങളും പ്രമേയമായ രചനകൾ ആസ്വദിക്കുകയും നാടകം/ കഥാപ്രസംഗം ആയി അവതരിപ്പിക്കുകയും ചെയ്യുന്നു.




Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

5

# കലതൻ കാന്തി തട്ടുമ്പോൾ




ചില കേരളീയ കലാരൂപങ്ങളാണ് ചിത്രത്തിൽ ആവിഷ്കരിച്ചിരിക്കുന്നത്. അവയെക്കുറിച്ച് ചർച്ചചെയ്യുക.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# ഇലഞ്ഞിത്തറമേളം





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



വേനലിൽ പാറകൾ പഴുക്കുകയും വിണ്ടടർന്ന പാടങ്ങൾക്കു മുകളിൽ തീക്കാറ്റുയരുകയും ചെയ്യുമ്പോൾ കേരളത്തിന്റെ കാവുകളിൽ പൂരത്തിന്റെ കൊടിക്കൂറകൾ ഉയരാൻ തുടങ്ങുന്നു. ഇത് തൃശൂർ പൂരമാണ്. കത്തുന്ന മേടവെയിൽ. വടക്കുന്നാഥന്റെ മതിലകത്ത് നിരന്നു നിൽക്കുന്ന പതിനഞ്ചാനകൾ. അവയുടെ മുന്നിൽ മതിലകം നിറഞ്ഞ് പുറത്തേക്കു കവിയുന്ന പുരുഷാരം. താളത്തിൽ ഇളകിയാടുന്ന ആ പുരുഷാരത്തിന്റെ നടുക്ക് ചെവിയാട്ടിനിൽക്കുന്ന ആനകളുടെ മുമ്പാകെ കൊട്ടിക്കൊട്ടി കയറുകയാണ് അറുപതോളം ചെണ്ടകളിൽ നിന്നും അനേകം ഇലത്താളങ്ങളിൽ നിന്നും ഏതാണ്ട് അത്രയും കൊച്ചുകുഴലുകളിൽ നിന്നും ഉയരുന്ന പാണ്ടിമേളം. മന്ദവും വിളംബിതവുമായ ഒരവസ്ഥയിൽനിന്ന് തുടങ്ങി ക്രമേണ ഉയർന്നുവന്ന്, അതിപ്പോൾ മുറുകാൻ തുടങ്ങിയിരിക്കുന്നു. ഇളകിയാടുന്ന ആൾക്കൂട്ടത്തിന്റെ മധ്യത്തിൽ ഒട്ടൊന്നു മൂർച്ഛിച്ചും ലേശമൊന്നു പിൻവാങ്ങിയും കടലുപോലെ കനത്തുനിന്ന മേളം ക്രമേണ ഭയാനകമായ ഒരു കുത്തൊഴുക്കായി കലാശത്തിന്റെ മൂർദ്ധന്യത്തിൽ ചെന്നു പൊട്ടിച്ചിതറുന്നു. ആ ഊർജവിസ്ഫോടനത്തിനു ശേഷമുള്ള നീരവമായ ശാന്തിയിൽനിന്ന് പിന്തിരിഞ്ഞു നോക്കുമ്പോൾ കാണികളറിയാതെ മധ്യാഹ്നത്തിലെ ചൂടേറിയ രണ്ടുമണിക്കൂർ കടന്നുപോയിരിക്കും.

എല്ലാ വേനലുകളിലും തൃശൂരിലെ വടക്കുന്നാഥന്റെ മതിലകത്ത് ആവർത്തിച്ചു കേൾക്കുന്ന ഈ മേളരംഗം മലയാളിയല്ലാത്ത ഒരാസ്വാദകന് സങ്കൽപ്പിക്കാൻ പോലും സാധ്യമല്ലാത്ത ഒന്നാണ്. രണ്ടുമണിക്കൂർ നീണ്ടുനിൽക്കുന്ന ഒരു വാദ്യമേളമോ? അയൽവാസിയായ തമിഴൻ ശരിക്കും അദ്ഭുതപ്പെട്ടേക്കും. രണ്ടും മൂന്നും മണിക്കൂറുകൾ നീണ്ടുനിൽക്കുന്ന പാട്ടുകച്ചേരികൾ അവൻ കണ്ടിട്ടുണ്ട്. പക്ഷേ, അത്തരം കച്ചേരികളിലെല്ലാം വാദ്യങ്ങൾ പാട്ടിന്റെ അകമ്പടിക്കുള്ള ഉപാംഗങ്ങൾ മാത്രമാണ്. തനിയാവർത്തനത്തിന്റെ ചെറിയ വേളകളിൽ മാത്രമാണ് വാദ്യങ്ങൾക്ക് സ്വാധികാരം ലഭിക്കുന്നത്. എന്നാൽ, ഏറ്റവും മികച്ച തനിയാവർത്തനം പോലും ഇരുപതുമിനിറ്റ് കഴിഞ്ഞാൽ മുഷിയും എന്നാണ് അവന്റെ അനുഭവം. എങ്കിൽ ആ സ്ഥാനത്തിതാ ഇരുപതു മിനിറ്റല്ല, അതിന്റെ പത്തിരട്ടി നേരം നീണ്ടുനിൽക്കുന്ന ഒരു വാദ്യമേളം, പാട്ടിന്റെ അകമ്പടിക്കായി മാത്രം കൊട്ടു കേട്ടുപോന്ന തന്റെ കാതുകളിലിതാ യാതൊന്നിന്റെയും അകമ്പടിയില്ലാതെ തന്നിൽത്താൻ പൂർണമായി നിൽക്കുന്ന ഒരു വാദ്യഘോഷം. കച്ചേരികൾക്കു പ്രശസ്തമായ തന്റെ നാട്ടിലെ സംഗീതപ്രധാനമായ ഒരു ശ്രവണസംസ്കാരത്തിൽനിന്ന് എത്രയോ ഭിന്നമായ ഒരു ശബ്ദകലാശിൽപ്പത്തിന്റെ മുന്നിലാണ് താൻ നിൽക്കുന്നതെന്ന് മുഖരമായ ആ പൂരപ്പറമ്പിലെ നാദധാരയിൽ മുങ്ങി നിവരുമ്പോൾ അയാൾ അദ്ഭുതത്തോടെ മനസ്സിലാക്കുന്നു.

“അദ്ഭുതപ്പെടരുത്.” ഏതെങ്കിലുമൊരു മലയാളി അയാളുടെ തോളിൽത്തട്ടി പറഞ്ഞേക്കാം. കാരണം, അതാകുന്നു ഞങ്ങളുടെ കേരളം. സ്വരത്തേക്കാളധികം നാദത്തെ പരിചയിച്ചുപോരുന്ന ഒരു നാട്. സംഗീതത്തേക്കാൾ അധികം വാദ്യത്തിന് ഇവിടെ പ്രാധാന്യം ലഭിച്ചു. തമിഴ്നാട്ടിലെ സംഗീതക്കച്ചേരികൾക്കു ബദലായി ഇവിടെ വളർന്നുവന്നത് കൊട്ടുകച്ചേരികളായിരുന്നു. മനുഷ്യന്റെ ശബ്ദവും അതിൽനിന്ന് ഊറിവരുന്ന അനന്തസാധ്യതയുള്ള മധുരഗാനലോകവും കേരളത്തിൽ ഏറെയൊന്നും വികസിച്ചില്ല. കേരളത്തിന് സ്വന്തമായി ഒരു സംഗീതപാരമ്പര്യം തന്നെയുണ്ടോയെന്ന് തർക്കിച്ചിരിക്കുന്നു പണ്ഡിതൻമാർ. എന്നാൽ അവർക്കുപോലും സംശയമില്ലാത്തതാണ് കേരളത്തിന്റെ സമ്പന്നമായ വാദ്യപാരമ്പര്യത്തെപ്പറ്റി. കേരളത്തിന്റെ കലാസഞ്ചയത്തിൽ ഏറ്റവും പ്രധാനപ്പെട്ടതാകുന്നു കൊട്ട്. സംഗീതക്കച്ചേരികളെപ്പോലെ വ്യക്തിയുടെ ഏകാന്തസൗമ്യമായ പ്രകടനങ്ങളായല്ല, എൺപതും നൂറും പേർ വരുന്ന മനുഷ്യമഹാസംഘങ്ങൾ ഒന്നിച്ചുനിന്നുയർത്തുന്ന ആസുരശബ്ദ ഗോപുരങ്ങളായി അതു മലയാളിയുടെ ആകാശങ്ങളിൽ പൊങ്ങിപ്പൊങ്ങി വന്നു. മനുഷ്യന്റെ സ്വരം ഒരാഢ്യകലയായി ഇവിടെ വികസിച്ചില്ലെങ്കിലും വാദ്യങ്ങളുടെ നാദം ഇവിടെ പരിചരിക്കപ്പെടുകയും സംസ്കരി



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ക്കപ്പെടുകയും ചെയ്തു. Voice നേക്കാൾ Noice ന് കേരളത്തിന്റെ ശബ്ദസംസ്കാരത്തിൽ പ്രാധാന്യം ലഭിച്ചു. 'ഒച്ച'യെ നാം ഒരു കലയാക്കി വളർത്തി. ഓരോ മേളത്തിന്റെയും അന്ത്യത്തിൽ മുഴങ്ങുന്ന വെടിക്കെട്ടിന്റെ ഭയാനകമായ സൗന്ദര്യം 'ഒച്ചപ്പാട്' സൃഷ്ടിക്കുന്നതിന്റെ കലാഭംഗിയറിഞ്ഞ ഒരു സമൂഹത്തിനല്ലാതെ മറ്റാർക്ക് മനസ്സിലാക്കാൻ കഴിയും!

കേരളത്തിലെ വാദ്യങ്ങളുടെ വൈവിധ്യസമ്പന്നമായ ലോകം പരിശോധിക്കുമ്പോൾ ഇവിടെ കൊട്ടിനുള്ള പ്രാധാന്യം ഒന്നുകൂടി വെളിപ്പെടുന്നു. വാദ്യങ്ങൾ നാലുവിധം എന്നാണ് തരംതിരിവ്. തതം, അവനദ്ധം, ഘനം, സുഷിരം എന്നിങ്ങനെ. വീണയും വയലിനും പോലുള്ള കമ്പിവാദ്യങ്ങളാണ് തതത്തിൽ പെടുന്നത്. തോൽ വലിച്ചുകെട്ടിയ തിമിലയും ചെണ്ടയും മദ്ദളവും മൃദംഗവും മിഴാവും ഇടയ്ക്കയും പോലുള്ളവ അവനദ്ധവാദ്യങ്ങളാണ്. ചേങ്ങിലയും ഇലത്താളവും പോലെ മുട്ടിശബ്ദമുണ്ടാക്കുന്നവയെ ഘനവാദ്യങ്ങൾ എന്നു വിളിക്കുന്നു. ഓടക്കുഴൽ സുഷിരവാദ്യമാണ്. ഈ നാലുതരം വാദ്യങ്ങളിൽ തതവാദ്യങ്ങളും സുഷിരവാദ്യങ്ങളും, അതായത് വീണയും ഓടക്കുഴലും ശുദ്ധസംഗീതത്തിനുള്ളവയാണ്. ഈണവും രാഗവും സൃഷ്ടിക്കാനാണ് അവ ഉപയോഗിക്കുന്നത്. അവനദ്ധവാദ്യങ്ങളും ഘനവാദ്യങ്ങളും താളമിടാൻ പ്രയോജനപ്പെടുന്നു. കേരളത്തിന്റെ പ്രത്യേകത താളമിടാനുള്ള വാദ്യങ്ങൾ ഈണം രചിക്കാനുള്ള വാദ്യങ്ങളേക്കാൾ എത്രയോ അധികമാണ് എന്നുള്ളതാണ്. പ്രചാരംകൊണ്ടും പ്രാമാണ്യംകൊണ്ടും താളവാദ്യങ്ങൾ ഗീതവാദ്യങ്ങളേക്കാൾ മുന്തിനിൽക്കുന്നു. ഇടയ്ക്ക, തുടി, ചെണ്ട, മദ്ദളം, പറ എന്നിങ്ങനെയുള്ള സുപ്രസിദ്ധമായ താളവാദ്യങ്ങൾക്കു പുറമെ അധികമാരും കേട്ടിട്ടുകൂടിയില്ലാത്ത ഇരുതുടിവിരാണം, പഞ്ചമുഖവാദ്യം, മരം തുടങ്ങിയവ പിന്നെയും കിടക്കുന്നു. താളവാദ്യങ്ങളുടെ വലിയൊരു മ്യൂസിയമാണ് കേരളം. ഈ വാദ്യങ്ങൾ ഉപയോഗിച്ച് മറ്റെങ്ങുമില്ലാത്ത ബൃഹദാകാരങ്ങളായ ശബ്ദശില്പങ്ങളും നാം ഉണ്ടാക്കിയിട്ടുണ്ട്. ഈ ശബ്ദശില്പങ്ങളാകട്ടെ, നമ്മുടെ സംഗീതത്തെതന്നെ അപ്രധാനമാക്കിയിരിക്കുന്നു. സംഗീതവാദ്യങ്ങളായി മറ്റിടങ്ങളിൽ വളർന്നേക്കാവുന്ന പല വാദ്യങ്ങളും നാം താളത്തിനു വേണ്ടിയാണ് ഉപയോഗിക്കുന്നത്. വില്ല് സാങ്കേതികമായി ഒരു തന്ത്രിവാദ്യമാണ്. പക്ഷേ, നമ്മുടെ കുട്ടികൾ ഓണവില്ലു കൊട്ടുകയേ പതിവുള്ളൂ. വില്ലിൻമേൽ തായമ്പകപോലും ഉണ്ടിവിടെ. പുള്ളുവന്റെ ഇടിയറ എന്ന മറ്റൊരു തന്ത്രിവാദ്യവും ഈണം രചിക്കുന്നതിനേക്കാൾ താളമിടാൻ ഉപയോഗിക്കുന്നു. കുറുംകുഴൽ കേരളത്തിൽ സാധാരണമാണെങ്കിലും അതുപയോഗിച്ച് നാദസ്വരം പോലൊരു രാഗരൂപം ഉണ്ടാക്കാനല്ല, മേളത്തിന് അകമ്പടി ചേരാനാണ് ഉപയോഗിക്കുന്നത്. രാഗത്തിന്റെ അകമ്പടിക്കു താളം എന്ന സാധാരണനില പോലും മാറി താളത്തിന്റെ കൊഴുപ്പിനു സ്വരം എന്നിടത്തോളം എത്തിയിരിക്കുന്നു, കേരളത്തിൽ.

**–കെ.സി. നാരായണൻ**



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- തൃശൂർപൂരത്തിന് ലേഖകൻ എടുത്തുകാട്ടുന്ന മേന്മകൾ എന്തെല്ലാം?
- "ഇളകിയാടുന്ന ആൾക്കൂട്ടത്തിന്റെ മധ്യത്തിൽ ഒട്ടൊന്നു മൂർച്ഛിച്ചും ലേശമൊന്നു പിൻവാങ്ങിയും കടലുപോലെ കനത്തുനിന്ന മേളം ക്രമേണ ഭയാനകമായ ഒരു കുത്തൊഴുക്കായി കലാശത്തിന്റെ മൂർദ്ധന്യത്തിൽ ചെന്ന് പൊട്ടിച്ചിതറുന്നു."
  ഈ വാക്യത്തെ ലഘുവാക്യങ്ങളാക്കി മാറ്റിയെഴുതുക.
- കേരളത്തിനു സ്വന്തമായ താളവാദ്യസംസ്കാരമുണ്ട്. ഈ പ്രസ്താവന സമർഥിക്കാൻ ലേഖകൻ മുന്നോട്ടുവയ്ക്കുന്ന ആശയങ്ങൾ എന്തൊക്കെ? സ്വന്തം കണ്ടെത്തലുകൾ ഉൾപ്പെടുത്തി ലേഖനം തയാറാക്കുക.
- "താളവാദ്യങ്ങളുടെ വലിയൊരു മ്യൂസിയമാണ് കേരളം."
  പ്രമുഖ വാദ്യകലാകാരന്മാരുടെയും വാദ്യോപകരണങ്ങളുടെയും ചിത്രങ്ങൾ ഉൾപ്പെടുത്തി ആവശ്യമായ വിവരങ്ങളോടെ ഒരു ആൽബം തയാറാക്കുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# കീർത്തിമുദ്ര



**അ**വസാനത്തെ അരങ്ങേറ്റമാണ്; കളിയോഗത്തോടു വിടവാങ്ങുന്നതിനു തൊട്ടുമുമ്പുള്ള കളി. ചുട്ടിയിടാനായി ആശാൻ അണിയറയിൽ കടന്നു. ക്ഷണിക്കപ്പെട്ട സദസ്സാണ് അന്നത്തേത്. ഗവർണരും മുഖ്യമന്ത്രിയും കളികാണാനായി വരുന്നുണ്ട്. മുഖ്യമന്ത്രിയാണ് കലാതിലകമെന്ന കീർത്തിമുദ്ര നൽകുന്നത്. അന്നേവരെയുള്ള സേവനങ്ങളെ വകയിരുത്തിക്കൊണ്ടാണ് കമ്മിറ്റിക്കാർ തനിക്കത് നൽകാൻ തീരുമാനിച്ചിരിക്കുന്നത്. ഇനി മുതൽക്ക് കളിയോഗത്തിൽ പങ്കെടുക്കേണ്ട. ആശാന് തളർച്ച തോന്നി. കളിയരങ്ങത്തുനിന്ന് വിടവാങ്ങുന്നതോടെ താൻ താനല്ലാതായിത്തീരുന്നു. വയസ്സ് എൺപത്തിയെട്ടായി. പതിമൂന്നാമത്തെ വയസ്സിൽ കച്ചകെട്ടിയതാണ്. പതിമൂന്നാമത്തെ വയസ്സിലേ നടനായി. വേറെ മാർഗങ്ങളൊന്നുമില്ലായിരുന്നു അന്ന് ജീവിക്കാൻ. മുക്കാൽ നൂറ്റാണ്ടാണ് തന്റെ മുമ്പിലൂടെ കടന്നുപോയിരിക്കുന്നത്. അതും കളിയരങ്ങിലൂടെ. ഇന്നത്തേയും അന്നത്തേയും ജീവിതത്തെ താരതമ്യപ്പെടുത്തുക വയ്യാ. വളരെയേറെ കഷ്ടപ്പാടുകൾ സഹിച്ചിട്ടുണ്ട്. നിരവധി നാഴികകൾ കളിപ്പെട്ടി തലയിലേറ്റിക്കൊണ്ട് നടന്നിട്ടുണ്ട്. ഇന്നത്തെ ചെറുപ്പക്കാരായ കളിയോഗത്തിലെ കുട്ടികൾക്കെന്തറിയാം? അവരൊക്കെ കലയെ കാര്യമായെടുക്കുന്നുണ്ടോ എന്നുറപ്പിച്ചു പറഞ്ഞുകൂടാ. ചിലരൊക്കെയുണ്ട്. ഇല്ലെന്നു പറയുന്നില്ല. വിരലിലെണ്ണാവുന്നവർ മാത്രം.

കളിയരങ്ങെന്നുവച്ചാൽ ദൈവസന്നിധി എന്നേ താനെന്നും കരുതിയിട്ടുള്ളൂ. മറ്റെന്തെങ്കിലും കരുതാനുള്ള ധിക്കാരമോ പരിഷ്കാരമോ തന്നെ സംബന്ധിച്ചിടത്തോളമുണ്ടായിട്ടില്ല. താനെന്നും തന്റെ ഗുരുനാഥന്മാരെ അനുസരിച്ചിരുന്നു. അനുസരണയും അച്ചടക്കവും പ്രയത്നിക്കാനുള്ള സന്നദ്ധതയുമാണ് ഒരു കലാകാരന് ആദ്യമായുണ്ടാകേണ്ടത്. അതുണ്ടായിക്കഴിഞ്ഞാൽ മുഖമുദ്ര താനേ വാർന്നുവീണുകൊള്ളും. താൻ കെട്ടിയാടുന്ന കഥാപാത്രങ്ങളിൽ സ്വന്തം വ്യക്തിമുദ്ര വാർന്നുവീണിട്ടുണ്ടോ എന്നറിഞ്ഞുകൂടാ. ശിഷ്യന്മാരൊട്ടേറെയുണ്ട്. എല്ലാവരും തന്നെ ആശാനെന്നു വിളിക്കുന്നു. പ്രായംചെന്നതു കൊണ്ടുള്ള വിളിയാണെങ്കിൽ താനതിനെ കാര്യമായെടുക്കുന്നില്ല. അല്ല, നല്ലൊരു വേഷക്കാരനെന്ന ബോധത്തോടുകൂടിയ വിളിയാണെങ്കിൽ തനിക്കതിൽ അഭിമാനമുണ്ട്. ഇന്ന് ഒന്നിനും വയ്യാതായി. ക്ഷീണം, തലചുറ്റൽ, കാസശ്വാസം- എല്ലാ രോഗങ്ങളും വന്ന് വലയം ചെയ്തിരിക്കയാണ്. പലതും



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



മോഹിച്ചവനാണ്. മോഹിച്ചതൊന്നും കിട്ടണമെന്നില്ല. വിധിച്ചതേ കിട്ടൂ. താനൊരുത്തിയെ സ്നേഹിച്ചു, മോഹിനിയാട്ടക്കാരി കുഞ്ഞുലക്ഷ്മിയെ, കിട്ടിയില്ല. പുകപോലെ മനസ്സിൽ നിന്നു മാഞ്ഞുപോയിട്ടു കാലമെത്രയായെന്നോ! ഈ ലോകത്തിൽ ഒന്നും ശാശ്വതമായിട്ടില്ല. എല്ലാം മറഞ്ഞുപോകുന്നു. കലയും കാമിനിയുമെല്ലാംതന്നെ.

തന്റെ വേഷംകണ്ട് കൺകുളിർത്തുപോയവരുണ്ട്. അന്നു തന്റെ വേഷം സ്വയംവരത്തിലെ ശ്രീകൃഷ്ണനായിരുന്നു. യൗവനത്തിലേക്കു പ്രവേശിച്ച കൃഷ്ണനാണ് സ്വയംവരകൃഷ്ണൻ. വയസ്സ് ഇരുപത്തിരണ്ടാണ്. വൃന്ദാവനതീരത്തെ രാധ തന്നെ സംബന്ധിച്ചിടത്തോളം കുഞ്ഞുലക്ഷ്മിയായിരുന്നു. അതുകൊണ്ട് തനിക്ക് നിത്യകാമുകനായ കൃഷ്ണന്റെ വേഷം തന്മയത്വത്തോടെ അഭിനയിക്കാൻ കഴിഞ്ഞു. അഭിനയിക്കുന്നത് സ്വയംവരകൃഷ്ണന്റെ ഭാഗമാണ്. പല കഥകളും മനസ്സിലേക്കോടിയെത്തുന്നു. ഇപ്പോൾ ആർക്കെങ്കിലും ആ വക കഥകളെക്കുറിച്ചോർമ്മയുണ്ടോ? എങ്കിലും ആ ചിത്രങ്ങൾ ആശാന്റെ മുന്നിൽ തിരശ്ശീലയ്ക്കു മുന്നിലെന്നപോലെ കാണാൻ തുടങ്ങി. അണിയറയിലെ കളിപ്പെട്ടിമേൽ ആശാൻ ചാരിയിരുന്നു.

ശ്രീകൃഷ്ണപരമാത്മാവായി താനെവിടെയും നിറഞ്ഞുനിന്നിരുന്നു; അണിയറയിലും അരങ്ങത്തും ഒരുപോലെ. യൗവനം അവസാനിച്ചപ്പോഴാണോ എന്നറിഞ്ഞുകൂടാ, ശ്രീകൃഷ്ണന്റെ ഭാഗം അഭിനയിച്ചിരുന്ന തനിക്ക് പിന്നീടഭിനയിക്കാൻ കിട്ടിയ വേഷം യവനന്റേതായിരുന്നു. വിപരീതമുഖങ്ങൾ. ഒന്ന് യൗവനത്തിന്റെ, പ്രേമത്തിന്റെ, ആദരവിന്റേത്. മറ്റേത് ക്രൂരതയുടെ, രൗദ്രതയുടെ, ശൂരതയുടെ. വൃദ്ധശൂരനായ യവനന്റെ ഭാഗമെടുത്തപ്പോഴും തന്നെപ്പറ്റി ആളുകൾ പുകഴ്ത്താൻ തുടങ്ങി. വേഷക്കൊഴുപ്പിൽ ആശാന്റെ യവനനെ വെല്ലാൻ ആരുമില്ലെന്ന് വിധിയെഴുതി വിവരമുള്ളവർ. താനെന്നും ഇന്നും കലാസപര്യക്കുവേണ്ടി ജീവിതമുഴിഞ്ഞുവച്ചവനാണ്. പക്ഷേ, വേഷങ്ങളിൽ വന്ന വ്യതിയാനത്തിൽ വേദന തോന്നിയിരുന്നു. കൃഷ്ണന്റെ കഥയാടുമ്പോൾ താൻ തന്നിൽനിന്നും ഉയർന്നുപൊങ്ങി. ശത്രുസംഹാരകനും മിത്രരക്ഷകനും നിത്യകാമുകനുമായ കൃഷ്ണനിലൂടെ ജീവിച്ചു.

"അരിമാവും മനയോലയും തയാറായി. ഇനി ഇരിക്കാം." ചുട്ടിക്കാരൻ വന്നറിയിച്ചപ്പോഴാണ് ആശാൻ ഓർമ്മകളിൽനിന്നുണർന്നത്. അണിയറയിൽ ആശാന്റെ കണ്ണുകൾ ചുറ്റിനടന്നു. കോപ്പുകൾ സൂക്ഷിക്കുന്ന കളിപ്പെട്ടികൾ, തുറന്ന പെട്ടികൾക്കിടയിലൂടെ കാണുന്ന മരമോന്തകൾ, കിരീടങ്ങൾ -എല്ലാം കണ്ടു. ആ കൂട്ടത്തിൽ സ്വയംവര കൃഷ്ണന്റെ കിരീടവും ദൃഷ്ടിയിൽപ്പെട്ടു. നാലു ഭാഗത്തും മയിൽപ്പീലി നിരത്തി കുത്തിയിട്ടുള്ള കൃഷ്ണന്റെ കിരീടം, മറ്റു കിരീടങ്ങളിൽനിന്നു വ്യത്യസ്തമാണ്. അണിയറയുടെ ഒരു മൂലയിൽ പ്രത്യേക പീഠത്തിന്മേലിരിക്കുന്ന ആ കിരീടം തന്റെ തലയ്ക്കു പാകത്തിന് തീർപ്പിച്ചതായിരുന്നു. ഇന്നത് ഉപയോഗിക്കാതെ വെറുതെയിരിക്കുകയാണ്. ആശാൻ കിരീടം തൊട്ടു വന്ദിച്ചു; നമസ്കരിച്ചു. എന്തുകൊണ്ടോ കണ്ണു നിറഞ്ഞിരുന്നു.

സാധാരണഗതിയിൽ പകലൂണുകഴിഞ്ഞു ചുട്ടിക്ക് ഇരിക്കുകയാണ് പതിവ്. അന്ന് ആശാനൊന്നും കഴിച്ചിരുന്നില്ല. ഏകാദശി നോയമ്പാണ്. അതും സ്വർഗവാതിലേകാദശി. വിശേഷപ്പെട്ട ദിവസം. പകലന്ന് രണ്ടുതവണ തലചുറ്റി. ഇപ്പോഴും ഒരു മയക്കം ബാധിച്ചപോലെയുണ്ട്. സാരമില്ല. ഇന്നത്തോടുകൂടി ഇനി മേലാൽ വേഷമിടേണ്ടതില്ലല്ലോ. അതുകൊണ്ട് കാണികളെ സ്തംഭിപ്പിക്കണം. യവനനെ കണ്ടാൽ ഞെട്ടുകതന്നെ വേണം.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ആ വേഷം കണ്ടാൽ തന്റെ പ്രായം ഏതാണെന്ന് ഒരിക്കലും കാണികൾക്ക് പറയാനിടവരരുത്. തെല്ലുനേരം ധ്യാനനിമഗ്നനായി ഇരുന്നു. ധ്യാനത്തിനുശേഷം കണ്ണുമിഴിച്ചു. ഒരിളനീർ കൊണ്ടുവരാൻ അണിയറസൂക്ഷിപ്പുകാരനോടു പറഞ്ഞു. ചെത്തിയ ഇളനീർ കണ്ണുതുരന്ന് ആശാന്റെ മുന്നിലേക്ക് ശിഷ്യന്മാരിൽ ഒരുവൻ നീക്കിവച്ചു. ഇളനീരിന്റെ വെള്ളം മുഴുവൻ കുറേശ്ശെ കുറേശ്ശെയായി ഇറക്കി. തൊണ്ടക്കുഴിയിലൂടെ ഇളനീർ അകത്തേക്കൊഴുകിപ്പോയപ്പോൾ ഉള്ളിലെ കഫക്കെട്ടിന് തെല്ലൊരാശ്വാസം ലഭിച്ചതുപോലെ തോന്നി. ക്ഷീണം വിട്ടകന്നിരിക്കുന്നു. നവോന്മേഷം തളർന്ന സിരകളിൽ പടർന്നു.

ചുട്ടിക്കാരൻ, ആശാന്റെ മുഖത്ത് പഴുപ്പ് മനയോല തേച്ചു. വേഷവിധാനങ്ങൾ പൂർത്തിയായി. രണ്ടറ്റത്തേക്കും എഴുന്നുനിൽക്കുന്ന തേളിന്റെ ആകൃതിയിലുള്ള മീശ കണ്ടപ്പോൾ ആശാന് ഉള്ളിൽ ചിരിവന്നു. പുരികക്കൊടിയിലെ കട്ടപിടിച്ച മഷി വിരൽത്തുമ്പുകൊണ്ട് തൊട്ടുമിനുക്കി. മുഖത്തെ മേക്കപ്പ് പൊടിപൊടിച്ചിരിക്കുന്നു. യവനന്റെ വെള്ളത്തലപ്പാവെടുത്തണിഞ്ഞു. ചുവന്ന ഉറുമാൽ തലപ്പാവിനു മുകളിൽ ചേർത്തുകെട്ടി. കഴുത്തുമുതൽ പാദംവരെ നീണ്ടുകിടക്കുന്ന പട്ടാണിയുടെ ഉടുപ്പിട്ടു. ഉടുപ്പിനടിഭാഗത്തു നിറയെ തൊങ്ങലുകളാണ്. വാളും പരിചയും കൈയിലെടുത്തു. പതുക്കെ ചുഴറ്റിമിന്നിച്ചു. വായ്ത്തലയുടെ മൂർച്ച നോക്കുന്ന മട്ടിൽ വിരലുകളെക്കൊണ്ട് അരുകു തടവി. അരങ്ങത്തേക്കുള്ള പുറപ്പാടാണ്.



അരങ്ങത്ത് സപ്തവർണങ്ങളിലുള്ള തിരശ്ശീല പൊന്തി. മദ്ദളത്തിന്റെയും ഇലത്താളത്തിന്റെയും പതിഞ്ഞ ശ്രുതി ഉച്ചസ്ഥായിയിലായി. ചിലങ്കയുടെ ശബ്ദം കേട്ടു. പീലിത്തിരുമുടിവച്ച കിരീടവും ചുവന്ന ഉറുമാൽ കെട്ടിയ തലപ്പാവും തിരശ്ശീലയുടെ നെറുകയിൽ പ്രത്യക്ഷപ്പെട്ടു.

"വേഷം വരാറായി. കൃഷ്ണനും യവനനും തമ്മിൽ ഏറ്റുമുട്ടുന്ന രംഗമാണ്. ആശാന്റെ യവനനാണ്. അരങ്ങൊഴിയുന്നതിനു മുമ്പായുള്ള അവസാനത്തെ വേഷം. അതുകൊണ്ട് അരങ്ങുതകർക്കുന്ന കളിയാവും." ഏതോ കളിബ്ഭ്രാന്തൻ തൊട്ടടുത്തിരിക്കുന്ന ആളെ ബോധ്യപ്പെടുത്താനായി പറഞ്ഞു. അയാൾ തിരശ്ശീല നീങ്ങുന്നതും നോക്കി അക്ഷമനായി ഇരിക്കുകയാണെന്ന വസ്തുത ഉപദേഷ്ടാവിനറിഞ്ഞുകൂടായിരുന്നു.

തിരശ്ശീല താണു. കളിവിളക്കിന്റെ എരിഞ്ഞു പടരുന്ന നാളങ്ങൾ. ചുണ്ടപ്പൂവിന്റെ ശോണിമപുരണ്ട കണ്ണുകൾ നാളങ്ങളിൽ ഉരുകി. ക്രൗര്യത്തിന്റെ ഗർജനം മുഴങ്ങി. കൃഷ്ണൻ യവനനെ കണ്ടു. ദ്വന്ദ്വയുദ്ധത്തിനു തയാറായിവന്ന യവനനിൽനിന്ന് ഒഴിഞ്ഞുമാറാനിച്ഛിക്കുന്നപോലെ കൃഷ്ണൻ മുന്നോട്ടു നടന്നു. തൊട്ടുപിന്നാലെ യവനൻ വാളും പരിചയുമിളക്കിക്കൊണ്ട്. കൃഷ്ണന്റെ മുഖം യവനന് കണ്ടുകൂടാ. മറച്ചുപിടിച്ചിരിക്കയാണ്. പിന്നാംപുറത്തു ചെന്ന് കൃഷ്ണന്റെ തലമുടി ഘ്രാണിച്ചു. ദേവഗന്ധമേറ്റ അസുരനെപ്പോലെ യവനൻ മൂക്കു വിടർത്തിപ്പിടിച്ചു. മൂക്ക് വിടർത്തിയപ്പോൾ താടിയും മീശയും കണ്ണും ഒരുപോലെ വിറച്ചുതുള്ളി. കലികൊണ്ട് ജ്വലിച്ച യവനൻ കൃഷ്ണനെ മുഷ്ടിചുരുട്ടി പ്രഹരിക്കാനോങ്ങി. ആളിക്കത്തുന്ന ക്രോധാഗ്നിയിൽ കൃഷ്ണൻ ചാമ്പലായിപ്പോകുമോ?

ജരാസന്ധന്റെ മിത്രമാണ്; പരസഹസ്രം തുലുക്കപ്പടയുടെ അനിഷേധ്യനേതാവ്. യവനനെ യുദ്ധത്തിൽ തോൽപ്പിക്കുകയെന്നുള്ളത് അത്ര എളുപ്പമല്ല. കരുത്തനായ പ്രതിയോഗിയുടെ കാലുവാരാനെന്തു വഴിയെന്ന് കൃഷ്ണൻ ആലോചിക്കുകയായിരുന്നു. ഗത്യന്തരമില്ലാതായപ്പോൾ ഏറ്റുമുട്ടേണ്ടിവന്നു.

അരങ്ങത്തുനടന്ന കൃഷ്ണന്റെയും യവനന്റെയും ഏറ്റുമുട്ടൽ കാണികളെ ശ്വാസംവിടാതെ പിടിച്ചിരുത്തി. രണ്ടു മികച്ച വേഷങ്ങളാണ്. വേഷ



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





ത്തേക്കാൾ മികച്ച മെയ്‌വഴക്കമുള്ള ആശാന്റെ യവനൻ വായുവിൽ കിടന്ന് പടവെട്ടി. പരിചയും വാളും ഇളകിമറിഞ്ഞു. കൃഷ്ണനുമായേറ്റുമുട്ടി മരിക്കുന്നവർക്ക് മോക്ഷമുണ്ടെന്നാണ് പുരാണങ്ങൾ ഘോഷിക്കുന്നത്. പടവെട്ടി തളർന്ന ആശാൻ അരങ്ങത്ത് തളർന്നുവീണു. കൃഷ്ണന്റെ പാദാരവിന്ദത്തിൽത്തന്നെ തളർന്നുവീണ യവനൻ അരങ്ങത്തുനിന്ന് എഴുന്നേൽക്കാതെ കണ്ടപ്പോൾ ആളുകൾക്ക് ഉൽക്കണ്ഠയായി. എന്തുപറ്റി ആശാന്? സദസ്സിൽവച്ച് ചേങ്ങിലക്കാരനും ഇലത്താളക്കാരനും കുലുക്കിവിളിച്ചു. കൈപിടിച്ച് എഴുന്നേൽക്കാറാണ് പതിവ്, വൻകിട വേഷങ്ങൾ അരങ്ങ് തിമർത്താടിത്തളർന്നാൽ.

ആശാന്റെ കൈ കടന്നുപിടിച്ചപ്പോൾ ഏതാണ്ട് തണുത്തുകഴിഞ്ഞിരുന്നു. മനയോല തേച്ച മൂക്കിന്മേൽ കളിയോഗത്തിലെ ആളുകൾ വിരൽവച്ചു നോക്കി. ഇല്ല, ശ്വാസമില്ല. കീർത്തിമുദ്ര ആശാൻ നേടിക്കഴിഞ്ഞിരിക്കുന്നു; എന്നന്നേക്കുമായി. അനൗൺസർ പ്രഖ്യാപിച്ചു: “ഇതോടെ കളി അവസാനിച്ചിരിക്കുന്നു, ആശാന്റെ കീർത്തിമുദ്രാദാനം നടത്താൻ നിർവാഹമില്ല. അദ്ദേഹം തളർന്നുകിടക്കുകയാണ്.”

കഥ അവസാനിക്കുന്നതിനുമുമ്പ് തിരശ്ശീല വീണു.

**(അനുഭവങ്ങളുടെ നേർരേഖകൾ)** **- ഉണ്ണികൃഷ്ണൻ പുതൂർ**



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- "ആശാൻ കിരീടം തൊട്ടുവന്ദിച്ചു, നമസ്കരിച്ചു. എന്തുകൊണ്ടോ കണ്ണു നിറഞ്ഞു." ആശാന്റെ കണ്ണു നിറഞ്ഞതിന് കാരണമെന്താവാം?

- "ശ്രീകൃഷ്ണപരമാത്മാവായി, താനെവിടെയും നിറഞ്ഞുനിന്നിരുന്നു. അരങ്ങത്തും അണിയറയിലും ഒരുപോലെ."

  "ആശാന്റെ 'യവനനെ' വെല്ലാൻ ആരുമില്ലെന്നു വിധിയെഴുതി വിവരമുള്ളവർ."

  ഈ പ്രസ്താവനകളെ മുൻനിർത്തി വ്യത്യസ്ത വേഷങ്ങളോടുള്ള ആശാന്റെ മനോഭാവം ചർച്ചചെയ്യുക.

- അരങ്ങൊഴിയുന്ന ആട്ടക്കാരനെ അവലംബിച്ചെഴുതിയ 'കീർത്തിമുദ്ര' എന്ന കഥയ്ക്ക് ഒരു ആസ്വാദനം എഴുതുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





# 'കളിയച്ഛൻ' ജനിക്കുന്നു

ഒറ്റപ്പാലത്തു പോയി. ഹൈസ്കൂൾ മുറ്റത്തെ പന്തലിൽ പരിഷൽസമ്മേളനം - സാഹിത്യപൂരം. തലയെടുപ്പുള്ള ആനകൾ നിരന്നിരിക്കുന്നു. ഉദ്ഘാടനത്തിനു ഡോക്ടർ രാധാകൃഷ്ണൻ വന്നു. മഹാകവി വള്ളത്തോൾ സംസ്കൃതമംഗളപത്ര സ്വർണമാല സമർപ്പിച്ചു. രാധാകൃഷ്ണന്റെ പ്രസംഗവെള്ളച്ചാട്ടം.

തർജമയ്ക്ക് എൻ.വി. കൃഷ്ണവാരിയർ. ഉള്ളം കൈയിൽ സമുദ്രമെടുത്ത് ആചമിച്ച അഗസ്ത്യനായി വാരിയർ ആ മഹാസദസ്സിന്റെ വേദിയിൽ ജ്വലിച്ചു.

കരഘോഷം മുഴങ്ങി. ഇതാണു പ്രസംഗം. ഇതാണു തർജമ. കുത്തിയൊലിക്കുന്ന രണ്ടു പ്രവാഹങ്ങൾ. കൃഷ്ണവാരിയർ എന്തെന്നു മഹാജനം മനസ്സിലാക്കി. 'കഴിവുകളുടെ ആവനാഴിയിലെ ഒരസ്ത്രം മാത്രമാണിത്-' വാരിയരുടെ കൂസലില്ലാത്ത അമർത്തിയ പുഞ്ചിരി സൂചിപ്പിച്ചു.

രാധാകൃഷ്ണൻ ആശ്ചര്യഭാവത്തോടെ വാരിയരെ നോക്കി. ആ ചെറിയ മനുഷ്യന്റെ വലിയ തല - സദസ്സിനു ചോദ്യചിഹ്നമായി. സ്വന്തമായി ഇംഗ്ലീഷ് പഠിച്ചൊരു മനുഷ്യൻ രാധാകൃഷ്ണന്റെ പ്രസംഗം അതേ ചൂടോടെ, വെളിച്ചത്തോടെ, ശ്വാസം വിടാതെ മലയാളത്തിലേക്ക് ആവാഹിച്ചു. കൈക്കരുത്തുള്ള മന്ത്രവാദി. ഇംഗ്ലീഷിലെ ചില പദങ്ങൾക്കു മലയാളത്തിൽ വാക്കുകളില്ല എന്നു സ്വന്തം അജ്ഞത പുറത്തിടുന്ന വെറും ഡിഗ്രിക്കാർക്ക് ആ തർജമ ചാട്ടയടിയായി.

ആദ്യമായി മഹാകവി ജി. കവിത വായിച്ചു. അന്തസ്സുള്ള മനുഷ്യൻ, കഴിവുള്ള കവി, ആഴമുള്ള കവിത.

വൈലോപ്പിള്ളിയും ഒളപ്പമണ്ണയും കവിത വിളമ്പി. പനിനീർപ്പൂവും ചെമ്പകപ്പൂവും ആ വേദിയിൽ ചിതറി.

നാളെ ജി. അധ്യക്ഷൻ. കവിത വായിക്കണം.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



വിഷയംപോലും ചിന്തിച്ചിട്ടില്ല. മനസ്സു മറ്റേതോ ലോകത്തിൽ അലയുന്നു.

സന്ധ്യക്കു ലക്കിടി വണ്ടിയിറങ്ങി. ഭാരതപ്പുഴ, വറ്റാത്ത കവിത – കണ്ണിലും കരളിലും. ഈ അനുഭൂതി പകർത്താൻ പറ്റുന്നില്ല. ആ മലയുടെ ചിത്രങ്ങൾ, അലൗകികാനുഭൂതി പകർത്താൻ പറ്റുന്നില്ല.

അരുണോദയത്തിനുമുമ്പു കവിതയുണ്ടാകണം, ഉണ്ടാക്കണം. മംഗലത്തെ കൊച്ചുവീട്. പാവപ്പെട്ട അമ്മുക്കുട്ടിടീച്ചർ. മുക്കിൽ മുനിഞ്ഞിരിക്കുന്ന ഭാഗവതർ. കണ്ണീർ കുടിക്കുന്ന മാധവിയമ്മ. എല്ലാം തലയിൽ കേറിയിരിക്കുന്നു. കവിത, രാത്രി കവിത വരണം. കണ്ണൂരുനിന്നു വണ്ടികേറി. ആൾത്തിരക്കിനിടയിൽ ഇരുന്നു കോഴിക്കോട്ടിറങ്ങുംമുമ്പ് റേഡിയോകവി സമ്മേളനത്തിനുള്ള കവിത എഴുതിത്തീർക്കുന്ന മനസ്സിന് – മാതൃഭൂമി വിശേഷാൽപ്രതിക്കുള്ള കവിത ബസ്സ് യാത്രയിൽ ഒരുക്കിവന്ന മനസ്സിന് – അഞ്ചു മിനിട്ടിനകം ഇരുന്നൂറുവരി കവിത നെയ്തുവന്ന ഈ മനസ്സിന് എന്തുപറ്റി? മലയാളമുൻഷിപ്പണി – ആ നിലവിളി, കവിയെ കൊന്നുവോ? അറിയില്ല. ഒന്നും അറിയാൻ പറ്റുന്നില്ല. ഹൃദയം ചുടുനെടുവീർപ്പിട്ടു. ഭാരതപ്പുഴവക്ക്. നീലരാത്രി, വൈരപ്പൊടി ചിതറിയ ആകാശം. ദൂരെ മങ്ങിയ മലനിര. പുഴയുടെ ഏകാന്തശാന്തസംഗീതം. കാളവണ്ടികൾ, ഉറങ്ങുന്ന കടവുതോണി. ഇണങ്ങിയ ശ്രുതി. പാട്ടു വരുന്നില്ല.

കവിതയെഴുത്തു കഴിഞ്ഞ മഹാകാശം ചോദിച്ചു: "തന്റെ കവിത എന്തായി?"

"ഒന്നുമായില്ല."

വാതിൽ തുറന്നു പടിയിലിരുന്നു. കുറേക്കഴിഞ്ഞു കിടന്നു. ഭാവനാലോകം ആവാഹിച്ചു. പറ്റുന്നില്ല. വെള്ളക്കടലാസിരുന്നു മുഷിയുന്നു. പേന കോട്ടുവായിടുന്നു. കഷ്ടം! കവിത വരുന്നില്ല. ഏഴുമണിക്കാണ് ഒറ്റപ്പാലം വണ്ടി. അഞ്ചിനു കുളിയും മറ്റും കഴിയണം. തിരുത്തും അസ്സലെഴുത്തും ഒറ്റപ്പാലത്തു ചെന്നാവാം.

കവിതയുടെ കരടുപകർപ്പെങ്കിലും കീശയിലിരുന്നേ പറ്റൂ.

പണ്ട് ഒന്നുരണ്ടു സമ്മേളനത്തിൽ സ്റ്റേജിൽക്കേറി പെട്ടെന്നു തോന്നിയ കവിത ചൊല്ലീട്ടുണ്ട്. നിമിഷകവിതകൾ എഴുതാൻ കഴിഞ്ഞിട്ടുണ്ട്. ഇതു പരിഷത്താണ്. അങ്ങനെ പറ്റില്ല.

പുഴയലകൾ എത്തിനോക്കി അന്വേഷിച്ചു: "എന്തായി കവീ?"

ദേഷ്യം വന്നു. മിണ്ടിയില്ല.

പാതിരാക്കാറ്റ് കതകുമുട്ടി: "ഉറക്കത്തിൽപ്പെടരുത്; വേഗമാകട്ടെ."

തലേ ദിവസം കൂടാളി വലിയനമ്പ്യാർ പറഞ്ഞ വിഷയം – കഥകളിയുടെയും വേഷത്തിന്റെയും – കഥ പെട്ടെന്നു മിന്നൊളിയായി മനസ്സിൽ പാളി.

ജീവിതമാകെ തിളങ്ങി. ഏതോ ദർശനമുണ്ടായി.

പടയ്ക്കുമുമ്പ് ഒതേനൻ വാളും പരിചയും പൂത്തറയിൽവച്ചു തൊഴുതു കുമ്പിട്ടെടുക്കുംപോലെ പേനയും കടലാസും വിശ്വമഹാകവിയുടെ പൊൻചേവടിയിൽവച്ചു ധ്യാനിച്ചു. മനസ്സു പറഞ്ഞു: "നീ കവി, ഞാൻ പേന. മഷിയൊലിക്കുന്ന, വില കുറഞ്ഞ പേന." ഇഷ്ടമുണ്ടെങ്കിൽ, ആവശ്യമുണ്ടെങ്കിൽ ഈ പേനയെടുക്കാം, എഴുതാം, എഴുതിക്കാം.

മിന്നലും ഇടിയും മഴയും ഒപ്പം. വിഷയവും ഭാവനയും രചനാശില്പവും വരികളും ഒപ്പം. ഒരു ഇടവപ്പാതിമഴ. ആകാശം കടലിരമ്പമായി. എന്നാൽ ഭൂമിക്കു ചില വെള്ളത്തുള്ളികൾ മാത്രം.

നനഞ്ഞ മഴ ആ മാറാലമുറിക്കുള്ളിൽ. കവി ചൊല്ലി. പേന പകർത്തി. കരിമ്പുഴുപോലെ ഇഴയുന്ന അക്ഷരങ്ങൾ. എനിക്കിതു വായിക്കാൻ പറ്റുന്നില്ല.

മെഴുകുതിരി മൂന്നെണ്ണം എന്നെ രക്ഷിക്കാൻ ആത്മാഹുതി ചെയ്തു. നാലാംമെഴുകുതിരി മരിക്കുംമുമ്പ് കരടു പകർത്തി. ഇരുട്ടിൽ മുങ്ങിത്തപ്പി മനസ്സിനൊരു മുത്തുമണി കിട്ടി. ആശ്വാസമണി.

കതകു തുറന്നു. പുതിയ പ്രഭാതം. സ്വർണം വിളയുന്ന കിഴക്കേ ദിക്ക്. ചെങ്കതിർമാല ചൊരിയുന്ന ഉദയസൂര്യപ്രഭ.

നിളാകല്ലോലങ്ങൾ ആ കാവ്യസുവർണകാന്തി മോന്തിക്കുടിക്കുന്നു.

നവോദയം, നവോന്മേഷം, അഭിനവവികാസം, പഞ്ചവർണക്കിളികളുടെ മധുരകാകളി, കൺമുന്നിലെങ്ങും കമനീയകാവ്യപ്രപഞ്ചം. പുലർദീപ്തി തൊട്ട ചെളിക്കുണ്ട്. ചെളിക്കുണ്ട് ചെന്താമരക്കു



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ളമായി മാറുന്നു. മഞ്ഞുതുള്ളി വൈരക്കല്ലെന്നു പേരെടുക്കുന്നു. ഉള്ളുണർന്ന പറവകൾ അപാരതയിൽ ചിറകുവിരിച്ചുയർന്നുപോയ വഴിക്കെല്ലാം സംഗീതം വിതറുന്നു. തമസ്സക ലുമ്പോൾ, സന്നിമാറുമ്പോൾ കയ്പു മധുരമാകുന്നു. എല്ലാം സത്യവും ശിവവും സുന്ദര വുമാകുന്നു; പാമ്പ് എന്ന തെറ്റിദ്ധാരണ പൂമാലയാകുന്നു.

പരീക്ഷയിൽ ജയിച്ച കുട്ടിയുടെ ആവേശം തോന്നി.

സുഖമായി രസപ്പുഴ കടന്ന് ഒറ്റപ്പാലം എക്സ്പ്രസ്സിൽ ഒന്നാം ക്ലാസ്സിൽക്കേറി. അന്നു പച്ചനോട്ടു വാരിവിതറുന്ന കാലം. അകലെ കാവ്യനിർവൃതിലയംപോലുള്ള തിരുവില്വാമ ലക്ഷേത്രം. മനസ്സു താമരപ്പൂവായി. വൈക്കത്തെ ഭസ്മവും ഗുരുവായൂർ കളഭവും മൂകാംബി കുങ്കുമവും നെറ്റിയിൽ.

കവിതയുടെ ആനമല ഉറവൊലി മനസ്സിലും. അവളുടെ കടാക്ഷമേറ്റ രാത്രി. അവൾ ചുംബിച്ച രാത്രി. അവൾ കെട്ടിപ്പുണർന്ന രാത്രി. അവൾ പോയി; മധുരം മായുന്നില്ല.

സമയമടുത്തു. അസ്സലെഴുതണം. പെന്നിൽ മഷിയില്ല. 'പ്രവേശനമില്ലാ'ത്ത എ.ഐ. ആറിന്റെ മുറിയിൽക്കേറി.

പുരുഷോത്തമൻനായരുണ്ട്. കുഴപ്പമുണ്ടെന്ന് അദ്ദേഹത്തിനു മനസ്സിലായി."കാപ്പി - അല്ലേ...."

"ആദ്യം പേന. പിന്നെ കാപ്പി."

ആ മുറിയിലിരുന്ന് അസ്സലെഴുതി. പുരുഷോത്തമൻനായർ സഹായിച്ചു. ഒരുങ്ങിനിന്നു.

ജിയുടെ അധ്യക്ഷപ്രസംഗം കഴിഞ്ഞു. അധ്യക്ഷൻ വിളിച്ചു: "കവിത, പി. കുഞ്ഞിരാ മൻ നായർ."

നിറഞ്ഞ മഹാസദസ്സ്. മുൻവരിയിൽ വള്ളത്തോൾ. അധ്യക്ഷൻ: "ആളെവിടെ, ആളെ വിടെ?"

കവിതപ്പൊതിയുമായി സ്റ്റേജിലെത്തി. വള്ളത്തോളിന്റെ കാൽക്കൽ സാഷ്ടാംഗം വീണു. കേരളത്തിന്റെ സംസ്കാരം, സൗന്ദര്യം, സന്ദേശം- ഈ മൂന്നിന്റെ പുളകമണിഞ്ഞ പൂർണ ചന്ദ്രപ്രഭ: വള്ളത്തോൾ.

അനുഗ്രഹിച്ചു. കവിത വായിച്ചു. കവിതവായനയല്ല, ചാക്യാർകൂത്ത് എന്നു തോന്നി.

സദസ്സു രസിച്ചു. ലയിച്ചു. വലിയ കരഘോഷമുണ്ടായി. കവിയുടെ ജീവിതകവിതാബ ലിയായിരിക്കാം ഇത്.

വായനകഴിഞ്ഞ് ഇറങ്ങുമ്പോൾ മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ പത്രാധിപർ എൻ.വി. കൃഷ്ണവാരിയർ കൈനീട്ടി: "കവിത എനിക്ക്." ആകാശം തന്ന ആ പ്രസാദം വാരിയർക്കു കൊടുത്തു. ആ കവിതയുടെ തലക്കെട്ടിതാണ്: 'കളിയച്ഛൻ!'

ഒരു പ്രസിദ്ധപത്രം ആ കവിത വായിച്ച ദർശനീയരംഗം വർണിച്ചെഴുതിയെന്നു കേട്ടു. ആ വാരിക ഇങ്ങനെ എഴുതിയെന്നറിഞ്ഞു: "ഒരു ഗന്ധർവഗായകനെപ്പോലെ കുഞ്ഞിരാ മൻനായർ രംഗവേദിയിൽ വിളങ്ങി." ആ മംഗളപത്രം, സദസ്സിന് ആ തോന്നലുളവാക്കിയ സാക്ഷാൽ കവിയുടെ കാൽക്കൽ, കണ്ണീരണിഞ്ഞ മനസ്സ് പുഷ്പമായി സമർപ്പിച്ചു.

**(കവിയുടെ കാൽപ്പാടുകൾ)** **- പി. കുഞ്ഞിരാമൻനായർ**



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- സാഹിത്യപരിഷത്ത് സമ്മേളനത്തിൽ പങ്കെടുക്കാനെത്തിയ കവികളെ പാഠഭാഗത്ത് എങ്ങനെയൊക്കെ അവതരിപ്പിച്ചിരിക്കുന്നു?
- 'കളിയച്ഛൻ' എന്ന കവിത പിറന്ന മുഹൂർത്തം കവി ആവിഷ്കരിക്കുന്നത് എങ്ങനെ?
- 
  - നിളാകല്ലോലങ്ങൾ ആ കാവ്യ സുവർണകാന്തി മോന്തിക്കുടിക്കുന്നു.
  - ചെളിക്കുണ്ട് ചെന്താമരക്കുളമായി മാറുന്നു.
  - മഞ്ഞുതുള്ളി വൈരക്കല്ലെന്ന് പേരെടുക്കുന്നു.

'കളിയച്ഛൻ ജനിക്കുന്നു' എന്ന പാഠഭാഗത്തെ ആസ്വാദ്യമാക്കുന്ന ചില സവിശേഷപ്രയോഗങ്ങളാണിത്. ഇത്തരം പ്രയോഗങ്ങൾ പി. കുഞ്ഞിരാമൻനായരുടെ ഗദ്യത്തെ എത്രത്തോളം ചേതോഹരമാക്കുന്നു എന്നു പാഠഭാഗത്തെ അടിസ്ഥാനമാക്കി വിവരിക്കുക.

- 
  * "പ്രകൃതിസൗന്ദര്യത്തിൽ ആനന്ദിക്കുന്ന കവി."
  * "പ്രകൃതിയെ ആരാധിക്കുന്ന കവി."
  * "പ്രകൃതിയിൽ ഭാവം കലർത്തുന്ന കവി."

'കളിയച്ഛൻ ജനിക്കുന്നു' എന്ന പാഠഭാഗം മുൻനിർത്തി 'പ്രകൃതിയും പി. കുഞ്ഞിരാമൻനായരുടെ കവിതയും' എന്ന വിഷയത്തിൽ ഉപന്യാസം തയാറാക്കുക.

- പുഴയലകൾ എത്തിനോക്കി അന്വേഷിച്ചു: "എന്തായി കവീ?"
  ദേഷ്യം വന്നു. മിണ്ടിയില്ല.
  പാതിരാക്കാറ്റ് കതകുമുട്ടി: "ഉറക്കത്തിൽപ്പെടരുത്; വേഗമാകട്ടെ."
  തലേ ദിവസം കൂടാളി വലിയനമ്പ്യാർ പറഞ്ഞ വിഷയം – കഥകളിയുടെയും വേഷത്തിന്റെയും – കഥ പെട്ടെന്നു മിന്നൊളിയായി മനസ്സിൽ പാളി.

  മുകളിൽ കൊടുത്ത ഭാഗത്തുള്ള ചിഹ്നങ്ങളുടെ ഉപയോഗങ്ങൾ കണ്ടെത്തി പട്ടിക പൂർത്തിയാക്കുക.

| ചിഹ്നം | പേര് | ഉപയോഗം |
|---|---|---|
| : | ഭിത്തിക | അന്യഭാഷണം അവതരിപ്പിക്കുന്നതിന് മുമ്പ്. |
| ; | അർധവിരാമം | ............................................................... |
| | .......................... | സംക്ഷേപിച്ചത് വിവരിക്കാനും വിവരിച്ചത് സംക്ഷേപിക്കാനും. |
| | | |
| | | |



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# കവിതയോട്



എന്തിനു താമസിപ്പതംബികേ, നിന്നുണ്ണിയാ-
മെൻ മുന്നിലണയുവാ?നെങ്ങു നീ മറഞ്ഞിതോ?
എത്രനാളമ്മേ, നിന്നെത്തിരഞ്ഞുംകൊണ്ടീവിധം
ഹൃത്തടം കരിഞ്ഞു ഞാൻ കേണുകേണലയേണ്ടൂ?

പൂർവാശയാറ്റുനോറ്റു സമ്പാദിച്ചൊരു തങ്ക-
പ്പൂങ്കുമാരനെയങ്ങു പൊൽച്ചാറിൽ മുക്കി മുക്കി
നീരാട്ടി മടിത്തട്ടിൽക്കിടത്തിത്താലോലിക്കും-
നേരത്തു നിന്നെത്തേടിയങ്ങു ഞാൻ നടക്കവേ
ആ മണിമുറ്റത്തു നിൻ സ്മിതത്തൂവൊളിയെന്യേ
യാതൊന്നും കണ്ടീടാതെ മടങ്ങീ നിരാശനായ്
പശ്ചിമതടാകത്തിലിറങ്ങി സ്നാനം ചെയ്തു
പൊൽച്ചെമ്പട്ടുടുത്തർക്കദീപവും കൈയിലേന്തി
പ്രാർഥനയ്ക്കായിച്ചെല്ലും സന്ധ്യയാം പെൺകൊടിതൻ
പൂവനത്തിലുമമ്മേ, നിന്നെ ഞാൻ തിരഞ്ഞിതേ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



താവകപ്പൂഞ്ചേലതൻ സൗവർണരുചിയല്ലാ-
താവഴിക്കൊന്നും കണ്ടീലാഹന്ത! ദൗർഭാഗ്യമേ
സാധുവാം കൃഷകന്നു നൽകുവാൻ പ്രകൃത്യംബ
സാമോദം സംഭരിച്ച രത്നങ്ങൾ നിറച്ചതാം
ഇരുമ്പുപെട്ടികളും പത്തായങ്ങളുമേറ്റം
നിറച്ചുവച്ചീടിന വിൺതട്ടിൻ മുകളിലും
ഞാനണഞ്ഞെങ്ങും തേടി, -വാർമഴവില്ലാകും നിൻ
മാണിക്യമാലയും പൊൻമിന്നൽക്കാഞ്ചിയും കണ്ടേൻ.

സുപ്രഭാതത്തിങ്കലെക്കോകിലഗാനങ്ങളിൽ
കേൾപ്പൂ ഞാൻ നിൻ താരാട്ടിൻതേനൊലിസ്സംഗീതങ്ങൾ
ത്വൽക്കരമൃദുഘോഷം മാറ്റൊലിക്കൊള്ളുന്നിതേ
നൽക്കുളിർപ്പൂഞ്ചോലതൻ ലോലകല്ലോലങ്ങളിൽ;
നിൻപാദപത്മത്തിന്റെ പാടുകൾ കണ്ടീടുന്നു
ചെമ്പനീർപ്പുഷ്പങ്ങളിൽ സുന്ദരം സമ്മോഹനം;
എന്നാലുമമ്മേ, നിന്നെക്കണ്ടീല; നീയെങ്ങാവോ!
നിന്നുണ്ണിയായോരെന്നെക്കൈവിട്ടു മറകയോ?

**(ഉബൈദിന്റെ തെരഞ്ഞെടുത്ത കവിതകൾ)** **- ടി. ഉബൈദ്**

- കവി അമ്മയെ തിരയുന്നത് എവിടെയെല്ലാമാണ്? ആരാണ് ആ അമ്മ? കവിത വിശകലനം ചെയ്ത് എഴുതുക.
- കവിതയിലെ സവിശേഷപ്രയോഗഭംഗിയുള്ള വരികൾ കണ്ടെത്തി പ്രത്യേകതകൾ എടുത്തെഴുതുക.
- ചമത്കാരഭംഗി വിവരിക്കുക.
  "വാർമഴവില്ലാകും നിൻ
  മാണിക്യമാലയും പൊൻമിന്നൽക്കാഞ്ചിയും കണ്ടേൻ."
- കവിതയ്ക്ക് ഒരു ആസ്വാദനക്കുറിപ്പ് തയാറാക്കുക.

- കേരളത്തിന്റെ വൈവിധ്യമാർന്ന കലാപാരമ്പര്യത്തെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ച് പ്രബന്ധം തയാറാക്കി സെമിനാറിൽ അവതരിപ്പിക്കുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## ഞാൻ എന്നെക്കുറിച്ച്

പ്രവർത്തനങ്ങളിലൂടെ നിങ്ങൾ എത്രത്തോളം മെച്ചപ്പെട്ടിട്ടുണ്ട്? രേഖപ്പെടുത്തുക.

| | ഉണ്ട് | ഇല്ല |
|---|---|---|
| **ആസ്വാദനക്കുറിപ്പ് തയാറാക്കുന്നതിൽ** | | |
| • കവിത/കഥയിലെ ആശയങ്ങൾ സ്വാംശീകരിച്ച് അവതരിപ്പിക്കുന്നതിൽ. | | |
| • വായിച്ച ഭാഗത്തെക്കുറിച്ച് താൽപ്പര്യവും ആകാംക്ഷയും ഉണ്ടാക്കുന്നവിധത്തിൽ അവതരിപ്പിക്കാൻ പറ്റിയ ഭാഷ (സവിശേഷപ്രയോഗങ്ങൾ, ശൈലി) ഉപയോഗിക്കുന്നതിൽ. | | |
| • സ്വന്തം നിരീക്ഷണങ്ങൾ ഉദാഹരണങ്ങളും തെളിവുകളും ചേർത്ത് അവതരിപ്പിക്കുന്നതിൽ. | | |
| • വായിച്ച ഭാഗത്തിന്റെ സൗന്ദര്യതലം, സമകാലികപ്രസക്തി എന്നിവ കണ്ടെത്തി യുക്തിയോടെ അവതരിപ്പിക്കുന്നതിൽ. | | |
| **ഉപന്യാസരചനയിൽ** | | |
| • സന്ദർഭവുമായി ബന്ധപ്പെട്ട പരമാവധി ആശയങ്ങൾ ഉൾക്കൊള്ളിക്കുന്നതിൽ. | | |
| • ആശയങ്ങളും നിലപാടുകളും ശക്തമായി വായനക്കാരിൽ എത്തിക്കാനുതകുന്ന ഭാഷ പ്രയോഗിക്കുന്നതിൽ. | | |
| • ഉപന്യാസത്തിന്റെ ഘടന പാലിക്കുന്നതിൽ (തുടക്കം, പ്രധാനാശയങ്ങൾ, വിശദീകരണം, ഉപസംഹാരം). | | |
| • സ്വന്തം നിലപാടുകളും നിരീക്ഷണങ്ങളും യുക്തിയോടെ സ്ഥാപിക്കുന്നതിൽ. | | |
| **വിവരണം തയാറാക്കുന്നതിൽ** | | |
| • സന്ദർഭവുമായി ബന്ധപ്പെട്ട പരമാവധി ആശയങ്ങൾ ഉൾക്കൊള്ളിക്കുന്നതിൽ. | | |
| • വായനക്കാർക്ക് നേരനുഭവം ലഭിക്കുംവിധത്തിലുള്ള ഭാഷ ഉപയോഗിക്കുന്നതിൽ. | | |
| • സന്ദർഭത്തിന്റെ വിശദമായ ചിത്രം മനസ്സിൽ പതിയുംവിധം വാങ്മയ ചിത്രങ്ങൾ, ഉദാഹരണങ്ങൾ തുടങ്ങിയവ പ്രയോജനപ്പെടുത്തുന്നതിൽ. | | |
| **സെമിനാർ റിപ്പോർട്ട് എഴുതുന്നതിൽ** | | |
| • വിഷയവുമായി ബന്ധപ്പെട്ട പ്രധാന വിവരങ്ങൾ ഉൾപ്പെടുത്തി എഴുതുന്നതിൽ. | | |
| • ഉള്ളടക്കവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, ഫോട്ടോകൾ എന്നിവ ചേർക്കുന്നതിൽ. | | |
| • യോജിച്ച ഭാഷയിൽ (പദങ്ങൾ, പ്രയോഗങ്ങൾ, ശൈലികൾ) എഴുതുന്നതിൽ. | | |




Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



എഴുത്തുകാരെ അറിയുക



## കെ.സി. നാരായണൻ

1952ൽ പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരത്ത് ജനനം. മാധ്യമപ്രവർത്തകൻ, വിമർശകൻ എന്നീ നിലകളിൽ പ്രശസ്തൻ. 'ഭാഷാപോഷിണി' മാസികയുടെ എഡിറ്റർ ഇൻ ചാർജായി പ്രവർത്തിക്കുന്നു. മികച്ച പത്രപ്രവർത്തനത്തിനുള്ള കോമൺവെൽത്ത് ഫെലോഷിപ്പ്, കേരള സാഹിത്യ അക്കാദമി അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്. മലയാളികളുടെ രാത്രി, ബലിയപാലിന്റെ പാഠങ്ങൾ തുടങ്ങിയവയാണ് പ്രധാന കൃതികൾ.



## ഉണ്ണികൃഷ്ണൻ പുതൂർ (1933 - 2014)

തൃശൂർ ജില്ലയിലെ ഏങ്ങണ്ടിയൂരിൽ ജനനം. വളർന്നതും ജീവിച്ചതും ഗുരുവായൂരിൽ. ആത്മസംഘർഷങ്ങളുടെ കഥാകാരൻ എന്നറിയപ്പെടുന്നു. ചെറുകഥാകൃത്ത്, നോവലിസ്റ്റ് എന്നീ നിലകളിൽ പ്രശസ്തൻ. ബലിക്കല്ല്, നാഴികമണി, ആട്ടുകട്ടിൽ, അമൃതമഥനം, ആനപ്പക, ധർമ്മചക്രം എന്നീ നോവലുകളും ഭാഗപത്രം, നഷ്ടപ്പെട്ട പൊന്നോണം, എന്റെ 101 കഥകൾ, പുതൂർ കഥകൾ, തെരഞ്ഞെടുത്ത കഥകൾ, അനുഭവങ്ങളുടെ നേർരേഖകൾ തുടങ്ങിയ കഥാസമാഹാരങ്ങളും രചിച്ചിട്ടുണ്ട്. കേരള സാഹിത്യ അക്കാദമി അവാർഡ്, പത്മപ്രഭപുരസ്കാരം, ഓടക്കുഴൽ അവാർഡ് തുടങ്ങിയ ബഹുമതികൾ ലഭിച്ചു.



## പി. കുഞ്ഞിരാമൻനായർ (1905 - 1978)

കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട്ട് ജനനം. കവി, അധ്യാപകൻ. കാൽപ്പനികപ്രസ്ഥാനത്തിലെ പ്രമുഖൻ. കളിയച്ഛൻ, പൂക്കളം, താമരത്തോണി, ഭദ്രദീപം തുടങ്ങി എഴുപതോളം കവിതാസമാഹാരങ്ങൾ. കവിയുടെ കാൽപ്പാടുകൾ, എന്നെ തിരയുന്ന ഞാൻ, നിത്യകന്യകയെ തേടി എന്നീ ആത്മകഥകളും രചിച്ചിരിക്കുന്നു. കേരള-കേന്ദ്ര സാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ചിട്ടുണ്ട്.



## ടി. ഉബൈദ് (1908 - 1972)

കാസർഗോഡ് ജില്ലയിലെ പള്ളിക്കലിൽ ജനനം. അധ്യാപകൻ, മാപ്പിളപ്പാട്ടിൽ ഗവേഷകൻ, ഉബൈദിന്റെ തെരഞ്ഞെടുത്ത കവിതകൾ, ചന്ദ്രക്കല, ഗാനവീചി, ബാഷ്പധാര (കവിത), മണ്ണിലേക്ക് മടങ്ങി, കന്നഡചെറുകഥകൾ തുടങ്ങി അനേകം കൃതികൾ രചിച്ചിട്ടുണ്ട്. വള്ളത്തോൾ കവിതകൾ, ചിന്താവിഷ്ടയായ സീത, വീണപൂവ് തുടങ്ങിയ കൃതികൾ കന്നഡയിലേക്കു പരിഭാഷപ്പെടുത്തിയിട്ടുണ്ട്.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## പദകോശം

| | |
|---|---|
| അകമ്പടി | - കൂടെ ചേർന്ന് സഹായിക്കുന്നവർ (പരിവാരം) |
| അനിഷേധ്യൻ | - നിഷേധിക്കാൻ ആവാത്തവൻ |
| അംബിക | - ലോകമാതാവ് എന്ന സങ്കൽപ്പം |
| അർക്കൻ | - സൂര്യൻ |
| ആകാരം | - രൂപം |
| ഉച്ചസ്ഥായി | - ഏറ്റവും ഉയർന്ന അവസ്ഥ |
| ഉപാംഗങ്ങൾ | - സഹായികൾ |
| ഉറുമാൽ | - കൈലേസ്, തൂവാല |
| എന്നിയേ | - കൂടാതെ, ഇല്ലാതെ |
| കച്ച | - കട്ടിയുള്ള ഒരുതരം വസ്ത്രം |
| കലാസഞ്ചയം | - കലകളുടെ കൂട്ടം |
| കാഞ്ചി | - അരഞ്ഞാൺ |
| കീർത്തിമുദ്ര | - പ്രശസ്തിയുടെ അടയാളം |
| കേണ് | - അപേക്ഷിച്ച് |
| കൊട്ടുകച്ചേരി | - ഒരു മേളപ്രകടനം |
| ക്രൗര്യം | - ക്രൂരത |
| ചുട്ടി | - അരിമാവുകുറി |
| ചൊട്ടിക്കാരൻ | - ചുട്ടി കുത്തിക്കൊടുക്കുന്നയാൾ |
| തൻമ | - വിശേഷസ്വഭാവം, പ്രത്യേകത |
| തൻമയത്വം | - താദാത്മ്യം |
| തനിയാവർത്തനം | - വാദ്യക്കാരുടെ ഒരു സ്വതന്ത്രാവിഷ്കാരം |
| തന്ത്രിവാദ്യം | - കമ്പികളും ചരടുകളും ഉപയോഗിച്ചുള്ള വാദ്യം |
| താവകം | - നിന്റെ, അങ്ങയുടെ |
| തൊങ്ങലുകൾ | - അലങ്കാരങ്ങൾ |
| ധ്യാനനിമഗ്നൻ | - ധ്യാനത്തിൽ മുഴുകിയവൻ |
| നവോൻമേഷം | - പുത്തൻ ഉണർവ് |
| നീരവം | - ശബ്ദമില്ലാത്ത |
| പട്ടാണി | - മുസ്‌ലിം സമുദായത്തിലെ ഒരു വിഭാഗം |
| പരസഹസ്രം | - ആയിരക്കണക്കിന് |
| പുരുഷാരം | - ജനക്കൂട്ടം |
| പൂർവം | - ആദ്യം, കിഴക്ക്, കൂടി |
| ബദൽ | - പകരമായുള്ളത് |
| ബൃഹദാകാരങ്ങൾ | - വലിയ രൂപങ്ങൾ |
| മധ്യാഹ്നം | - നട്ടുച്ച |
| മുഖരം | - ശബ്ദമുണ്ടാക്കുന്ന |
| മൂർച്ഛിക്കുക | - മോഹാലസ്യപ്പെടുക |
| മൂർദ്ധന്യം | - ഏറ്റവും ഉയർന്ന നില |
| യവനൻ | - ഗ്രീസ് ദേശത്തുള്ളവൻ |
| വടക്കുന്നാഥൻ | - ശിവൻ |
| വിസ്ഫോടനം | - വലിയ പൊട്ടിത്തെറി |
| വിളംബിതം | - ഉച്ചസ്ഥായിയിലുള്ള, ചടുലമായ |
| വേഷവിധാനം | - വേഷ ഒരുക്കങ്ങൾ |
| വേഷവിതാനം | - വേഷാലങ്കാരങ്ങൾ |
| ശൂരൻ | - പരാക്രമി |
| ശോണിമ | - ചുവപ്പ് |
| സപര്യ | - പൂജ |
| സമ്മോഹനം | - മോഹിപ്പിക്കുന്നത് |
| സാമോദം | - സന്തോഷത്തോടെ |
| സ്വാധികാരം | - തന്റെ അധികാരം |



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



### പഠനനേട്ടങ്ങൾ

- പദങ്ങൾ, പ്രയോഗങ്ങൾ, ശൈലികൾ തുടങ്ങിയവ സന്ദർഭാനുസരണം രചനകളിൽ ഉൾപ്പെടുത്തുന്നു.
- താളവും ഭാവവും ഉൾക്കൊണ്ട് ഒഴുക്കോടും ഉച്ചാരണശുദ്ധിയോടും കൂടി സാഹിത്യരചനകൾ വായിച്ചവതരിപ്പിക്കുന്നു.
- പാഠഭാഗം വിശകലനം ചെയ്ത് ചർച്ചകളിലും മറ്റും സ്വാഭിപ്രായം പ്രകടിപ്പിക്കുന്നു.
- കഥ/കവിതയിലെ ആശയം, അലങ്കാരഭംഗി, മുഹൂർത്തങ്ങൾ, വാങ്മയചിത്രങ്ങൾ എന്നിവ വിശകലനം ചെയ്ത് ആസ്വാദനം തയാറാക്കുന്നു.
- പുസ്തകങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവ വായിച്ച് ആശയങ്ങൾ സ്വാംശീകരിച്ച് ലേഖനം തയാറാക്കുന്നു.
- കേരളത്തിലെ കലകളെ ആസ്പദമാക്കിയുള്ള സെമിനാറുകൾ സംഘടിപ്പിക്കുകയും ആശയങ്ങളും നിലപാടുകളും യുക്തിപൂർവം അവതരിപ്പിക്കുകയും ചെയ്യുന്നു.



Downloaded from https:// www.studiestoday.com